
ഗൾഫ് തൊഴിലാളി പുനരധിവാസ പദ്ധതി









കാവന്നൂർ ഗ്രാമപഞ്ചായത്ത്

പ്രകടന റിപ്പോർട്ട്

ഹാർഡ്‌വേഴ്സ് വ്യാപാര രംഗത്ത് കാവനൂരിലെ വിശ്വസ്ഥ സ്ഥാപനം

റോയൽ ഹാർഡ്‌വേഴ്സ്

കാവനൂർ Ph: 50438

സിമന്റ്, പെയിന്റ്, സാനിറ്ററീസ്, പി.വി.സി. പൈപ്പ് & ഫിറ്റിംഗ്സ്,
ജി.ഐ. പൈപ്പ്, വാട്ടർടാങ്കുകൾ, മുതലായവ
ഗുണമേന്മയിലും ന്യായവിലയിലും വിൽക്കപ്പെടുന്നു.

മലബാർ ജ്വല്ലറി (വർക്സ്)

കാവനൂർ

22 കാരറ്റ് സ്വർണ്ണാഭരണങ്ങൾക്ക്
മലബാറിലെ ഒരു മഹത്സ്ഥാപനം


✆ 50270
50649

114-2

വികസന രേഖ
കാവനൂർ ഗ്രാമപഞ്ചായത്ത്




ജനകീയാസൂത്രണ വികസന സെമിനാർ
1996 ഡിസംബർ 2
വി.എ.യു.പി. സ്കൂൾ
കാവനൂർ



അരീക്കോട് ബ്ലോക്ക്

1. കാവനൂർ
2. പുൽപ്പറ്റ
3. കുഴിമണ്ണ
4. ചീക്കോട്
5. അരീക്കോട്
6. കീഴുപറമ്പ്
7. ഊർങ്ങാട്ടിരി



കാവനൂർ ഗ്രാമപഞ്ചായത്ത്

ഉപരിസഭകളിൽ കാവനൂർ ഗ്രാമപഞ്ചായത്തിനെ ഇവർ പ്രതിനിധീകരിക്കുന്നു.

ജില്ലാപഞ്ചായത്ത്



ഇ. അഹമ്മദ് സാഹിബ്

നിയമസഭ



എം.പി.എം. ഇസ്ഹാഖ് കുരിക്കൾ

ജില്ലാ പഞ്ചായത്ത്



M.C. മുഹമ്മദാജി
വൈസ് പ്രസിഡണ്ട്
ജില്ലാ പഞ്ചായത്ത്

ബ്ലോക്ക് പഞ്ചായത്ത്




പി മുഹമ്മദ് ഹാജി
പ്രസിഡണ്ട്, അരീക്കോട്
ബ്ലോക്ക് പഞ്ചായത്ത്

ബ്ലോക്ക് പഞ്ചായത്ത്



രോഹിണി മുണ്ടൂർ
ബ്ലോക്ക് പഞ്ചായത്ത്
മെമ്പർ


കാവനൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതി




പി. പ്രസന്ന
പ്രസിഡണ്ട്




ടി. ലക്ഷ്മണൻ
വൈസ് പ്രസിഡണ്ട്



കെ. ഉമർ ഹാജി
സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ



ടി. അബ്ദു റഹിമാൻ
മെമ്പർ



പി. അലിമാസ്റ്റർ
മെമ്പർ



പി. സദിക്കുട്ടി
മെമ്പർ



പി. ഉമർ
മെമ്പർ



സി. സരോജിനി
മെമ്പർ



പി. ശാന്ത
മെമ്പർ



പി. സാവിത്രി
മെമ്പർ



കെ.പി. സുലൈഖ
മെമ്പർ

മുൻ പഞ്ചായത്ത് പ്രസിഡണ്ടുമാർ



വി. മൊയ്തീൻ ഹാജി




എം.വി. അലവി സാഹിബ്



കെ. ഖാസിം സാഹിബ്



കെ.ടി. വീരാൻ കുട്ടി ഹാജി



പി.സി. പത്മനാഭൻ

മുൻ വൈസ് പ്രസിഡന്റ്മാർ



കെ. മമ്മിൻകുട്ടി ഹാജി



കെ.പി. അബ്ദുള്ള ഹാജി



ടി. മൊയ്തീൻ ഹാജി



നമ്മുടെ ഗ്രാമങ്ങളുടെയും
അവികസിതാവസ്ഥയാണ്
സ്വരാജിന്റെ ഇടർച്ച.

-ഗാന്ധിജി-

എഡിറ്റർ:

എം.പി. അബ്ദുസ്സമദ്

മാനേജിംഗ് എഡിറ്റർ

കെ. ലഘു ചന്ദ്രൻ

എഡിറ്റോറിയൽ സ്റ്റാഫ്

പി. ചന്ദ്രൻ

ടി. വേലായുധൻ

പി. അബ്ദുൾ മജീദ്

ടി. അബ്ദുറഹ്മാൻ

കെ. കുഞ്ഞി മാസ്റ്റർ

പി.എം. കുഞ്ഞബ്ദുള്ള

ടി. അബ്ദുള്ള കരിം മാസ്റ്റർ

എം.പി. നാരായണി മാസ്റ്റർ

കെ.എം. വിജയകുമാർ

പി. അബ്ദുറഹ്മാൻ

കാവന്നൂർ ഗ്രാമ പഞ്ചായത്ത് സഹകരണ
സ്വയംഭരണാധികാര

സഹായികൾ: ടി.എൻ. കുട്ടിക്കൃഷ്ണൻ
മി. വി. ചിംഗ്

ഗ്രാഫിക്സ്

ശ്രീമതി ഡി.ടി. കുഞ്ഞാലിമ.
ഫോട്ടോ 1488 525152.

ലേഔട്ട്

ഇടയ ആഫീസുടമ, കുന്നംകുളം.
ഫോട്ടോ 1488 522314

വികസന രേഖ തയ്യാറാക്കിയ കോർ ഗ്രൂപ്പ് അംഗങ്ങൾ

പി. ചന്ദ്രൻ.
കെ. രായിൻകുട്ടി മാസ്റ്റർ
പി.എം. കുഞ്ഞിരാമപ്പണിക്കർ
ടി.എൻ. കുട്ടപ്പൻ നായർ
എം.പി. വത്സമ്മ
കെ. അലിബാപ്പു
കെ. ഖാസിം ഹാജി
ഡോ. കെ.ഇ. ഭവദാസൻ
സി.പി. ബാലകൃഷ്ണ പിഷാരടി
എൻ.ടി. ദശരാജകുമാരൻ
ഇ.കെ. മൂസക്കുട്ടി മാസ്റ്റർ
എം.പി. സൈതലവി മാസ്റ്റർ
ടി. അബ്ദുൽ കരീം മാസ്റ്റർ
എം. കുഞ്ഞാലൻ കുട്ടി മാസ്റ്റർ
പി. ശ്രീനിവാസൻ
പി.പി. അലി ബാപ്പു
എം. മുകുന്ദൻ
ഡോ. കെ.എൻ ദിനേശ്
പി.കെ. അബദുല്ല ഹാജി
പി. അബ്ദു റഹിമാൻ
നാസർ അഹമ്മദ്
ടി. അബ്ബാസ് മാസ്റ്റർ
വി. ഹംസ
ടി. അബ്ദു റഹിമാൻ
കെ.കെ. രാജേന്ദ്രൻ
പി. അലി മാസ്റ്റർ

എം.പി. അബ്ദുൾ റഷീദ്
കെ.വി. അബൂബക്കർ
വിജയകുമാർ. കെ.എം
ടി.കെ. മുഹമ്മദ്
വി. അബ്ദുല്ല ഹാജി
വി.കെ. വേണുഗോപാലൻ
സി. ഇ നളിനി
പി. രാജലക്ഷ്മി
കെ.ടി. ദേവകി
എം.പി. സഫിയ
പി. രജനി
സി. സാറാബി
എ.കെ. ചന്ദ്രശേഖരൻ
എം. വേണുഗോപാൽ
പി. തങ്കമണി
പി.പി. രാജഗോപാലൻ മാസ്റ്റർ
ഇ. വേലു മാസ്റ്റർ
ടി.പി. മുഹമ്മദ്
പി. മുഹമ്മദ് ഹാജി
പി. ഉമ്മർ
ടി. അരവിന്ദാക്ഷൻ
അഡ്വ. ബഷീറുദ്ദീൻ അലി
കെ. മുഹമ്മദ്ട്ടി മൗലവി
എ. നാടിക്കുട്ടി
കെ. വേലായുധൻ
എം.പി. വേണുഗോപാലൻ മാസ്റ്റർ

പേജുകളിൽ

1. ആമുഖം
2. പഞ്ചായത്ത് പൊതുവിവരണം
3. സാമൂഹ്യ സാംസ്കാരിക ചരിത്രം
4. സാമൂഹിക സാമ്പത്തിക മേഖലകൾ
   1. കൃഷിയും ജലസേചനവും
   2. മൃഗ സംരക്ഷണവും മത്സ്യ ബന്ധനവും
   3. വ്യവസായം
   4. വിദ്യാഭ്യാസം
   5. കുടിവെള്ളവും പൊതുജനാരോഗ്യവും
   6. ഗതാഗതം, ഊർജ്ജം, മാർക്കറ്റ്
   7. പാർപ്പിടവും, സാമൂഹ്യക്ഷേമവും
   8. സംസ്കാരം
   9. വനിത
   10. സഹകരണം
   11. പട്ടിക ജാതി-പട്ടിക വർഗ്ഗ ക്ഷേമം
   12. വിഭവസമാഹരണം
5. പഠന പര്യടന റിപ്പോർട്ട്
6. കർമ്മപരിപാടി
7. ഉപസംഹാരം

1 ആമുഖം

നമ്മുടെ രാഷ്ട്രപിതാവ് മഹാത്മജിയുടെ സ്വപ്നമായിരുന്നു 'ഗ്രാമസ്വരാജ്' ഗ്രാമങ്ങളാണ് രാജ്യത്തിന്റെ നട്ടെല്ല്, ഗ്രാമങ്ങളെ ശക്തമാക്കണമെന്ന് അദ്ദേഹം ആഗ്രഹിച്ചു. 1947 ആഗസ്റ്റ് 15ന് നമ്മുടെ രാജ്യത്തിന് സ്വാതന്ത്ര്യം കിട്ടി. ഇന്ത്യയുടെ ആദ്യത്തെ പ്രധാന മന്ത്രിയായിരുന്ന, രാഷ്ട്രശിൽപി ശ്രീ. പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവും മറ്റുനേതാക്കളും രാജ്യത്തിന്നു സോഷ്യലിസ്റ്റ് ഭരണക്രമം വേണമെന്ന് തീരുമാനിച്ചു. നാട്ടിന്റെ വികസനത്തിന് പഞ്ചവത്സര പദ്ധതികൾക്ക് രൂപം നൽകി. ഒന്നാം പഞ്ചവത്സര പദ്ധതി 1952ൽ ആരംഭിച്ചു. ഒന്നാം പദ്ധതി പൂർത്തിയായപ്പോൾ, പദ്ധതിയെക്കുറിച്ച് അവലോകനം ചെയ്യുന്നതിനും ശുപാർശകൾ സമർപ്പിക്കുന്നതിനും ശ്രീ. ബൽവന്ത് റോയ് മേത്ത ചെയർമാനായി ഒരു കമ്മീഷനെ നിയമിച്ചു. മേത്തകമ്മീഷൻ, പദ്ധതികളുടെ പൂർണ്ണമായ വിജയത്തിന് ഇന്ത്യയൊട്ടുക്കും പഞ്ചായത്തീരാജ് ഭരണസംവിധാനം നിലവിൽ വരണമെന്ന് ശുപാർശചെയ്തു. ഗവൺമെന്റ് അത് അംഗീകരിച്ചു. സംസ്ഥാന ഗവൺമെന്റുകളോട് തദനുസൃതമായ നിയമങ്ങൾ പാസ്സാക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. പല സംസ്ഥാനങ്ങളും പലതരത്തിലുള്ള ഭരണക്രമങ്ങൾക്ക് രൂപം നൽകി. ചില സംസ്ഥാനങ്ങളിൽ ഗ്രാമ തല പഞ്ചായത്തുകളും മാത്രവും ചില സംസ്ഥാനങ്ങളിൽ 2 തട്ടുള്ള പഞ്ചായത്തുകളും, മറ്റു ചില സംസ്ഥാനങ്ങളിൽ 3 തട്ടുള്ള പഞ്ചായത്തുകളും എന്ന നിലക്ക് നിയമങ്ങൾ കൊണ്ടുവന്നു. ചില സംസ്ഥാനങ്ങളിൽ കാര്യമായ ശ്രമങ്ങളൊന്നും നടന്നില്ല. കേരളത്തിൽ 1960ൽ കേരള പഞ്ചായത്ത് നിയമം പാസ്സാക്കുകയും, 1-1-62 മുതൽ ഗ്രാമതലത്തിൽ, മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് വിപുലമായ അധികാരങ്ങളോടുകൂടിയ പഞ്ചായത്തുകൾ നിലവിൽ വരികയും ചെയ്തു. 1-1-64 ൽ തിരഞ്ഞെടുക്കപ്പെട്ട ആദ്യത്തെ പഞ്ചായത്തുകമ്മറ്റികൾ നിലവിൽ വന്നു. പഞ്ചായത്തുകൾക്ക് വരുമാനം കണ്ടെത്താനും, നികുതികളും ഫീസുകളും പിരിക്കാനും, പഞ്ചായത്തു ഫണ്ടു ചിലവഴിക്കാനുമുള്ള അധികാരങ്ങൾ നിയമപ്രകാരം നൽകിയിരുന്നു. പിന്നീട് 1979ലും 1988 ലും പഞ്ചായത്തുകളിൽ പൊതുതിരഞ്ഞെടുപ്പുകൾ നടന്നു.

കേരളത്തിൽ പഞ്ചായത്തീരാജ് നിയമം നടപ്പാക്കാൻ പല ശ്രമങ്ങളും നടന്നു. 1967ൽ പഞ്ചായത്ത് - സാമൂഹ്യവികസന വകുപ്പു മന്ത്രിയായിരുന്ന ശ്രീ. എം.പി.എം.

അഹമദ് കുരിക്കൾ അതിന്നു വേണ്ടി കഠിനാദ്ധ്വാനം ചെയ്തു ബില്ലവതരിപ്പിക്കുകയുണ്ടായി. അത് പാസ്സാക്കാൻ കഴിഞ്ഞില്ല. 1970ലും നിയമം കൊണ്ടുവന്നെങ്കിലും പാസ്സാക്കാൻ കഴിഞ്ഞില്ല. പിന്നീട് 1979ൽ ജില്ലാ ഭരണ നിയമം പാസ്സായി. 1980 ൽ നിയമമായി. 1989ൽ നിയമത്തിൽ സമഗ്രമാറ്റം വരുത്തി. 1991ൽ തിരഞ്ഞെടുക്കപ്പെട്ട ജില്ലാ കൗൺസിലുകൾ നിലവിൽ വന്നു.

പ്രധാനമന്ത്രിയായിരുന്ന ശ്രീ. രാജീവ് ഗാന്ധി 1989ൽ പഞ്ചായത്തുകൾക്ക് വികസന പ്രവർത്തനങ്ങൾക്കായി ജവഹർ റോസ് ഗാർയോജന (JRY) ഫണ്ടിന്റെ 80% വിഹിതം ഗ്രാമതലപഞ്ചായത്തുകൾക്ക് നേരിട്ടു നൽകാൻ തീരുമാനിച്ചതോടെ, പഞ്ചായത്തുകളിൽ വികസനരംഗത്ത് ഒരു നവോന്മേഷമുണ്ടായി. ആ വർഷം തന്നെ 64-ാം ഭരണഘടനാഭേദഗതിയിലൂടെ രാജ്യമൊട്ടുക്കും പഞ്ചായത്ത്‌രാജ് നടപ്പാക്കാൻ ശ്രമിച്ചെങ്കിലും ആയത് പൂർത്തിയായില്ല.

1992ൽ 73-ാം ഭരണഘടനാ ഭേദഗതി പാസ്സാവുകയും, അതുപ്രകാരം കേരളം പഞ്ചായത്ത് രാജ് നിയമം നിയമസഭ പാസ്സാക്കുകയും 24-4-94ൽ അത് നടപ്പാവുകയും ചെയ്തു. തുടർന്ന് 1995 ൽ പുതിയ പഞ്ചായത്ത് രാജ് നിയമപ്രകാരം, ത്രിതല പഞ്ചായത്തുകളിലേക്കുള്ള തിരഞ്ഞെടുപ്പു നടക്കുകയും, പുതിയ ജില്ലാ ബ്ലോക്ക് ഗ്രാമ പഞ്ചായത്തു ഭരണ സമിതികൾ നിലവിൽവരികയും ചെയ്തു. ഭരണഘടനാ ഭേദഗതിയിലൂടെ നടപ്പാക്കിയ പഞ്ചായത്തീരാജ് സംവിധാനത്തിന്റെ ഏറ്റവും ശ്രദ്ധേയമായ പ്രത്യേക 'ഗ്രാമസഭ'കളുടെ രൂപീകരണവും പ്രവർത്തനവുമാണ്.

1995ലെ പൊതുതിരഞ്ഞെടുപ്പിന് ശേഷം 30-9-95ന് അധികാരത്തിൽ വന്ന കാവനൂർ ഗ്രാമപഞ്ചായത്ത് ഗ്രാമീണ ജനതയുടെ പ്രത്യേകിച്ച് പാവപ്പെട്ടവരുടെ അടിസ്ഥാനപ്രശ്നങ്ങളായ വെള്ളം, വെളിച്ചം, ആരോഗ്യം, പാർപ്പിടം എന്നിവ പരിഹരിക്കുന്നതിനുള്ള പരിപാടികൾ പൊതുജന സഹകരണത്തോടെ ആസൂത്രണം ചെയ്തുവരികയാണ്.

1997 ഏപ്രിൽ 1 മുതൽ ആരംഭിക്കുന്ന 9-ാം പദ്ധതി ജനകീയ പദ്ധതിയാവണമെന്ന് നമ്മുടെ സംസ്ഥാന സർക്കാർ തീരുമാനിക്കുകയും, അതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. കഴിഞ്ഞ 8 പഞ്ചവൽസര പദ്ധതികളും ഉദ്ദേശിച്ച ലക്ഷ്യം പൂർണ്ണമായി കൈവരിച്ചില്ല എന്നത് ഒരു യഥാർത്ഥ്യമാണ്. അതിന്റെ പ്രധാന കാരണം ആസൂത്രണം മുകളിൽ നിന്ന് തയ്യാറാക്കി താഴോട്ട് അയക്കുന്നു എന്നതിനാലാണെന്ന് മനസ്സിലാക്കി. അതിനു പകരം ജനങ്ങളുടെ

ആവശ്യങ്ങൾ അവരിൽ നിന്ന് ഉയർന്നു വരികയും, ഓരോ പ്രദേശത്തിന്റെയും പ്രത്യേകതകളനുസരിച്ച് അവർ തന്നെ വികസന നിർദ്ദേശങ്ങൾ തയ്യാറാക്കി അയക്കുന്ന രീതി അവലംബിക്കണമെന്നുമുള്ള ഗവൺമെൻറ് നിർദ്ദേശം എല്ലാ വിഭാഗം ജനങ്ങളും സർവ്വാത്മനാ സ്വാഗതം ചെയ്തു. "ഒമ്പതാം പദ്ധതി-ജനകീയ പദ്ധതി" എന്നതിന്റെ കൂടെ "ഒമ്പതാം പദ്ധതി-നമ്മുടെ പദ്ധതി" എന്ന് കൂടി ഗ്രാമീണ ജനത കൂട്ടിച്ചേർത്തു.

ഗവൺമെൻറ് നിർദ്ദേശപ്രകാരം, കാവനൂർ പഞ്ചായത്ത് ഒമ്പതാം പദ്ധതി ജനസഹകരണത്തോടെ ജനകീയ പദ്ധതിയായി ആസൂത്രണം ചെയ്യാനുള്ള തീരുമാനങ്ങൾ കൈകൊള്ളുകയും, ആവശ്യമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും ചെയ്തു. ഒന്നാം ഘട്ടമായി 11വാർഡുകളിലും 29-09-96 മുതൽ 13-10-96 കൂടിയ കാലയളവിൽ വിശേഷാൽ ഗ്രാമ സഭകൾ ചേർന്നു. മൊത്തം 2223 പേർ പങ്കെടുത്തു. അതിൽ 436 സ്ത്രീകളും 268 പട്ടികജാതി വിഭാഗത്തിൽ പെട്ടവരും പങ്കെടുത്തു. ശരാശരി ഹാജർ 202.

പഞ്ചായത്ത് തലത്തിൽ ലോക്കൽ റിസോഴ്സ് പേഴ്സൺ(L.R.P) ആയി ഒന്നാം ഘട്ടത്തിൽ 69 പേർക്കും രണ്ടാം ഘട്ടത്തിൽ 91 പേർക്കും പരിശീലനം നൽകി. 19-9-96, 3-11-96 തിയ്യതികളിലായിരുന്നു പരിശീലന ശിൽപശാലകൾ നടത്തിയത്. നേരത്തെ പരിശീലനം ലഭിച്ച 2 കെ.ആർ.പി മാരുടേയും, 6 ഡി.ആർ.പിമാരുടേയും സേവനങ്ങൾ ഇതിനുപയോഗപ്പെടുത്തി.

ദ്വിതീയ വിവരശേഖരണത്തിന്ന് പഞ്ചായത്ത് മെമ്പർമാരടക്കം 28 പേരുടെ സേവനം ലഭ്യമായി. 17-10-96, 18-10-96, 19-10-96 തിയ്യതികളിലാണ് വിവരശേഖരണം നടത്തിയത്.

പഞ്ചായത്തിന്റെ ഭൂപ്രകൃതിയും, വിഭവസാധ്യതകളും മനസ്സിലാക്കുന്നതിന് 4-11-'96 ന് 8 പേരടങ്ങിയ 2 സംഘങ്ങൾ പഞ്ചായത്തിൽ പഠനപര്യടനം നടത്തി. പഞ്ചായത്തിന്റെ കിഴക്കെ അതിർത്തിയിൽ തമ്പ്രാൻ മണ്ണിൽ നിന്നും തുടങ്ങി പടിഞ്ഞാറെ അതിർത്തിയിൽ പാലക്കോടു വരെയും, വടക്കെ അതിർത്തിയായ വാക്കാലൂർ കുന്നത്തീരികടവിൽ നിന്നും തുടങ്ങി തെക്കെ അതിർത്തിയായ ചെങ്ങര ചാലിയാം മൂച്ചിക്കൽ വരെയുമാണ് പര്യടനം നടത്തിയത്.

ഈ പ്രവർത്തനങ്ങൾ നടത്തുന്നതിന് വിവിധ തലത്തിലുള്ള 8 യോഗങ്ങൾ ചേർന്നു. ചരിത്രവിവരങ്ങൾ ശേഖരിക്കുന്നതിന് പഴയ തലമുറയിലെ നിരവധി പേരെ നേരിൽ കണ്ട് വിവരങ്ങളാരാഞ്ഞു. വ്യവസായ വികസനത്തെക്കുറിച്ച്

ചർച്ച ചെയ്യുവാൻ വ്യവസായ തൽപരരുടെ പ്രത്യേക യോഗം വിളിക്കുകയും, പഞ്ചായത്ത്തല വ്യവസായ വികസന സമിതിക്ക് രൂപം നൽകുകയും ചെയ്തു.

കേരളപ്പിറവി ദിനമായ നവംബർ 1ന് പുനരർപ്പണദിനമായി ആചരിച്ചു. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ വികസനപ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. പഞ്ചായത്ത് ആസ്ഥാനമായ കാവനൂർ അങ്ങാടിയിൽ, വർഷങ്ങൾക്ക് മുമ്പെ കുഴിച്ചതും, പഞ്ചായത്തിന്റെ കൈവശത്തിലുള്ളതുമായ പൊതുകിണറിന്റെ, പൂർണ്ണമായും ജനപങ്കാളിത്തത്തോടെ നടത്തുന്ന പുനരുദ്ധാരണ പ്രവൃത്തി ആരംഭിച്ചു കൊണ്ട് പഞ്ചായത്ത് തല ഉൽഘാടനം നടന്നു.

വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിനായി 5-11-96 മുതൽ 22-11-96 കൂടിയ ദിവസങ്ങളിൽ മൊത്തം 162 മനുഷ്യാദ്ധ്വാന ദിവസങ്ങൾ വേണ്ടിവന്നു.

ഇതുവരെയുള്ള പ്രവർത്തനങ്ങളിൽ പഞ്ചായത്തിലെ മുഴുവൻ ജനവിഭാഗങ്ങളുടെയും സഹകരണങ്ങൾ ഉണ്ടായിട്ടുണ്ട്. ഉദ്യോഗസ്ഥന്മാരുടെ സഹകരണവും, സാന്നിദ്ധ്യവും എല്ലാ ഘട്ടങ്ങളിലും ലഭിച്ചിട്ടുണ്ടെന്നുള്ളതും സന്തോഷകരമാണ്.

പൊതുജനങ്ങളുടെ സഹകരണമുണ്ടെങ്കിൽ ഏത് പ്രവർത്തനവും ഏറ്റെടുക്കാൻ സാധിക്കുമെന്നതിന്റെ തെളിവാണ് ഈ പ്രവർത്തനങ്ങൾ. ജനങ്ങളുടെ ആവശ്യങ്ങളറിഞ്ഞു ചെയ്യുന്ന പ്രവർത്തനങ്ങൾക്ക് പൂർണ്ണ സഹകരണം ലഭിക്കുമെന്ന് പഞ്ചായത്തിലെ മുൻ അനുഭവങ്ങളും നമ്മെ അറിയിക്കുന്നു. പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളിൽ മാതൃക സൃഷ്ടിച്ച മുൻഗാമികളിൽ നിന്ന് ആവേശവും പ്രചോദനവും ഉൾക്കൊണ്ട് ജനകീയ പങ്കാളിത്തത്തോടെ, വികസന രംഗത്ത് പുതിയ നേട്ടങ്ങൾ കൈവരിക്കാനുള്ള ശ്രമങ്ങൾ എല്ലാ വിഭാഗം ജനങ്ങളുടെയും കലവറയില്ലാത്ത പിന്തുണയോടെ വിജയിക്കുമെന്ന വിശ്വാസത്തോടെ ഈ പഞ്ചായത്തിലെ മുഴുവൻ ജനങ്ങളുടെയും പ്രതീക്ഷയായ കാവനൂർ പഞ്ചായത്ത് വികസനരേഖ നമുക്ക് സ്വീകരിക്കാം.

കാവനൂർ ഗ്രാമ പഞ്ചായത്ത്
പൊതുവിവരണം

പഞ്ചായത്തിന്റെ പേര്		:	കാവനൂർ ഗ്രാമ പഞ്ചായത്ത്
ഉൾപ്പെടുന്ന വില്ലേജുകൾ		:	കാവനൂർ വില്ലേജ്
ബ്ലോക്ക് പഞ്ചായത്ത്		:	കാവനൂർ, പുൽപ്പറ്റ
പാർലമെന്റ് മണ്ഡലം		:	മഞ്ചേരി
വിസ്തീർണം		:	31.3 ച.കി.മീ.
അതിരുകൾ	വടക്ക്	:	അരീക്കോട്, ഊർങ്ങാട്ടീരി പഞ്ചായത്തുകൾ
	തെക്ക്	:	പുൽപ്പറ്റ പഞ്ചായത്ത്
	കിഴക്ക്	:	എടവണ്ണ, തൃക്കലങ്ങോട് പഞ്ചായത്ത്
	പടിഞ്ഞാറ്	:	കുഴിമണ്ണ പഞ്ചായത്ത്
ജനസംഖ്യ		:	25090
സ്ത്രീകൾ		:	12566
പുരുഷൻ		:	12524
ജനസാന്ദ്രത		:	801.6
സാക്ഷരർ		:	23500
വാർഡുകൾ		:	11
പ്രസിഡണ്ടിന്റെ പേര്		:	പി. ചന്ദ്രൻ
വൈസ് പ്രസിഡണ്ടിന്റെ പേര്		:	ടി. ബാലസുബ്രമണ്യൻ
സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ		:	കെ. ഉമ്മർഹാജി



അദ്ധ്യായം 3

സാമൂഹിക സാംസ്കാരിക ചരിത്രം

1961ലെ വില്ലേജ് പുനഃസംഘടനയെ തുടർന്ന് കാവന്നൂർ, വാക്കാലൂർ, റവന്യു ദേശങ്ങൾ ഉൾക്കൊള്ളുന്ന കാവന്നൂർ അംശവും ഇരിവേറ്റി, എളയൂർ, ചെങ്ങര റവന്യൂ ദേശങ്ങൾ ഉൾക്കൊള്ളുന്ന ഇരിവേറ്റി അംശവും ചേർന്ന് കാവന്നൂർ വില്ലേജ് രൂപീകൃതമായി 31.3 ച. കി.മി. വിസ്തീർണ്ണവും, 1991 ലെ സെൻസസ് പ്രകാരം 25090 ജനസംഖ്യയുമുള്ള പ്രദേശമാണ് കാവന്നൂർ ഗ്രാമപഞ്ചായത്ത് വില്ലേജുകൾ രൂപീകൃതമാവുന്നതിന് മുമ്പ് റവന്യു അംശങ്ങളായിരുന്നു ഗ്രാമഭരണത്തിന്റെ സിരാകേന്ദ്രം. സിവിൽ, ക്രിമിനൽ അധികാരങ്ങളടക്കമുള്ള ഗ്രാമഭരണ ചുമതല പൂർണ്ണമായും അന്നത്തെ അംശം അധികാരികളിൽ നിക്ഷിപ്തമായിരുന്നു. താൾതൊടിക രായിൻകുട്ടി, പി.എം. കണ്ണപണിക്കർ എന്നിവർ കാവന്നൂർ അംശത്തിലും ശ്രീ. അമ്പലത്തിങ്ങൽ രാരു പണിക്കർ ഇരുവേറ്റി അംശത്തിലും അറിയപ്പെട്ടവരിൽ ഏറ്റവും പഴയ കാലത്തെ അധികാരികളായിരുന്നു.

1921ലെ സമരത്തിന്റെ ഭാഗമായി നാട്ടിലുടനീളം ഉണ്ടായ സംഭവവികാസങ്ങളുടെ അനുരണനങ്ങൾ ഈ പ്രദേശത്തുമുണ്ടായിട്ടുണ്ട്.

1960ൽ നിലവിൽവന്ന NES ബ്ലോക്ക് സംവിധാനത്തോടെയാണ് വികസനപരമായ ഉണർവ് നാട്ടിലുണ്ടായത്.

മഞ്ചേരി ആസ്ഥാനമായി കാവനൂർ ഇരിവേറ്റി അംശങ്ങളടക്കം 17 അംശങ്ങൾ ഉൾകൊണ്ടതായിരുന്നു മഞ്ചേരി ബ്ലോക്ക്. അക്കാലത്ത് ബ്ലോക്കിന്റെ പരിപാടികൾ നടപ്പാക്കുന്നതിന് വേണ്ടി അംശംതോറും ജനകീയ സ്വഭാവമുള്ള ഗ്രാമസേവാസമിതികൾ രൂപീകരിച്ച് പ്രവർത്തിച്ചിരുന്നു. കാവനൂർ ഗ്രാമസേവാ സമിതിയുടെ അദ്ധ്യക്ഷൻ കാബ്രവൻ മുഹമ്മദ് ഹാജിയും, ഇരിവേറ്റി ഗ്രാമസേവാ സമിതി അദ്ധ്യക്ഷൻ പി.സി. അഹമ്മദ് കുട്ടിഹാജിയുമായിരുന്നു. 1960ലെ കേരള പഞ്ചായത്ത് നിയമപ്രകാരം കാവനൂർ വില്ലേജ് പ്രദേശം ഉൾക്കൊള്ളുന്ന കാവന്നൂർ പഞ്ചായത്ത് 1-1-1962 ൽ നിലവിൽ വന്നു. തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് സമിതി നിലവിൽ വന്നത് 1-1-1964 ലാണ്.

ആദ്യത്തെ ഭരണസമിതി

ബഹു. വി. സൈദലവിഹാജി കാവന്നൂർ പ്രസിഡണ്ട് ബഹു. കെ. മായിൻകുട്ടി ഹാജി, തവരാപറമ്പ് വൈസ്പ്രസിഡന്റ് ബഹു. ടി. സൈദലവി ഹാജി, വാക്കാലൂർ - മെമ്പർ ശ്രീ. മുക്കണ്ണൻ അഹമ്മദ്, [ഇരിവേറ്റി ദയാഗ വാർഡ്]

ശ്രീ. വി.പി. നീലാണ്ടൻ, ദ്വയാംഗ വാർഡ്
ശ്രീ. എ.കെ. വീരാൻകുട്ടി ഹാജി, ചെങ്ങര
ശ്രീമതി വി. വിശാലാക്ഷിടീച്ചർ നോമിനേറ്റഡ് മെമ്പർ.

സാങ്കേതിക കാരണങ്ങളാൽ സ്ഥാനമൊഴിഞ്ഞ ശ്രീമതി. വിശാലാക്ഷി ടീച്ചർക്ക് പകരം കെ. ഇന്ദിരാദേവിയെ മെമ്പറായി നോമിനേറ്റ് ചെയ്യുകയുണ്ടായി.

വൈസ് പ്രസിഡണ്ടായിരുന്ന കെ. മായിൻ കുട്ടി ഹാജിയുടെ മരണശേഷം ജ:ടി. സൈദലവി ഹാജി വൈസ്.പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ടു.

1979ൽ നിലവിൽ വന്ന രണ്ടാമത്തെ പഞ്ചായത്ത് ഭരണസമിതി, അംഗങ്ങളുടെ പേർ താഴെ ചേർക്കുന്നു.

ശ്രീ. പി.സി. പത്മനാഭൻ - എളയൂർ പ്രസിഡന്റ്
ശ്രീ. കെ.പി. അബ്ദുല്ലഹാജി - ചെങ്ങര വൈസ് പ്രസിഡന്റ്.
ശ്രീ.. കെ. കുമാരൻനായർ, വാക്കാല്ലൂർ - (മെമ്പർ)
ശ്രീ.. പൂന്തല അഹമ്മദ് കുട്ടി ഹാജി, ഏലിയാപറമ്പ് (മെമ്പർ)
ശ്രീ. എ.വി. അലവി സാഹിബ്, തവരാപറമ്പ് (മെമ്പർ)
ശ്രീ. സി.കെ. കുഞ്ഞാത്തുട്ടി ടീച്ചർ കാവന്നൂർ വെസ്റ്റ് (മെമ്പർ)
ശ്രീ. വി. സൈതലവി ഹാജി കാവന്നൂർ (മെമ്പർ)
ശ്രീ. പൂളക്കൽ, നീലാണ്ടൻ, ഇരിവേറ്റി (മെമ്പർ)
ശ്രീ. കെ.ടി. അബ്ദുല്ലഹാജി ഇരുവേറ്റി സൗത്ത് (മെമ്പർ)

1988 ഫെബ്രുവരി 10ന് നിലവിൽ വന്ന മൂന്നാമത്തെ ഭരണസമിതി.

ശ്രീ. കെ. കാസിം ഹാജി, കാവന്നൂർ -പ്രസിഡന്റ്
ശ്രീ. എ.വി. അലവി സാഹിബ് തവരാപറമ്പ് വൈസ്പ്രസിഡന്റ്
ശ്രീ. ടി. ജമീല, വാക്കാല്ലൂർ മെമ്പർ
ശ്രീ. പി. കുട്ടിഹസ്സൻഹാജി, എലിയാപറമ്പ് മെമ്പർ
ശ്രീ. എം. നാരായണൻകുട്ടിമാസ്റ്റർ കാവന്നൂർ വെസ്റ്റ് മെമ്പർ
ശ്രീ. പി. നാടിക്കുട്ടി, ഇരിവേറ്റി മെമ്പർ
ശ്രീ. കെ.ടി. വീരാൻകുട്ടിഹാജി ഇരിവേറ്റി സൗത്ത് മെമ്പർ
ശ്രീ. പി.സി. കുഞ്ഞഹമ്മദ് മുസ്ല്യാർ എളയൂർ മെമ്പർ
ശ്രീ. എം. ശാരദ എളയൂർ മെമ്പർ
ശ്രീ. പി.പി. മൊയ്തീൻകുട്ടി ചെങ്ങര മെമ്പർ

രണ്ടരവർഷത്തിന് ശേഷം കെ. ഖാസിം ഹാജി പ്രസിഡന്റ് സ്ഥാനമൊഴിഞ്ഞതിനെ തുടർന്ന്, എ.വി. അലവി സാഹിബ്ബ് പ്രസിഡന്റായും, കെ.ടി. വീരാൻ കുട്ടി ഹാജി വൈസ് പ്രസിഡന്റായും തെരഞ്ഞെടുക്കപ്പെട്ടു.

1994 ൽ എ.വി. അലവി സാഹിബ്ബ് മരണപ്പെട്ടതിനെ തുടർന്ന് കെ.ടി. വീരാൻകുട്ടി ഹാജി പ്രസിഡണ്ടായി നാമനിർദ്ദേശം ചെയ്യപ്പെട്ടു.

30 - 9 - 95ന് അധികാരത്തിൽ വന്ന നിലവിലുള്ള ഭരണസമിതി.

ശ്രീ. പി. ചന്ദ്രൻ - ഇരിവേറ്റി സൗത്ത് - പ്രസിഡന്റ്

ശ്രീ. ടി. ബാലസുബ്രഹ്മണ്യൻ (ചെങ്ങര വെസ്റ്റ്) വൈസ് പ്രസി.

ശ്രീ. കെ. ഉമ്മർഹാജി - കാവനൂർ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ

ശ്രീ. ടി. അബ്ദുറഹ്മാൻ - വാക്കാല്ലൂർ മെമ്പർ

ശ്രീ. പി. അലിമാസ്റ്റർ - ഏലിയാപറമ്പ് മെമ്പർ

ശ്രീ. സി. സാറാബിടീച്ചർ തവരാപറമ്പ് മെമ്പർ

ശ്രീ. പി. ശാന്തമ്മ ടീച്ചർ-കാവനൂർ വെസ്റ്റ് മെമ്പർ

ശ്രീ. എം. സാവിത്രി ഇരിമേറ്റി നോർത്ത് മെമ്പർ

ശ്രീ. എ. നാടിക്കുട്ടി, എളയൂർ നോർത്ത് മെമ്പർ

ശ്രീ. പി. ഉമ്മർ എളയൂർ സൗത്ത് മെമ്പർ

ശ്രീ. കെ.പി. സുബൈദ, ചെങ്ങര, ഈസ്റ്റ് മെമ്പർ

1920 കളിലാണ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഈ പ്രദേശത്ത് ആദ്യമായുണ്ടായത് എന്നറിയുന്നു. അതിനുമുമ്പ് കുടിപള്ളികൂടങ്ങളും, ഓത്തുപള്ളികൂടങ്ങളും നിലനിന്നിരുന്നു. ഈ പ്രദേശത്തെ ആദ്യകാല വിദ്യാലയങ്ങൾ കാവന്നൂർ, വെണ്ണക്കോട്, ഇരിവേറ്റി, ചെങ്ങര, എളയൂർ എന്നിവിടങ്ങളിലാണ് സ്ഥാപിതമായത്.

1951ൽ ആദ്യത്തെ യു.പി. സ്കൂൾ (വെണ്ണക്കോട്) കാവന്നൂരിൽ സ്ഥാപിതമായി. ആദ്യത്തെ ഹൈസ്കൂൾ 1974ൽ എളയൂരിലും സ്ഥാപിച്ചു. ഇപ്പോൾ പഞ്ചായത്തിൽ 8 ലോവർപ്രൈമറി സ്കൂളുകളും 4 യു.പി. സ്കൂളുകളും, 2 ഹൈസ്കൂളുകളും നിലവിലുണ്ട്. കൂടാതെ സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന 2 പ്രീ പ്രൈമറി സ്കൂളുകളുണ്ട്.

ആരോഗ്യരംഗത്തെ ആദ്യത്തെ സ്ഥാപനം 1960ൽ സ്ഥാപിതമായ എളയൂരിലെ പ്രൈമറി ഹെൽത്ത് സബ്സെന്ററാണ്, ഇതിനാവശ്യമായ 50സെന്റ് സ്ഥലം കെ.മുഹമ്മദ് മാസ്റ്റർ സൗജന്യമായി വിട്ടുകൊടുത്തതാണ് 1973ൽ കാവന്നൂർ റൂറൽഡിസ്പൻസറി സ്ഥാപിതമായി അതിനുമുമ്പ് ഈ പ്രദേശത്തുകാർ ചികിത്സ ക്കായി മഞ്ചേരി, അരീക്കോട് എന്നിവിടങ്ങളിലെ ആസ്പത്രികളെയായിരുന്നു ആശ്രയിച്ചിരുന്നത്. നാടൻ ചികിത്സാരംഗത്ത് അറിയപ്പെടുന്ന നാട്ടുവൈദ്യന്മാരും മുമ്പ് ഇവിടെയുണ്ടായിരുന്നു.

വിഷ ചികിത്സയിലും മറ്റും പ്രസിദ്ധനായിരുന്ന ശ്രീ. അയ്യപ്പൻ (കടച്ചിക്കൊല്ലൻ എന്ന പേരിലറിയപ്പെട്ടിരുന്നു.) കെ. ഉണ്ണിമോതികുട്ടിമൊല്ല എന്നിവർ ഈ രംഗത്ത് പ്രസിദ്ധരായിരുന്നു.

പഴയകാലത്ത് ഏറെ പേർക്ക് തൊഴിൽ നൽകിയിരുന്ന കളിയടക്ക വ്യവസായം ഈ പ്രദേശത്തുകാർക്ക് വലിയ ഒരനുഗ്രഹമായിരുന്നു. ഈ വ്യവസായം പുനഃസ്ഥാപിക്കപ്പെടുന്നതിന് ഒട്ടേറെ സാധ്യതകൾ ഇന്നും നിലവിലുണ്ട്.

കോഴിക്കോട് സാമൂതിരി കോവിലകത്തിന്റെ തായ്വഴികളായ പുലിയറ കോവിലകത്തിന്റെയും നിലമ്പൂർ കോവിലകത്തിന്റേയും ഏതാനും

ദേവസ്വങ്ങളുടേയും വകയായിരുന്നു പഞ്ചായത്തിലെ ഭൂമികളിലധികഭാഗവും നെല്ല്, വാഴ, പൂളതുടങ്ങിയ ഹൃസ്വകാല വിളകളാണ് കൃഷി ചെയ്തിരുന്നത്. 1970ൽ ഭൂപരിഷ്ക്കര ണനിയമം സമ്പൂർണ്ണമായി നടപ്പിലായതോടുകൂടി ദീർഘകാലവിളകളിലേക്ക് ജനങ്ങളുടെ ശ്രദ്ധ വ്യാപകമായിതിരിഞ്ഞു. വിശാലമായ മേച്ചിൽ സ്ഥലങ്ങളും, പൊതുജലാശയങ്ങളും ഏറെയുണ്ടായിരുന്നതിനാൽ സമ്പന്നമായൊരു കാലിസമ്പത്ത് മുമ്പുണ്ടായിരുന്നു. ഇത്തരം സൗകര്യങ്ങളുടെ അഭാവം കാലി വളർത്തലിൽ ജനങ്ങൾക്ക് താൽപര്യം കുറയാനിടയായി. 1983ൽ കാവന്നൂർ മൃഗാശുപത്രി സ്ഥാപിതമായി.

സ്വാതന്ത്ര്യ ലബ്ധിയുടെ കാലഘട്ടത്തിലാണ് രാഷ്ട്രീയ പ്രസ്ഥാനങ്ങൾ ഇവിടെ സംഘടിത രൂപത്തിൽ പ്രവർത്തനമാരംഭിച്ചത്. കോൺഗ്രസ്സ്, മുസ്ലിംലീഗ്, കമ്മ്യൂണിസ്റ്റ് പാർട്ടി എന്നിവയായിരുന്നു അന്നത്തെ സംഘടിത രാഷ്ട്രീയ പ്രസ്ഥാനങ്ങൾ 1948ലെ ഹൈദരബാദ് ആക്ഷൻ കാലത്ത് ജ. കാമ്പുറവൻ മമ്മദാജിയും മറ്റും അറസ്റ്റു ചെയ്യപ്പെട്ടിരുന്നു. പഞ്ചായത്തിലെ ജനസംഖ്യയുടെ 12% വരുന്ന പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി സർക്കാരിൽ നിന്ന് ലഭിക്കുന്ന സഹായത്തിനനുസൃതമായ പുരോഗതി ഇവർക്കിടയിൽ കാണുന്നില്ല. സമൂഹത്തിന്റെ മൊത്തം ശ്രദ്ധ ഈ രംഗത്ത് പതിയേണ്ടതുണ്ട്.

പരിമിതമായ ചില സ്ഥലങ്ങളിൽ നേരത്തെ വൈദ്യുതി എത്തിയിരുന്നുവെങ്കിലും, വ്യാപകമായി പഞ്ചായത്തിൽ വൈദ്യുതീകരണം നടന്നത് 1978ലാണ്. വ്യവസായികമായി ചെറിയ ചലനങ്ങളെങ്കിലും സൃഷ്ടിക്കാനിത് കാരണമായിട്ടുണ്ട്.

പഞ്ചായത്തിലൂടെ കടന്നുപോകുന്ന പ്രധാന പാതയായ മഞ്ചേരി - അരീക്കോട് PWD റോഡുമാത്രമാണ് പഞ്ചായത്ത് നിലവിൽ വരുമ്പോഴുണ്ടായിരുന്നത്. 1965-67 ലാണ് പ്രസ്തുത റോഡ് ടാർ ചെയ്തത്.

അനൗപചാരിക വിദ്യാഭ്യാസരംഗത്ത് വായനശാലകളും, കലാസമിതികളും കാര്യമായ പങ്ക് വഹിച്ചിട്ടുണ്ട്. 1958ൽ ഇളയൂരിൽ സ്ഥാപിതമായ യുവജനസംഘം വായനശാല - ഗ്രന്ഥാലയം, 1959ൽ ഇരിവേറ്റിയിൽ സ്ഥാപിതമായ പൊതുജന വായനശാല ഗ്രന്ഥാലയവും സ്പോർട്സ് ക്ലബ്ബുകളും ഈ രംഗത്ത് എടുത്തു പറയാവുന്ന സേവനങ്ങളർപ്പിച്ചവയാണ്.

കാൻഫെഡിന്റെ ആഭിമുഖ്യത്തിലുണ്ടായിരുന്ന വയോജന ക്ലാസ്സുകളും സാക്ഷരതാ പ്രവർത്തനങ്ങളും ഇവയെ കേന്ദ്രീകരിച്ചു നടന്നിരുന്നു.

1962ൽ ചെങ്ങരയിൽ സ്ഥാപിതമായ "ചന്ദ്രതാര" കലാസമിതിയാണ് ഈ രംഗത്തെ ആദ്യത്തെ കാൽവെപ്പ്.

1960കളിൽ ഇളയൂരിലും കാവന്നൂരിലും നിലവിൽ വന്ന മഹിളാസമാജങ്ങൾ വനിതകളുടെ ബോധവൽക്കരണ രംഗത്ത് ഗണ്യമായ പങ്ക് വഹിച്ചു.

ഇപ്പോൾ പഞ്ചായത്തിൽ കാവന്നൂർ, ഇരിവേറ്റി തോട്ടിലങ്ങാടി പോസ്റ്റാ ഫീസുകളാണുള്ളത്. കാവന്നൂരിലാണ് ആദ്യം പോസ്റ്റാഫീസ് സ്ഥാപിതമായത്.

പഞ്ചായത്തിൽ ടെലിഫോൺ സൗകര്യം ലഭിക്കുന്നത് 1972 ലാണ്.

കാവന്നൂർ പഞ്ചായത്താഫീസ് കെട്ടടത്തിന്നും, ലൈബ്രറികെട്ടിടത്തിനും ആവശ്യമായ സ്ഥലം, അന്നു പഞ്ചായത്ത് പ്രസിണ്ടായിരുന്ന ജ. വി. സൈദലവി ഹാജിയും, എ.പി. ചേക്കു മമ്മദു സാഹിബും സംഭാവനയായി നൽകിയതാണ്. അതുപോലെ തന്നെ കാവന്നൂർ വില്ലേജ് ആഫീസ് കെട്ടടവും പൊതുജനപങ്കാളിത്തത്തോടെ നിർമ്മിച്ചതാണ്.

പ്രശസ്തരും പ്രഗത്ഭരുമായ വ്യക്തികളാണ് പാർലിമെണ്ടിലും നിയമസഭയിലും നമ്മെ പ്രതിനിധീകരിച്ചിരുന്നത്.

ജ.ബി. പോക്കർ സാബിബ് (1952-62) മുഹമ്മദ് ഇസ്മായിൽ സാഹിബ് (1962-1973) സി. എച്ച് മുഹമ്മദ് കോയ (1973-77) ഇബ്രാഹിം സുലൈമാൻസേട്ട് (1977-91) എന്നിവരായിരുന്നു പാർലിമെണ്ടിൽ ഈ പ്രദേശമുൾക്കൊള്ളുന്ന നിയോജകമണ്ഡലത്തിന്റെ പ്രതിനിധികൾ. 1991 മുതൽ ജ. ഇ. അഹമ്മദ് സാഹിബ് നമ്മെ പ്രതിനിധീകരിക്കുന്നു.

കെ.എം. സീതിസാഹിബ്, എം. ചടയൻ, പി.പി.ഉമ്മർകോയ, അഹമ്മദ്കുരിക്കൾ, ചാക്കീരി അഹമദുകുട്ടി, യു.എ. ബീരാൻസാഹിബ്, എം.പി.എം. അബ്ദുല്ലക്കുട്ടി കുരിക്കൾ, സി.എച്ച് മഹമ്മദുകോയ എന്നിവരായിരുന്നു മദിരാശി കേരളനിയമസഭകളിൽ ഈ പ്രദേശത്തെ പ്രതിനിധീകരിച്ചിരുന്നത്.

1984 മുതൽ ജ:എം.പി.എം. ഇസ്ഹാഖു കുരിക്കൾ കേരള നിയമസഭയിൽ ഈ പ്രദേശത്തെ പ്രതിനിധീകരിക്കുന്നു. നിലവിലുള്ള ജില്ലാ പഞ്ചായത്ത് വൈസ്പ്രസിഡന്റ് എം.സി. മുഹമ്മദ് ഹാജി, മലപ്പുറം ജില്ലാ പഞ്ചായത്തിലും അരീക്കോട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പി. മുഹമ്മദ് ഹാജി, രോഹിണി മുത്തൂർ എന്നിവർ ബ്ലോക്ക് പഞ്ചായത്തിലും ഈ പ്രദേശത്തെ പ്രതിനിധീകരിക്കുന്നു.

1954ൽ ഡിസ്ട്രിക്ട് ബോർഡിൽ ജ. എ.പി. 1991ൽ ജില്ലാകൗൺസിലിൽ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനായിരുന്ന എൻ.വി. ഇബ്രാഹിം മാസ്റ്ററും ഈ പ്രദേശത്തെ പ്രതിനിധീകരിച്ചിരുന്നു.

കാലാകാലങ്ങളിൽ പഞ്ചായത്തിന്റെ നാനാവിധ വികസന പ്രവർത്തനങ്ങളിൽ നമ്മുടെ ജനപ്രതിനിധികൾ മഹത്തായ സംഭാവന കളർപ്പിച്ചിട്ടുണ്ട് എന്ന കാര്യം നന്ദിയോടെ സ്മരിക്കുന്നു.

4 | 1

കൃഷിയും ജലസേചനവും

1. വർഷപാതവും ജലസ്രോതസ്സുകളും

കാവന്നൂർ പഞ്ചായത്ത് തികച്ചും ഒരു കാർഷിക മേഖലയാണ്. മഴയെ ആശ്രയിച്ചുള്ള കൃഷിരീതിയാണ് ഇവിടെ നിലനിൽക്കുന്നത്. വർഷപാതത്തിന്റെ കണക്കുകൾ പരിശോധിച്ചാൽ ഇവിടെ ലഭിക്കുന്ന മഴയുടെ 65% ഉം കാലവർഷത്തിൽ നിന്നാണ് എന്ന് കാണാം. ഇടവപ്പാതി, തുലാവർഷം എന്നീ രണ്ടു വർഷപാതങ്ങളിലാണ് കൂടുതൽ മഴ ലഭിക്കുന്നത്. വേനൽക്കാലത്ത് പഞ്ചായത്തിലെ ചില പ്രദേശങ്ങളിൽ ജലക്ഷാമം അനുഭവപ്പെടുന്നു. ചാലിയാർ പുഴയിലേക്ക് ഒഴുകിയെത്തുന്ന ഏതാനും തോടുകളും അൻപത്തിയഞ്ച് കുളങ്ങളും ഉൾക്കൊള്ളുന്നതാണ് ഈ പഞ്ചായത്തിലെ ഉപരിതല ജലസ്രോതസ്സുകൾ.

കുളങ്ങളിൽ ഏറ്റവും വലുത് പൊന്നാഞ്ചിറ കുളമാണ്. ഇതിന് 900 ച.മി. വിസ്തീർണ്ണമുണ്ട്. കൂടാതെ 100 മുതൽ 500വരെ ച.മീ. വിസ്തീർണത്തിനുള്ളിൽ വരുന്ന അഞ്ചുകുളങ്ങൾ വേറെയും ഉണ്ട്. ഈ കുളങ്ങളും തോടുകളും എല്ലാം ജലസേചന ആവശ്യത്തിനായി വികസിപ്പിച്ചെടുക്കാവുന്നതാണ്.

2. ഭൂവിഭാഗങ്ങൾ

31.3 ച. കിലോമീറ്റർ വിസ്തീർണം വരുന്ന ഈ പഞ്ചായത്തിൽ 60% ചരിവുള്ള കുന്നിൻ പ്രദേശങ്ങളും 15% സമതലപ്രദേശങ്ങളും ബാക്കി വരുന്ന 25% നെൽകൃഷിക്ക് ഉപയുക്തമായ കളിമൺപ്രദേശങ്ങളുമാണ്.

ഇതിൽ ആദ്യം പറഞ്ഞ കുന്നിൻ പ്രദേശങ്ങളിൽ ഏകദേശം 30 മീറ്റർ ആഴത്തിലും സമതലപ്രദേശങ്ങളിൽ 12 മീറ്റർ ആഴത്തിലും കളിമൺ പ്രദേശങ്ങളിൽ 3 മീറ്റർ ആഴത്തിലും ഉപരിതല ജലസമ്പത്ത് ലഭ്യമാണ് ഇതിൽ നിന്നും മനസിലാക്കുന്നത് കുന്നിൻ പ്രദേശങ്ങളിൽ പ്രത്യേകിച്ച് വേനൽക്കാലങ്ങളിൽ ജലക്ഷാമം ഉണ്ടാകുന്നു എന്നാണ്.

പഞ്ചായത്തിന്റെ പലഭാഗങ്ങളിലായി വ്യാപിച്ചുകിടക്കുന്ന മലകളും കുന്നുകളും അതിന്റെ താഴ് വരകളിലുള്ള നെൽവയലുകളും അടങ്ങിയതാണ് ഇവിടുത്തെ ഭൂപ്രദേശം.

3. കൃഷിയിനങ്ങൾ - താരതമ്യം പഠനം:

ഇവിടത്തെ മുഖ്യകൃഷി തെങ്ങ്, നെല്ല് കശുമാവ് എന്നിവയാണ് കവുങ്ങിനും റബ്ബറിനും അപ്രധാനമല്ലാത്ത സ്ഥാനമുണ്ട്. ഇടവിളയായി കിഴങ്ങുവർഗ്ഗങ്ങൾ, ധാന്യങ്ങൾ, വാഴ, ഇഞ്ചി, മഞ്ഞൾ, കുരുമുളക്, പച്ചക്കറികൾ മുതലായവയും കൃഷി ചെയ്യുന്നു.

മുൻകാലങ്ങളിൽ ജനങ്ങളുടെ ജീവിതോപാധിയായി കൃഷിയും അതുമായി ബന്ധപ്പെട്ട തൊഴിൽ മേഖലകളും മാത്രമാണുണ്ടായിരുന്ന

ത്. എന്നാൽ അടുത്ത കാലത്തായി കാർഷിക മേഖലയിൽ നിന്ന് ജനങ്ങൾ അകന്നുകൊണ്ടിരിക്കുകയാണ്. ഉത്പാദനം കുറഞ്ഞുകൊണ്ടിരിക്കുന്നതാണ് അതിന്റെ പ്രധാനകാരണം. ശരിയായ രീതിയിലും വേണ്ടത്ര അളവിലും ജലസേചനത്തിനുള്ള അസൗകര്യം അശാസ്ത്രീയമായ കൃഷിരീതി, ഫലപുഷ്ടികുറഞ്ഞ മണ്ണ്, യഥാസമയം കൃഷിപണിചെയ്യുവാൻ കർഷകർക്ക് കഴിയാതെ വരിക, കാർഷിക മേഖലയിൽ തൊഴിലാളികൾക്ക് നേരിടുന്ന ക്ഷാമം തുടങ്ങിയവ ഉത്പാദനം കുറയുവാൻ കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നു എല്ലാ വിധ കീടരോഗങ്ങളും മാരകമായ രീതിയിൽ കൃഷിയെ ബാധിക്കുന്നു. ജല നിർഗ്ഗമനമാർഗ്ഗങ്ങളുടെ കുറവും, വളം കീടനാശിനി എന്നിവയുടെ അമിതമായ വിലയും ഉത്പന്നങ്ങളുടെ ശരിയായ മാർക്കറ്റിങ്ങ് സൗകര്യമില്ലായ്മയുമൊക്കെ നെൽകൃഷി ഉപേക്ഷിക്കുവാൻ കർഷകരെ പ്രേരിപ്പിച്ചുകൊണ്ടിരിക്കുന്നു.

നെൽകൃഷി ആദായകരമല്ലാത്തതിനാൽ അത് അനുദിനം കുറയുകയും വയലുകളിൽ നാണ്യവിളകൾ വ്യാപകമാവുകയും ചെയ്യുന്നു.

4. പച്ചക്കറി

പച്ചക്കറി പ്രധാന ഉപതൊഴിലായി സ്വീകരിച്ചിരിക്കുന്ന അനേകം ചെറുകിട കർഷകർ ഈ പഞ്ചായത്തിലുണ്ട് കീടരോഗബാധമൂലം അവർ പലപ്പോഴും കടബാധ്യത ഉള്ളവരായി മാറുന്നു. ഈ കർഷകരിൽ ഭൂരിഭാഗവും ഭൂരഹിതരാണ്. അവർ പലരുടെയും ഭൂമി പാട്ടത്തിനെടുത്താണ് കൃഷിചെയ്യുന്നത് അതുകൊണ്ടുതന്നെ അശാസ്ത്രീയമായ വളപ്രയോഗത്തിനും അവർ നിർബന്ധിതരായിത്തീരുന്നു. ഇത് മണ്ണിന്റെ ജൈവഘടനയെ മാറ്റുന്നതിനും മനുഷ്യരുടെ ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കുന്നതിനും കാരണമാകുന്നു. കൃഷിച്ചെലവിന്റെ അനാവശ്യമായ വർദ്ധനവിനും ഇത് ഇടയാക്കിയിട്ടുണ്ട്. ഇതുമൂലം ഉണ്ടായേക്കാവുന്ന അനന്തര ഭവിഷ്യത്തുകൾക്ക് പ്രതിവിധികാണേണ്ടതും കർഷകർക്ക് ബോധവൽക്കരണം നടത്തേണ്ടതുമാണ്. പുഷ്പ പച്ചക്കറി കൃഷികൾക്ക് പ്രോത്സാഹനം നൽകുന്ന കേരള ഹോർട്ടികൾച്ചറൽ കോർപ്പറേഷന്റെ പ്രവർത്തനം പഞ്ചായത്തിൽ നടപ്പിലാക്കേണ്ടതാണ്. കാർഷികമേഖലയിൽ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുവാൻ താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

(i) വിവിധയിനം കൃഷിക്കനുയോജ്യമായ സ്ഥലങ്ങളിൽ ജലസേചനം സാധ്യമാക്കുന്നതിനായി നിലവിലുള്ള കുളങ്ങൾ നന്നാക്കി ജലസംഭരണശേഷി വർദ്ധിപ്പിക്കുകയും പുതുതായി ഏതാനും കുളങ്ങൾ കൂടി കുഴിക്കുകയും ചെയ്യുക, പൊതുവായി പമ്പു സെറ്റുകൾ സ്ഥാപിക്കുകയും സൗജന്യ വൈദ്യുതി ലഭ്യമാക്കുകയും ചെയ്യുക, തോടുകളുടെ സൈഡ് കെട്ടി ആവശ്യമായ സ്ഥലങ്ങൾ കണ്ടെത്തി ചീർപ്പ് സ്ഥാപിക്കേണ്ടതാണ്.

(ii) ചെരുവുള്ള പ്രദേശങ്ങളിൽ കോണ്ടൂർ ബണ്ടുകൾ നിർമ്മിച്ച് മണ്ണ് ജലസംരക്ഷണം നടത്തുകയും മണ്ണിന്റെ ജലസംഭരണശേഷി ഉയർത്തുകയും ചെയ്യേണ്ടതാണ്.

(iii) കുന്നിൻ പ്രദേശങ്ങളിൽ കാലാകാലങ്ങളിൽ ഉണ്ടായിട്ടുള്ള നീർച്ചാലുകൾക്ക് കുറുകെ വരമ്പുകൾ തീർക്കേണ്ടതാണ്.

(iv) നീർക്കെട്ടുള്ള പ്രദേശങ്ങളിൽ തോടുകൾക്ക് ആഴം കൂട്ടിയും പാർശ്വസംരക്ഷണം നടത്തിയും ജല നിർഗ്ഗമനശേഷി വർദ്ധിപ്പിക്കേണ്ടതാണ്.

(v) പഞ്ചായത്തിൽ വ്യാപകമായ ജലസേചനം ലഭ്യമാക്കുന്നതിനായി നിർദ്ദിഷ്ട ചാലിയാർ പ്രൊജക്ടിന്റെ പരിധിയിൽ പഞ്ചായത്ത് പ്രദേശം ഇടി ഉൾപ്പെടുത്തി പദ്ധതി പുനഃസംവിധാനം ചെയ്യാവുന്നതാണ്.

(vi) തെങ്ങുകൃഷിക്ക് ജലസേചനം സൗകര്യപ്പെടുത്താൻ സമൂഹജലസേചന പദ്ധതി നടപ്പിൽ വരുത്താവുന്നതും അങ്ങിനെ താരതമ്യേന ജലക്ഷാമം നേരിടുന്ന കുന്നിൽ പ്രദേശങ്ങളിൽ തെങ്ങുകൃഷി അഭിവൃദ്ധിപ്പെടുത്തേണ്ടതുമാണ്.

(vii) ഈ പഞ്ചായത്തിലേക്ക് അനുയോജ്യമായ തൈകളും വിത്തുകളും ആവശ്യനുസരണം കർഷകർക്ക് ലഭ്യമാക്കാൻ ഉതകുന്ന രീതിയൽ നേഴ്സറി സ്ഥാപിക്കേണ്ടതാണ്.

(viii) എല്ലാവിധ കാർഷിക വിളകൾക്കും സൗജന്യകാർഷിക ഇൻഷൂറൻസ് ഏർപ്പെടുത്തുകയും നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കുകയും ആയത് യഥാസമയം കിട്ടുന്നതിന് ആവശ്യമായ നടപടികൾ ഏർപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

(ix) കൃഷിഭവന്റെ കീഴിൽ കൊയ്ത് മെതിയന്ത്രം ട്രക്ടർ കം ട്രൈലർ തുടങ്ങിയവയും മറ്റ് കാർഷിക ഉപകരണങ്ങളും കർഷകർക്ക് യഥാസമയം മിതമായ നിരക്കിൽ വാടകക്ക് കിട്ടാനുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

x മുഖ്യവിളയായ നെൽകൃഷിക്ക് ഗ്രൂപ്പ് ഫാമിങ്ങ് വ്യാപകമാക്കുകയും നിലവിലുള്ള കർഷകസമിതികളെ കാര്യക്ഷമമാക്കി ഇതിന് തയ്യാറാക്കുകയും വേണം.

(xi) കാർഷിക ഉത്പന്നങ്ങൾ സംഭരിക്കുന്നതിനും വിപണനം നടത്തുന്നതിനും പ്രത്യേകസംവിധാനം ഏർപ്പെടുത്തുകയും അതോടൊപ്പം തന്നെ പഞ്ചായത്തിൽ ഒരു ആഴ്ചചന്ത സ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

(xii) ഉത്പാദന വർദ്ധനവിനെ ലക്ഷ്യമാക്കി കർഷകർക്കായി ബോധവൽക്കരണ പരിപാടികൾ ഇടക്കിടെ സംഘടിപ്പിക്കണം.

(xiii) കൃഷിഭവന് സ്വന്തമായി കെട്ടിടം നിർമ്മിച്ച് അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതാണ് അഗ്രോ ക്ലീനിക്കുകൾ കാർഷിക പരിശീലന കേന്ദ്രങ്ങൾ മുതലായവ പഞ്ചായത്തിൽ സ്ഥാപിക്കണം.

(xiv) പഞ്ചായത്തിൽ കണ്ടുവരുന്ന ഔഷധസസ്യങ്ങൾ സംരക്ഷിക്കുന്നതിനും വ്യാപിപ്പിക്കുന്നതിനും നടപടി വേണം ഇഞ്ചി, മഞ്ഞൾ, കച്ചോലം, മുതലായവയുടെ ഉത്പാദനം വർദ്ധിപ്പിക്കണം.

(xv) വനിതകൾക്ക് പ്രാധാന്യം നൽകിക്കൊണ്ട് സഹകരണാടിസ്ഥാനത്തിൽ പുഷ്പകൃഷി, കൂൺകൃഷി, തേനീച്ചവളർത്തൽ തുടങ്ങിയവ ആരംഭിക്കേണ്ടതാണ്.

(xvi) ഈ പഞ്ചായത്തിലെ ഒരു പ്രധാന വിള

യായ കശുമാവ് കൃഷി ശാസ്ത്രീയമായി പുനരുദ്ധീകരിച്ച് വ്യാപകമാക്കുന്നതിന് വേണ്ട സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.

(xvii) ഡ്രിപ്പ് ഇറിഗേഷനെ സംബന്ധിച്ച് ബോധവൽക്കരണം നടത്തുകയും വ്യാപകമാക്കുകയും ചെയ്യുക.

(xviii) ഏതാനും വർഷങ്ങൾക്കു മുമ്പ് വ്യാപകമായിരുന്ന കുരുമുളക് കൃഷി ഇപ്പോൾ ഗണ്യമായി കുറഞ്ഞുപോയിട്ടുണ്ട് രോഗങ്ങൾ മൂലമുള്ള കൃഷിനാശം തന്നെയാണ് മുഖ്യകാരണം ഈ രംഗത്ത് പൂർവ്വ സ്ഥിതിയാർജ്ജിക്കാനുള്ള മാർഗ്ഗങ്ങൾ ആരംഭിക്കേണ്ടതുണ്ട് ഒരു ഗവേഷണാത്മകമായ പഠനം ഇതിനാവശ്യമാണ് പഞ്ചായത്ത് തലത്തിൽ കൃഷിഭവന്റെ ആഭിമുഖ്യത്തിൽ ഇതിന് സംവിധാനം ഉണ്ടാക്കണം.

അനുബന്ധം

പട്ടിക I

ഭൂപ്രകൃതി

നമ്പർ	ഭൂപ്രകൃതി	വിസ്തീർണ്ണം	ശതമാനം
1.	ഉയർന്ന പ്രദേശം	420	13
2.	കുത്തനെയുള്ള ചരിവ്	582	18
3.	മിതമായ ചരിവ്	1127	38
4.	സമതല പ്രദേശം	582	18
5.	വയൽ	420	13
	ആകെ	3131	100

അവലംബം - കൃഷിഭവൻ രേഖകൾ

പട്ടിക II

ഭൂമി സംബന്ധിച്ച വിവരങ്ങൾ

നമ്പർ	ഇനം	വിസ്തീർണ്ണം(ഹെക്ടർ)
1.	നിലം	280
2.	പുരയിടം	2630
3.	പുറംപോക്ക്	141
4.	കൃഷിയോഗ്യതരിശ്	60
5.	കൃഷിയോഗ്യമല്ലാത്ത തരിശ്	20
	ആകെ	3131

അവലംബം രജിസ്റ്റാർ, B7 റജിസ്റ്റാർ (വില്ലേജ് ഓഫീസ്)

പട്ടിക 3
പ്രധാനപ്പെട്ട കുളങ്ങളെ സംബന്ധിച്ച വിവരം

നമ്പർ	കുളങ്ങൾ	ഉൾപ്പെടുന്ന വാർഡ്	ഉൾപെടുന്ന വില്ലേജ്
1.	പൊന്നാം ചിറകുളം	VII	കാവനൂർ
2.	ചാത്തൻ കുളം	II	കാവനൂർ
3.	കുറുപ്പത്ത് കുളം	XI	കാവനൂർ
4.	ചക്കൊളം	XI	കാവനൂർ
5.	മുല്ലേങ്ങൽ കുളം	VII	കാവനൂർ
6.	കണ്ടൻ കുളം	II	കാവനൂർ
7.	വളയിൽ കുളം	V	കാവനൂർ
8.	വടക്കുംമുറി കുളം	V	കാവനൂർ
9.	വട്ടപ്പറമ്പ് കുളം	IV	കാവനൂർ
10.	കരിപ്പാപ്പള്ളി കുളം	VII	കാവനൂർ
11.	ഇരിവേറ്റി കുളം	VI	കാവനൂർ
12.	കൈതറപ്പാടം കുളം	V	കാവനൂർ
13.	പാലനാട് കുളം	I	കാവനൂർ
14.	പിലക്കാരു കുളം	VII	കാവനൂർ
15.	നാരായണി കുളം	I	കാവനൂർ
16.	കണ്ണൻ കുളം	I	കാവനൂർ
17.	കപ്രാട്ട് കുളം	VII	കാവനൂർ
18.	പുല്ലിക്കുത്ത് കുളം	VI	കാവനൂർ
19.	ചെള്ളിക്കുളം	II	
20.	കുഴിമൂളി കുളം	II	

(അവലംബം: കൃഷിഭവൻ)

പട്ടിക 4
നെൽകൃഷി വിസ്തീർണ്ണം

നമ്പർ	വിള	വിസ്തീർണ്ണം (ഹെക്ടർ)	മൊത്തം ഉദ്പാദനം
1.	ഒന്നാം വിള	180	486 ton
2.	രണ്ടാം വിള	210	588 ton
3.	മൂന്നാം വിള	0.5	1.6 ton
		390.5	1075.5 ton

പട്ടിക 5
മറ്റു കൃഷികൾ വിസ്തീർണ്ണം

നമ്പർ	വിള	വിസ്തീർണ്ണം ഹെക്ടർ	ഉത്പാദനം (ടൺ)	ഉത്പാദനം ക്ഷമത
1.	പയർ	60	140	2.3 Ton /Heet
2.	എള്ള്	5	12	2.4 Ton / Heet
3.	പച്ചക്കറി	100	1050	10.5 Ton / Heet
4.	വാഴ	230	2070	900 Kg / Heet
5.	മരച്ചീനി	90	180	20 Ton/Heet
6.	കുരുമുളക്	110	32	290 Kg / Heet
7.	കവുങ്ങ്	220	418 Lakh	190000 Nuts / Heets
8.	കശുമാവ്	120	108	900 Kg/ Heets
9.	മാവ്	130	100	0.779 Ton Heets
10.	റബ്ബർ	35	31.1	900 Kg / Heet
11.	തെങ്ങ്	815		53 Nuts / palm
12.	പ്ലാവ്	100	200	2 Ton / Heet


(അവലംബം: കൃഷിഭവൻ)

ഗ്രാമ സഭകളുടെ ആവശ്യപ്രകാരം പുതുതായി നിർമ്മിണ്ടേ കുളങ്ങളുടെ വിവരം

വാർഡ്	ആവശ്യമുള്ള സ്ഥലം
2	പടത്തല
3	മാമ്പുഴ ഭാഗം
4	കയ്യാമരുത നിലം
5	പാലക്കോട്ടു പാടം
7	കുന്നുമ്മൽ പള്ളിയാളി
	കുണ്ടുകുളികുളം
	പള്ളിമുക്ക് ഭാഗം
	തൊണ്ടിയോട് ഭാഗം
	പാറോടി ഭാഗം
	വടക്കുംമല ഭാഗം
8.	കൊളത്തുവായ്
	മാമ്പുഴ പള്ളിയാളി
10.	മട്ടത്തൂർ കുന്ന്
	കുറുക്കൻ കുന്ന്
11.	പള്ളിപടിക്ക് അടുത്ത പാടം
	പുത്തൻ പള്ളിയാളി
	ചുങ്കത്താലിങ്ങൽ
	തച്ചങ്കോട് ഭാഗം
12.	വള്ളിക്കാട് കുളം

4	2

മൃഗസംരക്ഷണവും മത്സ്യബന്ധനവും



മൃഗസംരക്ഷണം

പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും കർഷകരാണ്. കൃഷി, പശുവളർത്തൽ, ആട് വളർത്തൽ, കോഴിവളർത്തൽ എന്നിവയാണ് മുഖ്യതൊഴിൽ മാർഗ്ഗങ്ങൾ. പ്രധാനമായി വളർത്തുന്ന മൃഗങ്ങൾ പശു, എരുമ, ആട്, കോഴി, താറാവ് എന്നിവയാണ്. ഉഴവുകാളകൾ വളരെ പരിമിതമായി വളർത്തിവരുന്നുള്ളു. പശു, എരുമ, ആട് എന്നിവയിൽ അധികവും നാടൻ ഇനങ്ങളിൽപ്പെട്ടവയും നാടൻ സങ്കരഇനങ്ങളിൽപ്പെട്ടവയുമാണ്. മിക്കവീടുകളിലും കോഴികളെ വളർത്തുന്നുണ്ടെങ്കിലും അധികവും നാടൻ ഇനങ്ങളിൽപ്പെട്ടവയാണ്. ഇറച്ചികോഴികളെ (ബ്രോയ്ലർ) വളർത്തുന്ന ഫാമുകൾ ധാരാളം ഈ പഞ്ചായത്തിൽ ഉണ്ട്.

1500ൽ പരം പശുക്കളും 175ൽ പരം ഏരുമകളും ഈ പഞ്ചായത്തിലുണ്ടെന്ന് കണക്കാക്കപ്പെടുന്നു. എന്നാൽ സങ്കര ഇനങ്ങളിൽപ്പെട്ടവ 35% മാത്രമേയുള്ളു പാൽ വിപണനരംഗത്ത് നാട്ടിൻപുറത്തെ കർഷകർ വളരെയധികം വിഷമം സഹിക്കുന്നുണ്ട്. പഞ്ചായത്തിൽ ഇളയൂരിൽ മാത്രമേ പാൽ സോസൈറ്റി പ്രവർത്തിക്കുന്നുള്ളു. മറ്റു ഭാഗങ്ങളിൽ പാൽ ശേഖരിക്കുവാനുള്ള സംവിധാനം ഇന്ന് നിലവിലില്ല. മേച്ചിൽ സ്ഥലങ്ങൾ ധാരാളമുള്ള പഞ്ചായത്തിൽ പശു വളർത്തലിനും ധാരാളം സാധ്യതകൾ ഉണ്ട്. കാലിതീറ്റയുടെ വില വർദ്ധനവ്, നല്ലയിനം തീറ്റ പുല്ലിന്റെ അതുപോലെ തന്നെ നല്ലയിനം പശുക്കളുടെ കുറവ്. പാൽ ഉൽപാദനത്തെ ഗണ്യമായി ബാധിക്കുന്നു. പഞ്ചായത്തിലെ മൃഗാശുപത്രി കാവന്നൂർ അങ്ങാടിയിലാണ് സ്ഥിതിചെയ്യുന്നത്. അതിനാൽ പഞ്ചായത്തിലെ ഉൾഭാഗങ്ങളിൽ നിന്നും ഉരുക്കളെകൊണ്ടുവന്ന് ബീജ സങ്കലനം നടത്തുവാനും ചികിത്സിക്കുവാനും വിഷമം നേരിടുന്നു.

പഞ്ചായത്തിൽ ഏതാണ്ട് 1500ൽ പരം ആടുകൾ ഉണ്ടെന്ന് കണക്കാക്കപ്പെടുന്നു. മലകളും, കുന്നുകളും ധാരാളമുള്ള ഈ പഞ്ചായ

ത്തിൽ ആടുവളർത്തലിന് വളരെ സാധ്യതകൾ ഉണ്ട്. വായ്പാസൗകര്യങ്ങൾ ഇല്ലാത്തതും നല്ല ജെനസ് ആട്ടിൻകുട്ടികളെ കിട്ടുവാനുള്ള അസൗകര്യവുമാണ് ഈ മേഖലയിലെ പ്രശ്നങ്ങൾ.

ഇറച്ചിക്കോഴി (ബ്രോയ്ലർ) വളത്തൽ ഈ പഞ്ചായത്തിലെ ഒരു മുഖ്യതൊഴിൽ മാർഗ്ഗമായി മാറികൊണ്ടിരിക്കുകയാണ്. ഏതാണ്ട് 75ൽ പരം ബ്രോയ്ലർ ഫാമുകൾ ഇപ്പോൾ ഈ പഞ്ചായത്തിൽ നിലവിൽ ഉണ്ട്. വായ്പാസൗകര്യങ്ങൾ അപേക്ഷിച്ചു നിൽക്കുന്നവർ വേറെയുമുണ്ട്. ഒരു ലക്ഷത്തോളം കോഴികളെ വളർത്തുവാനും കയറ്റിയയക്കുവാനും ഉള്ള സൗകര്യം ഈ ഫാമുകളിൽ ഉണ്ട്. എന്നാൽ കോഴിതീറ്റ, മരുന്ന്, ഉപകരണങ്ങൾ എന്നിവയുടെ വൻതോതിലുള്ള വിലവർദ്ധനവും, ലഭ്യതക്കുറവും അന്യസംസ്ഥാനങ്ങളിൽ നിന്നും ഭക്ഷ്യയോഗ്യമല്ലാത്ത കോഴികൾ കുറഞ്ഞ വിലക്ക് വ്യാപകമായി ഈ സംസ്ഥാനത്തിലേക്ക് ഇറക്കുമതി ചെയ്യുന്നത് ഈ മേഖലയെ പ്രതികൂലമായി ബാധിക്കുന്നു. ഈ പഞ്ചായത്തിലെ കോഴിവളർത്തൽ ഫാമുകളിൽ മാസത്തിൽ ഏതാണ്ട് 4000 ത്തോളം ചാക്ക് കോഴിത്തീറ്റ ഉപയോഗിക്കുന്നു. നികുതിയിനത്തിൽ തന്നെ ഏതാണ്ട് 1 1/2 ലക്ഷം രൂപ സർക്കാരിന് ഈ മേഖലയിൽ നിന്നും ലഭിക്കുന്നു. അതുപോലെതന്നെ കോഴിവളർത്തൽ വിപണനം എന്നിവയിലായി 300ൽ പരം തൊഴിൽ രഹിതർക്ക് നേരിട്ടും അല്ലാതെയും തൊഴിൽ സാധ്യതയും കിട്ടുന്നു. കോഴികൾക്ക് വരുന്ന അനിയന്ത്രിതമായ രോഗങ്ങളെ നേരിടുന്നതിന് കാവന്നൂർ മൃഗാസ്പത്രിയിൽ പോസ്റ്റുമോർട്ടത്തിനും, വിദഗ്ദ്ധ പരിശോധനക്ക് ആവശ്യമായ ലാബ് സൗകര്യവും നിയമിക്കുന്ന ഡോക്ടർക്ക് പട്രിസയൻസിയിൽ വൈദഗ്ധ്യവും ഉണ്ടായിരിക്കേണ്ടതാണ്.

മുട്ടക്കോഴികളെ മിക്കവാറും എല്ലാ വീടുകളിലും വളർത്തുന്നുണ്ടെങ്കിലും മുട്ട ഉത്പാദനക്കുറവുള്ള നാടൻ ഇനങ്ങളാണ് കൂടുതലും അതുപോലെ തന്നെ രോഗപ്രതിരോധ മാർഗ്ഗങ്ങൾ സ്വീകരിക്കാത്തതുകൊണ്ട് ചിലകാലങ്ങളിൽ മിക്കവാറും ചത്തുപോകുന്നു.

പഞ്ചായത്തിൽ മുയൽ വളർത്തലിന് താൽപര്യമുള്ള കർഷകർ ഉണ്ട് പക്ഷെ നല്ലയിനം മുയൽ കുഞ്ഞുങ്ങളെ കിട്ടാനുള്ള അസൗകര്യമാണ് പ്രധാന പ്രശ്നം അതുപോലെ തന്നെ കാട കോഴി വളർത്തുന്നതിനും കൃഷിക്കാർക്ക് താത്പര്യമുണ്ടെങ്കിലും കാട കുഞ്ഞുങ്ങളെ കിട്ടുവാനില്ല.

പഞ്ചായത്തിൽ അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കൾ ജനങ്ങൾക്കും വളർത്തുമൃഗങ്ങൾക്കും ഒരു ഭീഷണിയാണ്.!

സ്ഥിതി വിവര കണക്കുകൾ

നമ്പർ	ഇനം	1987	1993	1996 ഏകദേശം
1.	സങ്കരയിനം കാള	86	ലഭ്യമല്ല	ഇല്ല
2.	സങ്കരയിനം പശു	373	250	1200
3.	നാടൻ ഇനം കാള	378	ലഭ്യമല്ല	22
4.	നാടൻ ഇനം പശു	771	468	300
5.	പോത്ത്	92	ലഭ്യമല്ല	6
6.	എരുമ	363	227	175
7.	ആൺആട്	359	ലഭ്യമല്ല	200
8.	പെൺആട്	1305	ലഭ്യമല്ല	1300
9.	നായ	211	ലഭ്യമല്ല	ലഭ്യമല്ല
10.	കോഴി (നാടൻ)	19308	ലഭ്യമല്ല	ലഭ്യമല്ല
11.	കോഴി (വിദേശയിനം)	1416	ലഭ്യമല്ല	ലഭ്യമല്ല
12.	താറാവ്	7	ലഭ്യമല്ല	ലഭ്യമല്ല

(അവലംബം വെറ്റിനറി ഹോസ്പിറ്റൽ കാവന്നൂർ)

പ്രധാന പ്രശ്നങ്ങൾ

1. സങ്കരയിനം പശുക്കളുടെ കുറവ്
2. കാലിതീറ്റയുടെ വില വർദ്ധനവ്
3. സാമ്പത്തിക സഹായം കൊടുക്കുന്ന സ്ഥാപനങ്ങളുടെ വിമുഖത.
4. പാൽ വിപണനത്തിനുള്ള അസൗകര്യം
5. കൃത്രിമ ബീജസങ്കലനത്തിനുള്ള അപര്യാപ്തത
6. എല്ലാ സൗകര്യങ്ങളും ഉള്ള സ്വന്തം കെട്ടിടത്തോടു കൂടിയ മൃഗാശുപത്രിയുടെ അഭാവം.
7. നല്ലയിനം തീറ്റപുല്ല് കൃഷിയുടെ കുറവ്.
8. നല്ലയിനം ആടുകളുടെ അഭാവം
9. ഇറച്ചിക്കോഴികുഞ്ഞുങ്ങൾ, കോഴിത്തീറ്റ, മരുന്ന്, ഉപകരണങ്ങൾ എന്നിവയുടെ വൻതോതിലുള്ള വിലവർദ്ധനവ്
10. ഉത്പന്നങ്ങളുടെ വിലയിടിവ്
11. അനിയന്ത്രിതമായ രോഗങ്ങൾ
12. വിപണനത്തിനുള്ള അസൗകര്യം
13. നല്ല ജെനുസ് മുയൽകുഞ്ഞുങ്ങളുടെ അഭാവം.
14. നല്ലയിനം മുട്ടക്കോഴികുഞ്ഞുങ്ങളുടെ അഭാവവും, രോഗപ്രതിരോധ മാർഗ്ഗങ്ങൾ സ്വീകരിക്കാനുള്ള അലംഭാവവും.
15. ഗുണമേന്മയുള്ള ഇറച്ചി കിട്ടുവാനുള്ള അസൗകര്യം

പരിഹാരമാർഗ്ഗങ്ങളും നിർദ്ദേശങ്ങളും

1. കന്നുകുട്ടി പരിശീലന പദ്ധതി കാവന്നൂർ പഞ്ചായത്തിൽ നടപ്പിലാക്കുക.
2. കാലിത്തീറ്റക്ക് റേഷനിംഗ് സമ്പ്രദായം ഏർപ്പെടുത്തുക. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങൾ വഴി കാലിത്തീറ്റ വിതരണം ചെയ്യുക.
3. സർക്കാർ പലിശ രഹിത വായ്പ. ഉപാദികളില്ലാതെ ദീർഘകാലാടിസ്ഥാനത്തിൽ നൽകുക അതുപോലെ തന്നെആവായ്പ പണമായി കൊടുക്കുന്നതിനും പകരം ഉരുക്കളെ കൊടുക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.
4. പഞ്ചായത്തടിസ്ഥാനത്തിൽ പാൽസൊസൈറ്റി രൂപീകരിക്കുകയും അതിന്റെ കീഴിൽ പാൽ ഉത്പാദനം കൂടുതലുള്ള സ്ഥലങ്ങളിൽ പാൽ ശേഖരണ യൂണിറ്റുകൾ രൂപീകരിക്കുകയും പഞ്ചായത്തിൽ വിൽപന കഴിച്ചു ബാക്കിയുള്ള പാലിന് വിപണി കണ്ടെത്തുകയും ചെയ്താൽ മിൽമക്ക് വിൽക്കുമ്പോൾ ഉണ്ടാകുന്ന നഷ്ടം ഒഴിവാക്കുവാൻ സാധിക്കുന്നതാണ്.
5. പഞ്ചായത്തിൽ പശുക്കൾ കൂടുതലുള്ള സ്ഥലങ്ങളായ ഇരുവെറ്റി ഇളയൂർ എന്നീ സ്ഥലങ്ങളിൽ കൃത്രിമ ബീജ സങ്കലന കേന്ദ്രങ്ങൾ സ്ഥാപിക്കുക.
6. പഞ്ചായത്തിൽ മൃഗാശുപത്രിക്ക് സ്വന്തമായി കെട്ടിടം ഉണ്ടാക്കുവാനുള്ള സ്ഥലം കണ്ടെത്തി സ്വന്തമായി കെട്ടിടം നിർമ്മിക്കുകയാണെങ്കിൽ കന്നുകാലി വളർത്തുന്ന കർഷകർക്കും കോഴിവളർത്തുന്ന കർഷകർക്കും വളരെ സൗകര്യമായിരിക്കും.
7. തീറ്റപ്പുൽ കൃഷിയിടങ്ങൾ വർദ്ധിപ്പിക്കുവാൻ ആവശ്യമായ വിത്തും വളവും സൗജന്യമായി വിതരണ് ചെയ്യുക.
8. സർക്കാർ തലത്തിൽ ഹാച്ചറി, കോഴിത്തീറ്റ ഫാക്ടറി എന്നിവ തുടങ്ങുക. കോഴിത്തീറ്റയുടെ ടാക്സ് പിൻവലിക്കുക
9. രോഗവിമുക്തമായ കോഴികളെയും, കന്നുകാലികളെയും മാത്രം ഇറക്കുമതിചെയ്യുക എല്ലാ രോഗങ്ങൾക്കും ചികിത്സിക്കുവാനും രോഗനിർണയം നടത്തുവാനും അനുയോജ്യമായ സൗകര്യം മൃഗാശുപത്രിയിൽ ഏർപ്പെടുത്തുക മൃഗാശുപത്രിയിലെ ഡോക്ടർക്ക് പൗൾട്രി സയൻസിൽ പ്രത്യേകം പരിശീലനം കൊടുക്കുക മൃഗാശുപത്രിയിൽ ഷിഫ്റ്റ് സമ്പ്രദായം ഏർപ്പെടുത്തുക. വാഹനസൗകര്യവും ഫോൺ സൗകര്യവും ഏർപ്പെടുത്തുക.
11. മലപ്പുറം ജില്ലാതലത്തിൽ പൗൾട്രി ഫാർമേഴ്സ് സൊസൈറ്റിക്ക് രൂപം കൊടുക്കുകയും ആ സൊസൈറ്റി ജില്ലയുടെ വിവിധ കേന്ദ്രങ്ങളിൽ മീറ്റ് സ്റ്റാൾ തുടങ്ങുകയും, ന്യായ വിലക്ക് കർഷകരിൽ നിന്നും കോഴികളെ വാങ്ങുകയും വിൽക്കുകയും ചെയ്യുക. ഇതിന് പ്രാഥമികമായി കാവന്നൂർ പഞ്ചായത്തിൽ ഒരു സൊസൈറ്റിക്ക് രൂപം കൊടുക്കുക. കോഴി ഇറച്ചിയുടെ വിദേശ വിപണിയെപ്പറ്റിയും ആലോചിക്കേണ്ടതാണ്.
12. നല്ലയിനം മുയൽകുഞ്ഞുങ്ങളെ തിരഞ്ഞെടുത്ത കർഷകർക്ക് സൗജന്യമായി വിതരണം ചെയ്യുക.

13. Back yard poultry units രൂപീകരിച്ച് ഒരു കുടുംബത്തിന് 10 വീതം കോഴികുഞ്ഞുങ്ങളെ സൗജന്യനിരക്കിൽ വിതരണം ചെയ്യുക സ്കൂളുകളിൽ പൗൾട്രി ക്ലബ്ബുകൾ രൂപീകരിക്കുകയും വിദ്യാർത്ഥികൾക്ക് കോഴിവളർത്തൽ, കാലിവളർത്തൽ എന്നിവയിൽ പരിശീലനം കൊടുക്കുകയും സൗജന്യമായി കോഴികുഞ്ഞുങ്ങളെ വിതരണം ചെയ്യുകയും ചെയ്യുക.

14. പഞ്ചായത്ത് തലത്തിൽ ആധുനിക രീതിയിലുള്ള അറവുശാല നിർമ്മിക്കുക. അറവുമൃഗങ്ങളെയും ഇറച്ചിയും പരിശോധിക്കുവാനുള്ള സംവിധാനം ഏർപ്പെടുത്തുക നവീനരീതിയിലുള്ള മിറ്റ് സ്റ്റാൾ നിർമ്മിക്കുകയും ഇറച്ചി, മത്സ്യം, മുട്ട എന്നിവ ഈ സ്റ്റാളുകൾ വഴി വിതരണം ചെയ്യുക. അറവുശാലകളിലെ ഉപയോഗശൂന്യമായ വസ്തുക്കൾ ഉപയോഗിച്ച് വ്യവസായ സംരംഭങ്ങൾ തുടങ്ങുക.


15. പേപ്പട്ടി വിഷത്തിന് എതിരായി വളർത്തുന്ന നായക്കൾക്ക് കുത്തിവെയ്ക്കുകയും മറ്റുള്ളവയെ നശിപ്പിക്കുവാനുള്ള സംവിധാനവും ചെയ്യുക.

മൃഗസംരക്ഷണ വകുപ്പിന്റെ സുഗമമായ പ്രവർത്തനത്തിന് വേണ്ടി പഞ്ചായത്ത് തലത്തിൽ പ്രസിഡന്റ് കൺവീനറായി മൃഗഡോക്ടർ, കൃഷിഓഫീസർ പഞ്ചായത്ത് സെക്രട്ടറി, വാർഡ് മെമ്പർമാർ എന്നിവർ ഉൾകൊള്ളുന്ന കമ്മറ്റിക്ക് രൂപം കൊടുക്കണം വാർഡ് മെമ്പർ കൺവീനറായി കർഷക പ്രതിനിധികളും രാഷ്ട്രീയ പ്രതിനിധികളും പ്രധാന വ്യക്തികളും ഉൾകൊള്ളുന്ന കമ്മറ്റിക്കു രൂപം കൊടുക്കുക.

മത്സ്യബന്ധനം

മത്സ്യകൃഷിക്ക് അനുയോജ്യമായ കുളങ്ങളും കിണറുകളും ഈ പഞ്ചായത്തിലുണ്ട്. എന്നാൽ ഈ മേഖലയിൽ ഒരു പ്രവർത്തനവും ഇന്നുവരെ ഉണ്ടായിട്ടില്ല. എന്നാൽ വർഷകാലങ്ങളിൽ വളർത്തുവാൻ പറ്റിയ കുറഞ്ഞ ജീവിത ദൈർഘ്യമുള്ള മത്സ്യങ്ങളെ വളർത്തുവാൻ കഴിയുന്നതാണ്. ഇതിന് മത്സ്യകുഞ്ഞുങ്ങളെ സൗജന്യമായി കർഷകർക്ക് വിതരണം ചെയ്യേണ്ടതാണ്.





4 | 3

വ്യവസായം

ദശകങ്ങൾക്കുമുമ്പു തന്നെ ഏറെ പേർക്ക് തൊഴിൽ ലഭിച്ചിരുന്ന കളിയടക്ക വ്യവസായം നമ്മുടെ പഞ്ചായത്തിലുണ്ടായിരുന്നു. എണ്ണയാട്ടിയിരുന്ന മരച്ചക്കുകൾ ഗ്രാമങ്ങളിൽ ഏറെ കാണാമായിരുന്നു. അമ്പതുകൾ വരെ കളിമൺ പാത്രനിർമ്മാണവും പനമ്പുനിർമ്മാണവുമായി ബന്ധപ്പെട്ടകുടുംബങ്ങൾ ഈ പഞ്ചായത്തിലുണ്ടായിരുന്നു.

ഇന്ന് വ്യവസായികരംഗത്ത് ഏറെ പിറകിൽ നിൽക്കുകയാണ് ഈ പ്രദേശങ്ങൾ.പഞ്ചായത്ത് പരിധിക്കു പുറത്താണെങ്കിലും ഈ പ്രദേശത്തുകാരായ കുറേപേർക്ക് തൊഴിൽ സാധ്യതയുണ്ടാക്കിയ എളയൂരിലെ ബഹു: പി.പി. അഹ്മദുകുട്ടി പി.പി.എം. ഷാ സഹോദരന്മാരുടെ വ്യവസായ ഗ്രൂപ്പുകൾ പുതിയ സംരംഭകർക്ക് പ്രചോദനവും പ്രോത്സാഹജനകവുമാണ്.

ഖാദി ബോർഡിന്റെ സഹായത്തോടുകൂടി പ്രവർത്തിക്കുന്ന ഓട്ട് വ്യവസായയൂനിറ്റും (ഏറനാട് ടൈൽസ്) കൈകടലാസ് നിർമ്മാണ യൂനിറ്റും (കാവന്നൂർ ഗ്രാമ വ്യവസായ സഹകരണ സംഘം) നിലവിലുണ്ട്. അഞ്ച് ഈർച്ച മില്ലുകളും ഒരു ഡീഫാബ്രിക്കേഷൻ (ചകിരി) യൂനിറ്റും രണ്ടു ചെറിയ പ്ലാസ്റ്റിക് അധിഷ്ഠിത യൂനിറ്റുകളും 30ലധികം വുഡൺ ഫർണിച്ചർ യൂനിറ്റുകളും ഏതാനും റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിറ്റുകളും ഇളയൂരിലെ ഫുഡ് പ്രൊസസിംഗ് യൂണിറ്റും (വനിത) 100 ലധികം ചെറുകിട വ്യവസായ യൂനിറ്റുകൾ ഈ പഞ്ചായത്തിൽ രജിസ്ട്രർ ചെയ്യപ്പെട്ടിട്ടുണ്ട്. ഇതിൽ അറുപതോളം യൂനിറ്റുകൾ മാത്രമാണ് നിലവിൽ പ്രവർത്തിക്കുന്നവയായിട്ടുള്ളത് എന്നാണറിയുന്നത്. ഇവയിലെല്ലാമായി 500 ഓളം പേർക്ക് നേരിട്ടും അല്ലാതെയും തൊഴിൽ ലഭിക്കുന്നു. വിദ്ഗ്ധതൊഴിലാളികളിൽ(വുഡൺ ഫർണിച്ചർ)ലധികവും ഈ പ്രദേശത്തുകാരല്ല എന്നത് ഒരു വ്സതുതയാണ്.

കൈകടലാസ് നിർമ്മാണ യൂനിറ്റ് ഇപ്പോൾ നിശ്ചലമാണ്. നിലവിലുള്ള സംവിധാനങ്ങളുപയോഗിച്ചുണ്ടാക്കുന്ന ഉത്പന്നങ്ങൾക്ക് ഗുണമേന്മയിൽ വിപണിയിൽ മത്സരിക്കാനാവുന്നില്ല.

ഏറനാട് ടൈൽസും പ്രതിസന്ധിയിലേക്ക് നീങ്ങുകയാണ്. ഉൽപന്നങ്ങൾക്ക് വിപണിയുണ്ട്. അസംസ്കൃത വസ്തുക്കളുടെ ലഭ്യതയാണ് പ്രധാന പ്രശ്നം. കളിമണ്ണ് ഇപ്പോൾ കിട്ടാനില്ലെന്നു തന്നെ പറയാം. വിറകിന്റെ ക്ഷാമം മറ്റൊരുപ്രശ്നമാണ്.

കാർഷികരംഗത്തെ തകർച്ചയും ഗൾഫ് പ്രതിസന്ധികളും നമ്മുടെ സമ്പദ് വ്യവസ്ഥയെ സാരമായി ബാധിച്ചിരിക്കയാണ്. ആസൂത്രിത വ്യവസായവൽക്കരണത്തെ സംബന്ധിച്ച് പഞ്ചായത്ത് തലത്തിൽ പഠിക്കേണ്ടതുണ്ട്. സംസ്ഥാനത്തുപൊതുവെ കാണപ്പെടുന്ന ഉപഭോഗ ഭ്രമത്തിൽ നിന്നും നമ്മുടെ പഞ്ചായത്തും മുക്തമല്ല. പഞ്ചായത്തിലെ വിപണിക്ക് ചെറിയൊരംശം പോലും സംഭാവന ചെയ്യാൻ വ്യവസായ സംരംഭങ്ങൾക്കാവുന്നില്ല. 1991ലെ സംസ്ഥാനത്തെ വ്യവസായനയത്തിന്റെ (ഗ്രീൻചാനൽ) ആനുകൂല്യങ്ങൾ ഉപയോഗപ്പെടുത്താനും നമ്മുടെ പഞ്ചായത്തിൽ തക്ക സംരംഭകരുണ്ടായില്ല. ഗൾഫു മേഖലയിൽ നിന്നും വരുന്ന പണം ഈ രംഗത്തേക്ക് തിരിച്ചുവിടാനുമാകുന്നില്ല. നാട്ടിലുണ്ടാക്കുന്ന ഉൽപന്നങ്ങളോട് ജനങ്ങൾക്ക് ഉള്ള വൈമുഖ്യവും പുതിയ വ്യവസായങ്ങൾ ഉണ്ടാവാതിരിക്കാൻ കാരണമായിതീർന്നിട്ടുണ്ട്. സർക്കാർ ഓഫീസുകളിലെ പ്രോത്സാഹജനകമല്ലാത്ത സമീപനങ്ങളെ സംബന്ധിച്ച് സംരംഭകർക്ക് പരാതികളേറെയുണ്ട്. പുതിയൊരു വ്യവസായ സംസ്കാരം വളർത്തിയെടുക്കാൻ പഞ്ചായത്ത് തലത്തിൽതന്നെ ശ്രമങ്ങളുണ്ടാവണം. ഗ്രാമസഭകളിൽ ഏറെ ചർച്ചകളും നിർദ്ദേശങ്ങളും ഉയർന്നു വരുകയുണ്ടായി.

നിർദ്ദേശങ്ങൾ

1. ഒന്ന്, പത്ത്, വാർഡുകളിൽ ലഭ്യമാകാനിടയുള്ള സ്ഥലങ്ങൾ (യഥാക്രമം 20ഉം 10ഉം ഏക്കർ) പഞ്ചായത്ത് ഏറ്റെടുത്ത് വ്യവസായ എസ്റ്റേറ്റുകൾ ആയി വികസിപ്പിക്കുക.
2. വ്യവസായങ്ങളെ വൈദ്യുതി നിയന്ത്രണത്തിൽ നിന്ന് ഒഴിവാക്കുക.
3. സംരംഭകത്വ പരിശീലന പരിപാടി സംഘടിപ്പിക്കുക. ഇതിലൂടെ വ്യവസായസംരംഭകരെ കണ്ടെത്താവുന്നതാണ്.
4. കോഴിവളർത്തുകേന്ദ്രങ്ങൾ ഈ പഞ്ചായത്തിൽ ധാരാളമുണ്ട്. അവക്കാവശ്യമുള്ള തീറ്റ വ്യവസായികാടിസ്ഥാനത്തിൽ ഉത്പാദിപ്പിക്കുന്നതിനുള്ള സാധ്യതകൾ പഠിക്കുക.
5. ഓട്ടുകമ്പനിയുടെ ചൂളയുടെ ക്ഷമത വർദ്ധിപ്പിക്കുവാനുള്ള സാധ്യതകളും ചിരട്ട, അടക്കാത്തോട് എന്നിവ ഇന്ധനമായി ഉപയോഗിക്കാനാവുമോ എന്നും പഠിക്കുക. കളിമണ്ണിനുപകരം ചെമ്മണ്ണ് സംസ്കരിച്ചു മേച്ചിലോടു നിർമ്മാണത്തിന് ഉപയോഗിക്കാനാവുമോ എന്ന് ശാസ്ത്രസാങ്കേതിക സ്ഥാനപനങ്ങളിൽ ഗവേഷണം നടത്തേണ്ടതാണ്.
6. നിലവിലുള്ള കൈ കടലാസ് നിർമ്മാണയൂനിറ്റ് കൂടുതൽ സാധ്യതകളുള്ള റബറധിഷ്ടിത വ്യവസായമായി പരിവർത്തിപ്പിക്കുന്നതിനുള്ള സഹായം ലഭ്യമാക്കുക.
7. കശുവണ്ടി അടിസ്ഥാനമാക്കി ഒരു വ്യവസായം പഞ്ചായത്തിലാരംഭിക്കുക. (ഇതിന് നിലവിലുള്ള നിയമപ്രശ്നങ്ങൾക്ക് ഗവൺമെന്റ് തലത്തിൽ പരിഹാരമുണ്ടാവണം) ഒരു വർഷത്തേക്ക് ഇതിനാവശ്യമായി വരുന്ന കശുവണ്ടി വർഷം തോറും പഞ്ചായത്തിൽ തന്നെ ഉദ്പാദിപ്പിക്കാവുന്ന രൂപത്തിൽ കശുവണ്ടി കൃഷി വ്യാപിപ്പിക്കുക.

ഇതേ രൂപത്തിൽ അടക്ക അധിഷ്ടിത വ്യവ സായത്തെ സംബന്ധിച്ചും ആലോചിക്കാവു ന്നതാണ്. ഈ രണ്ട് കൃഷിയും പഞ്ചായ ത്തിലെ കാലാവസ്ഥയ്ക്കും ഭൂപ്രകൃതിക്കും ജലലഭ്യതക്കും ഏറെ അനുയോജ്യമാണ്.

വൻപരസ്യങ്ങളുടെ അകമ്പടിയോടെ പുറംനാ ട്ടുകളിൽ നിന്നെത്തുന്ന ഉൽപന്നങ്ങളിലുപരി നമ്മുടെ പഞ്ചായത്തിലുൽപാദിപ്പിക്കുന്ന വസ്തുക്കളുടെ ഗുണ മേന്മയിലെ സുതാര്യത ജനങ്ങൾക്കും ബോധ്യപ്പെടുത്തുക. നമ്മുടെ പണം പുറം നാടുകളിലേക്കൊഴുകുന്നതിന് പകരം ഇവിടെ തന്നെ ക്രയം ചെയ്യപ്പെടുന്ന അവസ്ഥയുണ്ടാവണം. തൊഴിൽ മേഖലകളിൽ നാട്ടിലുള്ള നിക്ഷേപകരെ ആകർഷിക്കുവാ നും ബോധവൽക്കരണത്തിലൂടെ കഴിയണം. വനിതകളുടെ തൊഴിൽ സാധ്യതകൾ വർദ്ധി പ്പിക്കാനുതകുന്ന ചെറുകിട വ്യവസായങ്ങളെ സംബന്ധിച്ച് വ്യാപകമായി ബോധവൽക്കണം നടത്തുക.

ഈ പഞ്ചായത്തിലെ വ്യവസായ സാധ്യത കൾ ആരായുന്നതിനുവേണ്ടി ഗ്രാമപഞ്ചായത്ത് ബോർഡിന്റെ ആഭിമുഖ്യത്തിൽ രൂപീകൃതമായ "വ്യവസായ മാർഗ്ഗ നിർദ്ദേശക ബോർഡ്" അതിന്റെ പ്രവർത്തനം കാര്യക്ഷമമായി മുന്നോ ട്ടുകൊണ്ടുപോവുമെന്നും ഗ്രാമസഭകളിൽനിന്നു വുയർന്ന വ്യവസായ മോഹങ്ങൾ സാക്ഷാ ത്കരിക്കാൻ ഒരു പരിധിവരെയെങ്കിലും ഇവ രുടെ പ്രവർത്തനങ്ങൾക്കാവുമെന്നും നമുക്ക് പ്രതീക്ഷിക്കാം.

ഗ്രാമസഭകളിൽനിന്നുയർന്ന വ്യവസായ സംരംഭങ്ങളുടെ പട്ടിക ഇവിടെ ചേർക്കുന്നു.

സ്വകാര്യ മേഖലയിൽ/സഹകരണമേഖലയിൽ സാധ്യതയുള്ള വ്യവസായ സംരംഭങ്ങൾ [ഗ്രാമസഭാ നിർദ്ദേശം]

1. കോഴിത്തീറ്റ നിർമ്മാണം
2. അച്ചാർ-കറി പൗഡർ നിർമ്മാണം
3. തേനീച്ച വളർത്തൽ
4. ഫർണീച്ചർ വ്യവസായം
5. നാളികേര പൗഡർ നിർമ്മാണം
6. അടക്കാ സംസ്കരണം
7. വസ്ത്ര നിർമ്മാണം-ടൈലറിംഗ് യൂണിറ്റ്
8. നാളികേര വെള്ളം കൊണ്ട് വിനാഗിരി നിർമ്മാണം
9. ആട് വളർത്തൽ
10. ചിരട്ട വ്യവസായം
11. തുകൽ വ്യവസായം
12. പപ്പട നിർമ്മാണം.
13. പായ നിർമ്മാണം
14. ഓല കുട നിർമ്മാണം-ശീലക്കുട
15. കെട്ടിട നിർമ്മാണ സാമഗ്രികളുടെ നിർമ്മാണം.
16. പറങ്കിമാങ്ങ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾ

വിദ്യാഭ്യാസം

വിദ്യാഭ്യാസരംഗത്ത് കാവനൂർ പഞ്ചായത്തിന് ഒരു നൂറ്റണ്ടുകാലത്തെ ചരിത്രപശ്ചാതലമുണ്ട്. ഓത്തുപള്ളിക്കൂടങ്ങളും കുടിപ്പള്ളിക്കൂടങ്ങളും ഇവിടെ നിലനിന്നിരുന്നു. കാവനൂരിലുണ്ടായിരുന്ന ഗുരുഗോവിന്ദൻ എഴുത്തച്ഛന്റെ കുടിപ്പള്ളിക്കൂടം പ്രസിദ്ധമായിരുന്നു. 1920 കളിൽ തന്നെ ഏതാനും പ്രാഥമിക വിദ്യാലയങ്ങൾ ഇവിടെ സ്ഥാപിതമായി. ഐക്യകേരള പിറവിക്കുശേഷം മലബാർ ഡിസ്ട്രിക് ബോർഡ് എലിമെന്ററി സ്കൂൾ സർക്കാർ ഏറ്റെടുത്തതോടെ ഇവക്ക് പൊതുസ്വാഭാവം കൈവന്നു.

ഹിന്ദു സ്കൂൾ എന്ന പേരിലറിയപ്പെട്ടിരുന്ന മലബാർ ഡിസ്ട്രിക് ബോർഡ് എലമെന്ററി സ്കൂൾ (ചെങ്ങര) പഞ്ചായത്തിലെ പഴയ സ്കൂളുകളിൽ ഒന്നായിരുന്നു. തുടർന്ന് ഉണ്ണിമോതിക്കുട്ടിമൊല്ല അവിടെതന്നെ ഒരു മാപ്പിള സ്കൂൾ സ്ഥാപിക്കുകയുണ്ടായി. ഇവയാണ് യഥാക്രം ചെങ്ങര ജി.എൽ.പി. സ്കൂളും ചെങ്ങര എ.എം.എൽ.പി.എസ് സ്കൂളുമായി മാറിയത്.

കാവനൂരിലും ഹിന്ദു സ്കൂൾ എന്ന പേരിലാണ് ആദ്യകാലത്ത് ഒരു വിദ്യാലയം ആരംഭിച്ചത്. ഇതാണ് ഇന്നത്തെ കാവന്നൂർ ജി.എൽ.പി. സ്കൂൾ. പരിയാരക്കൽ

കുളത്തിങ്ങൽ അബ്ദുറഹിമാൻ കുട്ടിമൊല്ല പെട്ടിയത്ത് സ്ഥാപിച്ച സ്കൂളാണ് ഇന്നത്തെ എളയൂർ എ.എം.എൽ.പി.സ്കൂൾ.

ഏറെകുറെ ഇതേക്കാലത്ത് തന്നെയാണ് ഇരിവേറ്റിയിൽ അബ്ദുല്ലമുസ്ല്യാരുടെ സ്കൂൾ പ്രവർത്തിച്ചിരുന്നത്.

പിന്നീട് ബോർഡ്സ്കൂൾ നിലവിൽ വന്നു. അതിന്റെ തുടർച്ചയാണ് ഇന്നത്തെ ഇരിവേറ്റി എ.എം.എൽ.പി. സ്കൂൾ. കുഞ്ഞുമുഹമ്മദ് മാസ്റ്റർ, ഗോവിന്ദൻ നായർ, ശങ്കരൻ മാസ്റ്റർ തുടങ്ങിയവർ ഈ സ്കൂളിന്റെ വളർച്ചയിലും അതൊരു പ്രദേശത്തിന്റെ ഉണർവ്വിന് കാരണമാകുന്നതിലും നിസ്തുലുമായ പങ്ക് വഹിച്ചിട്ടുണ്ട്.

പയ്യേനി കോയിമ്മർ മൊല്ല വെണ്ണക്കോട് സ്കൂൾ ഏറ്റെടുത്ത് നടത്തിയിരുന്നു. പുത്തലത്തെ പി. അബ്ദുൾ ഖാദർ ഹാജിയാണ് പ്രസ്തുത സ്കൂൾ മൂത്തേടത്ത് പറമ്പിലേക്ക് മാറ്റി സ്ഥാപിച്ചത്. എ.കെ കൃഷ്ണൻ നായരും ശേഷം എ.കെ. കേശവൻ നായരും ഇതിന്റെ ഉടമസ്ഥാവകാശം ഏറ്റെടുത്തു. അദ്ദേഹം നടത്തിയ ഊർജ്ജിത വിദ്യാഭ്യാസ പ്രചരണം ജനങ്ങളിൽ വിദ്യാഭ്യാസത്തോടുള്ള ആഭിമുഖ്യം വളർത്തി. കാവനൂർ പഞ്ചായത്തിന്റെ വിദ്യാഭ്യാസ പുരോഗതിയിൽ വെണ്ണക്കോട് എ.യു.പി. സ്കൂൾ ഗണ്യമായ പങ്കാണ് വഹിച്ചുപോന്നത്. 1949 - ൽ വാക്കാലൂരിൽ ഒരു എൽ.പി.സ്കൂൾ സ്ഥാപിതമായി. 1954 ൽ വടശ്ശേരിയിലും തവരാപറമ്പിലും ഓരോ ഏകാദ്ധ്യാപക സ്കൂളുകൾ മലബാർ ഡിസ്ട്രിക് ബോർഡിന്റെ ആഭിമുഖ്യത്തിൽ തുടങ്ങി. ഇവ പിന്നീട് ലോവർ പ്രൈമറി സ്കൂളുകളായി മാറി.

ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിന് ഈ പ്രദേശത്തെ ജനങ്ങൾ ഏറെ വിഷമിച്ചിരുന്നു. 15 കി.മീറ്ററിലധികം കാൽനടയായി സഞ്ചരിച്ച് മുറയൂരിലെയും മഞ്ചേരിയിലേയും ഹൈസ്ക്കൂളുകളിൽ പഠിച്ച ഒട്ടേറെ വ്യക്തികൾ ഈ പ്രദേശത്തുണ്ട്. 1951 വരെ അപ്പർ പ്രൈമറി വിദ്യാഭ്യാസത്തിനു 5 കി.മീ. അകലെയുള്ള അരീക്കോടിനെ ആശ്രയിക്കേണ്ടിയിരുന്നു. 1974 ലാണ് ഈ പഞ്ചായത്തിലെ പ്രഥമഹൈസ്ക്കൂൾ ഇളയൂരിൽ സ്ഥാപിതമായത്. 1961 ൽ വടശ്ശേരി യു.പി. സ്ക്കൂളും 1974 ൽ ചെങ്ങര ഗവ:യു.പി. സ്കൂളും നിലവിൽ വന്നു. സ്ക്കൂളിനാവശ്യമായ സ്ഥലം, കെട്ടിടം, ഉപകരണങ്ങൾ എന്നിവ തുടക്കത്തൽ പൂർണ്ണമായും ജനകീയ പങ്കാളിത്തത്തോടെ സമാഹരിക്കുവാൻ കഴിഞ്ഞുവെന്നത് ഈ മൂന്ന് സ്ക്കൂളുകളുടെയും സവിശേഷതയാണ്. വിദ്യാഭ്യാസ രംഗത്തേക്ക് ബഹുജന ശ്രദ്ധ തിരിക്കുവാൻ കഴിഞ്ഞുവെന്നതും ഈ പ്രവർത്തനങ്ങളുടെ നേട്ടമാണ്.

ഇവയുടെ പ്രവർത്തനങ്ങളിൽ സർവ്വാത്മനാ സഹകരിക്കുകയും സഹായിക്കുകയും ചെയ്തവരാണ് ഈ പ്രദേശങ്ങളിലെ മുഴുവൻ ജനങ്ങളുമെന്നത് ശേഷമുള്ള തലമുറക്ക് അനുകരിക്കാവുന്ന മാതൃകയാണ്. നേതൃത്വപരമായ പങ്കുവഹിച്ച മഹത്വ്യക്തികൾ ഏറെയുണ്ട്. അന്നത്തെ പഞ്ചായത്ത് പ്രസിഡൻറായിരുന്ന

വി.സൈതലവിഹാജി, കായപ്പറ്റവീരാൻകുട്ടി ഹാജി, അയ്യപ്പുണ്ണി (ചെങ്ങര) അയ്തുമാൻ കുട്ടിഹാജി, കുഞ്ഞാലൻകുട്ടി ഹാജി പി.എം. കണ്ണുപണിക്കർ (വടശ്ശേരി) പി.പി. ഉണ്ണി മോതീഹാജി കെ. ഗസ്സാലി ഹാജി, കെ.പി. നാരായണൻ നായർ, പി.സി. പത്മനാഭൻ അങ്കത്ത് കാതർഹാജി (ഇളയൂർ) തുടങ്ങിയവർ അവരിൽ ചിലരാണ്.

വിദ്യാഭ്യാസം നാടിന്റെ സാമൂഹികാന്തരീക്ഷത്തിൽ നിലനിന്നിരുന്ന പല അനാചാരങ്ങളും ഇല്ലാതാക്കിയിട്ടുണ്ട്. ജാതീയമായ വിവേചനം ഏറെക്കുറെ അവസാനിപ്പിക്കുവാനും അധഃസ്ഥിത വിഭാഗങ്ങൾക്ക് അവകാശബോധം പ്രദാനം ചെയ്യുവാനും കാരണമായിട്ടുണ്ട്.

വനിതകളുടെയും പട്ടികജാതി - പട്ടിക വർഗ്ഗ വിഭാഗങ്ങളുടേയും ഇടയിൽ ഇന്ന് ഹൈസ്ക്കൂൾ തലം വരെയുള്ള വിദ്യാഭ്യാസം പൂർണ്ണമായിട്ടുണ്ട്.

വയോജന വിദ്യാഭ്യാസരംഗത്തും സാക്ഷരതാ രംഗത്തും ഈ പഞ്ചായത്ത് എടുത്തു പറയത്തക്ക നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. കേരളം സമ്പൂർണ്ണ സാക്ഷരത നേടി എന്ന പ്രഖ്യാപനം നടത്താൻ ഭാഗ്യം ലഭിച്ചത് ഈ പഞ്ചായത്തിലെ ചേലക്കാടൻ ആയിശ എന്ന നവസാക്ഷരക്കാണെന്നതിൽ നമുക്കഭിമാനിക്കാം.

പഞ്ചായത്തിൽ ഉന്നത ബിരുദധാരികളുടെ എണ്ണം വളരെ കുറവാണ്. ഈ പ്രദേശത്തെ ആദ്യത്തെ മെഡിക്കൽ ബിരുദധാരി ഡോക്ടർ എം. ഗോവിന്ദൻ (ഇരിവേറ്റി) എഞ്ചിനീയർ എം.പി. സുകുമാരപണിക്കർ (കാവന്നൂർ) എന്നിവരാണ്. മെഡിസിനിൽ ബിരുദാനന്തര ബിരുദമുള്ള ഡോക്ടർ കെ. ടി. യൂസഫ് ഇപ്പോൾ ലണ്ടനിൽ പ്രവർത്തിക്കുന്നു. ഡോക്ടറേറ്റുള്ള ഏക വ്യക്തി ശ്രീ. കെ.ടി. മുഹമ്മദലിയാണ്.

പട്ടിക എ.

നിയമ ബിരുദം	എഞ്ചി. ബിരുദം	മെഡിസിൻ ബിരുദം	പി.എച്ച് ഡി.	വെറ്റിനറി
7	6	2	1	1

(അവലംബം . വസ്തുതാ അന്വേഷണം)

ഇപ്പോൾ പഞ്ചായത്തിൽ 10 എൽ.പി. സ്ക്കൂളുകളും 4 യു.പി. സ്ക്കൂളുകളും രണ്ട് ഹൈസ്ക്കൂളുകളുമുണ്ട്. എൽ.പി. സ്ക്കൂളുകളിൽ രണ്ടെണ്ണം യു.പി.സ്കൂളുകളുമായി ബന്ധപ്പെട്ടാണുള്ളത്. എല്ലാ വിദ്യാലയങ്ങളിലുമായി 6543 വിദ്യാർത്ഥികൾ പഠിക്കുന്നു. ആകെ 227 അദ്ധ്യാപകരുണ്ട് . സ്ക്കൂളുകളെ കുറിച്ചുള്ള പൊതു വിവിരങ്ങളും വിവിധ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളെ സംബന്ധിച്ച കാര്യങ്ങളും പട്ടികകളായി ചേർത്തിരിക്കുന്നു.

(പട്ടിക - ബി, പട്ടിക - സി കാണുക)

പഠന നിലവാരവാരത്തിന്റെ കാര്യത്തിൽ പഞ്ചായത്തിലെ സ്കൂളുകൾ ശരാശരിയിലും താഴെയാണ്. പഞ്ചായത്തിലെ രണ്ടു ഹൈസ്ക്കൂളുകളിലെയും എസ്.എസ്.എൽ.സി. വിജയശതമാനം 25 ആണ്.

1995 - 96 അദ്ധ്യയന വർഷത്തിൽ സംസ്ഥാനസ്ക്കൂൾ ശാസ്ത്രമേളയിൽ സ്റ്റിൽ മോഡലിലും, റിസർച്ച് പ്രൊജക്ടിലും വടശ്ശേരി ജി.യു.പി. സ്ക്കൂളും വർക്കിംഗ് മോഡലിൽ വെണ്ണക്കോട് യു.പി. സ്ക്കൂളും ഒന്നാം സ്ഥാനങ്ങൾ നേടുകയുണ്ടായി.

കഴിഞ്ഞ 10 വർഷത്തിനിടയിൽ ഒരു യു.പി. സ്ക്കൂൾ (ഏരിയാ ഇൻറൻസീവ് പ്രോഗ്രാമിൽ എളയൂർ മൽജൂൽ ഐതാം യതീംഖാനക്കനുവദിച്ചത്) മാത്രമാണ് ഈ പഞ്ചായത്തിൽ പുതുതായി ഉണ്ടായത്.

പഞ്ചായത്തിലെ ഏക റസിഡൻഷ്യൽ വിദ്യാഭ്യാസ സ്ഥാപനം എന്നുപറയാവുന്നത് എളയൂർ മൽജൂൽഐതാം അനാഥശാലയാണ്.

പഞ്ചായത്തിലെ നിലവിലുള്ള എല്ലാ സ്കൂളുകളിലും പ്രാഥമിക സൗകര്യങ്ങൾ വളരെ പരിമിതമാണ്. സ്വകാര്യ - സർക്കാർ സ്ക്കൂളുകൾ ഈ കാര്യത്തിൽ കാര്യമായ അന്തരമില്ല. കുടിവെള്ളം, ക്ലാസ്സുമുറികളുടെ അപര്യാപ്തത, ഫർണീച്ചറുകളുടെ കുറവ്, മൂത്രപ്പുര, കക്കൂസ്, ചുറ്റുമതിൽ എന്നിവയുടെ അഭാവം ഇവയൊക്കെയാണ് വിദ്യാലയങ്ങളുടെ നിലവിലുള്ള പ്രശ്നങ്ങൾ.

(പട്ടിക - ഡി. പട്ടിക - ഇ.)

പഞ്ചായത്തിലെ സ്ക്കൂളുകളിൽ എല്ലാറ്റിലും രേഖകളിൽ അദ്ധ്യാപകരക്ഷാകർത്തൃ സമിതി നിലവിലുണ്ട്. എന്നാൽ സ്ക്കൂളുകളുടെ വളർച്ചക്ക് നേതൃത്വപരമായ പങ്കുവഹിക്കുന്ന ഒരു പി. ടി. എ കമ്മറ്റിയും നിലവിലില്ല. ഏതെങ്കിലും ചില പ്രശ്നങ്ങൾ ഏറ്റെടുത്തു നടത്താൻ ചില പി. ടി. എ കമ്മിറ്റികൾ തയ്യാറായ അനുഭവമുണ്ട്. ചെങ്ങര ജി.യു.പി. സ്ക്കൂളിന്റെ പാചക ഷെഡ്, ഇളയൂർ എ.എം.എൽ പി. സ്ക്കൂളിന്റെ വാട്ടർടാങ്ക് ചെങ്ങര ജി.എൽ.പി. സ്ക്കൂളിന്റെ പുതിയ കെട്ടിട നിർമ്മാണം എന്നിവ ഈ രീതിയിൽ നടന്നവയോ നടക്കുന്നവയോ ആണ്. കേവലം സൗകര്യങ്ങൾ ഒരുക്കി കൊടുക്കുക എന്നതിലുപരി വിദ്യാഭ്യാസ ഗുണമേന്മയിൽ ഇടപെടാൻ പി.ടി.എ കൾ ഒന്നും ചെയ്യാറില്ല. മാതൃ പി.ടി.എ കൾക്ക് വിദ്യാഭ്യാസ ഗുണനിലവാരം ഫലപ്രദമായി മെച്ചപ്പെടുത്താൻ കഴിയും. എന്നാൽ വർഷത്തിൽ ഒന്നോരണ്ടോ തവണ കൂടി പിരിയുന്ന മാതൃ സമിതികളാണ് മിക്ക വിദ്യാലയങ്ങളിലുമുള്ളത്. പഠനാനുബന്ധ പ്രവർത്തനങ്ങൾക്ക് സംഭാവനകൾ നൽകാൻ കഴിവുള്ള മാതാക്കൾ ധാരാളം ഉണ്ട്.

സ്കൂളുകളിൽ വിവിധ തരം ക്ലബുകൾ രൂപീകരിച്ച് അവയുടെ നേതൃത്വത്തിൽ പഠനാനുബന്ധ പ്രവർത്തനങ്ങളും പാഠ്യേതര പ്രവർത്തനങ്ങളും സംഘടിപ്പിക്കാവുന്നതാണ്. അതുവഴി പഠനപ്രവർത്തനങ്ങളിലേക്ക് കുട്ടികളെ നയിക്കുവാനം കർമ്മോത്സുകരാക്കാനും കഴിയും. സ്ക്കൂൾ പാർലിമെന്റ് സ്കൗട്ട് ഗൈഡുകൾ, മാസ്ഡ്രിൽ, സാഹിത്യ സമാജങ്ങൾ കൈയെഴുത്തു മാസികകൾ, പൂന്തോട്ട പച്ചക്കറി തോട്ടങ്ങൾ, കാർഷിക പരിശീലനപരിപാടികൾ, ദിനാചരണങ്ങൾ, പഠനവിനോദയാത്രകൾ, നോട്ട് പുസ്തകനിർമ്മാണം തുടങ്ങി അനേകം പരിപാടികൾ പഞ്ചായത്ത് തലത്തിൽ ആവിഷ്കരിക്കാവുതാണ്. മസാന്തപരീക്ഷകളും പ്രോഗ്രസ്സ്കാർഡ് വിതരണവും കൃത്യമായി നടക്കുന്നെന്ന് ഉറപ്പുവരുത്തണം. ആരോഗ്യ, വിദ്യാഭ്യാസ, പരിസ്ഥിതി പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് ഒരു പൊതുവേദി പ്രവർത്തിക്കുന്നത് പ്രയോജന പ്രദമാണ്.

സ്ക്കൂൾ കോംപ്ലക്സുകൾ സജീവമാക്കി അവയുടെ നെതൃത്വത്തിൽ മാസം തോറും ഒരു ദിവസത്തെ അദ്ധ്യാപകശില്പശാല നടത്തുക. അടുത്ത ഒരു മാസം പഠിപ്പിക്കുവാനുള്ള പാഠഭാഗങ്ങളെ ഊന്നി വേണം ശില്പശാലകൾ. പഞ്ചായത്തിൽ ഒരു പൊതുപരീക്ഷാ പേപ്പർ സമ്പ്രദായം നടപ്പാക്കാം. പഞ്ചായത്ത് തലത്തിൽ വിദ്യാഭ്യാസ വികസന സമിതിയും അക്കാദമിക് സമിതിയും രൂപീകരണിക്കണം. വിദ്യാലയങ്ങളുടെ ഭൗതികസാഹചര്യ വികസന പ്രവർത്തനങ്ങൾക്ക് ഈ സമിതി നേതൃത്വം നൽകേണ്ടതാണ്.

വിദ്യാഭ്യാസരംഗത്തെ പ്രധാന പ്രശ്നങ്ങൾ ചുവടെ ചേർക്കുന്നു.

1. ഭൗതിക സൗകര്യങ്ങളുടെ അഭാവം (ഫർണീച്ചർ, മൂത്രപ്പുര, ക്ലാസ്സുമുറികൾ, കളിസ്ഥലം എന്നിവ ആവശ്യത്തിനില്ല.)

2. പ്രാദേശിക പ്രശ്നങ്ങളാൽ സമാധാനാന്തരീക്ഷം കുറഞ്ഞുവരുന്നു. അതിനാൽ വിദ്യാർത്ഥികൾ സമീപപ്രദേശങ്ങളിലെ വിദ്യാലയങ്ങളിലേക്ക് ചേക്കേറുന്ന പ്രവണത നിലവിലുണ്ട്.

3. ഗവ: സ്ക്കൂളിൽ വർഷാരംഭത്തിൽ തന്നെ അദ്ധ്യാപകരെ ലഭിക്കാത്തതും പഠനത്തെ സാരമായി ബാധിക്കുന്നു.

4. താഴ്ന്ന ക്ലാസ്സുകളിൽ നിന്ന് അടിസ്ഥാന വിവരം ഉറപ്പാകാതെ കുട്ടികൾ ഉയർന്ന ക്ലാസ്സുകളിൽ വരുന്നു.

5. അദ്ധ്യാപന രീതികളുടെ യാന്ത്രികത കുട്ടികളിൽ പഠനാഭിമുഖ്യം നഷ്ടപ്പെടുത്തുന്നു.

6. വിവിധ കാരണങ്ങളാൽ സ്കൂളുകളിൽ നിശ്ചിത പഠനദിവസങ്ങൾ (200) ലഭിക്കുന്നില്ല.

വിദ്യാഭ്യാസ നിലവാരം ഗ്രാമസഭകളിൽ നിന്നുയർന്നു വന്ന നിർദ്ദേശങ്ങൾ ഇവയാണ്.

1. വടക്കുംമുറി, സ്രാഞ്ചിക്കൈ, മേപ്രപ്പാട്ട്, ചേലക്കുഴി എന്നിവിടങ്ങളിൽ ഓരോ എൽ.പി. സ്ക്കൂളുകൾ അനുവദിക്കുക.

2. കാവന്നൂർ ജി.എൽ.പി. സ്ക്കൂൾ സ്ഥലം സർക്കാർ ഏറ്റെടുത്ത് കെട്ടിടം നിർമ്മിക്കുക.

3. ജി.എൽ.പി. സ്കൂൾ തവരാപറമ്പ്, എ.എം.എൽ.പി സ്ക്കൂൾ വാക്കാലൂർ എന്നിവ യു.പി. സ്ക്കൂളുകളായി ഉയർത്തുക.

4. ഇരിവേറ്റി (തോട്ടിലങ്ങാടി)യിലും എലിയാപറമ്പിലും ഓരോ യു.പി. സ്കൂൾ അനുവദിക്കുക.

5. ഇളയൂർ എം.ഐ.ഒ. യു.പി. സ്ക്കൂൾ എയ്ഡഡ് ആയി അംഗീകരിക്കുക. ഈ അനാഥശാലക്ക് ഒരു ഹൈസ്ക്കൂൾ അനുവദിക്കുകയും ചെയ്യുക.

6. വടക്കംമല എൽ.പി.സ്ക്കൂൾ പ്രത്യേക പരിഗണന നൽകി നിലനിർത്തുക. പഞ്ചായത്തിലെ ഏക പട്ടികവർഗ്ഗകോളനി ഈ സ്ക്കൂളിന്റെ പരിധിയിലാണ്.

7. നിലവിലുള്ള രണ്ടു ഹൈസ്ക്കൂളുകളിലും വൊക്കേഷനൽ ഹയർ സെക്കണ്ടറി വിഭാഗം അനുവദിക്കുക.

8. പഞ്ചായത്തിൽ ഒരു സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം ആരംഭിക്കുക.

9. പഞ്ചായത്തിൽ ഒരു ആർട്സ്, സയൻസ് കോളേജ് അനുവദിക്കുക.

10. 5-ാം വാർഡിൽ കാവനൂരിൽ ഒരു ഹൈസ്ക്കൂൾ അനുവദിക്കുക.

11. പാഠപുസ്തകങ്ങൾ ജൂൺ മാസത്തിനുമുമ്പുതന്നെ സ്ക്കൂളുകളിലെത്തിക്കുവാനുള്ള സംവിധാനമുണ്ടാവണം. നോട്ടുബുക്കുകൾ സൗജന്യ നിരക്കിൽ ലഭ്യമാക്കണം.

12. തവരാപറമ്പ് ജി.എൽ.പി. സ്ക്കൂൾ യു.പി. ആയി ഉയർകത്തുന്നതിന് തികയാതെ വരുന്ന അര ഏക്കർ സ്ഥലം നാട്ടുകാർ സൗജന്യമായി ഗവൺമെൻറിന് വിട്ടുകൊടുക്കാൻ തയ്യാറായിട്ടുണ്ട്. അത്കൊണ്ട് ഈ സ്കൂൾ അപ്ഗ്രേഡ് ചെയ്യുന്നതിൽ പ്രത്യേക പരിഗണന നല്കേണ്ടതാണ്.

13. നൂതന പഠന ബോധനോപകരണങ്ങൾ വിദ്യാലയങ്ങളിൽ വിതരണം നടത്തുക.

14. പഞ്ചായത്ത് തലത്തിൽ കലാകായിക മേളകളും ശാസ്ത്രമേളകളും നടത്തുക.

15. വിവിധതരം മേളകൾ ഒഴിവു ദിവസങ്ങളുമായി ബന്ധിപ്പിക്കുക.

16. ദേശീയ ഒഴിവു ദിനങ്ങൾ ദിനാചരണം നടത്തുന്നതിനോടൊപ്പം അധ്യയന ദിവസങ്ങളാക്കി മാറ്റുക.

17. വടശ്ശേരി ഗവ: യു.പി. സ്കൂളിന് സ്വന്തമായി കെട്ടിടം അനുവദിക്കുക.

18. പഞ്ചായത്തിലെ എല്ലാ വിദ്യാലയങ്ങളും വൈദ്യുതീകരിക്കുക.

19. സ്കൂൾ വികസന സമിതികൾ രൂപീകരിച്ച് അക്കാദമിക് പ്രവർത്തനങ്ങളിലും പാരാ അക്കാദമിക്ക് മേഖലകളിലും ഇടപെടലുകൾ നടത്തുക. (നിലവിലുള്ള സ്കൂൾ വെൽഫെയർ കമ്മറ്റികൾ കാര്യക്ഷമമാക്കിയാലും മതിയാകും)

20. എല്ലാ സ്ക്കൂളുകളോടനുബന്ധിച്ച് പ്രീ പ്രൈമറി ക്ലാസുകൾ ആരംഭിക്കേണ്ടതാണ്.

21. അടുത്ത അധ്യയന വർഷാരംഭത്തിൽ തന്നെ രണ്ട് ഹൈസ്ക്കൂളുകളെ കേന്ദ്രമാക്കി കോംപ്ലക്സ് പ്രവർത്തനം സജീവമാക്കുക.

22. എല്ലാ പ്രൈമറി സ്കൂളുകളും ക്രമത്തിൽ യു.പി. ആക്കി മാറ്റുക.

23. ഹൈസ്ക്കൂൾ തലത്തിൽ വിദ്യാർത്ഥികളിൽ തൊഴിൽ ആഭിമുഖ്യം ഉണ്ടാക്കുന്ന രൂപത്തിൽ പാഠ്യപദ്ധതികൾ പുനഃ ക്രമീകരിക്കുക.

24. ഗ്രാമസഭകളിൽ നിർദ്ദേശിക്കപ്പെട്ട വോക്കേഷണൽ ഹയർ സെക്കൻറി സ്ക്കൂളുകളിൽ കൃഷി, വ്യവസായം, എന്നിവയുമായി ബന്ധപ്പെട്ട കോഴ്സുകൾക്ക് മുൻഗണന നൽകുന്നത് നന്നായിരിക്കും.

25. വിദ്യാഭ്യാസ രംഗത്തെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനായി നിർജ്ജീവമായിക്കിടക്കുന്ന സ്കൂൾ കോംപ്ലക്സ് സംവിധാനം സജീവമാക്കണം. അടുത്ത അധ്യയന വർഷം മുതൽ സമഗ്രജണ്ടനകകിയ വിദ്യാഭ്യാസ പരിപാടി നടപ്പിൽ വരുത്തണം. അതിനായുള്ള മുന്നൊരുക്കങ്ങൾ ആരംഭിക്കേണ്ടതാണ്. സ്കൂളുകളിലെ നിലവിലുള്ള ഭൗതിക അക്കാദമിക് സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ജനപങ്കാളിത്തത്തോടു കൂടിയുള്ള പദ്ധതികൾ തയ്യാറാക്കി പ്രയോഗവൽക്കരിക്കണം.

അധ്യാപകരും വിദ്യാർത്ഥികളും രക്ഷിതാക്കളും പൂർവ്വ വിദ്യാർത്ഥികളും ചേർന്ന കൂട്ടായ്മ വിദ്യാഭ്യാസ രംഗത്ത് ഒരു മാറ്റത്തിനു തുടക്കമിടുമെന്നു നമുക്ക് പ്രതീക്ഷിക്കാം.

കാവന്നൂർ പഞ്ചായത്ത് സ്കൂളുകളുടെ പൊതുവിവരങ്ങൾ (പട്ടിക - ബി)

സ്കൂളിന്റെ പേര്	ഉടമസ്ഥത.	കുട്ടികളുടെ എണ്ണം			അദ്ധ്യാപകരുടെ എണ്ണം				സ്കൂൾ കാമ്പസിന്റെ മൊത്തം വിസ്തീർണ്ണം	കളിസ്ഥലത്തിന്റെ വിസ്തീർണ്ണം	ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം
		ആൺ	പെൺ	ആകെ	അനുവദിച്ച പോസ്റ്റ്	നിലവിലുള്ള എണ്ണം	ഒഴിവുകളുടെ എണ്ണം	ദീർഘകാല ലീവിലുള്ളവർ			
G.H.S. കാവനൂർ	സർക്കാർ	530	462	1002	27	27	---	---	3 ഏക്കർ	92 സെൻറ്	ഒന്നര ഏക്കർ
CHMKMHS.കാവനൂർ	എയ്ഡഡ്	401	589	990	41	40	1	2	3 ഏക്കർ	61 സെ.	ഒരു ഏക്കർ
VAUPS.കാവനൂർ	എയ്ഡഡ്	1008	939	1947	57	57	---	1	3..03 ഏക്കർ	---	1 ഏക്കർ
GUPS. വടശ്ശേരി	സർക്കാർ	301	306	607	16	16	---	---	1.60 ഏക്കർ	20 സെ.	1 ഏക്കർ
GUPS. ചെങ്ങര	സർക്കാർ	297	312	609	21	20	1	---	2 ഏക്കർ	50 സെ.	48 m^2
AMLPS.വടക്കന്മല	എയ്ഡഡ്	59	52	111	5	5	---	---	1.2 സെ.	20 സെ.	---
GLPS.കാവനൂർ	സർക്കാർ	99	130	229	7	7	---	1	1.15 ഏക്കർ	1 ഏക്കർ	---
AMLPS.വാക്കാലൂർ	എയ്ഡഡ്	150	159	309	10	10	---	---	42 സെ.	20 സെ	----
AMLPS. ഇളയൂർ	എയ്ഡഡ്	140	122	262	9	9	---	---	88 സെൻറ്	25 സെൻറ്	15 സെൻറ്
GLPS. തവരാപറമ്പ്	സർക്കാർ	199	162	361	10	10	---	---	57 സെൻറ്	15 സെൻറ്	10 സെൻറ്
GLPS. ചെങ്ങര	സർക്കാർ	136	110	246	6	6	---	---	1 ഏക്കർ	---	---
AMLPS.ചെങ്ങര	എയ്ഡഡ്	104	122	226	9	9	---	---	1 ഏക്കർ	1.52 ഏക്കർ	---
AMLPS. ഇരിവേറ്റി	എയ്ഡഡ്	198	174	372	10	11	---	---	1.6 ഏക്കർ	30 സെ.	10 സെൻറ്
M.I. അനാഥശാല UP.സ്ക്കൂൾ	----	73	54	127	6	6	---	---	3.42 ഏക്കർ	1 ഏക്കർ	.....

കാവനൂർ ഗ്രാമ പഞ്ചായത്ത് - കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ (പട്ടിക - സി)

സ്റ്റാൻഡേർഡ്	ആകെ കുട്ടികൾ			SC/ST കുട്ടികളുടെ എണ്ണം			തോറ്റുപഠിക്കുന്നവർ SC/ST കുട്ടികൾ			തോറ്റുപഠിക്കുന്നവർ മറ്റുള്ളവർ			പഠനം നിർത്തിയവർ SC/ST കുട്ടികൾ മറ്റുള്ളവർ						പഠനം നിർത്തിയ വരുടെ മൊത്തം എണ്ണം
	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19	20
I	256	276	532	37	35	72	--	--	--	--	--	--	--	--	--	--	--	--	--
II	302	261	563	36	36	72	2	1	3	12	11	23	--	--	---	1	--	1	--
III	274	291	565	31	32	63	15	8	23	138	83	221	--	--	--	54	5	59	59
IV	298	312	610	28	36	64	2	3	5	13	15	28	--	--	--	1	--	1	1
V	375	360	735	53	46	99	2	1	3	15	13	28	---	--	--	--	--	--	--
VI	366	378	744	57	40	97	2	1	3	10	6	16	2	1	3	6	--	6	9
VII	423	379	802	51	43	94	4	--	4	15	3	18	--	--	--	---	---	---	--
VIII	383	372	755	61	40	101	2	2	4	24	26	50	1	3	4	8	2	10	14
IX	323	378	701	42	54	96	2	3	5	11	27	38	1	1	2	10	9	19	21
X	228	308	536	28	31	59	---	--	--	---	---	---	---	---	---	2	8	10	10
ആകെ	3228	3315	6543	424	393	817	31	19	50	238	184	422	4	5	9	82	24	106	114

സ്കൂളുകളുടെ ഭൗതിക സൗകര്യങ്ങൾ (പട്ടിക - ഡി)

സ്കൂളിന്റെ പേര്	ഡിവിഷനുകളുടെ എണ്ണം	മുറികളുടെ എണ്ണം			ഇനി ആവശ്യമുള്ള മുറികളുടെ എണ്ണം
		സ്ഥിരം	അസ്ഥിരം	താൽക്കാലികം	
G.H.S. കാവനൂർ	14	17	---	---	12
CHMKMHS.കാവനൂർ	22	6	20	---	---
AMLPS. ഇരിവേറ്റി	10	5	5	---	---
AMLPS. ഇളയൂർ	8	10	---	---	---
GLPS. തവരാപറമ്പ്	8	8	---	---	3
GLPS. ചെങ്ങര	6	1	---	---	10
AMLPS.ചെങ്ങര	8	6	2	---	1
GUPS. വടശ്ശേരി	13	10	---	---	6
AMLPS.വാക്കാലൂർ	8	8	---	---	---
AMLPS.വടക്കന്മല	4	1	4	---	---
GLPS.കാവനൂർ	5	3	---	---	6
GUPS. ചെങ്ങര	15	18	2	---	---
VAUPS.കാവനൂർ	45	21	26	---	---
M.I. അനാഥശാല UP.സ്ക്കൂൾ	3	3	---	---	---

സ്കൂളുകളുടെ അക്കാദമിക് സൗകര്യങ്ങൾ (പട്ടിക - ഇ)

സ്കൂളിന്റെ പേര്	ലൈബ്രറി ഉണ്ട്/ ഇല്ല.	ലാബോറട്ടറി ഉണ്ട്/ ഇല്ല.	പഠനോപകരണങ്ങൾ ഉണ്ട്/ ഇല്ല.	റേഡിയോ	ടേപ്പ് റിക്കാർഡർ	സിനിമ പ്രൊജക്ടർ	സ്ലൈഡ് പ്രൊജക്ടർ	ബ്ലാക്ക്ബോർഡ്		95 -96 ൽ ലഭിച്ച അധ്യയന ദിവസം	മാതൃ സംഗമം സജീവം/ സജീവമല്ല	ക്ലാസ് പ്രവർത്തിക്കുന്നു/ഇല്ല
								ആവശ്യമുള്ളത്	നിലവിലുള്ളത്			
G.H.S. കാവനൂർ	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	14	4	172	അല്ല	ഇല്ല
CHMKMHS.കാവനൂർ	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	22	23	185	ഉണ്ട്	ഇല്ല
AMLPS. ഇരിവേറ്റി	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	10	10	184	ഉണ്ട്	ഉണ്ട്
AMLPS. ഇളയൂർ	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	8	7	184	ഉണ്ട്	ഉണ്ട്
GLPS. തവരാപറമ്പ്	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	4	7	184	ഉണ്ട്	ഉണ്ട്
GLPS. ചെങ്ങര	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	7	4	194	ഉണ്ട്	ഇല്ല
AMLPS.ചെങ്ങര	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	2	6	184	ഉണ്ട്	ഉണ്ട്
GUPS. വടശ്ശേരി	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	14	5	185	ഉണ്ട്	ഉണ്ട്
AMLPS.വാക്കാലൂർ	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	8	8	179	ഉണ്ട്	ഉണ്ട്
AMLPS.വടക്കന്മല	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	3	4	185	ഇല്ല	ഇല്ല
GLPS.കാവനൂർ	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	6	6	194	ഉണ്ട്	ഇല്ല
GUPS. ചെങ്ങര	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	16	6	185	ഉണ്ട്	ഉണ്ട്
VAUPS.കാവനൂർ	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	45	45	184	ഉണ്ട്	ഉണ്ട്
M.I. അനാഥശാല UP.സ്ക്കൂൾ	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	5	5	200	ഉണ്ട്	ഉണ്ട്



4 5

പൊതുജനാരോഗ്യവും കുടിവെള്ളവും

"സാമൂഹിക സംഘടിത പ്രയത്നങ്ങളിലൂടെ പരിസര ശുചീകരണം, പകർച്ചവ്യാധി നിയന്ത്രണം, രോഗ പ്രതിരോധം, ആരോഗ്യവും ആയുസ്സും വർദ്ധിപ്പിക്കൽ തുടങ്ങിയ ശാസ്ത്രീയ മായ പ്രവർത്തനമത്രെ പൊതുജനാരോഗ്യം"

1960ൽ പഞ്ചായത്തിലാദ്യമായി ഒരു ആരോഗ്യ ഉപകേന്ദ്രം എളയൂരിൽ സ്ഥാപിതമാകുകയും, ആഴ്ചയിലൊരിക്കൽമാത്രം ഡോക്ടറുടെ സേവനം ലഭ്യമാവുകയും ചെയ്തിരുന്നു. അതിനു ശേഷം 1973 ലാണ് ഇവിടെ ഒരു ഡിസ്പെൻസറി നിലവിൽ വരുന്നത്. പഞ്ചായത്തിന്റെ സ്പെഷൽ ഗ്രാന്റും, പോരാതെ വന്ന സംഖ്യ ജനങ്ങളിൽ നിന്നും സമാഹരിച്ചുമാണ്. ഇതിന്റെ കെട്ടിടം നിർമ്മിച്ചത്. അതുവരെ പരമ്പരാഗത ചികിത്സാരീതികളെയായിരുന്നു ജനങ്ങൾ മുഖ്യമായും ആശ്രയിച്ചിരുന്നത് ആധുനിക ചികിത്സക്കുവേണ്ടി ജനങ്ങൾ മഞ്ചേരി, അരീക്കോട് എന്നിവിടങ്ങളിലേക്കായിരുന്നു പോയിരുന്നത്. നിലവിലുള്ള ആരോഗ്യകേന്ദ്രമല്ലാതെ മറ്റൊരു ആയൂർവേദ ആശുപത്രിയോ, ഹോമിയോ ഡിസ്പെൻസറിയോ ഇതുവരെ ഈ പഞ്ചായത്തിൽ സ്ഥാപിതമായിട്ടില്ല. ആയൂർവേദം, ഹോമിയോ എന്നീ ചികിത്സകൾക്ക് ഇപ്പോഴും ഇവിടുത്തുകാർ സ്വകാര്യമേഖലയെയാണ് ആശ്രയിക്കുന്നത്.

ഈ പഞ്ചായത്തിന്റെ ഹൃദയഭാഗത്തായി ഒരു പ്രാഥമിക ആരോഗ്യകേന്ദ്രവും അതിന്റെ കീഴിൽ 1,2,6,8,10 എന്നീ വാർഡുകളിലായി അഞ്ച് ഉപകേന്ദ്രങ്ങളു് ഒരു സ്വകാര്യ നഴ്സിംഗ് ഹോമും നിലവിൽ ഉണ്ട്. പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ പത്ത് കിടക്കകളുള്ള IP വാർഡ് ഉണ്ടെങ്കിലും ഒരു ഗൈനക്കോളജിസ്റ്റ് ഡോക്ടറുടെ അഭാവം മൂലം ഇവിടെ വെച്ച് പ്രസവങ്ങൾ നടക്കാറില്ല. കൂടാതെ അത്യാവശ്യ മരുന്നുകൾ വേണ്ടത്ര ഇല്ലാത്തതുകൊണ്ട് സാധാരണക്കാരായ രോഗികൾക്ക് വലിയവില കൊടുത്ത് മരുന്നുകൾ പുറമെനിന്ന് വാങ്ങേണ്ടി വരുന്നു. ഈ ആശുപത്രിയിലെ OP രജിസ്റ്റർ അനുസരിച്ച് ദിവസേന 150നും 200നും ഇടക്ക് രോഗികൾ ചികിത്സക്കായി എത്തുന്നുണ്ട്. 95-96 കാലയളവിൽ 624 പേർക്ക് ജലജന്യരോഗങ്ങളും 1116 പേർക്ക് വായുജന്യരോഗങ്ങളും 2 പേർക്ക് പ്രാണിജന്യരോഗങ്ങളും ബാധിക്കുകയുണ്ടായി. ഇത് മുൻ കാലങ്ങളെ അപേക്ഷിച്ച് താരതമ്യേന

കുറവാണ്. മാത്രമല്ല ഇതേ കാലയളവിൽ മാതൃമരണ നിരക്ക്, ശിശുമരണ നിരക്ക് എന്നിവ സംസ്ഥാന ശരാശരിയിലും കുറവാണെങ്കിലും ജനന നിരക്ക് 21 ആണ്. ഇത് സംസ്ഥാന ശരാശരിയിലും കൂടുതലാണ്. താഴെ കൊടുത്തിട്ടുള്ള ചാർട്ട് ഇതിന്റെ ഒരു ചൂണ്ടുപലകയാണ്.

കാവനൂർ പഞ്ചായത്ത് പ്രദേശത്തെ കുടുംബാസൂത്രണ മാർഗ്ഗം സ്വീകരിച്ചവരുടെ വിവരം (കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ)

ക്രമനമ്പർ	കുട്ടികളുടെ എണ്ണം	അമ്മമാരുടെ എണ്ണം	കുടുംബാസൂത്രണ മാർഗ്ഗം സ്വീകരിച്ചവർ
1	1	674	106
2	2	736	319
3	2ൽകൂടുതൽ കുട്ടികൾ	2103	1051
ആകെ		3513	1476

(അവലംബം - ദ്വിതീയവിവരശേഖരണം)

രോഗ പ്രതിരോധ കുത്തിവെയ്പുകളും ആരോഗ്യ ബോധവൽക്കരണ പരിപാടികളും പൊതുവെ നല്ല രീതിയിൽ നടക്കുന്നതിനാൽ കുട്ടികളെ ബാധിക്കുന്ന മാരകരോഗങ്ങൾ മുമ്പത്തേക്കാൾ വളരെ കുറഞ്ഞിട്ടുണ്ട്.

പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഒരു ലാബ് ടെക്നീഷ്യന്റെയും, ഒരു ഗ്രേഡ്-1 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറുടെയും തസ്തിക ഒഴിഞ്ഞുകിടക്കുന്നു. കൂടാതെ 1,2 വാർഡുകളിലെ ഉപകേന്ദ്രത്തിൽ വെള്ളം വെളിച്ചം എന്നിവയുടെ ദൗർലഭ്യം മൂലം ജീവനക്കാർ കഷ്ടത അനുഭവിക്കുന്നുണ്ട്.

മേൽ പറഞ്ഞതുപോലെ ആശുപത്രിയിൽ അവശ്യമരുന്നുകൾ അത്യാവശ്യത്തിനില്ല. അംഗൻവാടികളിൽ മരുന്ന്കിറ്റുകൾ ICDS മുഖേന എത്തിക്കുന്നു. ഈ മരുന്നുകൾ പരിശീലനം കിട്ടാത്ത അംഗൻവാടി ജീവനക്കാർ വിതരണം ചെയ്യുന്നത് ഗുണത്തേക്കാളേറെ ദോഷം വരുത്തും എന്നുള്ളതുകൊണ്ട് ഇവ ഡോക്ടർമാരുടെ നിർദ്ദേശപ്രകാരം വിതരണം ചെയ്യാൻ ഉള്ള സംവിധാനം ഉണ്ടാക്കേണ്ടതാണ്.

പരിസര ശുചിത്വം

"രോഗപകർച്ചയുടെ ചങ്ങലകളിൽ കണ്ണി കളാകുന്ന പരിസര ഘടകങ്ങളെ നിയന്ത്രിച്ചു കൊണ്ടോ, നിഷ്കാസനം ചെയ്തുകൊണ്ടോ രോഗം തടയലാണ് പരിസര ശുചിത്വം"

പൊതുജനാരോഗ്യത്തിന്റെ ഒരളവുകോ ലാണ് പരിസരശുചിത്വം. ഇതിന്റെ ഒരു അവി ഭാജ്യ ഘടകമാണ് കക്കൂസ്. പഞ്ചായത്തിന്റെ 5788 വീടുകളിൽ 2023 വീടുകളിലും ശാസ്ത്രീയരീ തിയിലുള്ള കക്കൂസുകൾ ഇല്ല. വയറിളക്കരോഗങ്ങളും വിര രോഗങ്ങളും ഈപ ഞ്ചായത്തിൽ കൂടുതലായി കണ്ടുവരാൻ ഉള്ള പ്രധാന കാരണം ശരിയായ കക്കൂസ് സംവിധാ നം ഇല്ലാത്തതാണ്. 35% വീട്ടുകാർക്കും കക്കൂ സുകൾ നിർമ്മിക്കാത്തതിന്റെ പ്രധാന കാരണം സാമ്പത്തിക പരാധീനതയാണെന്ന് ഗ്രാമസഭകൾ വിലയിരുത്തുന്നു. കൂടാതെ അങ്ങാടികളിൽ താമ സിക്കുന്ന അന്യസംസ്ഥാനക്കാരും മറ്റും തുറസ്സായ സ്ഥലങ്ങളിൽ മലമൂത്ര വിസർജ്ജനത്തിന് ഉപ യോഗിക്കുന്നത്, പ്രത്യേകിച്ച് കാവന്നൂർ അങ്ങാ ടിയെ സംബന്ധിച്ചിടത്തോളം ഒരു പൊതുജനാ രോഗ്യ പ്രശ്നമാണ്. ഇതിനു പരിഹാരമായി കാവ നൂർ അങ്ങാടിയിലെങ്കിലും ഒരു കംഫർട്ട് സ്റ്റേഷൻ നിർമ്മിച്ച് പരിപാലിക്കാൻ ഉള്ള സംവി ധാനം ഉണ്ടാക്കേണ്ടതാണ്. ഇതിനുപുറമെയുള്ള കക്കൂസുകൾ തന്നെ ഉപയോഗിക്കാതിരിക്കുന്ന അവസ്ഥയും (പ്രത്യേകിച്ച് കുട്ടികളിൽ) കണ്ടു വരുന്നുണ്ട്. നെറ്റില്ലാത്ത ഗ്യാസ് പൈപ്പിലൂടെ യും വിള്ളലുകൾ ഉള്ള കക്കൂസ് കുഴികളിലൂ ടെയും കൊതുകുകൾ വർദ്ധിക്കുന്നത് രോഗ ങ്ങൾ പകരുന്നതിന് കാരണമാകുന്നു. നിലവിൽ ഉള്ള കക്കൂസുകളുടെ ഗ്യാസ് പൈപ്പിന്റെ നെറ്റും, സ്ലാബിന്റെ വിള്ളലുകളും സമയാസമയങ്ങളിൽ ആവശ്യമായ റിപ്പയർ ചെയ്യേണ്ടതാണ്.

കാവന്നൂർ പഞ്ചായത്തിലെ സാധാരണക്കാ രുടെ വീടുകളിലെ പരിസരങ്ങളിൽ ചപ്പുചവറു കൾ, പ്ലാസ്റ്റിക് പീസുകൾ, ചിരട്ടകൾ, തകരപ്പാ ട്ടകൾ എന്നിവ ചിതറിക്കിടക്കുന്നത് പരിസര മലിനീകരണത്തിന് കാരണമാകുന്നുണ്ട്. ഇതിന് പരിഹാരമായി ഓരോ വീട്ടിലും കമ്പോസ്റ്റ് കുഴി നിർമ്മിക്കുകയും വ്യാപകമായ ബോധവൽക്ക രണം നടത്തുകയും വേണം. കൂടാതെ ജലാശ യങ്ങൾ മലിനപ്പെടാതിരിക്കാനുള്ള ബോധവൽക്ക രണവും നടത്തേണ്ടതാണ്. സ്ത്രീകളുടെ ആരോ ഗ്യത്തെ സാരമായി ബാധിക്കുന്ന പലതരം ശ്വാസ കോശ രോഗങ്ങൾക്കും പ്രധാന കാരണം അടു ക്കളയിലെ പുകശല്യം ആണ്. പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിക്കുന്നത് ഇതിന് നല്ലൊരു പരിഹാരമാണ്. പുകവലി, മുറുക്ക്, മയക്കുമരു ന്നുകളുടെ ഉപയോഗം എന്നിവ മൂലം ആണല്ലൊ പലതരം ക്യാൻസറുകളും പിടിപെടുന്നത്. പഞ്ചാ യത്തിലെ വിവിധകേന്ദ്രങ്ങളിൽ ക്യാൻസറിന്റെ പ്രാഥമിക പരിശോധനകൾ നടത്തുകയും ക്യാൻസർ ബാധയുണ്ടാകാൻ സാധ്യതയുള്ളവരെ കണ്ടെത്തി വിദഗ്ദ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്നതിനായി ക്യാമ്പ് സംഘടിപ്പിക്കേണ്ട താണ്.

ഈ പഞ്ചായത്ത് പ്രദേശത്തെ പ്രധാനക വലകളിലും, കടകളുടെ മുന്നിലും, പിന്നിലും ധാരളം ചപ്പുചവറുകൾ കുന്നുകൂടുന്ന അവസ്ഥ യാണ് നിലവിലുള്ളത്. പ്രത്യേകിച്ച് ഹോട്ടലുകൾ,

ബേക്കറികൾ, കൂൾബാറുകൾ എന്നിവിടങ്ങളിൽ നിന്നുള്ള ഖര-ദ്രാവക മാലിന്യങ്ങൾ ശരിയായ രീതിയിൽ സംസ്കരിക്കാനുള്ള സംവിധാനങ്ങൾ കർശനമായും നടപ്പിലാക്കേണ്ടതാണ്. കൂടാതെ കാവന്നൂർ അങ്ങാടിയിൽ ശാസ്ത്രീയമായ ഡ്രൈനേജ് സംവിധാനവും ഏർപ്പെടുത്തണം. പഞ്ചായത്തിലെ ചില ഭാഗങ്ങളിൽ വൃത്തിഹീനമായ സാഹചര്യങ്ങളിൽ മൃഗങ്ങളെ അറുത്ത് വിപണനം ചെയ്യുന്നുണ്ട്. ഈ പൊതുജനാരോഗ്യപ്രശ്നം പരിഹരിക്കുന്നതിന് ജനങ്ങൾക്ക് ശല്യം ഇല്ലാത്ത രീതിയിൽ അറവുശാലകൾ സ്ഥാപിക്കുകയും ഒരു മത്സ്യമാസ മാർക്കറ്റ് സ്ഥാപിക്കുകയും ചെയ്യേണ്ടതാണ്.

പൊതുജനാരോഗ്യനില മെച്ചപ്പെടുത്താൻ താഴെ പറയുന്ന നിർദ്ദേശങ്ങളിൽ പഞ്ചായത്തടിസ്ഥാനത്തിൽ നടപ്പിൽ വരുത്താവുന്നതാണ്.

1. പഞ്ചായത്തിൽ ഒരു ആയൂർവ്വേദ ആശുപത്രിയും, ഹോമിയോ ഡിസ്പെൻസറിയും സ്ഥാപിക്കുക.
2. പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ 40 കിടക്കകളുള്ള ഒരു IP വാർഡുകൂടി പണിയുക
3. a) ആശുപത്രിയിൽ അത്യാവശ്യ മരുന്നുകൾ മുടക്കം കൂടാതെ എത്തിക്കുക.
   b) ജനങ്ങൾക്ക് ന്യായമായ വിലക്ക് മരുന്നുകൾ ലഭ്യമാകുന്ന വിധത്തിൽ ഒരു ജനതാ ഫാർമസി സ്ഥാപിക്കുക.
4. ഉപ കേന്ദ്രങ്ങൾ നിലവിലില്ലാത്ത വാർഡുകളിൽ അവ സ്ഥാപിക്കുക.
5. പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെയും, ഉപകേന്ദ്രത്തിന്റെയും അറ്റകുറ്റ പണികൾ യഥാസമയം ചെയ്യുക.
6. രോഗ പ്രതിരോധ പ്രവർത്തനങ്ങൾക്കാവശ്യമായ അണുനാശിനികളും, ഉപകരണങ്ങളും ആശുപത്രിയിൽ ലഭ്യമാക്കുക.
7. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് കക്കൂസ് നിർമ്മിക്കുന്നതിന് സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങൾ എന്നിവയുടെ സഹായം ലഭ്യമാക്കുക.
8. നിലവിലുള്ള കക്കൂസുകളിൽ കൊതുക് വളർച്ച തടയാനാവശ്യമായ അറ്റകുറ്റ പണികൾ യഥാസമയം നടത്തുന്നുണ്ടെന്ന് ഉറപ്പ് വരുത്തുക.
9. വീടുകളിൽ കമ്പോസ്റ്റ് കുഴികൾ നിർമ്മിക്കാൻ വേണ്ട ബോധവൽക്കരണം പഞ്ചായത്ത് മുഖേന ചെയ്യുക.
10. പഞ്ചായത്ത് പ്രദേശത്തെ പ്രധാന കവലകളിൽ കമ്പോസ്റ്റ് കുഴികൾ സ്ഥാപിക്കുക.
11. പഞ്ചായത്ത് തലത്തിൽ ആധുനിക രീതിയിലുള്ള ഒരു അറവുശാലയും, മത്സ്യമാസ മാർക്കറ്റും സ്ഥാപിക്കുക.
12. കാവന്നൂർ അങ്ങാടിയിൽ കംഫർട്ട് സ്റ്റേഷൻ സ്ഥാപിച്ച് പരിപാലിക്കാനുള്ള നടപടികൾ സ്വീകരിക്കുക.
13. വ്യവസ്ഥാപിതമായി ക്യാൻസർ നിർണ്ണയക്യാമ്പുകൾ നടത്തുക.
14. പോഷകാഹാരക്കുറവ് നികത്താൻ വീടുകളിൽ അടുക്കളത്തോട്ടം നിർമ്മിക്കാൻ കൃഷിവകുപ്പുമായി സഹകരിച്ച് പദ്ധതി നടപ്പിലാക്കുക.
15. പഞ്ചായത്ത് തലത്തിൽ ഒരു ആരോഗ്യ ബോധവൽക്കരണ യൂണിറ്റും, വാർഡ് തലത്തിൽ ഒരു ഉപയൂണിറ്റും സംഘടിപ്പിച്ച് ആരോഗ്യ ബോധന രംഗം കൂടുതൽ ഊർജ്ജസ്വലമാക്കുക.
16. ഭക്ഷ്യവസ്തുക്കൾ കൈകര്യം ചെയ്യുന്ന സ്ഥാപന

ങ്ങൾക്ക് (ഹോട്ടലുകൾ, കൂൾബാർ, ബേക്കറി, അറവുശാല) ലൈസൻസ് അനുവദിക്കുമ്പോൾ ബന്ധപ്പെട്ട ആരോഗ്യ അധികൃതരുടെ സാക്ഷ്യപത്രം നിർബന്ധമാക്കേണ്ടതാണ്. നിലവിലുള്ള ഇത്തരം സ്ഥാപനങ്ങളുടെ ലൈസൻസുകൾ ഇതുപോലെ പുനഃ ക്രമീകരിക്കേണ്ടതാണ്. കൂടാതെ ബന്ധപ്പെട്ട ആരോഗ്യപ്രവർത്തകർ ഇത്തരം സ്ഥാപനങ്ങൾ പരിശോധിക്കുകയും, ഭക്ഷണസാധനങ്ങളുടെ ഗുണനിലവാരവും, പരിസരശുചുത്വവും ഉറപ്പുവരുത്തേണ്ടതാണ്.

കുടിവെള്ളം

മനുഷ്യന്റെ പ്രാഥമിക ആവശ്യങ്ങളിൽ അനിവാര്യ ഘടകമാണ് വെള്ളം. പ്രതികൂല കാലാവസ്ഥകളിലും കുടിവെള്ളം ലഭ്യമാക്കുക എന്നതും അത് ശുദ്ധമാണെന്ന് ഉറപ്പ്വരുത്തേണ്ടതും ഒരു ജനതയുടെ ആരോഗ്യപരമായ ജീവിതത്തിന് അത്യന്താപേക്ഷിതമാണ്.

ഈ പഞ്ചായത്തിലെ മൊത്തം വീടുകളിൽ 75%ത്തിനും സ്വന്തമായി കിണറുകളുണ്ടെങ്കിലും 35%വും വേനൽക്കാലങ്ങളിൽ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നവയാണ്. പഞ്ചായത്ത് കിണറുകളുടെ അവസ്ഥയും ഇതുപോലെതന്നെയാണ്. അതുപോലെ ഈ പഞ്ചായത്തിൽ പത്ത് കുഴൽ കിണറുകളുണ്ടെങ്കിലും മൂന്നെണ്ണം മാത്രമെ പ്രവർത്തക്ഷമതയുള്ളൂ.

വാർഡുകളിൽ നന്ന് കുഴൽകിണറുകളുടെ ആവശ്യം ഉയർന്നുവന്നിട്ടുണ്ട്. ഇവയുടെ വ്യാപനം പരിസ്ഥിതി പ്രശ്നങ്ങൾക്ക് കാരണമാകുമെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു പ്രധാനമായും

1. കുന്നും കുഴിയുമായി കിടക്കുന്ന ഈ പഞ്ചായത്തിന്റെ പ്രത്യേകഭൂമി ശാസ്ത്ര പ്രകൃതി മൂലം കുഴൽകിണർ നിർമ്മിക്കുന്നത് കൊണ്ട് പരിസരകിണറുകളിലെ ജലം താഴുകയോ, വറ്റുകയോ ചെയ്യുന്നു.
2. കുഴൽകിണറുകളുടെ നിർമ്മാണത്തിലെ അപാകതകൾകൊണ്ട് നിർമ്മിക്കപ്പെടുന്ന കിണറുകൾ തന്നെ വളരെ കുറഞ്ഞ കാലം കൊണ്ട് ഉപയോഗശൂന്യമാകുന്നു.
3. കുഴൽ കിണറിന്റെ പൈപ്പ് തുരുമ്പെടുക്കുന്നത് കൊണ്ട് വെള്ളത്തിന് രുചിവ്യത്യാസം അനിഭവപ്പെടുന്നു.

കിണറുകൾക്കും കുഴൽകിണറുകൾക്കും പുറമെ KWA യുടെ കാവനൂർ വാട്ടർ സപ്ലൈ സ്കീം അനുസരിച്ചുള്ള ശുദ്ധജലവിവരണം താഴെ ചേർക്കുന്നു.

പഞ്ചായത്ത്	:	കാവനൂർ
ഉദ്ദിഷ്ഠ		
ഗുണഭോക്താക്കൾ	:	5,300
കാറ്റഗറി	:	ARP
ഷിഫ്റ്റ്	:	2
സ്രോതസ്സ്	:	ചാലിയാർ പുഴയിൽ കിണർ പമ്പ്സെറ്റ്
പമ്പ് സെറ്റ് എണ്ണം	:	2
കപ്പാസിറ്റി	:	25HP
പമ്പിംഗ് മെയിൻ	:	100 mm AC-2000 മീറ്റർ
ടാങ്ക്	:	1 ലക്ഷം ലിറ്റർ
പൊതുടാപ്പുകൾ	:	114
കമ്മീഷൻ ചെയ്ത വർഷം	:	1984

(അവലംബം - വാട്ടർ അതോറിറ്റി സെക്ഷൻ ഓഫീസ്)

ഈ സ്കീം പ്രകാരം സ്ഥാപിച്ച പൈപ്പുകൾ പല ഭഗങ്ങളിലും ഉപയോഗശൂന്യമായി കിടക്കുകയാണ്. കൂടാതെ ജനങ്ങൾക്ക് സൗകര്യ

പ്രദമായ സ്ഥലങ്ങളിലല്ല പൊതു ടാപ്പുകൾ സ്ഥാപിച്ചിട്ടുള്ളത്. കൂടാതെ കാവന്നൂർ മുതൽ ചെങ്ങര ഭാഗത്തേക്കും ഇരുവേറ്റി വടശ്ശേരി, വാക്കാലൂർ ഭാഗങ്ങളിലും വെള്ളം ലഭിക്കുന്നില്ല. ഈ സ്കീം ഉപകാരപ്രദമാണെങ്കിൽ

a) ഇരുവേറ്റി റോഡിലുള്ള HDPE പൈപ്പുകൾ മാറ്റി സ്ഥാപിക്കുക.

b) ടാങ്കിൽ നിന്നും കാവന്നൂർ വരെയുള്ള 90mm PVC പൈപ്പുകൾ മാറ്റി കൂടുതൽ വ്യാസമുള്ളവ സ്ഥാപിച്ച് കാവന്നൂർ ജംഗ്ഷൻ വരെ എത്തിക്കുകയും ഇവിടെ വെച്ച് വിവിധ ശൃംഖലകളായി വിതരണം ചെയ്യേണ്ടതുമാണ്.

c) ചെങ്ങര ഭാഗത്തേക്ക് സ്ഥാപിച്ച പൈപ്പുകൾ മാറ്റി സ്ഥാപിക്കണം

d) നിലവിലുള്ള പല പമ്പ് സെറ്റിന്റെയും പമ്പിംഗ് മെയിനിന്റെയും കപ്പാസിറ്റി വർദ്ധിപ്പിക്കുയും വേണം.

ഈ പഞ്ചായത്ത് പ്രദേശത്ത് കുടിവെള്ള ക്ഷാമം നേരിടുന്ന പ്രദേശങ്ങളും പരിഹാര നിർദ്ദേശങ്ങളും.-ഗ്രാമസഭ വിശകലനം

വാർഡ്	പ്രശ്നമേഖല	പരിഹാരം
1.	പാറെച്ചാൽ, പാലനാട്, മൂടിപ്പാടം, സ്കൂൾ പടി, വാക്കാലൂർ അങ്ങാടി, തട്ടാൻകുന്ന്, കിഴക്കെതല, മോട്ടകുന്ന്, ആനപ്രചാലിൽ ഹരിജൻ കോളനി, വാടശ്ശേരി സ്കൂൾ, മാണിച്ചോല ആമക്കാട് കുന്ന്.	പൈപ്പ് ലൈൻ/കിണർ/കുഴൽകിണർ
2.	ഏലിയാപ്പറമ്പ്, വടക്കേ തൊടുവിൽ, പൊന്നാടിപ്പുറായ്, കുഴിമൂളി കോളനി, മുള്ളൻ മടക്കൽ, പന്നിയംകുന്ന്, ലക്ഷംവീട് മേലേപ്പാട്.	പൈപ്പ് ലൈൻ സ്ഥാപിക്കുക
	മേപ്രപ്പാട്, പാലക്കാത്തടം, പറയരുകുന്ന്, മോളയിൽചാക്കിയത്ത്, കോഴിക്കോടമ്മൽ.	കിണറുകൾ
	നീലിയൻ പുറായ്, നടുക്കാവ്	കുഴൽകിണർ
3.	അണ്ടികെട്ടിച്ചാൽ, പാലക്കോട്ട് പറമ്പ്, ഉതുണിയൻ പുളിക്കൽ പുറായ് പാലക്കാപറമ്പ്	പൈപ്പ് ലൈൻ സ്ഥാപിക്കുക
4.	വടക്കും മുറി ഹരിജൻ കോളനി ചണ്ണയം കുന്ന്.	പൈപ്പ് ലൈൻ സ്ഥാപിക്കുക
	ആശാരി കോളനി, മിനി സ്റ്റേഡിയം, പൊതുങ്കൊല്ല കണ്ടി	കിണറുകൾ
	കളരികുന്ന് ഹരിജൻ കോളനി	മില്ല്യൺ വെൽ പദ്ധതിയിൽ ഉൾപ്പടുത്തുക.

വാർഡ്	പ്രശ്നമേഖല	പരിഹാരം
5.	ഓട്ടു കമ്പനി ഭാഗം, കുഴിവൂളകുന്ന്, കാവന്നൂർ അങ്ങാടി കിളിക്കല്ല്, മഞ്ചെട്ടി, വാളൊടികുന്ന്, ചെരങ്ങാകുണ്ട്, ചെമ്മനികുന്ന്.	പൈപ്പ് ലൈൻ/കിണർ
6.	തൊണ്ടെങ്ങാട്, ഇരുളുംകുന്ന്, ഇരുവേറ്റി പറമ്പ്, പുന്നക്കോട്, വളരുംകുന്ന്, പൂളക്കൽ കോളനി, മണ്ണാർ കുന്ന്, പാലിശ്ശേരികുന്ന്, ചൊവ്വത്ത് കുന്ന്, പോത്തും കുന്ന് കോളനി, കോട്ടക്കുന്ന് കോളനി, മഠത്തിൽ തൊടി.	പൈപ്പ് ലൈൻ/കിണർ കുഴൽ കിണർ
7.	മടക്കാട്, ഉഴുക്കോട്, പള്ളിപ്പടി, മണ്ണാരകുന്ന്	പൈപ്പ് ലൈൻ
	പുല്ലഞ്ചീരി പറമ്പ്, പാറമ്മൽ, വെളുത്തേടത്ത് കുന്ന്, കാവുങ്ങൽ, മരുതനം കുന്ന്, വടക്കം മല, മാഞ്ചുപുറം, പുളിയൻ മൂച്ചി, പൂമ്പാറ്റക്കുന്ന്. തോട്ടിലങ്ങാടി അംഗൻ വാടി അരിയത്തിച്ചാലിൽ	കിണർ/കുഴൽ കിണർ
8.	എളയൂർ ലക്ഷം വീട് കോളനി, പാറമ്മൽ ഭാഗം, വാരിയത്ത് കുന്ന്, ഹരിജൻ കോളനി	പൊന്നാഞ്ചിറ പാടത്ത് കിണർ കുഴിച്ച് വെള്ളം പമ്പ് ചെയ്യുക.
	തേനീരിക്കുന്നുമ്മൽ	പാടത്ത് കിണർ കുഴിച്ച് വെള്ളം പമ്പ് ചെയ്യുക.
9.	ഗവ:ഹൈസ്കൂൾ	പമ്പ് സെറ്റ്, മോട്ടോർ സ്ഥാപിക്കുക.
	കോട്ടിയാറ്റിൽ-പടുപ്പിങ്ങൽ കോളനി	ടാങ്കും പൈപ്പും സ്ഥാപിക്കുക
	പുളിക്കലെക്കണ്ടി ഭാഗം, പാടുവണ്ണിക്കുന്ന്, ആലുംതറ, മനച്ചിക്കുന്ന്.	വയലിൽ കിണർ കുഴിച്ച് വെള്ളം പമ്പ് ചെയ്യുക
10.	മാടാരുകുണ്ട്, വടക്കെപറമ്പ്, മട്ടത്തൂർ കുന്ന്, മൂലക്കുടം, ലക്ഷം വീട് കോളനി, തടത്തിൽ	കിണർ
11.	മട്ടത്തിരിക്കുന്ന്, മുത്തൻ കാവ് കോളനി, പുന്നക്കല്ലാലി പ്രദേശം, അംഗൻവാടി, ചെങ്ങരത്തൊടി, തമ്പ്രാൻകുളം, പടീകുത്ത്	കിണർ കുഴിച്ച് ടാങ്ക് കെട്ടി ജല വിതരണം നടത്തുക.
	ചെങ്ങര അങ്ങാടി	പൈപ്പ് ലൈൻ അറ്റകുറ്റ പണി.

പഞ്ചായത്ത് തലത്തിൽ നടപ്പാക്കേണ്ട പദ്ധതികൾ

1. പഞ്ചായത്തിലെ മുഴുവൻ ജനങ്ങൾക്കും ശുദ്ധജലം ലഭ്യമാക്കുക എന്ന ലക്ഷ്യം നേടാൻ-

a) വേനൽക്കാലങ്ങളിൽ രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ പൈപ്പ്വെള്ളം ലഭ്യമാക്കുക.

b) നിലവിലുള്ള പൊതുകിണറുകളുടെ അറ്റകുറ്റ പണികൾ നടത്തി ഉപയോഗപ്രദമാക്കണം. മാത്രമല്ല, സാധ്യതയുള്ളിടത്ത് പുതിയവ നിർമ്മിക്കുകയും വേണം.

c) പഞ്ചായത്തിലെ നിർധനരായ കുടുംബങ്ങൾക്ക് സാനിട്ടറി കിണറുകൾ നിർമ്മിക്കാനും, കിണറുള്ളവർക്ക് അവ സാനിട്ടറി കിണറാക്കാനുള്ള ധനസഹായം പഞ്ചായത്ത് മുഖേന നൽകാൻ പദ്ധതിയുണ്ടാകണം.

2. ജലം വിതരണത്തിന് വേണ്ടി ശേഖരിക്കുകയും സംഭരിക്കുകയും ചെയ്യുന്ന സ്ഥലവും അതിന്റെ ചുറ്റുപാടും മലിനപ്പെടാതെ സംരക്ഷിക്കാനാവശ്യമായ നടപടികൾ ഉണ്ടാകണം.

3. പൊന്നാഞ്ചിറക്കുളം, കണ്ടംകുളം എന്നീ വറ്റാത്ത ജലസ്രോതസ്സുകൾ പരിസരപ്രദേശങ്ങളിലെ ജലക്ഷാമം പരിഹരിക്കാൻ വളരെ ശാസ്ത്രീയമായി ഉപയോഗിക്കുക.

4. എല്ലാ ഹരിജൻ കോളനികളിലും ലക്ഷം വീട് കോളനികളിലും ശുദ്ധജലസൗകര്യം മുടങ്ങാതെ ഏർപ്പെടുത്തുക.

5. കുടിവെള്ള സ്രോതസ്സുകൾ മലിനപ്പെടാതെ സംരക്ഷിക്കാൻ വേണ്ട ബോധവൽക്കരണം നടത്തുന്നതിന് നിയുക്ത 'ആരോഗ്യ ബോധവൽക്കരണ യൂണിറ്റ്' ശ്രദ്ധിക്കേണ്ടതാണ്.

6. കുടിക്കാൻ 'തിളപ്പിച്ചാറിയ വെള്ളം എന്ന ആശയം വ്യാപകമായി പ്രചരിപ്പിക്കാൻ 'ആരോഗ്യ ബോധന യൂണിറ്റ്' സ്ഥാപിക്കുക.

7. പ്രാദേശികമായ ആവശ്യങ്ങൾ പഠിച്ച് നിശ്ചിത വീടുകൾക്ക് കുടിവെള്ളം നൽകുവാനുതകുന്ന രൂപത്തിൽ ചെറിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക.



ഗതാഗതം , ഊർജ്ജം, മാർക്കറ്റ്

ഗതാഗതം

സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ പരിമിതമായ ഗതാഗത സൗകര്യങ്ങൾ മാത്രമാണ് ഈ പഞ്ചായത്തിലുണ്ടായിരുന്നത്. മഞ്ചേരി - അരീക്കോട് PWD റോഡിൽ ഈ പഞ്ചായത്ത് പരിധിയിൽ വരുന്ന കാരാപറമ്പ് മുതിൽ കിളിക്കല്ല് വരെയുള്ള 7 കീ.മീ. റോഡ് തന്നെ ഒരു ചെമ്മൺ പാതയായിരുന്നു. രണ്ടു ബസ്സുകൾ മാത്രമായിരുന്നു അക്കാലത്ത് ഇതു വഴി ഓടിയിരുന്നത്. 1965- 67 കാലത്താണ് ഈ റോഡ് ടാർ ചെയ്തത്.

ടിപ്പുസുൽത്താൻ നിർമ്മിച്ചെതെന്ന് കരുതപ്പെടുന്ന അരീക്കോട് - എടവണ്ണ റോഡ് നിലവിലുണ്ടായിരുന്നെങ്കിലും ഗതാഗതയോഗ്യമായിരുന്നില്ല. പെരകമണ്ണതോടിന് പാലമില്ലാത്തതായിരുന്നു ഇതിനു കാരണം. 1967 ലാണ് ഈ റോഡു പെരകമണ്ണതോട് വരെ മെറ്റൽ ചെയ്ത് ബസ്സ് ഗതാഗതം ആരംഭിച്ചത്.

പഞ്ചായത്ത് നിലവിൽ വരുമ്പോൾ ഈ രണ്ടു റോഡുകൾ കൂടാതെ ഏതാനും ഊടു വഴികൾ മാത്രമാണുണ്ടായിരുന്നത്. അവ വാഹന ഗതാഗത യോഗ്യമായിരുന്നില്ല. 1958 ൽ മഞ്ചേരി NES ബ്ളോക്ക് നിലവിൽ വന്നതോടെയാണ് ഗതാഗത രംഗത്ത് ഗുണപരമായ മാറ്റങ്ങൾക്ക് തുടക്കമായത്. കാവന്നൂർ - ഇരിവേറ്റി റോഡ് ബ്ളോക്ക് മുഖാന്തിരം കമ്മ്യൂണിറ്റി ഡവലപ്പ്മെൻറ് (C.D) സ്കീമിൽ 1962-ൽ നിർമ്മിച്ചു. ഈ സ്കീമിൽ 25% ഗവൺമെൻറ് വിഹിതം മാത്രമേ ലഭിച്ചിരുന്നുള്ളൂ. ബാക്കി വരുന്ന 75% പൊതുജനങ്ങളുടെ വിഹിതമായി സമാഹരിക്കുകയാണുണ്ടായത്. റൂറൽ മേൻ പവർ പ്രോഗ്രാം (RMP), ക്രാഷ് പ്രോഗ്രാം (CSRE) ഫുഡ്ഫോർ വർക്ക് സ്കീം, നാഷണൽ റൂറൽ എംപ്ലോയ്മെൻറ് പ്രോഗ്രാം (NREP), ഗ്രാമീണ ഭൂരഹിത തൊഴിൽ ഭദ്രതാപരി പാടി (RLEGP) തുടങ്ങിയ സ്കീമുകളിലൂടെ തുടർന്ന് നിർമ്മിച്ച വയാണ് പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിലുള്ള പ്രധാന റോഡുകൾ. ഈ പദ്ധതികളിലൂടെ നിർമ്മിക്കപ്പെട്ട റോഡുകളുടെ നിർമ്മാണച്ചിലവിൻെറ 25% മുതൽ 80% വരെ വിഹിതങ്ങളാണ് ഗവൺമെൻറിൽനിന്ന് ലഭിച്ചിരുന്നത്. ശേഷം വരുന്നതുക മുഴുവൻ ഗുണഭോക്താക്കൾ തന്നെ സമാഹരിക്കുകയാണുണ്ടായത്. പല പദ്ധതിരകളുടേയും 75% വരെ നാട്ടിൽ നിന്ന് സമാഹരിക്കാൻ കഴിഞ്ഞുവെന്നത് ഇന്നത്തെ തലമുറക്ക് മാതൃകയാവേണ്ടതാണ്. താഴെ കാണിച്ച റോഡുകൾ ഈ പദ്ധതികൾ വഴി നിർമ്മിക്കപ്പെട്ടവയാണ്.

1. കാവന്നൂർ - പൂക്കോട്ടുചോല റോഡ്
2. കാവന്നൂർ - തവരാപറമ്പ് റോഡ്
3. എളയൂർ - ആമയൂർ റോഡ്
4. കാവന്നൂർ - വടക്കുംമല റോഡ്
5. എളയൂർ - കൂട്ടാവ് റോഡ്
6. ഇരിവേറ്റി - വടക്കുംമല റോഡ്
7. ഇരിവേറ്റി - ആമയൂർ റോഡ്
8. ചെങ്ങര - വടക്കുംമല, പുളിങ്ങോട്ടുപുറം റോഡ്
9. ചെങ്ങര - ആമയൂർ റോഡ്
10. എലിയാപറമ്പ് - സൗത്ത് പുത്തലം റോഡ്
11. എലിയാപറമ്പ് - ആശാരിതോട് റോഡ്
12. മോഴിപ്പുറം - മീഞ്ചറ റോഡ്

1964 ൽ പഞ്ചായത്ത് ഭരണ സമിതി നിലവിൽ വന്നതോടെ സാമ്പത്തിക പരിമിതികൾക്കുള്ളിൽ നിന്നു കൊണ്ടുതന്നെ നിരവധി റോഡുകളും നടപ്പാതകളും നടപ്പാലങ്ങളും നിർമ്മിക്കുകയുണ്ടായി.

1989 ജവഹർ റോസ് ഗാർയോജന (JRY) സ്കീം പ്രകാരം മൊത്തം ഫണ്ടിൻെറ 80% ജനസംഖ്യാനുപാതികമായി നേരിട്ട് പഞ്ചായത്തുകൾക്ക് നൽകി തുടങ്ങിയതോടെ, വികസന രംഗത്ത് - പ്രത്യേകിച്ച് റോഡ് നിർമ്മാണരംഗത്ത് വൻപുരോഗതി ദൃശ്യമായി. റോഡുകൾക്ക് ആവശ്യമായ മുഴുവൻ സ്ഥലവും ജനങ്ങൾ സൗജന്യമായി പഞ്ചായത്തിന് വിട്ടുകൊടുത്തതാണെന്നത് എടുത്തുപറയാവുന്നതാണ്.

പഞ്ചായത്തിലെ വിവിധ റോഡുകളുടെ നിർമ്മാണത്തിനാവശ്യമായ സന്നദ്ധ പ്രവർത്ത

നങ്ങളുടെയും വിഭവങ്ങളുടെയും സമാഹരണത്തിന് മുന്നിട്ടിറങ്ങി പ്രവർത്തിച്ച വ്യക്തികളായിരുന്നു ശ്രീ. എം.പി കേശവൻ നമ്പൂതിരിപരേതരായ പുത്തലവൻ ഹൈദറു, പാറശേരി മുഹമ്മദ്, മാടപ്പള്ളി മൊയ്തീൻ ഹാജി തേക്കും തോട്ടത്തിൽ അലവി എന്നിവർ. ഏതാനും കലുങ്കുകളുടെ നിർമ്മാണത്തിന് മഞ്ചേരി പി.സി.സി. സൊസൈറ്റിയുടെ കോമൺ ഗുഡ് ഫണ്ടിൽ നിന്ന് 1965 - 67 കാലഘട്ടിത്തിൽ പഞ്ചായത്തിന് സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ട്.

നമ്മുടെ പഞ്ചായത്തിൽ ഇപ്പോൾ PWD റോഡുകളടക്കം മൊത്തം 26 കി.മീ.ടാർ ചെയ്ത റോഡുകളും 83.5 കി.മീ. ടാർ ചെയ്യാത്ത റോഡുകളും ഉണ്ട്. ഇവയിൽ അധികവും ഓടകളും കലുങ്കുകളും ഇല്ലാത്തവയും കയറ്റങ്ങൾ ചുരുക്കേണ്ടവയും വീതികൂട്ടി വികസിപ്പിക്കേണ്ടവയുമാണ്. ഒട്ടുംതന്നെ റോഡ് സൗകര്യങ്ങളില്ലാത്ത ഏതാനും പ്രദേശങ്ങൾ ഇനിയും ഈ പഞ്ചായത്തിലുണ്ട്.

നിലവവിലുള്ള റോഡുകൾ പൂർണ്ണമായും വികസിപ്പിക്കുക, റോഡ് സൗകര്യമില്ലാത്ത പ്രദേശങ്ങളിലേക്ക് റോഡ് പുതുതായി നിർമ്മിക്കുക, എന്നീ പ്രശ്നങ്ങളാണ് ഇന്ന് പഞ്ചായത്തിന്റെ മുന്നിലുള്ളത്, ഗ്രാമ സഭകളിൽ നിന്നുയർന്ന പ്രശ്നങ്ങൾ താഴെ ചേർക്കുന്നു.

1. മഞ്ചേരി - അരീക്കോട് റോഡിൽ മാടാരുകുണ്ട്, ചെരങ്ങാകുണ്ട്, അമ്പലപ്പടി, ചെങ്ങരപള്ളിപ്പടി എന്നീ സ്ഥലങ്ങളിൽ ഇടക്കിടെ അപകടങ്ങളുണ്ടാവുന്നു. റോഡിന്റെ വീതി കുറവും വളവുമാണിതിന് കാരണം.

2. കിളിക്കല്ല്, തറയിട്ടാൽ കയറ്റങ്ങളും വാഹന അപകടങ്ങൾക്ക് സാധ്യത സ്ഥലങ്ങളാണ്.

3. കേബിൾ, പൈപ്പ് ലൈൻ എന്നിവക്കു വേണ്ടി ടാർമാർക്കിനോട് ചേർന്ന് റോഡ് കിളക്കുന്നതുകൊണ്ട് വാഹനങ്ങൾ താഴ്ന്നു അപകടങ്ങളുണ്ടാവുന്നു.

4. ടാർചെയ്ത ഗതാഗത യോഗ്യമായ റോഡുകളുണ്ടെങ്കിലും ഇരിവേറ്റി, എലിയാപറമ്പ് തുടങ്ങിയ സ്ഥലങ്ങളിലേക്ക് ബസ്സുകളോടുന്നില്ല. നേരത്തെയുണ്ടായിരുന്ന ബസ്സുറൂട്ടുകൾ തന്നെ നിന്ന് പോയിരിക്കുകയാണ്.

5. എഡ്ജുകൾ പൊങ്ങി അപകടങ്ങളുണ്ടാവുന്നു..

6. ഏറെ സ്ഥലങ്ങളിലേക്ക് ഒട്ടും റോഡ് സൗകര്യമില്ലെന്ന പരാതി ഗ്രാമസഭകളിൽ വ്യാപകമായി ഉയർന്നു.

7. നിലവിലുള്ള റോഡുകളുടെ ശോചനീയാവസ്ഥ.

8. കാവന്നൂർ അങ്ങാടിയിൽ വാഹനത്തിരക്ക് കൂടുന്നു. അപകടങ്ങൾ ഉണ്ടാവുന്നു.

9. നടപ്പാലങ്ങളുടെ ആവശ്യങ്ങൾ ഉയർന്നുവരികയുണ്ടായി.

10. പ്രധാന റേഡുകളിൽ ട്രാഫിക് സിഗ്നലുകൾ ഇല്ലാത്തതിനാൽ വാഹനാപകട സാധ്യതകളുണ്ട്.

പരിഹാരനിർദ്ദേശങ്ങൾ

1. അരീക്കോട് - മഞ്ചേരി റോഡിൽ മാടാരുകുണ്ട്, ചെരങ്ങാകുണ്ട്, അമ്പലപ്പടി, ചെങ്ങരപള്ളിപ്പടി തുടങ്ങിയ സ്ഥലങ്ങൾ വീതികൂട്ടി റോഡിന്റെ വീതി ഭാഗം മുഴുവൻ ടാർ ചെയ്യുക.

2. കിളിക്കല്ല്, തറയിട്ടാൽ കയറ്റങ്ങൾ കുറക്കുക.

3. കേബിൾ, പൈപ്പ് ലൈൻ എന്നിവക്ക് റോഡ് കിളക്കുന്നത് റോഡിന് പരമാവധി വിശാലത ലഭിക്കത്തക്കവണ്ണം റോഡിന്റെ പാർശ്വങ്ങളിലേക്ക് മാറ്റുക.

4.(a) ഇരിവേറ്റി, എലിയാപറമ്പ്, എന്നീ സ്ഥലങ്ങളിലേക്ക് ബസ്സ് ഗതാഗത യോഗ്യമായ റോഡുകളുണ്ടെങ്കിലും ഇപ്പോൾ ബസ്സുകളോടുന്നില്ല. മുമ്പുണ്ടായിരുന്ന റൂട്ടുകൾപോലും നിന്ന് പോയിരിക്കുകയാണ്. ബസ്സുടമകൾക്ക് ഇഷ്ടാനുസരണം റൂട്ടുകൾ തിരഞ്ഞെടുക്കാനുള്ള അവകാശം നൽകിയതാണ് ഇതിനുകാരണം. ഗ്രാമീണ റോഡുകൾ ഉൾപ്പെടുത്തിയുള്ള ബസ്സ് റൂട്ടപേക്ഷകൾക്ക് പ്രത്യേക പരിഗണനയും ആനുകൂല്യങ്ങളും നൽകുക.

4 (b) ചെങ്ങര - ആമയൂർ വഴി മഞ്ചേരിയിലേക്കും അരീക്കോട്ടേക്കും ബസ്സ് സർവ്വീസുകൾ അനുവദിക്കുക.

4(c) ഗ്രാമപ്രദേശങ്ങൾ ബന്ധപ്പെടുത്തികൊണ്ട് KSRTC ബസ്സുകൾ അനുവദിക്കുക.

5.സൈഡിലും കുഴികളിലും മണ്ണിട്ടും ഓടകൾ ആഴം കൂട്ടിയും റോഡുകൾ സംരക്ഷിക്കുന്നതിന് മുമ്പുണ്ടായിരുന്ന എൻ. എം.ആർ തൊഴിലാളികളെ നിയമിക്കുന്ന രീതി പുനഃസ്ഥാപിക്കുക.

6. പുതുതായി റോഡുകൾ നിർമ്മിക്കുക. (പട്ടിക ചേർത്തിട്ടുണ്ട്.)

7. നിലവിലുള്ള റോഡുകൾ ഓടകളും കലുങ്കുകളും നിർമ്മിച്ചും സൈഡ് കെട്ടിയും സൗകര്യപ്പെടുത്തുക (പട്ടിക ചേർത്തിട്ടുണ്ട്.)

8. കാവന്നൂർ അങ്ങാടിയിൽ ജീപ്പ്, ഓട്ടോറിക്ഷ പാർക്കിംഗ് സ്റ്റാൻറ് നിർമ്മിക്കുക.

9. ഇലക്ട്രിക് പോസ്റ്റുകൾ ഗതാഗതത്തിന് തടസ്സമാവുന്നത് മാറ്റി സ്ഥാപിക്കുക.

10. ഇലക്ട്രിസിറ്റി,ജലവിതരണം, ടെലിഫോൺ, പി. ഡബ്ലിയു.ഡി എന്നിവകുപ്പുകൾ സംയുക്തമായി അറിഞ്ഞും ആലോചിച്ചും പ്ലാൻ ചെയ്തും ആയിരിക്കണം. റോഡ് സൈഡ് ഉപയോഗപ്പെടുത്തേണ്ടത്.

11. എടവണ്ണ അരീക്കോട് റോഡിൽ പാറക്കടവിൽ പുഴയുടെ സംരക്ഷണ ഭിത്തി നിർമ്മിച്ച് സംരക്ഷിക്കുകയും അപകടങ്ങൾ ഒഴിവാക്കുകയും ചെയ്യുക.

12. അരീക്കോട് - എടവണ്ണ റോഡിൽ അമ്പലത്തിങ്ങൽ, കാക്കാട് വളവുകളിൽ റോഡ് വീതി കൂട്ടുക.

13. മഞ്ചേരി , അരീക്കോട്, അരീക്കോട് -എടവണ്ണ റോഡുകളിലെ ടാർ ഏരിയയുടെ വീതി കൂട്ടുക.

14. താഴെ പറയുന്ന സ്ഥലങ്ങളിൽ നടപ്പാലങ്ങൾ നിർമ്മിക്കുന്നതിനുള്ള ആവശ്യങ്ങൾ ഗ്രാമസഭകളിൽ നിന്നു ഉയർന്നിട്ടുണ്ട്.

1. നീരുറ്റിക്കൽ തോട്	വാർഡ് - 6
2. തമ്പ്രാൻ മണ്ണ് തോട്	
3. എടക്കരകുന്ന് തോട്	
4. പൂവ്വത്തികുന്ന് തോട്	
5. പെരുങ്കൊല്ലൻ കണ്ടിപ്പടി	വാർഡ് - 7
6. പാത്തിപ്പാലം	
7. കൊണ്ടച്ചൻറരു പാലം	
8. പനക്കത്തോട്	വാർഡ് - 11
9. നടുക്കണ്ടിയാൽ	
10. തുറക്കൽ പടിയിൽ രണ്ടുനടപ്പാലങ്ങൾ	
11. മണ്ണാത്തിക്കണ്ടം	
12. ചെറിഞ്ഞീരിക്കുണ്ട്	വാർഡ് - 2
13. തൊഴലിതോട് പാലം	
14. വളയിൽ മുക്ക് പാടം	വാർഡ് - 5
15. ചെമ്പനിപ്പാടം	
16. വേനക്കൽ പാടം	

15. താഴെപറയുന്ന സ്ഥലങ്ങളിൽ വെയിറ്റിംഗ് ഷെഡ്ഡുകൾ നിർമ്മിക്കുന്നതിനുള്ളള്ളാവശ്യങ്ങൾ ഗ്രാമസഭകളിൽ നിന്നു ഉയർന്നിട്ടുണ്ട്.

ഇരിവേറ്റി അങ്ങാടി
ഇരീവേറ്റി സ്കൂൾ പടി
വി.കെ പടി
കൊല്ലം പടി.
ഹൈസ്ക്കൂൾ പടി
തടത്തിൽ പടി
ചെങ്ങര അങ്ങാടി
ചെങ്ങര പള്ളിയാളി
ചക്യാപള്ളിയാളി
വടക്കെപറമ്പ്
എലിയാപറമ്പ്
ചരങ്ങാകുണ്ട്
യതീം ഖാനപ്പടി
പുല്ലഞ്ചേരിപ്പാറ
തോട്ടിലങ്ങാടി

പുതുക്കിപ്പണിയേണ്ടവ

1. ആശുപത്രിപ്പടി
2. പാറമ്മൽ
3. മാടാരുകുണ്ട്

16. കാവന്നൂർ, എളയൂർ, ചെങ്ങര അങ്ങാടികളിൽ ഡ്രെയിനേജ് സ്കീം നടപ്പാക്കി റോഡുഗതാഗതം സുഗമമാക്കാനുള്ള നിർദ്ദേശങ്ങളും ഉയർന്നുവന്നിട്ടുണ്ട്.

പഞ്ചായത്തുവക നിലവിലുള്ള വെയിറ്റിംഗ് ഷെഡുകൾ

1. വടശ്ശേരി
2. വാക്കാലൂർ
3. വാക്കാലൂർ സ്കൂൾ പടി
4. വടക്കുമുറി
5. കാവന്നൂർ അങ്ങാടി
6. എളയൂർ

പട്ടിക 1
പഞ്ചായത്തിലെ ടാർ റോഡുകൾ

നമ്പർ	റോഡ്	ഉടമ സ്ഥത	ദൂരം (കി.മീ)	വീതി മീറ്റർ	യാത്രാ സൗകര്യം ബസ്സ്
1.	അരീക്കോട് - മഞ്ചേരി	PWD	7 km		ഉണ്ട്
2.	അരീക്കോട് - എടവണ്ണ	PWD	5 km		ഉണ്ട്
3.	പെരകമണ്ണ കുഴിയംപറമ്പ്	PWD	7 km	8 m	ഇല്ല
4.	കാവന്നൂർ - പൂക്കോട്ടുചോല	PWD	3 km	8 m	ഇല്ല
5.	ഇരിവേറ്റി - വടക്കുംമല	പഞ്ചായത്ത്	200 m	8 m	ഇല്ല
6.	ഇരിവേറ്റി - ആമയൂർ	PWD	800 m	8 m	ഇല്ല
7.	എലിയാപറമ്പ് - ആശാരിതൊടി	പഞ്ചായത്ത്	200 m	8 m	ഇല്ല
8.	അണ്ടികെട്ടിചാൽ -വെള്ളേരി	പഞ്ചായത്ത്	150 m	8 m	ഇല്ല
9.	വടക്കുംമുറി - മേപ്രപാട്ട് കോളനി	പഞ്ചായത്ത്	500 m	8 m	ഇല്ല
10.	ആശുപത്രിപടി - വട്ടപറമ്പ്	പഞ്ചായത്ത്	500 m	8 m	ഇല്ല
11.	പുല്ലഞ്ചീരി പറമ്പ് - കോട്ടേപാടം	പഞ്ചായത്ത്	200 m	8 m	ഇല്ല
12.	കാവന്നൂർ - വടക്കും മല	PWD	1.200 km	8 m	ഇല്ല
13.	ഓട്ടുകമ്പനി - ചെമ്പനി കോളനി	പഞ്ചായത്ത്	200 m	8 m	ഇല്ല
14.	മോഴിപ്പുറം - മീഞ്ചറ	PWD	500 m	8 m	ഇല്ല
15.	കാവന്നൂർ പഞ്ചായത്താപ്പീസ്	പഞ്ചായത്ത്	120m	5 m	ഇല്ല

പട്ടിക 2

P.W.D ഏറ്റെടുത്ത് ടെണ്ടർ ചെയ്ത റോഡുകൾ

നമ്പർ	റോഡിന്റെ പേര്	നീളം	വീതി	എസ്റ്റിമേറ്റ് തുക
1.	എളയൂർ - ആമയൂർ കാരകുന്ന്	3 കി. മീ.	8 മീ	പണിനടന്നു കൊണ്ടിരക്കുന്നു.
2.	കാവന്നൂർ - വടക്കുംമല കാരപറമ്പ്	7 കി.മീ.	8 മീ	58 ലക്ഷം
3.	ഇരിവേറ്റി - ആമയൂർ	4 കി. മീ.	8 മീ.	30 ലക്ഷം
4.	എളയൂർ - കൂട്ടാവ്, പാലക്കത്തോട്	4 കി മീ	8 മീ	50 ലക്ഷത്തിലധികം
5.	മോഴിപ്പുറം - മീഞ്ചറ	3 കി. മീ.	8 മീ	S.R

(അവലംബം . വസ്തുതാന്വേഷണം)

നിലവിലുള്ള റോഡുകൾ - (കലുങ്കുകൾ നിർമ്മിച്ചും, ഓടകൾ വെട്ടിയും മെറ്റൽ ചെയ്തും ടാർ ചെയ്തും) ഗതാഗതയോഗ്യമാക്കേണ്ടവ

വാർഡ് നമ്പ്ര്	ക്രമ നമ്പർ	റോഡിന്റെ പേര്	നീളം	വീതി	ചെയ്യേണ്ട പ്രവൃത്തികൾ
1	1.	മൂഴിപ്പാടം - മൂലക്കടവ് റോഡ്	600 മീ	4 മീറ്റർ	ടാർ ചെയ്തു ഗതാഗതയോഗ്യമാക്കുക
	2.	വാക്കാലൂർ - ചാലിയാർ റോഡ്	1 കി. മീ.	4 മീറ്റർ	"
	3.	പുതുവഴി - കളയിങ്കലം റോഡ്	500 മീ	5 "	"
	4.	വാക്കാലൂർ - തൂങ്ങര ക്കടവ് റോഡ്	1.5 കി.മീ.	4 "	"
	5.	ആനപ്രചാൽ കോളനി റോഡ്	800 മീ.	4 "	"
	6.	പള്ളിപ്പടി - മാനിച്ചോല റോഡ്	500 "	4"	"
2.	1.	പൊന്നടിപ്പുറായ് പാറങ്ങോട്ടു റോഡ്	1.100 കി.മീ.	8 "	"

	2.	എലിയാപറമ്പ് - മേപ്രപ്പാടം റോഡ്	1.200 കി.മീ	8മീ	"
	3.	എലിയാപറമ്പ് സൗത്ത് പുത്തലം റോഡ്	1.100 "	8 "	"
	4.	കാവനൂർ - കുഴിമൂളി കോളനി റോഡ്	1.200 "	4 "	"
	5.	കണ്ടംകുളം - മേപ്രപ്പാട് റോഡ്	1.200 "	4"	2,4, വാർഡ് '' കൾ ബന്ധിപ്പിക്കുന്നു.
	6.	മുള്ളൻ മടക്കൽ പുറായി-ചാത്തൻകുളം റോഡ്	1.050 "	4"	"
	7.	മാതക്കോട് - ആശാരി ത്തോട് റോഡ്	1.5 കി മീ.	8 "	"
	8.	മസ്ജിദ് - മാതക്കോടു റോഡ്	400 മീ	8 മീ	"
3.	1.	അണ്ടികെട്ടിചാൽ - വെള്ളേരി റോഡ്	2.8 കി.മീ.	8"	"
	2.	ആലുങ്ങാപറമ്പ് - ചീറപ്പാലം റോഡ്	2.100 "	8 "	"
	3	കാരകുന്നത്ത്-പൈക്കാലം കുണ്ട് റോഡ്	700 മീ.	4 "	"
	4.	അണ്ടികെട്ടിചാൽ - പെരിങ്ങോട് റോഡ്	1.200 കി.മീ.	8"	"
	5.	തവരാപറമ്പ് - തുവ്വക്കയ്യ് റോഡ്	1.200	4"	"
	6.	ചന്തകുന്ന് - ചീരക്കുഴി കോളനി റോഡ്	400 മീ	5"	"
	7.	പാലക്കാപറ മ്പ് - തഖ്വാ ബാദ് റോഡ്	1.600 കി.മീ.	4"	"
	8.	പാലക്കാപറമ്പ് - മാമ്പുഴ റോഡ്	800 മീ.	4 "	"
	9.	പാക്കാപറമ്പ് - പുളിക്കൻ റോഡ്	400 മീ.	4"	"
4.	1.	പാറക്കണ്ണി - ചോലക്കുളം	1.200 കി.മീ.	4മീ.	ടാർ ചെയ്യുക.

	2.	മേപ്രപ്പാട് - പാറക്കുന്നത്ത് റോഡ്	600 മീ	4 "	"
	3.	അമ്പലപ്പടി - മേപ്രപാട്ട് റോഡ്	700 മീ	3 "	വീതികൂട്ടി ടാർ ചെയ്യുക
	4.	വട്ടപ്പറമ്പ് കോളനിയിലെ റോഡ്	300 "	4"	ടാർ ചെയ്യുക
	5.	മൂത്തേടത്തപറമ്പ് - കളരി കുന്നുകോളനി- സ്റ്റേഡിയം റോഡ്	500 "	3"	വീതികൂട്ടി ടാർ ചെയ്യുക
	6.	അത്താണിക്കൽ - തൊണ്ടിയിൽ മൂക്ക് റോഡ്	500 "	3"	"
5.	1.	കിളിക്കല്ല് - കോവിലകം റോഡ്	1.300 കി.മീ.	4"	ടാർചെയ്യുക
	2.	പാറക്കണ്ണി - അടച്ചുറ്റി റോഡ്	400 മീ.	4"	"
	3.	പുളിക്കൽ - വാളാടിക്കുണ്ടു റോഡ്	500 "	4"	"
	4.	ആലുംചോട് - ആനവാരി റോഡ്	800"	4"	"
	5.	വില്ലേജ് ആഫീസ് - ആനവാരി	800 "	4"	"
	6.	വില്ലേജ് ആഫീസ് - അയ്യരുകുടം റോഡ്	500"	3"	വീതി കൂട്ടി ടാർ ചെയ്യുക.
	7.	മൂത്തേടത്ത് പറമ്പ് - കാക്കത്തോട്-തറയിട്ടാൽ റോഡ്	1.300	8 "	ടാർചെയ്യുക.
	8.	വേങ്ങശ്ശേരി - കുന്നുമ്മൽ റോഡ്	700 മീ.	3 മീ.	വീതികൂട്ടി ടാർ ചെയ്യുക.
	9.	ഓട്ടുകമ്പനി - വളയിൽ മുക്ക് റോഡ്	800"	4 "	ടാർ ചെയ്യുക
	10.	പുല്ലഞ്ചേരി - കോട്ടേപ്പാടം റോഡ്	600"	4"	"

	11.	ചെരങ്ങാംകുണ്ട് - വളയിൽ റോഡ്	800 "	4"	"
	12.	കുട്ടശ്ശേരികണ്ടി റോഡ്	400 മീ.	3"	വീതികൂട്ടി ടാർ ചെയ്യണം.
	13.	കാപ്പ് മല റോഡ്	500 "	4"	ടാർചെയ്യുക
	14.	പുളിക്കൽ ആനവാരി	800"	4".	ടാർ ചെയ്യുക
6.	1.	നെടുങ്കണ്ടം - പള്ളിറോഡ് (മണ്ണാരക്കുന്നുവഴി)	1.200 കി.മീ.	4 "	ടാർ ചെയ്യുക.
	2.	വായനശാല - മണ്ണാരക്കുന്നു റോഡ്	1.100	4"	"
	3.	പള്ളിപ്പടി - ചൊവ്വരത്ത് കുണ്ടു റോഡ്	400 കി.മീ.	"	ടാർചെയ്യുക.
	4.	ഇരിവേറ്റി അങ്ങാടി - പുലിയാറകുന്ന് റോഡ്	1.300 കി.മീ.	4 "	ടാർ ചെയ്യുക
	5.	ഇരിവേറ്റി - പുന്നക്കോട് റോഡ്	300 മീ	4"	"
	6.	ഇരിവേറ്റി - വടശ്ശേരി റോഡ്	1.050 കി.	8 "	"
	7.	പൂളക്കൽ - മണ്ണാത്തിത്തുറ റോഡ്	500 മീ.	4"	"
7.	1.	ഇരിവേറ്റി- വടക്കുമ്മല റോഡ്	3. 250 കി. മീ.	8 മീ.	ടാർ ചെയ്യുക
	2.	കോട്ട - തുവ്വക്കാട് റോഡ്	1.200	8"	"
	3.	പുല്ലഞ്ചേരിപറ മ്പ് - കോ ട്ട റോഡ്	1.5 കി.മീ	5"	"
	4.	നെടുങ്കണ്ടം - കരിപ്പാ പള്ളി റോഡ്	800 മീ.	4"	"
	5.	മണ്ണാരക്കുന്ന് - പള്ളി റോഡ്	300 "	8"	"
	6.	പാലക്കുന്ന് - നെടുങ്ങോട് റോഡ്	600 "	8''	"
	7.	ചെക്കൊളം-പുളിങ്ങോട്ടു പുറം (വഴി പടിയേങ്ങൽ റോഡ്)	2.5 കി.മീ.	8"	"

	8.	വടക്കുമ്മല സ്കൂൾ - പടിയേങ്ങൾ റോഡ്	400 "	4"	"
	9.	കരിയത്തമ്പാറ - മറ്റത്തൂർ പടി റോഡ്	500 "	3"	വീതികൂട്ടുക
	10.	പുല്ലഞ്ചേരി പറമ്പ് - ഒഴുകൊട് റോഡ്	600 "	4"	"
8.	1.	പാറമ്മൽ-തഖ്വാബാദ് റോഡ്	1.200 കി.മീ	5 മീ	
	2.	എളയൂർ - തേനീരികുന്നു റോഡ്	1.5 "	4"	
	3.	പെട്ടിയത്ത് സ്കൂൾ - പുതുപ്പറമ്പ് റോഡ്	1.5 "	4"	
	4.	പാറമ്മൽ - പൊന്നാഞ്ചിറക്കുളം - കൈപകശീരികുണ്ട് റോഡ്	1.2 "	4"	ഇടക്ക് സ്ഥലം വീതി കൂട്ടി സൈഡുകെട്ടണം.
	5.	മീഞ്ചിറ - കാഞ്ഞിരമല ഹരിജൻ കോളനി റോഡ്	1.2 കി.മീ.	4"	
	6.	മാമ്പുഴ - തളക്കോട് റോഡ്	1.3 "	4"	
	7.	മാളിയേക്കൽ - മണ്ണംപുളി റോഡ്	1.2 "	4 "	
	8.	പാണമ്പറ്റചാൽ - പൊതിയിൽ പാടം റോഡ്	750 മീ.	3.5 "	
	9.	തറയിട്ടാൽ - കുണ്ടിൽ പാടം റോഡ്.	950 "	6 "	
9.	1.	മീഞ്ചറ- എളയൂർ റോഡ്	2.700 കി.മീ	700 മീ 8 മീ. വീതിയിലും 2 കി.മീറ്റർ 5 മീറ്റർ വീതിയിലും	വീതികൂട്ടി ടാർ ചെയ്യുക
	2.	ഹൈസ്കൂൾ റോഡ്	500 മീ	3.5 മീ	
	3.	നടുവക്കാട് - ആലുത്തറ റോഡ്	1.5 കി.മീ.	6 മീ.	
	4.	ആലുംതറ - ചരക്കല്ല്	1.3 "	5 "	

	5.	പുളിക്കലകണ്ടി - പാടുവണ്ണി	500 മീ.	5"
	6.	ആലുംതറ - പല്ലാരപ്പാടം റോഡ്	300 "	4"
	7.	ആലുംതറ - പല്ലാരംപറമ്പ് കൂട്ടാവ് റോഡ്	700 മീ.	8മീ.
	8.	എളയൂർ - ലക്ഷം വീട് കോളനി	500 മീ.	8 "
	9.	എളയൂർ - നെട്ടുമ്പാല	500 മീ.	4 "
10.	1.	ചെങ്ങര അങ്ങാടി - വടക്കെ പറമ്പ് റോഡ്	1 കി.മീ.	8 മീ.
	2.	കായംപറ്റപ്പടി - താന്നിക്കോട് (ചോല) റോഡ്	1.5 "	4 മീ.
	3.	മടത്തീർ കുന്ന് - ചക്യാപള്ളിയാളളി റോഡ്	800 മീ.	4 "
11.	1.	ചാക്യാർകുണ്ട് പാലക്കപ്പുറായ റോഡ് (പൂളക്കോട്)	1.5 കി.മീ.	8 മീ.
	2.	കോട്ടകുത്ത് പുറായ് - തമ്പ്രാംകുളം - സ്കൂൾപടി - തുറക്കൽ പടി റോഡ്	600 മീ.	6 മീ.
	3.	ആലുങ്ങപ്പുറായ - പാലക്കോട് റോഡ്	350 മീ.	6 മീ.
	4.	തിരുവാലിത്തൊടി - കാവുങ്ങൽ കണ്ടി - മുത്തപ്പൻകാവ് കോളനി റോഡ്	900 മീ.	6 മീ.
	5.	ചൊക്കളം - അമ്പകുന്ന് - കുരുവാട്ടു കോളനി റോഡ്	1200 മീ.	6 മീ.
	6.	ചാരക്കണ്ടി - പന്നിക്കുഴി റോഡ്	750 മീ.	6 മീ.
	7.	ചെങ്ങരപള്ളിപ്പടി - പനക്കത്തോട് റോഡ്	300 മീ.	6 മീ

പുതുതായി നിർമ്മിണ്ടേ റോഡുകൾ

വാർഡ് നമ്പ്ര്	ക്രമ നമ്പർ	റോഡിന്റെ പേര്	നീളം	വീതി	മറ്റു വിവരങ്ങൾ
1.	1.	മൂഴിപ്പാടം - പാലനാട് റോഡ്	2 കി.മീ.	8 മീ.	
	2.	വാക്കാലൂർ - കാവനൂർ റോഡ്	4 കി.മീ.	8 മീ.	
	3.	വടക്കേ കണ്ടി മാമ്പുറം കടവ് റോഡ്	1 "		
	4.	രേവിത്തൊടിക റോഡ്	1"		
	5.	വടശ്ശേരി മലമുക്ക് - മുറിയേങ്ങര റോഡ്	750 മീ.		
2.	1.	കാവനൂർ - കുഴിമൂളി റോഡ്	1.5 കി.മീ.		
	2.	പരിയാരക്കൽ - കുഴിമുളി റോഡ്	1.5 കി.മീ.		
	3.	ചാകുത്ത് കോളനി റോഡ്	400 മീ.		
	4.	എലിയാപറമ്പ് - പാലക്കാപറമ്പ് റോഡ്	800മീ		
	5.	പാറമ്മൽ - ചോലക്കൽ റോഡ്	600 മീ		
	6.	നടുക്കാവുങ്ങൽ - മോളയിൽ റോഡ്	1 കി.മീ.		
	7.	പുതിയേടത്ത് - പന്നേൻകുന്നു റോഡ്	500 മീ.		
	8.	ചോലക്കുഴി - പൊറ്റമ്മൽ	1 കി.മീ.		
3.	1.	തവരാപറമ്പ് - പെരിങ്ങോടു റോഡ്	500 മീ.		
	2.	തവരാപറമ്പ് - ആലുങ്ങാപറമ്പ് റോഡ്	500 മീ.		
	3.	തവരാപറമ്പ് - പത്തായക്കോടു റോഡ്	500 മീ.		
4.	1.	പെരുവംകുണ്ട് - മേപ്രപ്പാടം റോഡ്	500 മീ.		

	2.	കൂരിക്കാട്ട് - പെരുവാം കുണ്ടു റോഡ്	500 മീ.		
	3.	തൊണ്ടിക്കുണ്ട് - കളരി ക്കുണ്ടുറോഡ്	500 മീ.		
5.	1.	കുണ്ടൂളി - ആനവാരി റോഡ്	1 കി.മീ.		
	2.	വടക്കുമ്മുറി - വാളാടി ക്കുണ്ട് - പുലിയറ ക്കുന്നുറോഡ്	1.5 കി.മീ.		
	3.	ഓട്ടുകമ്പനി - പട്ടതങ്ങൽ പൂവ്വത്തി പള്ളിയാളി റോഡ്	750 മീ.		
	4.	കോട്ടേപ്പാടം - പുല്ല ഞ്ചേരി മദ്രസ റോഡ്	800 മീ.		
6.	1.	പുന്നക്കോട - കൊല്ലൻ പടി റോഡ്	1.5 കി. മീ.		
	2.	രാമൻകുളം - വളരുകു ന്നുകോളനി റോഡ്	1 കി.മീ.		
	3.	ഇരിവേറ്റി കല്ലുപാറ - പുലിയറകുന്നു റോഡ്	2 കി.മീ.		
	4.	വടശ്ശേരരി പൂവ്വ ത്തി ക്കുന്ന് ലക്ഷം വീടു കോളനി റോഡ്	1 കി.മീ.		
	5.	കൊല്ലൻ പടി - പുളിയ ക്കോട്ട് ചാൽ അംഗനവാടി റോഡ്	1 കി.മീ.		
	6.	നെല്ലിക്കാപറമ്പ് ഹെൽത്ത് സെൻറർ - ആനവാരി കോളനി റോഡ്	1.5 കി.മീ.		
	7.	പരിയാരത്ത് പറനമ്പ് - സ്കൂൾ കുന്നു - സ്കൂൾ പടി റോഡ്	500 മീ.		
	8.	വലിയ തൊടിക - പോത്തുംകുന്നു ഓട്ടുകമ്പനി റോഡ്	1 കി.മീ.		
	9.	കുണ്ടുളികുന്ന് - വളരുന്നു റോഡ്	600 മീ.		

7.	1. a	കോട്ട - തുവ്വക്കാട് റോഡ് (പാറാട്ടുകുണ്ട് മുതൽ തുവ്വക്കാട്) വരെ നിർമ്മാണം.	1.200 മീ.		
	1. b	വടക്കുംമ്മല സ്കൂൾ - പടിയങ്ങൽ റോഡ് പൂർത്തിയാക്കുക	800 മീ.		
	2.	വെള്ളുത്തേടത്ത് കുന്ന് പള്ളിറോഡ്	1 കി.മീ.		
	3.	മേത്തലയിൽ മുല്ലേങ്കുളം റോഡ്	1 കി.മീ.		
	4.	മരുതൻകുന്ന് - മദ്രസ റോഡ്	400 മീ.		
	5.	മുല്ലേങ്ങൽ കോളനി റോഡ്	800 കി.മീ.		
	6.	വടക്കുമ്മല - എളയൂർ റോഡ്	2 കി.മീ.		
	7.	പീലാക്കൽ ചാൽ - പൂമ്പറ്റക്കുന്നു - കോട്ട റോഡ്	600 മീ.		
	8.	വലിയതൊടി - കരിപ്പാ പള്ളി കോളനി റോഡ്	800 മീ.		
	9.	മണ്ണാരക്കുന്ന് - വെള്ളുത്തേടത്ത് കുന്നു റോഡ്	750 മീ.		
	10.	പാറാട്ടുകുണ്ടു - വളരുകുന്നു-കുണ്ടൂളിക്കുന്നു റോഡ്	800 മീ.		
	11.	പാറാട്ടുകുണ്ടു - തച്ചറാംകല്ല് - ചെമ്മല പ്പടി റോഡ്	800 മീ.		
8.	1.	പുല്ലഞ്ചേരി പറമ്പ് - ചൊടലക്കുന്നു - പാറമ്മൽ റോഡ്	1 കി.മീ.		
	2.	എളയൂർ - പത്രമുണ്ട റോഡ്	1.5 കി.മീ.		
	3.	കുണ്ടിൽ പാടം - ചേലപ്പുറം മദ്രസ-റോഡ്	1 കി.മീ.		

8.	4.	പാലക്കാപറമ്പ് മദ്രസ - മയക്കോട് റോഡ്	1 കി.മീ.		
	5.	മാഞ്ചാൽ - കയറ്റിച്ചാൽ (2-ാം ഘട്ടം)	1 കി.മീ.		
	6.	കുന്നത്ത് പുറായ് - ചപ്പങ്ങത്തോട്ടം റോഡ്	1.5		
	7.	മാട്ടല - തേറീരി റോഡ്	750 മീ.		
	8.	കാക്കാതോടു - പാണമ്പറ്റച്ചാൽ റോഡ്	1 കി.മീ.		
	9.	കൈപശ്ശേരി കുണ്ട് - അത്തിക്കോട് - വടക്കുമ്മല റോഡ്	1.5 കി.മീ.		
	10.	പാറമ്മൽ - കോട്ടേപ്പാടം റോഡ്	750 മീ.		
	11.	താന്നിക്കാപറമ്പ് - കോടേപ്പാടം റോഡ്	750 മീ.		
	12.	കയറ്റിച്ചാൽ - മാമ്പുഴ ഫുട്പാത്ത് നിർമ്മാണം	750 മീ.		
	13.	എളയൂർ - കൊമ്പത്ത് എടവഴി ഫുട്പാത്ത് നിർമ്മാണം	750 മീ.		
9.	1.	നടുവക്കാട് - ചോല റോഡ്	1 കി.മീ.		
	2.	വലിയക്കാവ് - കോട്ടിയാറ്റിൽ കോളനി റോഡ്	1 കി.മീ.		
	3.	മണ്ണുംപള്ളി മനച്ചിക്കുന്നു - കയറ്റിച്ചാൽ റോഡ്	1 കി.മീ.		
	4.	വലിയകാവ് - മാടാരുകുണ്ട് റോഡ്	500 മീ.		
	5.	എളയൂർ ഹൈസ്ക്കൂൾ - പന്ത്രമുണ്ട റോഡ്	1.5 കി.മീ.		
	6.	കളത്തിങ്ങൽ - പാറക്കുണ്ട് റോഡ്	500 മീ.		
	7.	മണ്ണുംപള്ളി - മണ്ണിൽ പാടം റോഡ് വലിയ തോടിന് പാലവും	500 മീ.		

	8.	താഴത്തെകണ്ടി - ആനക്കല്ലുങ്ങൽ ഫുട്പാത്ത് നിർമ്മാണം	200 മീ.		
10.	1.	നടുവക്കാട് - പൂഴിക്കുന്ന് - മാടാരു കുണ്ട് റോഡ് നിർമ്മാണം	1 കി.മീ.		
	2.	മൂലക്കടത്ത് - പത്ര മുണ്ടകോളനി റോഡ് (വഴി എൽ.പി. സ്കൂൾ സൈറ്റ്)	1 കി.മീ.		
11.	1.	ചെങ്ങര യു.പി. സ്കൂൾ - തടപ്പറമ്പ് - കൂടാവ് റോഡ്. നിർമ്മാണം	1200 മീ.		
	2.	ചെങ്ങര എ.എം. എൽ.പി. സ്കൂൾ - പനക്കൽപടി റോഡ് നിർമ്മാണം	400 മീ.		
	3.	കാവുങ്ങൽ കണ്ടി - പള്ളിപ്പടി റോഡ്	750 മീ.		
	4.	തുറക്കൽ പടി - ചെക്കൊളം	250 മീ.		
	5.	കവുത്തിരിക്കൻ - കയറ്റിച്ചാൽ മൈലാടി റോഡ്	900 മീ.		
	6.	കോട്ടക്കുത്ത് പാറ പൊറ്റ - പട്ടുപ്പിൻ കുന്നു റോഡ്	600 മീ.		
	7.	തുറക്കൽ - പൊക്കുണ്ട് അക്കര റോഡ്	500 മീ.		
	8.	ചെങ്ങര അങ്ങാടി - പനക്കത്തോടു - നായർകണ്ടി- തമ്പ്രാംകുളം - മണ്ണാത്തിക്കണ്ടി - മുത്തച്ചൻകാവ് നടപ്പാത	1.6 കി.മീ.		
	9.	ചെങ്ങര അങ്ങാടി - തച്ചോടി - തുറക്കൽ പടി - ചെറിഞ്ഞിക്കുണ്ടു നടപ്പാത നിർമ്മാണം	1 കി.മീ.		

ഊർജ്ജം

കാവന്നൂർ പഞ്ചായത്തിലെ കാവന്നൂർ, ഇരിവേറ്റി, എളയൂർ എന്നീ പ്രദേശങ്ങളിൽ വൈദ്യുതി എത്തിയത് 1978 -ൽ ആണ്. വർഷങ്ങൾക്ക് മുമ്പ് ആരംഭിച്ച പ്രവൃത്തി പൂർത്തീകരിക്കപ്പെടാതിരുന്നപ്പോൾ അന്നു പഞ്ചായത്ത് പ്രസിഡൻറും ജില്ലാ വികസന സമിതി അംഗവുമായിരുന്ന വി. സൈതലവി ഹാജി ഡി.ഡി സി യോഗത്തിൽ നിലത്തിരുന്ന് സമരം നടത്തി ജില്ലാ കലക്ടറും അധികൃതരും രണ്ടു മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കാമെന്ന് ഉറപ്പു കൊടുത്തു. അങ്ങനെ മാസങ്ങൾക്കം കാവനൂരിലെ വൈദ്യുതി വിതരണോദ്ഘാടനം നടന്നു. ഈ സംഭവം ഈ പ്രദേശത്തെ മുതിർന്നവരെല്ലാം ഇന്നും ഓർക്കുന്നുണ്ട്.

അതിനു മുമ്പ് അരീക്കോട് നിന്നും ഒന്നാം വാർഡിലെ ഏതാനും വീടുകൾക്കും പുല്പറ്റയിൽ നിന്നും 11-ാം വാർഡിലെ ഏതാനും വീടുകൾക്കും മാത്രാണ് കണക്ഷൻ ഉണ്ടായിരുന്നത് പിന്നീട് വാക്കാലൂരിൽ 1991 ലും വടക്കുമ്മലയിൽ 1994 ലും ചെങ്ങര മേലെമുക്കിൽ 1995 ലും വൈദ്യുതി എത്തി. എല്ലാ വാർഡുകളിലും വൈദ്യുതി എത്തിയിട്ടുണ്ടെങ്കിലും പലതിലും പൂർണ്ണമായിട്ടില്ല. പ്രത്യേകിച്ചും 2,3,9,11 വാർഡുകളിൽ കുറച്ചു ഭാഗങ്ങൾ മാത്രമേ വൈദ്യുതീകരിച്ചിട്ടുള്ളൂ.

എലിയാപറമ്പ്, സ്രാഞ്ചിക്കൈ ഭാഗങ്ങളിലേക്കുള്ള വൈദ്യുതി ലൈനുകളുടെ പണി ഒ.ടി.പി യിൽ പെടുത്തി ഏതാണ്ടു പൂർത്തിയായി വരുന്നു. സാമഗ്രികൾ ലഭിക്കാത്തതാണു താമസത്തിനു കാരണം. ചെങ്ങര ചൊക്കൊളം, ചക്കൈ പള്ളിയാളി ഭാഗത്തേക്കുള്ള ലൈനിനു മിനിമം ഗ്യാരണ്ടി വെച്ചിട്ട് വർഷങ്ങളായെങ്കിലും പ്രവൃത്തി ആരംഭിച്ചിട്ടില്ല. 7-ാം വാർഡിലെ വടക്കുമ്മല മേലെ ഭാഗത്തുള്ള ലൈനിന് ഈ വർഷം മിനിമം ഗ്യാരണ്ടി വെക്കുകയും പാറാട്ടുകുണ്ട് ഭാഗത്തേക്കുള്ള ലൈനിന് എസ്റ്റിമേറ്റ് തയ്യാറാക്കി വരികയും ചെയ്യുന്നു.

മഞ്ചേരി,കിഴിശ്ശേരി സബ്സ്റ്റേഷനുകളിൽ നിന്നാണ് ഇവിടെ വൈദ്യുതി എത്തുന്നത്.

ഈ പഞ്ചായത്തിന്റെ വൈദ്യുതി വിതരണ സ്ഥിതി വിവിരക്കണക്ക് താഴെ ചേർക്കുന്നു.

1. നിലവിലുള്ള ഉപഭോക്താക്കൾ

ഗാർഹികം	1758
വ്യാപാരം	317
വ്യാവസായികം	78
കാർഷികം	394

2. കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ള അപേക്ഷകരുടെ എണ്ണം :-

ഓഡിനറി	- 203
O TP	- 75
O Y E C	- 150

3. സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം :-

ബൾബ് - 94

ട്യൂബ് - 10

സോഡിയം വേപ്പർ - 15

പ്രതിമാസം പഞ്ചായത്തിൽ നിന്ന് അടയ്ക്കുന്ന തുക - 4815ക.

4. ആകെ വൈദ്യുതീകരിച്ച ഹരിജൻ കോളനികൾ - 6

5. തൽവർഷത്തെ കണക്ഷൻ :-

ഓഡിനറി - 188

O T P - 35

O Y E C - 179

6. പഞ്ചായത്ത് പരിധിയിൽ വൈദ്യുതി വിതരണം ചെയ്യുന്ന LT ട്രാൻസ്ഫോർമറുകളുടെ എണ്ണം - 12.

മൊത്തം 5788 വീടുകളുള്ളതിൽ 1758 വീടുകൾ വൈദ്യുതീകരിച്ചിട്ടുണ്ട്. 30 ശതമാനം വീടുകൾ മാത്രം. ഇനിയും വൈദ്യുതീകരിക്കേണ്ട 4030 വീടുകൾ ഉണ്ടെന്നർത്ഥം.

ഈ പഞ്ചായത്തിന്റെ വിവിധ കേന്ദ്രങ്ങളിലായി സ്ഥാപിക്കപ്പെട്ടിട്ടുള്ള 119 തെരുവ് വിളക്കുകൾക്ക് പ്രതിമാസം 4815 രൂപ പഞ്ചായത്തിൽ നിന്നടച്ചു വരുന്നു.

പാചകാവശ്യത്തിന് ഭൂരിപക്ഷം വീടുകളും വിറകിനെയാണ് ആശ്രയിക്കുന്നത്, വിറകുകൾ വാങ്ങി ഉപയോഗിക്കുന്നവരുടെ എണ്ണം താരതമ്യേന കുറവാണ്. വിറകിന്റെ ലഭ്യതകുറഞ്ഞ് വരുന്നു. സൗരോർജ്ജത്തിന്റെ ഉപയോഗം വളരെകുറവാണ് എന്നാലും വൈദ്യുതി എത്തിക്കാൻ പ്രയാസമുള്ള ഭാഗങ്ങളിൽ സൗരോർജ്ജസാധ്യതകൾ ധാരളമുണ്ട്. സൗരോർജ്ജം, കാറ്റിൽ നിന്നുള്ള വൈദ്യുതി ഉൽപാദിപ്പിക്കൽ എന്നിവയെ സംബന്ധിച്ചുള്ള സാധ്യതകൾ ആരായാവുന്നതാണ്.

പ്രശ്നങ്ങൾ

1. പഞ്ചായത്തിന്റെ ഭൂരിഭാഗം സ്ഥലത്തും വൈദ്യുതി എത്തിയിട്ടില്ല.

2. വോൾട്ടേജ് ക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്നു.

3. C.D. അടച്ചും O YEC അടച്ചും വൈദ്യുതി കണക്ഷൻ കാത്തിരിക്കുന്ന ഏറെ പ്പേരുണ്ട്.

4. വോൾട്ടേജ് ക്ഷാമം കാരണം കൃഷിക്കും വ്യവസായത്തിനും വേണ്ടത്ര വൈദ്യുതി ഉപയോഗിക്കുവാൻ സാധിക്കുന്നില്ല.

5. വൈദ്യുതി ലൈനുകളിൽ തട്ടുന്ന മരച്ചില്ലകൾ യഥാസമയം വെട്ടിമാറ്റാത്തത് വൈദ്യുതി നഷ്ടത്തിനിടയാക്കുന്നു.

6. സാധാരണ ബൾബുകൾ ഉപയോഗിക്കുന്നത് മൂലം വൈദ്യുതി കൂടുതൽ ചിലവാകുന്നു.

7. വൈദ്യുതി ഉപയോഗത്തിന്റെ കാര്യത്തിൽ ജനങ്ങൾക്ക് ശരിയായ ബോധവൽക്കരണം ലഭിക്കുന്നില്ല.

8. വൈദ്യുതി ലഭിക്കാൻ പ്രയാസമുള്ള കേന്ദ്രങ്ങളിൽ അനർട്ടിന്റെ സഹായത്തോടെ സൗരോർജ്ജപദ്ധതികൾ നടപ്പിലാക്കാനുള്ള ശ്രമങ്ങൾ ഉണ്ടാകുന്നില്ല.

9. പഞ്ചായത്തിൽ മൊത്തം 40 പട്ടികജാതി കോളനികൾ ഉണ്ടെങ്കിലും അവയിൽ വളരെ കുറച്ചുമാത്രമേ വൈദ്യുതീകരിച്ചിട്ടുള്ളൂ.

10. വൈദ്യുതി ചാർജ് അടക്കാൻ പഞ്ചായത്തിലെ ജനങ്ങൾക്ക് കിലോമീറ്ററുകൾക്കപ്പുറമുള്ള അരീക്കോട് പോകേണ്ടിവരുന്നു.

12. മതിയായ കണക്ഷൻ കൊടുക്കാനാവശ്യമായ പോസ്റ്റുകളും സാധന സാമഗ്രികളും ലഭിക്കുന്നില്ല.

13. പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ പ്രധാന നിരത്തുകളിൽ തെരുവുവിളക്കുകൾ സ്ഥാപിക്കണമെന്നും, പ്രധാന കവലകളിൽ സോഡിയം വെപ്പർ ലാമ്പുകൾ സ്ഥാപിക്കണമെന്നുമുള്ള ആവശ്യങ്ങൾ ഗ്രാമസഭകളിൽ നിന്നുയർത്തിട്ടുണ്ട്.

പരിഹാരങ്ങൾ

1. പഞ്ചായത്തിൽ താഴെ പറയുന്ന വൈദ്യുതി ലൈനുകളുടെ പ്രവൃത്തികൾ അടിയന്തരമായി പൂർത്തിയാക്കാൻ നടപടികൾ കൈ കൊള്ളുക.

1. എലിയാപറമ്പ്
2. സ്രാഞ്ചിക്കൈ
3. ചെങ്ങര ചൊക്കൊളം ഭാഗം
4. വടക്കുംമല മേലേ ഭാഗം
5. പാറാട്ട് കുണ്ട് ഭാഗം

2. പഞ്ചായത്തിൽ വൈദ്യുതി എത്താത്ത താഴെപറയുന്ന കോളനികളിലും, പ്രദേശങ്ങളിലും വൈദ്യുതി എത്തിക്കാനുള്ള നടപടികൾ സ്വീകരിക്കുക.

കോളനികൾ

1. രേവിതോട് കോളനി
2. ആനപ്പാറ പറോച്ചാൽ കോളനി
3. കുഴുമൂളി കോളനി
4. ചീരക്കുഴി കോളനി
5. ഉരുളിയൻകുത്ത് കോളനി
6. ചെമ്പനികുന്ന് - കുട്ടശ്ശൂരിക്കണ്ടി
7. പുലിയാറകുന്ന്
8. ഇരുൾകുന്ന്
9. എടക്കരകുന്ന്
10. വളരുകുന്ന്
11. കരുപ്പാപള്ളി
12. ചപ്പങ്ങാതോട്ടം
13. വാരിയത്ത്കുന്ന്
14. കാഞ്ഞിരമല

15. കോട്ടിയാട്ടിൽ
16. കരുവാട്ട് - അമ്പലകുന്ന്
17. അനങ്ങംപാറ
18. മുത്തപ്പൻ കാവ്
19. കല്ലുപ്പാറ
20. കോട്ടേപ്പാടം
21. തേനീരികുന്ന്
22. അങ്കത്ത് കോളനി
23. വടക്കേപറമ്പ്
24. കോട്ട
25. ചൊവ്വരത്ത് കുണ്ട്
26. പരിയാരത്ത് പറമ്പ്
27. പാലപ്പറ്റകുന്നുമ്മൽ
28. തൊണ്ടിയോട്
29. പത്രമുണ്ട
30. തമ്പരാൻകുളം - പുളിക്കൽക്കണ്ടി
31. പന്നിയൻ കുന്ന്
32. എടയനൂർ
33. കുഴിപ്പുളകുന്ന്
34. പെരുവാംകുണ്ട് കോളനി
35. ഇരുവേറ്റി മുതുവാൻ പട്ടികവർഗ്ഗ കോളനി
36. മനിച്ചികുന്ന്
37. തടപ്പറമ്പ് കോളനി

3. വൈദ്യുതികരിക്കാത്ത പ്രദേശങ്ങൾ

വാർഡ് - 1
1. മരക്കാട്
2. തച്ചൻങ്ങോട്
3. പാലനാട്
4. പരതയിൽ ഭാഗം
5. ചെറാട്ട് കണ്ടം
6. മുത്തിച്ചിച്ചാൽ
7. തട്ടാൻകുന്ന്
8. കളത്തിങ്ങൽ
9. അമ്പലക്കണ്ടി

വാർഡ് - 2
1. മേച്ചേരിപുറായ്
2. ചോലക്കൽ
3. പരികര
4. കൈതറ
5. മരക്കാട്ടുകപുറത്ത് പുറായി

വാർഡ് - 3
1. പാലക്കാപറമ്പ് - അണ്ടിക്കട്ടിച്ചാൽ ഏരിയ
2. പാലക്കാപറമ്പ് - തുവ്വകൈ ഭാഗം
3. അണ്ടികെട്ടിച്ചാൽ - ആലുങ്ങാപറമ്പ്
4. കാരകുന്ന് - പൈക്കലാൻകുണ്ട്
5. മാമ്പുഴമുക്ക്

വാർഡ് - 4
1. വടക്കുംമുറി - കിളിക്കല്ല് ഏരിയ

വാർഡ് - 5
1. വളയിൽമുക്ക്
2. പട്ടർ കാവുങ്ങൽ
3. വാളാടികുണ്ട്
4. വള്ളിക്കാട്
5. വേനക്കൽ

വാർഡ് - 6
1. പുന്നക്കോട്
2. പാലശ്ശേരികുന്ന്
3. പോത്തുംകുന്ന്
4. പുവ്വത്തികുന്ന്

വാർഡ് - 7
1. വടക്കുംമല മേലേഭാഗം
2. പാറാട്ട് കുണ്ട്
3. മണക്കാട്
4. മരുതൻകുന്ന്
5. മുല്ലേങ്ങൽകുന്ന്

വാർഡ് - 8
ലക്ഷം വീട് കോളനി

വാർഡ് - 9
1. സാഞ്ചിക്കൈ
2. ചോല
3. പൊട്ടണം ചാലികുണ്ട്
4. വടക്കേപുറം
5. പുളിക്കലക്കണ്ടി

വാർഡ് - 10
1. മൂലക്കുടം
2. ചക്യാപള്ളിയാളി
3. മാടാർകുണ്ട് തടം

വാർഡ് - 11
1. പള്ളിക്കണ്ടി - നായർക്കണ്ടിഭാഗം
2. പൂളക്കോട് - പൊക്കുണ്ട് ഏരിയ
3. തമ്പ്രാൻകുളം സ്കൂൾ - തുറക്കൽ വരെ.
4. ആലുങ്ങൽകുണ്ട് - നെല്ലിയാട്വരെ
5. തടപ്പറമ്പ് - പനമ്പത്ത് കോളനി
6. പള്ളിക്കത്തൊടി ഏരിയ
7. ചെങ്ങരതൊടി - തമ്പ്രാൻകുളം ഏരിയ

3. പഞ്ചായത്തിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് നിലവിലുള്ള സിങ്കിൾ ഫേസുകൾ ത്രീ ഫേസുകളാക്കി മാറ്റുക.

4. പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും നിലവിലുള്ളവ പുനഃക്രമീകരിക്കുകയും ചെയ്യുക.

5. വൈദ്യുത വിതരണ ലൈനനുകളിൽ തട്ടുന്ന മരച്ചില്ലകളും മറ്റും വെട്ടി മാറ്റുന്നതിന് പ്രാദേശിക സഹകരണത്തോടെ കെ.എസ്.ഇ.ബി യുടെ നേതൃത്വത്തിൽ സംവിധാനമുണ്ടാകണം.

6. പ്രാദേശിക തലത്തിൽ ഇലക്ട്രിസിറ്റി കൺസ്യൂമർ അസോസിയേഷൻ രൂപീകരിച്ച് വൈദ്യുതി രംഗത്ത് പൊതുജനസഹകരണം ലഭ്യമാക്കാവുന്നതാണ്.

7. വൈദ്യുതി ഉപയോഗം ഗണ്യമായി കുറക്കാൻ കഴുയുന്ന സി.എഫ്.എൽ (ക്രോം പാക്ട് ഫ്ലൂറസൻറ് ലാംബ്) പഞ്ചായത്തിനകത്ത് വ്യാപകമായി ഉപയോഗത്തിൽ കൊണ്ടു വരണം.

8. ഭൂരിഭാഗം വീടുകളിലും വിറക് അടുപ്പുകൾ ഉപയോഗിക്കുന്നതിനാൽ പുകമൂലമുള്ള ആരോഗ്യപ്രശ്നങ്ങൾക്ക് സാധ്യതയുണ്ട്. പുകയില്ലാത്തതും ഇന്ധനനഷ്ടം കുറക്കുന്നതുമായ അടുപ്പുകൾ വ്യാപിക്കുന്നതിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

9. അംഗൻവാടികൾ, സ്കൂളുകൾ, ഹോട്ടലുകൾ തുടങ്ങിയ സ്ഥാപനങ്ങളിൽ കമ്മ്യൂണിറ്റി അടുപ്പുകൾ സ്ഥാപിച്ചു ഇന്ധനലാഭം ഉണ്ടാക്കാവുന്നതാണ്.

10. അനർട്ടിൻെറയും ഐ.ആർ.ഇ.പി യുടേയും ഊർജ്ജസംരക്ഷണ ഉപകരണങ്ങളായ അടുപ്പുകൾ, സി.എഫ്. എൽ പ്രഷർ കുക്കറുകൾ, മെച്ചപ്പെട്ട മണ്ണെണ്ണ സ്റ്റൗ, ഇലക്ട്രോണിക് ചോക്ക്, സോളാർ സെല്ലുകൾ, ഫൂട്ട് വാൾവ്, കച്ചിപ്പെട്ടി എന്നിവയുടെ വിതരണം കാര്യക്ഷമമാക്കുക.

11. അനർട്ടിൻെറ ഒരു കേന്ദ്രം പഞ്ചായത്തിൽ സ്ഥാപിക്കുകയും പഞ്ചായത്തിലെ കുറെയാളുകൾക്കെങ്കിലും ഇവയുടെ നിർമാണത്തിൽ പരിശീലനം നല്കുകയും ചെയ്യുക.

12. വൈദ്യുതി ഉദ്യോഗസ്ഥരും ഉപഭോഗ്താക്കളും തമ്മിൽ സമ്പർക്കത്തിനുള്ള വേദിയൊരുക്കുക. 6 മാസത്തിലൊരിക്കലെങ്കിലും 'മുഖാമുഖം' പരിപാടി സംഘടിപ്പിക്കാവുന്നതാണ്.

13. വൈദ്യുതിയുടെ ഒരു സെക്ഷൻ ഓഫീസോ, അല്ലാത്ത പക്ഷം സെക്ഷൻെറ സബ് ഓഫീസോ കാവന്നൂരിൽ സ്ഥാപിക്കുക.

14. വൈദ്യുതി ചാർജ് സ്വീകരിക്കുന്നതിനുള്ള സംവിധാനം കാവന്നൂരിൽ ഏർപ്പെടുത്തുക.

15. പഞ്ചായത്തിൽ ഒരു സബ്സ്റ്റേഷൻ സ്ഥാപിക്കുക.

16. പഞ്ചായത്തിലേക്കാവശ്യമായ ഇലക്ട്രിക് പോസ്റ്റുകൾ ഉണ്ടാകുന്നതിനുള്ള യാർഡുകൾ പഞ്ചായത്തിൽ തന്നെ കണ്ടെത്തുക.

17. ജനപങ്കാളിത്തം ഉറപ്പുവരുത്തുന്ന പ്രവൃത്തികൾക്ക് മുൻഗണന നല്കുക.

18. ഗോബർ ഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കുന്നതിനുള്ള പ്രോത്സാഹനവും പ്രേരണയും നല്കുക.

19. വിറക് ലക്ഷ്യം വെച്ചുകൊണ്ടുള്ള സാമൂഹ്യവനവൽക്കരണ പരിപാടി ജനകീയ പങ്കാളിത്തത്തോടെ നടപ്പാക്കുക.

20. റേഷൻ കടകളിലൂടെ മണ്ണെണ്ണ വിതരണ കൂപ്പൺ കാർഡുകൾക്ക് വർദ്ധിപ്പിക്കുക.

മാർക്കറ്റ്

പഞ്ചായത്തിലുള്ളവർ പ്രധാനമായും അരീക്കോട്, മഞ്ചേരി മാർക്കറ്റുകളെയാണ് ആശ്രയിക്കുന്നത്. കാർഷികോത്പന്നങ്ങളും മറ്റും കോഴിക്കോട് പട്ടണത്തിലേക്ക് അയക്കുന്നു. പഞ്ചായത്തിൻെറ ആ സ്ഥാനത്ത് ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു മാർക്കറ്റ് സ്ഥാപിക്കുന്നത് ഈ പ്രദേശത്തെ കർഷകർക്കും ചെറുകിട വ്യവസായികൾക്കും കൂടുതൽ അനുഗ്രഹമായിരിക്കും. അതുപോലെ പഞ്ചായത്ത് ആസ്ഥാനത്തും മറ്റു പ്രധാന കേന്ദ്രങ്ങളിലും മത്സ്യ - മാംസ മാർക്കറ്റ് ആവശ്യമാണ്. ആധുനിക സൗകര്യങ്ങളോട് കൂടിയ ഒരു അറവുശാല നിർമ്മിക്കേണ്ടതും ഒരടിയന്തിര പ്രധാന്യമുള്ള കാര്യമാണ്.



4 - 7

പാർപ്പിടവും സാമൂഹ്യക്ഷേമവും

വിദ്യാഭ്യാസപരമായി പിന്നോക്കം നില്ക്കുന്ന ഒരു പ്രദേശമാണ് കാവനൂർ പഞ്ചായത്ത്. ഇടത്തരം ഉയർന്ന വിഭാഗത്തിൽ പെട്ടവർ മാത്രമാണ് ഉപരിപഠനത്തിലൂടെ പുരോഗതിയിൽ എത്തിയത്. കൂലിപണിക്കാരാണ് ജനങ്ങളിൽ അധികവും.

ഭവനനിർമ്മാണത്തിന് ആവശ്യമായ ഓട്, ചെങ്കല്ല്, കരിങ്കല്ല്, മണൽ, മെറ്റൽ എന്നിവ ഈ പഞ്ചായത്തിൽ തന്നെ ലഭ്യമാണ്. ആവശ്യത്തിന് തികയുന്നില്ലെങ്കിലും മരവും ലഭ്യമാണ്. ഇവിടുത്തെ കരിങ്കല്ലും, ചെങ്കല്ലും ഗുണമേന്മയുള്ളതിനാൽ അയൽ ദിക്കുകളിലേക്ക് കയറ്റിപ്പോകുന്നുണ്ട്.

ചെറിയ വീടുകളും ഇടത്തരം വീടുകളുമാണധികവും. ആർഭാടമുള്ള വീടുകൾ ഉണ്ടാക്കുവാനുള്ള പ്രവണത വ്യാപകമാണ്. വീടുകളധികവും ഓടിട്ടതാണെങ്കിലും 996 എണ്ണം ഓലമേഞ്ഞവയാണ്. മൊത്തം വീടുകളുടെ എണ്ണം 5788 ആണ് ഏറ്റവും പുതിയ കണക്ക്. 2023 വീടുകൾക്ക് ആരോഗ്യകരമായ കക്കൂസുകൾ ഇല്ല. വിവിധ ഏജൻസികളിൽ നിന്നായി 289 കക്കൂസുകൾ മാത്രമാണ് ഇതുവരെ ലഭ്യമായിട്ടുള്ളത്.

ജനങ്ങളധികവും അവിദഗ്ധ തൊഴിലാളികൾ ആയതിനാൽ നിത്യജോലിയും സ്ഥിരവരുമാനവും കുറവാണ്. എന്നാൽ പുറം നാട്ടുകാർക്കിവിടെ ജോലിയും അവർക്ക് ആകർഷകമായ കൂലിയും ലഭിക്കുന്നുണ്ട് എന്നത് ശ്രദ്ധേയമാണ്. നല്ല ഒരു തുക ഈ ഇനത്തിൽ പഞ്ചായത്തിൽനിന്ന് പുറത്തേക്ക് ഒഴുകുന്നു. ഗൾഫിൽ ജോലിതേടി പോകുന്ന പ്രവണത ഒരു ദശകത്തിന് മുൻപ് മുതലാണ് ഈ പഞ്ചായത്തിൽ വ്യാപകമായി തുടങ്ങിയത്. ഇപ്പോൾ 500ലധികം കുടുംബങ്ങളിൽനിന്ന് 650 ൽ അധികം ആളുകൾ വിദേശങ്ങളിൽ ജോലി ചെയ്യുന്നതായി കണക്കാക്കുന്നു. ഇവരിൽതന്നെ സാമ്പത്തികമായി ഗണനീയമായ നേട്ടങ്ങളുണ്ടാക്കിയവർ കുറവാണ്. നാട്ടിലെത്തുന്ന ഗൾഫ് സമ്പാദ്യത്തിന്റെ ഏറിയ പങ്കും "റോഡുവക്കിൽ പത്തുസെന്റും അതിലൊരു ആർഭാടം നിറഞ്ഞ വീടും" നിർമ്മിക്കുവാനാണ് ഉപയോഗപ്പെടുത്തുന്നത്. പ്രത്യുൽപാദനപരമല്ലാത്ത ഈ ദുർവ്യയം നിരുത്സാഹപ്പെടുത്തേണ്ടതാണ്. റോഡുവക്കിലെ വയലുകൾ മണ്ണിട്ട് നികത്തിക്കൊണ്ടിരിക്കുന്നുവെന്നതും ഈ പ്രവണതയുടെ ഒരു ദോഷവശമാണ്.

പാർപ്പിട നിർമ്മാണരംഗത്തിനും പരമ്പരാഗതമായ രീതികളാണ് സ്വീകരിച്ചിട്ടുള്ളത്. ചെലവു കുറഞ്ഞതും സൗകര്യപ്രദവുമായ വീടുകൾ നിർമ്മിക്കുന്നതിനാവശ്യമായ സാങ്കേതിക ജ്ഞാനം ഫലപ്രദമായി ജനങ്ങൾ സ്വീകരിക്കുന്നില്ല. കെട്ടിട നിർമ്മാണം ഒരു നല്ല തൊഴിൽ

മേഖലയായി വളർന്നതിനാൽ കൂടുതൽ തൊഴിലാളികളും ഈ മേഖലയിലേക്ക് തിരിഞ്ഞിരിക്കുന്നു. എന്നാലും ഈ മേഖലയിൽ വിദഗ്ദ്ധ തൊഴിലാളികളുടെ കുറവ് അനുഭവപ്പെടുന്നുണ്ട്. പുറമെ നിന്നെത്തുന്ന തൊഴിലാളികളാണ് ഈ കുറവ് നികത്തുന്നത്. വളരെ ആകർഷകമായ കൂലിയാണ് ഈ മേഖലയിൽ തൊഴിലാളികൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്നത്. ഈ പ്രവണത കാർഷികമേഖലകളിലെ തൊഴിലാളി ലഭ്യതയെയാണ് ബാധിക്കുന്നത്.

ഗ്രാമസഭകളിലുയർന്ന നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് താഴെ കൊടുക്കുന്നു.

1. ലക്ഷംവീട് കോളനികൾക്ക് നാലു പ്രദേശങ്ങളിലായി സ്ഥലം കണ്ടെത്തിയിട്ടുണ്ട്. ഇവയിൽ രണ്ട് സ്ഥലങ്ങളിൽ വീടുകൾ ഉയർന്നു. രണ്ടു പ്രദേശങ്ങളിൽ ഭവനരഹിതർക്ക് സ്ഥലം സ്വന്തം പേരിൽ പതിച്ചുകൊടുത്ത് വിവിധ ഏജൻസികളുടെ സഹായത്തോടെ വീട് നിർമ്മിക്കുകയാണ് ചെയ്തിട്ടുള്ളത്. ഒരു IHDP കോളനിയും പഞ്ചായത്തിലുണ്ട്. ലക്ഷം വീട് കോളനികളിലെ വീടുകൾ വളരെ ശോചനീയമായ അവസ്ഥയിലാണ്. വൈദ്യുതി, വെള്ളം, റോഡ്, തുടങ്ങി അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതുണ്ട്. വീട് സ്വന്തമായി ലഭിച്ചതാണെങ്കിലും സ്വന്തം വീടെന്ന ധാരണ ഇവർക്കില്ലാതെ പോകുന്നു. വീടിന്റെ നിലനിൽപിനും അഭിവൃദ്ധിക്കും മുതൽമുടക്കാൻ ഇവർ തയ്യാറാകുന്നില്ല. രണ്ട് കുടുംബങ്ങൾക്ക് ഒരേ കെട്ടിടത്തിലെരണ്ട് ഭാഗം വീതിച്ചുകൊടുത്തതാണ് ഇതിനു പ്രധാന കാരണം.

2. സ്വന്തമായി വീടില്ലാത്തവർക്ക് വീട് ഉണ്ടാക്കി കൊടുക്കേണ്ടത് ഒരു സാമൂഹ്യബാധ്യതയാണ്. അടുത്ത അഞ്ചു വർഷത്തിനകം ഈ പ്രശ്നം പരിഹരിക്കുവാൻ പരിപാടി തയ്യാറാക്കേണ്ടതുണ്ട്. സ്ഥലം പഞ്ചായത്ത് വിലക്കു വാങ്ങി നാലുസെന്റ് വീതം പതിച്ചുകൊടുത്ത് വീട് നിർമ്മിക്കുവാൻ നിലവിലുള്ള പദ്ധതി കാര്യക്ഷമമാക്കേണ്ടതുണ്ട്. ഓരോ വാർഡിലും ഓരോ സ്ഥലങ്ങൾ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചെടുത്ത് അർഹരായവർക്ക് പതിച്ചു നൽകാനുള്ള സംവിധാനം ഉണ്ടാവണം. സർക്കാർ തലത്തിൽനിന്നും ലഭ്യമാകുന്ന സഹായങ്ങളും സന്നദ്ധ സേവന സംഘടനകളുടെ പങ്കാളിത്തവും സംയോജിപ്പിച്ച് ഇതിനുള്ള ഫണ്ട് കണ്ടെത്താവുന്നതാണ്.

3. സ്വന്തമായി ഭൂമിയുണ്ടായിട്ടും വീട് വയ്ക്കാൻ കഴിയാത്തവരാണ് മറ്റൊരുവിഭാഗം; ഇവർക്ക് വീടുവയ്ക്കാൻ ആവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ സംവിധാനമുണ്ടാവണം. കുറഞ്ഞ പലിശനിരക്കിൽ വായ്പ കൊടുക്കാൻ കഴിയുന്ന ഭവനസഹകരണ സംഘങ്ങളെ സംബന്ധിച്ച്. ആലോചിക്കാവുന്നതാണ്. വീട് ആവശ്യമുള്ളവർക്ക് സ്വയം സ്വരൂപിക്കാൻ കഴിയുന്ന സാമ്പത്തിക സ്രോതസ്സുകളെ സംബന്ധിച്ച് പഠിച്ച് അതിലേക്ക് പൂരകമായി സാമ്പത്തിക സഹായം നൽകുന്ന സംവിധാനവും പരിഗണിക്കാവുന്നതാണ്. സമൂഹത്തിലെ ഏറ്റവും ദുർബലരായ വിഭാഗങ്ങൾക്ക് വീടുണ്ടാക്കിക്കൊടുക്കാനുള്ള സംവിധാനവും കണ്ടെത്തേതുണ്ട്. ഗുണഭോക്താക്കൾ അദ്ധ്വാനശേഷിയുള്ളവരാണെങ്കിൽ അവരുടെ കായികാദ്ധ്വാനം ഈ സംരംഭത്തിലേക്ക് പരമാവധി മുതൽകൂട്ടണം. പഞ്ചായത്തിൽ ഇപ്പോൾ ലഭ്യമായ പുറംപോക്കുകളും മിച്ചഭൂമിയും അവശവിഭാഗങ്ങൾക്ക് വീട് നിർമ്മാണത്തിന് പതിച്ചുകൊടുക്കേണ്ടതാണ്.

4. വീട് കാലാവസ്ഥക്കും ആരോഗ്യകരമായ ജീവിതരീതിക്കും യോജിച്ചതായിരിക്കണമെന്ന അടിസ്ഥാനപരമായ ബോധം ജനങ്ങളിൽ ഉണ്ടാകേണ്ടതുണ്ട്.

5. ചെലവ് കുറഞ്ഞതും ഉറപ്പേറിയതുമായ വീടുകൾ നിർമ്മിക്കുന്നതിന് പ്രേരണ നൽകുകയും അത്തരം വീടുകൾ നിർമ്മിക്കുന്നതിനുള്ള സാങ്കേതിക പരിശീലനം നിർമ്മാണ തൊഴിലാളികൾക്ക് പഞ്ചായത്ത് തലത്തിൽ ലഭ്യ

മാക്കുകയും ചെയ്യുക. വീട് നിർമ്മാണത്തിന് സാമ്പത്തിക സഹായം നൽകുന്ന ഏജൻസികളുടെ പ്രവർത്തനം പഞ്ചായത്ത് തലത്തിൽ ഏകോപിപ്പിക്കുകയും ചട്ടവട്ടങ്ങൾ ലളിതമാക്കുകയും ചെയ്യുക. ഇവയെ സംബന്ധിച്ച വ്യക്തമായ ധാരണ ജനങ്ങൾക്ക് നൽകുകയും വേണം.

6. കെട്ടിട നിർമ്മാണത്തിനുള്ള സാമ്പത്തികസഹായം, വായ്പ തുടങ്ങിയവയിലുള്ള അപേക്ഷകൾ എല്ലാം പഞ്ചായത്ത് തലത്തിൽ തന്നെ കൈകാര്യം ചെയ്യുക. എല്ലാറ്റിന്റെയും രേഖകൾ പഞ്ചായത്തിൽ സൂക്ഷിക്കുക.

7. കാലികമായ രീതിയിൽ ഭവനനിർമ്മാണത്തിനുള്ള വായ്പകളും സഹായധനങ്ങളും വർദ്ധിപ്പിക്കേണ്ടതാണ്.

8. വയൽനിരത്തി കെട്ടിടം വയ്ക്കുന്ന പ്രവണത തടയാനുള്ള ഫലപ്രദമായ നിയമനിർമ്മാണവും പഞ്ചായത്ത് തലത്തിൽ അത് നിരീക്ഷിക്കുന്നതിനുള്ള സംവിധാനവും ഉണ്ടാവണം.

9. വൻതുക മുടക്കി പഞ്ചായത്തിൽ നിർമ്മിക്കുന്ന ആർഭാടം നിറഞ്ഞ കെട്ടിടങ്ങളുടെ നിർമ്മാണചെലവിന്റെ 1% സെസ് ആയി പിരിക്കുകയും ആയത് പാവപ്പെട്ടവരുടെ വീട് നിർമ്മാണത്തിന് നൽകുന്ന സഹായഫണ്ടിലേക്ക് നീക്കിവക്കുകയും ചെയ്യുക.

10. കെട്ടിട നിർമ്മാണ സാമഗ്രികൾ മിതമായ വിലക്ക് ലഭ്യമാകുന്ന സംവിധാനം ഉണ്ടാക്കണം. പഞ്ചായത്ത് തലത്തിൽ നിർമ്മാണ സഹകരണ സംഘം ഇതിലേക്കായി രൂപീകരിക്കാവുന്നതാണ്. കെട്ടിട നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റം പിടിച്ചുനിർത്താനുള്ള സംവിധാനം ഇതിന്റെ ഭാഗമായുണ്ടാവണം.

11. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗത്തിൽ 745 വീടുകൾക്കുള്ള ആവശ്യം ഗ്രാമസഭകളിൽ ഉയർന്നുവന്നിട്ടുണ്ട്. സമയബന്ധിതമായി പരിഹാരം കാണണം.

വീടുകളുടെ തരം തിരിവ് പട്ടിക

1995 – 96 കൂടി

വാർഡ്	ഓട്	ടെറസ്	ഓല	ആകെ
1	535	9	69	613
2	231	3	164	398
3	345	8	178	531
4	544	24	114	682
5	670	36	156	862
6	548	15	87	650
7	432	4	78	514
8	437	8	50	495
9	404	14	41	459
10	493	19	59	571
ആകെ	4639	140	996	5775

അവലംബം: കെട്ടിടനികുതി അസസ്മെന്റ് റജിസ്റ്റർ

സാമൂഹ്യക്ഷേമം

വഴിയാത്രക്കാരന് സംഭാരവും ദാഹജലവും ലഭിച്ചിരുന്ന തണ്ണീർപന്തലുകൾ, തണൽമരങ്ങൾ അത്താണികൾ, മൃഗങ്ങൾക്ക് ദാഹജലം നൽകിയിരുന്ന വഴിയോരങ്ങളിലെ കൽത്തൊട്ടികൾ...! ഇന്നലെകളുടെ സാമൂഹ്യക്ഷേമരംഗം പഴമക്കാരുടെ ഓർമ്മകളിൽ പച്ചപിടിച്ചുനിൽക്കുന്നു. കിണറുകൾ കുഴിച്ച് പൊതുജനങ്ങൾക്കായി നീക്കിവച്ചിരുന്ന നല്ല മനസ്സിന്റെ ഉടമകൾ ഈ നൂറ്റാണ്ടിന്റെ ആദ്യദശകത്തിലുണ്ടായിരുന്നു. കാവനൂർ അങ്ങാടിയിലെ മുഖ്യകുടിവെള്ള സ്രോതസ്സെന്ന് വിശേഷിപ്പിക്കാവുന്ന കിണറും അതിലേക്കുള്ള വഴികളും അപ്പു നെടുങ്ങാടി എന്ന മഹാമനസ്കൻ 1910ൽ പൊതുജനങ്ങളുടെ ഉപയോഗത്തിനായി അന്നത്തെ ഗവൺമെന്റിന് കൈമാറിയതായിരുന്നുവെന്ന് പഞ്ചായത്തിലെ രേഖകളിൽ കാണുന്നു

കേന്ദസംസ്ഥാന ഗവൺമെന്റുകൾ വഴിയാണ് ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ നമ്മുടെ പഞ്ചായത്തിൽ നടപ്പാക്കുന്നത്. പദ്ധതിയെക്കുറിച്ചുള്ള അറിവില്ലായ്മ, അർഹതപ്പെട്ടവർക്ക് കിട്ടായ്ക, ഉദ്യോഗസ്ഥ തലത്തിലുള്ള ബോധവൽക്കരണകുറവ്, ആവശ്യത്തിനും സമയത്തിനും കിട്ടായ്ക, ഉപയോഗപ്പെടുത്തുമ്പോൾ ഉള്ള നൂലാമാലകൾ എന്നിവ പ്രശ്നങ്ങൾ തന്നെയാണ്.

പ്രശ്നങ്ങളും നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

1. സംയോജിത ശിശുവികസന സേവന പദ്ധതി (ഐ.സി.ഡി.എസ്) അംഗൻവാടി

മൂന്ന് മുതൽ ആറുവയസുവരെയുള്ള കുട്ടികൾക്ക് അനൗപചാരിക വിദ്യാഭ്യാസം, ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും 6 വയസ്സിനു താഴെയുള്ള കുട്ടികൾക്കും അനുപൂരക പോഷണം നൽകൽ, കുട്ടികൾക്ക് രോഗപ്രതിരോധ കുത്തിവെപ്പ്, കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കും, അമ്മമാർക്കും ആരോഗ്യ പോഷകാഹാര വിദ്യാഭ്യാസം നൽകൽ റഫറൽ സർവ്വീസ് എന്നിവ നൽകിവരുന്നു.

നമ്മുടെ പഞ്ചായത്തിൽ ഐ.സി.ഡി.എസ് മാസാന്ത റിപ്പോർട്ട് അനുസരിച്ച് കഴിഞ്ഞമാസാവസാനം 27166 ആളുകളുണ്ട്. പഞ്ചായത്തിൽ ഇപ്പോൾ ആകെ 20 അംഗൻവാടികളാണുള്ളത്. 1000 ആളുകൾക്ക് ഒരു അംഗൻവാടി എന്ന കണക്കനുസരിച്ച് തന്നെ 7 അംഗൻവാടികൾകൂടി ഈ പഞ്ചായത്തിൽ ആരംഭിക്കേണ്ടതുണ്ട്. ഈ അംഗൻവാടികൾ ആരംഭിച്ചാൽ മാത്രമേ 2 കിലോമീറ്ററിൽ അധികം നടന്ന് അംഗൻവാടിയിലെത്തുവാൻ ഇപ്പോൾ ചില ദിക്കുകളിൽ അനുഭവപ്പെടുന്ന പ്രയാസങ്ങൾ ഒഴിവാക്കാനാവു.

നിലവിലുള്ള അംഗൻവാടികളിൽ തന്നെ സ്വന്തമായി കെട്ടിടമില്ലാത്ത രണ്ടും തൊട്ടടുത്ത മഹിളാസമാജത്തിൽ പ്രവർത്തിക്കുന്ന 6 എണ്ണവും കുടിവെള്ള സൗകര്യമില്ലാത്ത 18 എണ്ണവും കക്കൂസില്ലാത്ത 4 എണ്ണവും ഉണ്ട്.

ആവശ്യമായ അംഗൻവാടികൾ ആരംഭിക്കുവാനും നിലവിലുള്ള പോരായ്മകൾ പരിഹരിക്കുവാനും വരുന്ന പദ്ധതിയിൽ പരിപാടി ഉണ്ടാകണം.

2. വികലാംഗക്ഷേമം

കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ എല്ലാ വികലാംഗർക്കും സൗജന്യമായി ഉപകരണങ്ങൾ വിതരണം ചെയ്യുന്നുണ്ട്. പഞ്ചായത്തിലെ വികലാംഗർക്ക് ഇവ ലഭ്യമാക്കുന്നതിനും ആവശ്യമായ ബോധവൽക്കരണം സന്നദ്ധ പ്രവർത്തകരിലൂടെ വികലാംഗക്ഷേമ കോർപ്പറേഷനിലേയും ആരോഗ്യവകുപ്പിലേയും ക്ഷേമവകുപ്പിലേയും ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ച് നടത്തുന്നത് പ്രയോജനകരമായിരിക്കും. വികലാംഗരായ വിദ്യാർത്ഥികൾക്ക് ഇപ്പോൾ സാമൂഹ്യക്ഷേമ വകുപ്പ് സ്കോളർഷിപ്പുകൾ നൽകിവരുന്നുണ്ട്. കൂടാതെ സ്വന്തമായി വാഹനങ്ങളുള്ള വികലാംഗർക്ക് പെട്രോൾ/ഡീസൽ സബ്സിഡിയും നൽകിവരുന്നു.

3. വനിതാക്ഷേമം.

അശരണരായ സ്ത്രീകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് സാമൂഹ്യക്ഷേമവകുപ്പ് ധനസഹായം നൽകുന്നു. ഈ പദ്ധതി വിപുലീകരിച്ച് അശരണരായ സ്ത്രീകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനും തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും രജിസ്റ്റർ ചെയ്ത വനിതാ സംഘടനകൾക്ക് ധനസഹായവും ലഭിക്കുന്നുണ്ട്. കൂടുതൽ പ്രയോജനത്തിനായി റജിസ്റ്റർ ചെയ്ത മഹിളാ സമാജങ്ങൾക്ക് കീഴിൽ വ്യവസായങ്ങൾ (അച്ചാർ, മസാലപ്പൊടി, ബേക്കറി ഉത്പന്നം, പപ്പടം, കോഴിവളർത്തൽ, മെഴുകുതിരി നിർമ്മാണം എന്നിവ) തുടങ്ങുന്നതിന് പദ്ധതി ആവിഷ്കരിക്കാവുന്നതാണ്. IRDP: ഏറ്റവും അവസാനം നടത്തിയ സർവേ പ്രകാരം 2139 കുടുംബങ്ങൾ ദാരിദ്ര്യ രേഖക്ക് താഴെ ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 143 എണ്ണം പട്ടികജാതിയിൽ പെട്ടവരാണ്. 329 കുടുംബങ്ങൾക്ക് നാളിതുവരെ സാമ്പത്തിക സഹായം ലഭിക്കുകയും തൽഫലമായി ദാരിദ്ര്യരേഖക്കുമുകളിൽ എത്തിയതായും രേഖപ്പെടുത്തിയിട്ടുണ്ട്. IRDP യുടെ ആവശ്യത്തിലേക്ക് സർവ്വേ എടുക്കുമ്പോൾ വരുമാന പരിധി 25000 രൂപയായി ഉയർത്തി ദാരിദ്ര്യരേഖ നിർണ്ണയിക്കണം. കുടുംബാംഗങ്ങളുടെ മൊത്തം വരുമാനം ഇതിൽപെടുത്തുകയും വേണം. കറവപശു, ആട്, കോഴിവളർത്തൽ, ഫർണീച്ചർ, കൊപ്ര, ചെറുകിട കച്ചവടം മുതലായവക്കാണ് നമ്മുടെ പഞ്ചായത്തിൽ ഈ പദ്ധതിയിൽനിന്ന് സഹായം തേടുന്നത്. ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് വർഷം തോറും സർവ്വേ നടത്തുകയും വേണം. ഗുണഭോക്താക്കളെ നിശ്ചയിക്കുമ്പോൾ ഈ പദ്ധതിയിൽനിന്ന് മുൻപൊരിക്കലും സഹായം ലഭിക്കാത്തവർക്ക് മുൻഗണന നൽകണം.

4. ഗ്രാമീണ വനിതാ ശിശുവികസന യൂണിറ്റുകൾ (DWCRA)

വനിതകളുടെ കൂട്ടായ സംരംഭങ്ങൾക്ക് ലഭിക്കുന്ന സഹായധനം വളരെ ആകർഷകമാണ്. പഞ്ചായത്തിൽ ഈ പദ്ധതി കൂടുതൽ വ്യാപിപ്പിക്കുന്നത് പ്രയോജനകരമായിരിക്കും. പത്തോ അതിലധികമോ സ്ത്രീകൾ കൂട്ടായി പ്രവർത്തിക്കുന്ന ഈ തൊഴിൽ സംരംഭത്തിന് നല്ല സാധ്യതയുണ്ട്. സ്കൂൾ ബാഗ് നിർമ്മാണം, റെഡിമെയ്ഡ് വസ്ത്രനിർമ്മാണം പ്ലാസ്റ്റിക് വർക്കുകൾ, പശുവളർത്തൽ എന്നീ മേഖലകളിൽ വനിതാ ഗ്രൂപ്പുകാർക്ക് നേട്ടം കൈവരിക്കാൻ കഴിയും.

5. ട്രൈസം

തൊഴിൽ രഹിതരായ യുവതീയുവാക്കൾക്ക് സ്വയം തൊഴിൽ നേടുന്നതിനുള്ള ഈ പരിപാടിയിൽ 34 പേർ ഇതിനകം പരിശീലനം നേടിയവരുണ്ട്. നേടിയ പരിശീലനം പ്രയോജനപെടുത്തിയവർ 12 പേരാണ്. ബാക്കി 22 പേരും ഇതര തൊഴിലുകളിൽ തന്നെ ഏർപ്പെട്ടതായാണ് കാണുന്നത്. നമ്മുടെ പ്രദേശത്തിന് ഗുണകരമായ മേഖലകൾ പരിശീലനം നൽകുന്നതിനു വേണ്ടി തിരഞ്ഞെടുക്കണം. ഇലക്ട്രിക്കൽ വയ

റിംഗ്, പ്ലംബിംഗ്, ഇലക്ട്രിക്കൽ റിപ്പയർ, ഇലക്ട്രോണിക്സ്, കെട്ടിടനിർമ്മാണം, അലുമിനിയം ഫാബ്രിക്കേഷൻ, കൗതുകവസ്തുക്കളുടെ നിർമ്മാണം, ഭക്ഷ്യസംസ്കരണം എന്നീ മേഖലകൾ തിരഞ്ഞെടുക്കാവുന്നതാണ്.

6. ടൂൾ കിറ്റ്

ഗ്രാമീണ കൈത്തൊഴിലുകാർക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്ന ഈ പദ്ധതി പ്രകാരം നമ്മുടെ പഞ്ചായത്തിൽ കണ്ടെത്തിയ 64 കൈത്തൊഴിലുകാരിൽ 37 പേർക്ക് 2000 രൂപ വീതം നൽകിയിട്ടുണ്ട്. ലഭിച്ചവർക്ക് വളരെയധികം ഗുണകരമായി കണ്ടെത്തിയ പദ്ധതിയിൽ അവശേഷിക്കുന്ന കുടുംബങ്ങളെ കൂടി പെടുത്തി പദ്ധതിയുടെ ലക്ഷ്യപ്രാപ്തി നേടേണ്ടതാണ്.

7. പെൻഷനുകൾ

വിധവ, വികലാംഗ, കർഷക തൊഴിലാളി, തൊഴിലില്ലായ്മാവേതനം എന്നീ പദ്ധതികൾ പ്രകാരം സഹായം ലഭിക്കുവാൻ അർഹരായവരെ കണ്ടെത്തുന്നതിനുള്ള കാര്യത്തിൽ സാങ്കേതികത്വം ഒഴിവാക്കണം. അർഹരായവർക്കെല്ലാം ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതോടൊപ്പം അനർഹർ ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ ആകുവാനും പാടില്ല. അർഹരായവരെ നിർദ്ദേശിക്കുവാൻ ഗ്രാമസഭയിൽ വെച്ചുണ്ടാക്കുന്ന സമിതിയെ നിയോഗിച്ചാൽ മതി. വാർഡ് മെമ്പർ ഈ സമിതിയുടെ ചെയർമാൻ ആയിരിക്കേണ്ടതാണ്.

8. തൊഴിലാളി ക്ഷേമനിധി

എല്ലാ രംഗങ്ങളിലും തൊഴിലാളികൾക്ക് മറ്റു ജില്ലകളെ അപേക്ഷിച്ച് വളരെ ഉയർന്ന കൂലി കിട്ടിയിട്ടും തൊഴിലാളികൾ ഇപ്പോഴും കഷ്ടപ്പാടിലാണ്. തൊഴിലാളിയും തൊഴിലുടമയും വിഹിതമെടുത്ത് രൂപം കൊടുത്ത തൊഴിലാളി ക്ഷേമനിധി കടലാസിൽ തന്നെ ശേഷിക്കുന്നു. ഉയർന്ന കൂലിയോടൊപ്പം ക്ഷേമനിധി വിഹിതവും നൽകുവാൻ തൊഴിലുടമ തയ്യാറാകാത്തതു തന്നെ കാരണം. നല്ല കാലത്ത് കഠിനാധ്വാനം ചെയ്യുന്ന ഈ തൊഴിലാളികളുടെ അവശകാലത്തേക്ക് ഒരു ആശ്വാസധനമായി അവരിൽനിന്ന് തന്നെ പിരിവെടുത്ത് ഒരു ക്ഷേമനിധി പഞ്ചായത്ത് തലത്തിൽ രൂപീകരിക്കാവുന്നതാണ്. തൊഴിലാളിയുടെ പ്രതിമാസകൂലിയുടെ 6% ത്തിൽ കുറയാത്ത സംഖ്യ മാസംതോറും പിരിച്ചെടുക്കണം. ഈ സംഖ്യ പലിശയോടുകൂടി സ്വരൂപിച്ച് കിട്ടുന്ന സംഖ്യ അവശത അനുഭവിക്കുന്ന കാലത്തേക്ക് നൽകാവുന്നതാണ്.

9. സമ്പാദ്യപദ്ധതികൾ

കിട്ടുന്ന വരുമാനം ചിലവഴിച്ചു തീർക്കുകയാണ് ഇപ്പോഴത്തെ പ്രവണത. സമ്പാദ്യശീലം വളരെ കുറവാണെന്നുതന്നെ പറയാം. പോസ്റ്റാഫീസുകൾ വഴിയുള്ള വ്യത്യസ്ത സമ്പാദ്യപദ്ധതികളിൽ ഏതിലെങ്കിലും ഒന്നിൽ ഓരോ കുടുബത്തിലേയും ഒരാളെങ്കിലും അംഗമാകുന്നത് ആ കുടുംബത്തിനും പഞ്ചായത്തിനും ഭാവിയിൽ ഗുണകരമായിരിക്കും. അതിനാൽ അടുത്ത രണ്ടു വർഷത്തിനകം ഇതിനുവേണ്ടിയുള്ള തീവ്രശ്രമം നടത്തുകയും ലക്ഷ്യം നേടുകയും വേണം.

10. പൊതുവിതരണം

നിത്യോപയോഗ വസ്തുക്കളുടെ വില അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്ന വിപത്തിൽനിന്ന് സാധാരണക്കാരെ ഒരു വിധം സഹായിച്ചു നിർത്തുന്നത് പൊതുവിതരണശൃംഖലകളാണ്. പഞ്ചായത്ത് ആസ്ഥാനത്തിൽ പ്രവർത്തിക്കുന്ന മാവേലിസ്റ്റോറും വിവിധ വാർഡുകളിലായി പ്രവർത്തിക്കുന്ന 7 റേഷൻഷാപ്പുകളും വളരെയധികം പ്രയോജനകരമാണ്. നാലു വാർഡുകളിൽ റേഷൻഷാപ്പില്ല. മാവിലിസ്റ്റോർ വഴിയും റേഷൻഷാപ്പുവഴിയും

വിതരണം ചെയ്യുന്ന അവശ്യസാധനങ്ങളുടെ ഇനവും അളവും വർദ്ധിപ്പിക്കണം. വിതരണത്തിന് എത്തിച്ചേർന്ന സാധനങ്ങളുടെ വിവരങ്ങൾ മേലധികാരിയുടെ സാക്ഷ്യപത്രത്തോടെ പരസ്യപ്പെടുത്തുകയും വേണം.

11. റേഷൻകാർഡിൽ പേരില്ലാത്തതിനാലും സ്വന്തമായി കാർഡില്ലാത്തതിനാലും പൊതുവിതരണ കടകളുടെ സേവനം ലഭിക്കാത്തവരും പഞ്ചായത്തിൽ ഉണ്ട്. ഇത്തരം ആളുകളുടെ പ്രശ്നങ്ങൾ താമസംവിനാ പരിഹരിക്കുന്നതിന് പഞ്ചായത്ത് അടിസ്ഥാനത്തിൽ സംവിധാനം വേണം

12. അമിതമായ വിലക്കയറ്റത്തിൽനിന്ന് സ്വയം രക്ഷ നേടുവാനും നാം പ്രാപ്തരാകണം. പഞ്ചായത്തിൽ ഒരു ഉപഭോക്തൃ സഹകരണ സംഘം ആവശ്യമാണ്. കഴിയാവുന്നത്ര കുടുംബങ്ങളിൽ നിന്ന് ഓഹരിപിരിച്ച് പഞ്ചായത്ത് അടിസ്ഥാനത്തിൽ രൂപീകരിക്കുന്ന ഈ സംഘത്തിന്റെ മേൽനോട്ടത്തിൽ തുടക്കമെന്ന നിലയിൽ എല്ലാ നിത്യോപയോഗവസ്തുക്കളുടേയും ഒരു വിപണനകേന്ദ്രം പഞ്ചായത്ത് ആസ്ഥാനത്തിൽ തുറന്നു പ്രവർത്തിക്കണം. വ്യത്യസ്ത ക്ഷേമ പദ്ധതികളുടെ ഗുണഭോക്താക്കൾ ഉണ്ടാക്കുന്ന വസ്തുക്കൾക്കും ഇതൊരു വിപണന കേന്ദ്രമായിരിക്കും. ആത്മാർത്ഥമായ പ്രവർത്തനത്താൽ ഈ സംരംഭം വിജയിക്കുമെന്നുതന്നെയാണ് പ്രതീക്ഷ. പ്രയോജനകരമാണെന്ന് തോന്നുകയാണെങ്കിൽ ആവശ്യമായ സ്ഥലങ്ങളിൽ വിപണന കേന്ദ്രങ്ങൾ, തുടർന്ന് വരുന്ന വർഷങ്ങളിൽ തുടങ്ങുകയും വേണം. ഗുണമേന്മയുള്ള സാധനങ്ങൾ ഉപഭോക്താവിന് ആദായകരമായ വിലക്കു ലഭ്യമാക്കുന്നതും ശേഷിക്കുന്ന ലാഭം പഞ്ചായത്തിന്റെ ക്ഷേമപ്രവർത്തനങ്ങൾക്ക് മുതൽ കൂട്ടുന്നതും ഈ സംഘത്തിന്റെ പ്രവർത്തനലക്ഷ്യമായിരിക്കണം.

പാർപ്പിടക്ഷേമ കാര്യങ്ങളിൽ വളരെ ശ്രദ്ധയോടെയുള്ള നടപടികൾ ആണ് കൈ കൊള്ളേണ്ടത്. ഇപ്പോഴത്തെ നടപടികൾ വരാൻ പോകുന്ന തലമുറക്കും ഗുണകരമായി ശേഷിക്കണം.

ഇതിലേക്കുള്ള ഒരു മാർഗ്ഗ നിർദ്ദേശമെന്ന നിലക്കാണ് ഈ റിപ്പോർട്ട് അവതരിപ്പിക്കുന്നത്. ഈ റിപ്പോർട്ട് ചർച്ച ചെയ്യുകയും അടുത്ത അഞ്ചു വർഷത്തിനിടക്ക് നമ്മുടെ പഞ്ചായത്തിൽ നടപ്പിലാക്കേണ്ടുന്ന പരിപാടികൾക്ക് മുൻഗണന നിശ്ചയിക്കുകയും ചെയ്യേണ്ടതാണ്.



കാവനൂർ ഗ്രാമപഞ്ചായത്ത്

11.1 IRDP സർവ്വേപ്രകാരം- ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരുടെ വിവരം

വാർഡ് നമ്പർ	സർവ്വേപ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം	ഇതിൽ SC/ST കുടുംബങ്ങൾ	നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ	ഇതിൽ SC/ST	സഹായം ലഭിച്ചതു വഴി ദാരിദ്ര്യരേഖയ്ക്കു മുകളിലെത്തിയ കുടുംബങ്ങൾ	ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള ആകെ കുടുംബങ്ങൾ (സഹായം ലഭിച്ചവർ ഉൾപ്പെടെ)
1	2	3	4	5	6	7
1	292	SC 11	25	11	25	292
2	173	SC 5	21	5	21	173
3	241	SC 5	28	5	28	241
4	275	SC 17	38	17	38	275
5	284	SC 7	25	7	25	284
6	112	SC 19	39	SC 19	39	112
7	180	SC 16 ST 4	38+4= 42	SC 16 ST 4	42	180
8	174	SC 30	51	SC 30	51	174
9	195	SC 10	32	SC 10	32	195
10	213	SC 19	28	SC 19	28	213
11						
ആകെ	2139	143	329	143	329	2139

(അവലംബം VEO LVEO ഓഫീസ്)

IRDP സർവ്വേപ്രകാരം
ദാരിദ്ര്യരേഖക്കു താഴെയുള്ളവരുടെ വിവരം

വാർഡ്	സർവ്വേ പ്രകാരം കണ്ടെത്തിയ SC/ST കുടുംബങ്ങളുടെ എണ്ണം	സാമ്പത്തിക സഹായം ലഭിച്ച SC/ST കുടുംബങ്ങളുടെ എണ്ണം
1	SC 11	SC 11
2	SC 5	SC 5
3	SC 5	SC 5
4	SC 17	SC 17
5	SC 7	SC 7
6	SC 19	SC 19
7	SC 16 ST 4	SC16 ST 4
8	SC 30	SC 30
9	SC 10	SC 10
10+11	SC 19	SC 19
TOTAL	143	143

അവലംബം VEO - LVEO ഓഫീസ്

ഭവനനിർമ്മാണത്തെ സംബന്ധിച്ച വിവരം
IRDP സർവ്വേ

വാർഡ് നമ്പർ	വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം (IRDP സർവ്വേ പ്രകാരം)	വിവിധ പരിപാടികളിലായി അനുവദിച്ച വീടുകൾ	പൂർത്തീകരിച്ച വീടുകൾ	അനുവദിച്ചതിൽ പൂർത്തീകരിക്കാനുള്ള വീടുകൾ	ഇനിയും അനുവദിക്കേണ്ടുന്ന വീടുകളുടെ എണ്ണം
1	35	2	2	NIL	33
2	24	1	1	NIL	23
3	35	5	2	3	30
4	40	12	10	2	28
5	34	4	3	1	30
6 മുതൽ 11 വരെ	109	37	37	NIL	72
ആകെ	277	61	55	6	216

(VEOLVEOഓഫീസ്)

കക്കൂസുകൾ സംബന്ധിക്കുന്ന വിവരം
IRDP സർവ്വേ

വാർഡ് നമ്പർ	സാനിറ്ററി കക്കൂസുകൾ ഇല്ലാത്ത വീടുകളുടെ എണ്ണം (IRDP സർവ്വേ പ്രകാരം)	വിവിധ പദ്ധതികളിലായി 1992നു ശേഷം അനുവദിച്ച കക്കൂസുകളുടെ എണ്ണം	പൂർത്തീകരിച്ച വയുടെ എണ്ണം	ഇനി കക്കൂസുകൾ വേണ്ട കുടുംബങ്ങളുടെ എണ്ണം	96-97ൽ പഞ്ചായത്ത് ഫണ്ടിൽനിന്ന് അനുവദിച്ചത്
1	126	13	13	113	
2	63	2	2	61	
3	67	5	5	62	
4	115	7	7	108	
5	115	3	3	112	
6 മുതൽ 11 വരെ	292	59	59	233	
ആകെ	778	89	89	689	200

(അവലംബം VEO LVEOഓഫീസ്)

അംഗൻവാടികളുടെ വിവരം

ക്രമനമ്പർ	അംഗൻവാടി നമ്പർ	വാർഡ് നമ്പർ	അംഗൻവാടിയുടെ പേര്	കെട്ടിടം ഉള്ളത്	കെട്ടിടം ഇല്ലാത്തത്	സ്ഥലം ഉള്ളത്	സ്ഥലം ഇല്ലാത്തത്	കുടിവെള്ളം ഉള്ളത്	കുടിവെള്ളം ഇല്ലാത്തത്	സ്ഥലമുണ്ടായിട്ടും കെട്ടിടമില്ലാത്തത്	കക്കൂസ് ഉള്ളവ	കളിപ്പാട്ടം ഇല്ലാത്തത്
1	22	1	മുഴിപ്പാടം	ഇല്ല	ഇല്ല	ഉണ്ട്	-	ഇല്ല	ഇല്ല	സ്ഥലം ഉണ്ട് കെട്ടിടമല്ല	ഇല്ല	ഇല്ല
2	23	2	വാക്കാലൂർ	ഉണ്ട്	ഉണ്ട്	ഉണ്ട്	-	ഇല്ല	ഇല്ല	-	ഉണ്ട്	ഇല്ല
3	24	6	കണ്ണംകുളം	ഉണ്ട്	ഉണ്ട്	ഉണ്ട്	-	ഉണ്ട്	ഉണ്ട്	-	ഇല്ല	ഇല്ല
4	25	4	വടക്കുംമുറി	ഉണ്ട്	ഉണ്ട്	ഉണ്ട്		ഉണ്ട്	ഉണ്ട്	-	ഉണ്ട്	ഇല്ല
5	26	4	വട്ടപറമ്പ്	ഉണ്ട്	ഉണ്ട്	ഉണ്ട്	-	ഇല്ല	ഇല്ല	-	ഉണ്ട്	ഇല്ല
6	27	4	അത്താണിക്കൽ	ഇല്ല	ഇല്ല	ഉണ്ട്	-	ഇല്ല	ഇല്ല	സ്ഥലമുണ്ട് കെട്ടിടമില്ല	ഉണ്ട്	ഇല്ല
7	28	3	ആലുങ്ങാപറമ്പ്	ഉണ്ട്	ഉണ്ട്	ഉണ്ട്	-	ഇല്ല	ഇല്ല	-	ഉണ്ട്	ഇല്ല
8	29	2	ചേലക്കുഴി	ഉണ്ട്	ഉണ്ട്	ഉണ്ട്	-	ഇല്ല	ഇല്ല	-	ഉണ്ട്	ഇല്ല
9	30	2	ഏലിയാപറമ്പ്	ഉണ്ട്	ഉണ്ട്	ഉണ്ട്	-	ഇല്ല	ഇല്ല	-	ഉണ്ട്	ഇല്ല
10	31	5	കുറ്റിപുളിപറമ്പ്	ഉണ്ട്	ഉണ്ട്	ഉണ്ട്	-	ഉണ്ട്	ഉണ്ട്	-	ഉണ്ട്	ഇല്ല
11	32	6	ഇരിവേറ്റി (CPWP)	ഉണ്ട്	ഉണ്ട്	ഉണ്ട്	-	ഉണ്ട്	ഉണ്ട്	-	ഇല്ല	ഇല്ല
12	33	6	ഇരിവേറ്റി	ഉണ്ട്	ഉണ്ട്	ഉണ്ട്	-	ഇല്ല	ഇല്ല	-	ഉണ്ട്	ഇല്ല
13	34	7	തോട്ടിലങ്ങാടി	ഉണ്ട്	ഉണ്ട്	ഉണ്ട്	-	ഇല്ല	ഇല്ല	-	ഉണ്ട്	ഇല്ല
14	35	8	പാണംപറ്റച്ചാൽ	ഉണ്ട്	ഉണ്ട്	ഉണ്ട്	-	ഇല്ല	ഇല്ല	-	ഉണ്ട്	ഇല്ല
15	36	8	മീൻചിറക്കൽ	ഉണ്ട്	ഉണ്ട്	ഉണ്ട്	-	ഇല്ല	ഇല്ല	-	ഉണ്ട്	ഇല്ല
16	37	9	സ്രാഞ്ചിക്കെ	ഉണ്ട്	ഉണ്ട്	ഉണ്ട്	-	ഇല്ല	ഇല്ല	-	ഉണ്ട്	ഇല്ല
17	38	9	എളയൂർ	ഉണ്ട്	ഉണ്ട്	ഉണ്ട്	-	ഇല്ല	ഇല്ല	-	ഉണ്ട്	ഇല്ല
18	39	10	മൂലക്കുടത്ത്	ഉണ്ട്	ഉണ്ട്	ഉണ്ട്	-	ഇല്ല	ഇല്ല	-	ഉണ്ട്	ഇല്ല
19	40	10	ചെങ്ങര	ഉണ്ട്	ഉണ്ട്	ഉണ്ട്	-	ഇല്ല	ഇല്ല	-	ഉണ്ട്	ഇല്ല
20	41	11	പാലക്കാതൊടി	ഉണ്ട്	ഉണ്ട്	ഉണ്ട്	-	ഇല്ല	ഇല്ല	-	ഉണ്ട്	ഇല്ല

ദ്വിതീയ വിവര ശേഖരണം

4 8

സംസ്കാരം

മനുഷ്യനെ മനുഷ്യനാക്കുന്നത് സംസ്കാരമാണ്. സാഹിത്യവും കലയും ധാർമ്മിക വിശ്വാസവും മൂല്യബോധവും ആചാരാനുഷ്ടാനങ്ങളുമെല്ലാം സംസ്കാരത്തിന്റെ ഭാഗങ്ങളാകുന്നു. വാക്കിലും പ്രവർത്തിയിലും പെരുമാറ്റത്തിലും മനോഭവാത്തിലുമുള്ള നൻമയാണ് സംസ്കാരം. അത് മനസ്സിന്റെ ഉദാത്ത ഭാവമാണ്.

സംസ്കാരരൂപീകരണത്തിൽ മതങ്ങളുടെയും മത സ്ഥാപനങ്ങളുടെയും സ്ഥാനം അതുല്യമാണ്. ഈ ഗ്രാമത്തിന്റെ ചരിത്രം പരിശോധിച്ചാൽ സാംസ്കാരിക രംഗത്ത് അഭിമാനിക്കാവുന്ന ഒരു പൈതൃകം നമുക്കവകാശപ്പെടാനുണ്ട്. ഹിന്ദുക്കളും മുസ്ലീംകളുമടങ്ങുന്ന ജനത സ്നേഹത്തിലും സൗഹാർദ്ദത്തിലും സഹിഷ്ണുതയോടെ ജീവിച്ചുപോന്നിട്ടുള്ള പ്രോജ്ജ്വല ചരിത്രമാണ് ഈ ഗ്രാമത്തിനുള്ളത്. ആഘോഷങ്ങളിലും വിശേഷ ദിവസങ്ങളിലും അവർ ഒത്തുചേരുന്നു. ഓരോ വിഭാഗത്തിന്റെയും ആഘോഷങ്ങൾ എല്ലാവരുടേതുമായിമാറുന്നു. പള്ളികളും ക്ഷേത്രങ്ങളും ഈ പ്രദേശത്തിന്റെ സാംസ്കാരിക സമന്വയത്തിൽ പങ്കുവഹിച്ചിട്ടുണ്ട്. ഇളയൂരിലെ വിഷ്ണു ക്ഷേത്രം, കാവനൂരിലെ ശിവ വിഷ്ണു ക്ഷേത്രം, സുബ്രഹ്മണ്യക്ഷേത്രം തുടങ്ങി പ്രാചീന ക്ഷേത്രങ്ങൾ ഏറെയുണ്ട്. ആദ്യത്തെ മുസ്ലീം പള്ളി കാവന്നൂർ തവരാപറമ്പിൽ സ്ഥാപിതമായത് 100ലധികം വർഷങ്ങൾക്കുമുമ്പാണ്. പഞ്ചായത്തിലെ ഏഴ് പള്ളികൾ മത പഠന (ദർസ്) കേന്ദ്രങ്ങൾ കൂടിയാണ്.

ആദ്യകാലത്തെ ഓത്തു പള്ളി കൂടങ്ങളും കുടിപള്ളികൂടങ്ങളും സാംസ്കാരിക രംഗത്തിന് ഒരടിത്തറ പാകിയെന്നു പറയാം. ഓത്തു പള്ളികൂടങ്ങളുടെ സ്ഥാനത്ത് മതപഠനത്തിന് മദ്രസകൾ സ്ഥാപിതമായി. ഈ പഞ്ചായത്തിൽ ഇപ്പോൾ 23 മദ്രസകൾ വ്യവസ്ഥാപിതമായി നടന്നുവരുന്നു.

1921ൽ (ബ്രിട്ടീഷുകാർക്കെതിരെ നടന്ന ഖിലാഫത്ത് സമരം ഈ പ്രദേശത്തെ സാംസ്കാരിക രംഗത്ത് സമ്മിശ്രഫലങ്ങളുളവാക്കിയിട്ടുണ്ട്. നിരപരാധികൾ ഏറെക്കാലം ജയിലിൽ കഴിയേണ്ടിവന്നത് സാംസ്കാരിക പിന്നോക്കാവസ്ഥക്കു കാരണമായി. സമരാനന്തരം ഈ പ്രദേശത്ത് വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ടാക്കുന്നതിൽ ബ്രിട്ടീഷുകാർ കൂടുതൽ താത്പര്യം കാണിച്ചത്

സാംസ്കാരിക രംഗത്തിന് മുതൽകൂട്ടായിട്ടുണ്ട്.

ഓത്തുപള്ളികൂടങ്ങളെയും കുടിപ്പള്ളിക്കൂടങ്ങളെയും തുടർന്ന് നിലവിൽ വന്ന പ്രൈമറി വിദ്യാലയങ്ങളിലെ സാമൂഹ്യ പ്രതിബന്ധതയുള്ള ഒട്ടേറെ അദ്ധ്യാപകർ സാംസ്കാരിക രംഗത്തെ വളർച്ചയെ ഗുണപരമായി സ്വാധീനിച്ചിട്ടുണ്ട്. 1974ൽ സ്ഥാപിതമായ എളയൂരിലെ ഗവ. ഹൈസ്കൂളും 1984ൽ ഇരിവേറ്റിയിൽ സ്ഥാപിതമായ സി.എച്ച്.മുഹമ്മദുകോയ മെമ്മോറിയൽ ഹൈസ്കൂളും ഈ പഞ്ചായത്തിലെ ഹൈസ്ക്കൂൾ വിദ്യാഭ്യാസം സാർവ്വത്രികമാവുന്നതിനു കാരണമായി. ഔപചാരികവിദ്യാഭ്യാസം സാർവ്വത്രികമായെങ്കിലും ഗുണമേന്മ കുറവാണ്. കാരണങ്ങൾ പലതാണ്.

വായനശാലകളും ഗ്രന്ഥാലയങ്ങളും സ്പോർട്ട്സ്, ആർട്ട്സ് ക്ലബ്ബുകളുമാണ് ഈ പ്രദേശത്തെ മറ്റു സാംസ്കാരിക സ്ഥാപനങ്ങൾ 1958ൽ എളയൂരിൽ സ്ഥാപിതമായ യുവജന സംഘം വായന ശാലയും ഗ്രന്ഥാലയവും 1959ൽ ഇരിവേറ്റിയിൽ സ്ഥാപിതമായ പൊതുജനവായനശാലയും ഗ്രന്ഥാലയവും സ്പോർട്ട്സ് ക്ലബ്ബും ആണ് ആദ്യത്തെ സ്ഥാപനങ്ങൾ. എളയൂരിലെ വായനശാലയും ഗ്രന്ഥാലയവും സ്ഥാപിക്കുന്നതിൽ മുഖ്യപങ്കുവഹിച്ചവരിൽ ശ്രീ. അറമുഖൻ, പി.സി. ഉമ്മർകുട്ടി പി. കുഞ്ഞുണ്ണി നമ്പീശൻ തുടങ്ങിയവർ ഉൾപ്പെടുന്നു. ഈ സ്ഥാപനത്തിനാവശ്യമായ സ്ഥലം സൗജന്യമായി നൽകിയത് പരേതനായ പി.സി. അബൂബക്കറാണ്.

ഇരിവെറ്റി പൊതുജനവായനശാലയുടെയും ഗ്രന്ഥാലയത്തിന്റെയും സ്ഥാപനത്തിലും വളർച്ചയിലും പ്രധാന പങ്കുവഹിച്ചവരാണ് ഡോ. എം. ഗോവിന്ദൻ, എം.പി. കേശവൻ നമ്പൂതിരി, എ. ശ്രീധരൻ, എം. കുഞ്ഞാലൻകുട്ടി മാസ്റ്റർ, വി. ഹംസ എം.പി. രായിൻകുട്ടി മാസ്റ്റർ ഇ.വി. വേണുഗോപാലൻ, പരേതനായ വി. മുഹമ്മദ് തുടങ്ങിയവർ. ഈ രണ്ട് ഗ്രന്ഥാലയങ്ങൾക്കും സ്ഥാപന കാലം മുതൽ തന്നെ ലൈബ്രറി ഗ്രാന്റ് ലഭിച്ചുവരുന്നു.

പിന്നീട് പല വായനശാലകളും രൂപം കൊള്ളുകയും വൈകാതെ കാലയവനികക്കുള്ളിൽ മറയുകയും ചെയ്തിട്ടുണ്ട്. കാവന്നൂരിൽ ജയകേരള വായനശാല പി.ടി. സ്മാരക വായനശാല, BSS വായന ശാല തുടങ്ങിയവ ഈ വിഭാഗത്തിൽപെടുന്നു. പ്രവർത്തനക്ഷമമായിരുന്ന കാലത്ത് കാവന്നൂരിന്റെ സാംസ്കാരിക രംഗത്ത് ഏറെ സംഭാവനകൾ നൽകാൻ ഇവക്കായിട്ടുണ്ട്.

പഞ്ചായത്ത് വകയായി 1973ൽ കാവന്നൂർ അങ്ങാടിയിൽ സ്ഥാപിച്ച അഹ്മദുകുരിക്കൾ മെമ്മോറിയൽ ലൈബ്രറിയും ഇപ്പോൾ നിലവിലുണ്ട്. വാകാലൂരിൽ മോഴിപ്പാടത്ത് സ്വന്തമായി കെട്ടിടമുള്ള നവോദയവായനശാല പ്രവർത്തിക്കുന്നു. ഇവക്കുപുറമെ പഞ്ചായത്തിൽ നിന്ന് സാമ്പത്തിക സഹായം ലഭിക്കുന്ന അഞ്ച് വായനശാലകൾ പ്രവർത്തിച്ചുവരുന്നുണ്ട്.

1962ൽ ചെങ്ങരയിൽ സ്ഥാപിതമായ "ചന്ദ്രതാര" യായിരുന്നു പഞ്ചായത്തിലെ ആദ്യത്തെ കലാ സമിതി, പിന്നീട് പഞ്ചായത്തിന്റെ മിക്ക ഭാഗങ്ങളിലും ഏറെ കലാസമിതികളും ആർട്ട് സ്പോർട്ട്സ് ക്ലബ്ബുകളും ജന്മമെ

ടുക്കുകയും അവയിൽ പലതും കുറച്ചുകാലം പ്രവർത്തിച്ചു നിശ്ചലങ്ങളാവുകയും ചെയ്തിട്ടുണ്ട്.

സാഹിത്യരംഗത്തും ഈ ഗ്രാമത്തിന് കുറച്ചൊക്കെ അഭിമാനിക്കാനുള്ള വകയുണ്ട്. ദേശാഭിമാനി സബ്എഡിറ്ററും കോഴിക്കോട്ട് നിന്ന് പ്രസിദ്ധീകരിച്ചിരുന്ന 'യുവഭാവന' മാസികയുടെ പത്രാധിപരുമായിരുന്ന ശ്രീ. എ. ശ്രീധരൻ, ഗ്രന്ഥകർത്താവും എഴുത്തുകാരനുമായ അബ്ദുറഹിമാൻ ഇരിവേറ്റി, ഗ്രന്ഥകർത്താവും പബ്ലിഷറുമായ പി.നാരായണൻ നമ്പീശൻ, ആനുകാലികങ്ങളിൽ എഴുതാറുള്ള ജനകീയാസൂത്രണസമിതിയുടെ ജില്ലാ കോ.ഓഡിനേറ്റർ കൂടിയായ ശ്രീ. കെ.കെ. ജനാർദ്ധനൻ എന്നിവർ ഈ ഗ്രാമത്തിന്റെ സന്തതികളാണ്. ആനുകാലിക പ്രസിദ്ധീകരണങ്ങളിലൂടെ ശ്രദ്ധേയരായ കെ.എ. റഹ്മാൻ ഫൈസി, ടി.പി. അബൂബക്കർ തുടങ്ങിയവരും ഈ രംഗത്ത് അറിയപ്പെടുന്നവരാണ്.

ശ്രീ. എം.പി. കേശവൻ നമ്പൂതിരി ചിത്രകലാ രംഗത്ത് വർഷങ്ങളായി പ്രവർത്തിച്ചുവരുന്നു.

പ്രാചീന കലകളായ കോൽക്കളി, തെയ്യം, വെള്ളേരി നാടകം, അയ്യപ്പൻപാട്ട്, ഭൂതംകളി, പടപ്പാട്ട്, കത്തുപാട്ട്, കല്ല്യാണപ്പാട്ട്, എന്നിവയിൽ വളരെ ആഴമുള്ള പൈതൃകമാണ് ഈ ഗ്രാമത്തിനുള്ളത്. കൈകൊട്ടിക്കളി ശാസ്ത്രീയ നാട്യ കലാരീതിയിൽ പഠിപ്പിച്ചിരുന്ന തേയികുട്ടി പണിക്കത്യാർ കാവനൂരിലെ പഴയ തലമുറയിൽ അറിയപ്പെടുന്ന മഹതിയായിരുന്നു.

എന്നാൽ ഇത്തരം പ്രാചീന കലകൾ നാമാവശേഷമായികൊണ്ടിരിക്കയാണ്. ധൃതിപിടിച്ചോടുന്ന യുവതലമുറക്ക് ഇവയുടെ മുന്നിൽ ഒരൽപം നിൽക്കാൻ പോലും നേരമില്ലാത്തതാണ് ഈ അവസ്ഥക്ക് കാരണം. അത് ഈ ഗ്രാമത്തിന്റെ മാത്രം പ്രശ്നവുമല്ല. 1991ൽ ആരംഭിച്ച സാക്ഷരത പ്രവർത്തനത്തിൽ ഈ പഞ്ചായത്ത് നല്ല പ്രവർത്തനം കാഴ്ചവെക്കുകയും, നമ്മുടെ ജില്ലക്ക് സംസ്ഥാനത്ത് ഒന്നാം സ്ഥാനം ലഭിക്കുന്നതിൽ അതിന്റെ പങ്ക് ഭംഗിയായി നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ട്. കേരളം സമ്പൂർണ്ണ സാക്ഷരത നേടിയ പ്രഖ്യാപനം നടത്തിയത് ഈ പഞ്ചായത്തിലെ ഒരു പഠിതാവായിരുന്ന ശ്രീമതി. ചേലക്കോടൻ ആയിശയായിരുന്നു.

ശാസ്ത്രസാഹിത്യ പരിഷത്ത് എളയൂർ കേന്ദ്രമായി പ്രവർത്തിച്ചുവരുന്നു. സാക്ഷരത, ആരോഗ്യ, വിദ്യഭ്യാസ, വികസന മേഖലകളിൽ പരിഷത്ത് ശ്രദ്ധേയമായ പ്രവർത്തനം കാഴ്ചവെക്കുന്നു.

പഞ്ചായത്തിൽ വിവിധ മത സാമൂഹ്യ സാംസ്കാരിക സംഘടനകൾ പ്രവർത്തിച്ചുവരുന്നു. ആരോഗ്യ-വിദ്യാഭ്യാസ ബോധവൽക്കരണങ്ങളിലും സാമൂഹ്യക്ഷേമ രംഗങ്ങളിലും ഈ സംഘടനകൾ മാതൃകാപരമായി പ്രവർത്തിക്കുന്നു. സാംസ്കാരികരംഗത്ത് ഇവയൊക്കെ മഹത്തായ സംഭാവനകളർപ്പിച്ചിട്ടുണ്ട്.

പഞ്ചായത്തിൽ ഒരു ജന ശിക്ഷണ നിലയം ഇരിവേറ്റി വായശാലയോടനുബന്ധിച്ച് പ്രവർത്തിച്ചുവരുന്നുണ്ട് അതിന് ഒരു ടി.വി.സെറ്റും അനുവദിച്ചിട്ടുണ്ട്. തുടർ സാക്ഷരത പ്രവർത്തനത്തിന്റെ ഭാഗമായി നവ സാക്ഷരർക്ക് വേണ്ടി സ്ഥാപിച്ച നാല് ജനവിദ്യാ കേന്ദ്രങ്ങളും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ

ഉണ്ടെങ്കിലും അവയുടെ പ്രവർത്തനം തൃപ്തികരമല്ല. പഞ്ചായത്താസ്ഥാനത്ത് ഒരു പൊതു ടി.വി.സെറ്റ് സ്ഥാപിച്ചിട്ടുണ്ട്. വട്ടപറമ്പ്, മുല്ലേങ്ങൽകുന്ന് എന്നീ പട്ടികജാതി സങ്കേതങ്ങളിലും ഓരോ ടി.വി.സെറ്റുകളുണ്ട്. ഇലക്ട്രോണിക്സ് മാധ്യമങ്ങളുടെ രംഗപ്രവേശം സാംസ്കാരികരംഗത്ത് സ്വാധീനം ചെലുത്തിയിട്ടുണ്ട്. നമ്മുടെ പരിമിതികൾക്കകത്ത് നിന്ന് കൊണ്ട് ഈ സ്വാധീനം പരമാവധി ഗുണപരമാക്കി മാറ്റാൻ ശ്രമിക്കേണ്ടതുണ്ട്. അശ്ലീല പ്രദർശനങ്ങൾക്കെതിരെ ജനങ്ങളെ ബോധവൽക്കരിക്കണം.

അശ്ലീല പരസ്യങ്ങൾക്കെതിരെ നടപടിയെടുക്കുവാനുള്ള സംവിധാനം പഞ്ചായത്ത് തലത്തിലുണ്ടാവണം.

സാംസ്കാരികരംഗത്തെ പ്രശ്നങ്ങൾ

1. 5, 6, 9 വാർഡുകളിൽ മാത്രമാണ് ഇപ്പോൾ ഗ്രന്ഥാലയങ്ങളുള്ളത് അവർക്ക് സ്വന്തമായി കെട്ടിടങ്ങളുണ്ടെങ്കിലും സൗകര്യങ്ങൾ അപര്യാപ്തമാണ്. ഉള്ളവക്കത്തന്നെ അറ്റകുറ്റപണികളാവശ്യമാണ്.
2. പഞ്ചായത്തിൽനിന്ന് സാമ്പത്തിക സഹായം ലഭിക്കുന്ന ആറ് വായനശാലകൾ കൂടി പഞ്ചായത്തിലുണ്ടെങ്കിലും അവയുടെ പ്രവർത്തനം നാമമാത്രമാണ്.
3. നാവസാക്ഷരർക്ക് വേണ്ടിയുള്ള നാല് ജനവിദ്യാകേന്ദ്രങ്ങൾ പഞ്ചായത്തിലുണ്ടെങ്കിലും അവയുടെ പ്രവർത്തനം കാര്യക്ഷമമല്ല. കലാസാഹിത്യരംഗത്ത് പ്രതിഭകളെ കണ്ടെത്താനും വളർത്താനും വേണ്ട സൗകര്യങ്ങൾ നിലവില്ല.
4. കമ്മ്യൂണിറ്റിഹാൾ നിർമ്മിക്കുന്നതിന് വേണ്ടി കാവന്നൂർ അങ്ങാടിക്ക് സമീപം പഞ്ചായത്ത് വിലക്കെടുത്ത സ്ഥലത്ത് കമ്മ്യൂണിറ്റിഹാൾ പണിതിട്ടില്ല.
5. പൊതുപരിപാടികൾ നടത്താൻ പറ്റിയ ഒരു പൊതുസ്റ്റേജ് പഞ്ചായത്താസ്ഥാനത്തില്ല.
6. പഞ്ചായത്ത് ആസ്ഥാനത്ത് ഒരു ടി.വി.സെറ്റുണ്ടെങ്കിലും മറ്റു പ്രധാന കേന്ദ്രങ്ങളിൽ ഈ സൗകര്യങ്ങളില്ല.
7. താരതമ്യേന വളരെകുറച്ചു പേർ മാത്രമെ ലൈബ്രറി സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്നുള്ളു. പട്ടിക ശ്രദ്ധിക്കുക.

ലൈബ്രറിയുടെ പേര്	ആകെ പുസ്തകങ്ങൾ	മാസാന്തവായനക്കാരുടെ എണ്ണം
യുവജനസംഘം ഇളയൂർ	3000	500
പൊതുജനവായനശാല-ലൈബ്രറി ഇരിവേറ്റി	3200	600

ഗ്രാമസഭകളിൽ നിന്നുയർന്നുവന്ന നിർദ്ദേശങ്ങൾ

1. കാവന്നൂർ പഞ്ചായത്താസ്ഥാനത്തുള്ള അഹ്മദ്കുരിക്കൾ സ്മാരകലൈബ്രറി ആവശ്യമായ സൗകര്യങ്ങളേർപ്പെടുത്തി പഞ്ചായത്തിലെ കേന്ദ്രലൈബ്രറിയായി വികസിപ്പിക്കുക.
2. എളയൂരിലും, ഇരിവേറ്റിയിലുമുള്ള ലൈബ്രറി കെട്ടിടങ്ങൾക്ക് അറ്റകുറ്റ പണികൾ നടത്താൻ വൈകാതെ സഹായം ചെയ്യുക. കെട്ടിടങ്ങളുടെ വിപുലീകരണവും ആവശ്യമാണ്.
3. നിലവിലുള്ള വായനശാലകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുക.
4. വായനശാലകൾ ഇല്ലാത്ത പ്രദേശങ്ങളിൽ വായനശാലകൾ ആരംഭിക്കുകയും, അത് ഉപയോഗപ്പെടുത്താനുള്ള ബോധവൽക്കരണം നടത്തുകയും ചെയ്യുക.
5. ഗ്രന്ഥശാലകൾ ഇല്ലാത്ത വാർഡുകളിൽ ഗ്രന്ഥശാലകളുടെ പ്രയോജനം ലഭ്യമാക്കുക. ഒരു കേന്ദ്ര ലൈബ്രറിയെ അടിസ്ഥാനമാക്കി മൊബൈൽ ലൈബ്രറി പരിപാടി നടപ്പാക്കാവുന്നതാണ്.
6. പഞ്ചായത്തിലെ എല്ലാവായനശാലകൾക്കും പത്രമാസികകൾ ലഭ്യമാക്കാനുള്ള സാമ്പത്തികസഹായം പഞ്ചായത്ത് നൽകുക.
7. നിലവിലുള്ള ജനവിദ്യാകേന്ദ്രങ്ങൾ പ്രവർത്തനക്ഷമമാക്കുക. ജനശിക്ഷണ നിലയത്തിന്റെ പ്രവർത്തനം കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുക.
8. കോൽക്കളി, ദഫ്മുട്ട്, ചെണ്ടമുട്ട്, തെയ്യം തുടങ്ങിയ പ്രാചീന കലാരൂപങ്ങൾ പുനരുദ്ധരിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ പ്രോത്സാഹനങ്ങളുണ്ടാവണം.
9. പഞ്ചായത്ത് തലത്തിൽ മത്സരങ്ങൾ സംഘടിപ്പിച്ച് കലാകായിക പ്രതിഭകളെ കണ്ടെത്തുക. അവർക്കാവശ്യമായ പരിഗണനയും പ്രോത്സാഹനവും പഞ്ചായത്ത് തലത്തിൽ നൽകുക. തുടർ പരിശീലനങ്ങൾക്ക് ബ്ലോക്ക് തലത്തിൽ സംവിധാനമുണ്ടാക്കുക.
10. ആർട്സ്, സ്പോർട്സ് ക്ലബ്ബുകൾ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുക. നെഹ്റുയുവകേന്ദ്ര, സ്പോർട്സ് കൗൺസിൽ തുടങ്ങിയ ഏജൻസികളുമായി അവയെ ബന്ധപ്പെടുത്തുക. തുടർച്ചയായ പ്രവർത്തനങ്ങൾക്ക് വേദിയൊരുക്കുക. ക്ലബ്ബുകളുടെ 'ഉദിച്ചസ്തമിക്കുന്ന' പ്രവണത ഇല്ലാതാക്കാൻ കഴിയണം.
11. എല്ലാവാർഡുകളിലും പ്രധാന കേന്ദ്രങ്ങളിൽ ടി.വി. സെറ്റുകൾ സ്ഥാപിക്കുക. പ്രധാന പട്ടികജാതി കോളനികളിലും ടി.വി. സെറ്റുകൾ സ്ഥാപിക്കുക.
12. പഞ്ചായത്ത് ആസ്ഥാനത്ത് വിലക്കെടുത്തിട്ടുള്ള സ്ഥലത്ത് കല്ല്യാണ മണ്ഡപമായികൂടി ഉപയോഗിക്കാവുന്ന രൂപത്തിൽ ഒരു കമ്മ്യൂണിറ്റിഹാൾ പണിയുക.
13. വാർഡുകളിലെ സാംസ്കാരിക പ്രവർത്ത

നങ്ങൾക്ക് കേന്ദ്രമാകാവുന്ന രൂപത്തിൽ മിനി കമ്മ്യൂണിറ്റി ഹാളുകൾ സ്ഥാപിക്കുക.

14. ദേശീയ ദിനങ്ങളോടനുബന്ധിച്ച് ക്ലാസുകളും സൗഹൃദസദസ്സുകളും സംഘടിപ്പിക്കുക. മാനുഷിക വീക്ഷണങ്ങൾ മനസ്സുകളിൽ നിലനിർത്തുന്നതിനും, വളർത്തുന്നതിനും ഈ പരിപാടികൾ ഉപയുക്തമാവണം. കക്ഷിരാഷ്ട്രീയ മതജാതി സങ്കുചിത വീക്ഷണങ്ങൾക്കതീതമായി ചിന്തിക്കാനുപകരിക്കുന്നതും, ഹൃദയത്തിന്റെ പച്ചപ്പ് നിലനിർത്താനുതകുന്നതുമായ പരിപാടികൾ ആസൂത്രണം ചെയ്യണം. പൗരബോധവും, രാജ്യസ്നേഹവും, പരസ്പരസ്നേഹവും ആദരവും വളർത്താനുപകരിക്കുന്ന സാമൂഹ്യപരിപാടികളാണുദ്ദേശിക്കുന്നത്. ദീനാനുകമ്പ, സാമൂഹ്യനീതി, എല്ലാതരം ഉച്ചനീചത്വങ്ങളും അവസാനിപ്പിക്കൽ, സ്ത്രീകളുടെ സാമൂഹ്യപദവി ഉയർത്തൽ എന്നിവയും ഈ പരിപാടികളുടെ ലക്ഷ്യമായിരിക്കേണ്ടതാണ്.

15. പകർച്ചവ്യാധികൾ, പരിസരശുചീകരണം, ആരോഗ്യശീലങ്ങൾ എന്നിവയെ കുറിച്ചുള്ള സാമൂഹ്യബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക.

16. മദ്യത്തിനെതിരായി വിപുലമായ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക.

17. പുകവലി ആരോഗ്യത്തിന് ഹാനികരമാണെന്നുള്ള ഔപചാരിക മുന്നറിയിപ്പിലൊതുക്കാതെ ഈ ആശയം ജനങ്ങളിലെത്തിക്കുക.

18. ഇല്ക്ട്രോണിക് മാധ്യമങ്ങളെ ഗുണകരമായി പ്രയോജനപ്പെടുത്താനും, കുട്ടികളുടെ പഠനത്തെയും, മൂല്യബോധത്തെയും, ബാധിക്കാതരിക്കാനും രക്ഷിതാക്കളിൽ ബോധവൽക്കരണം നടത്തുക.

19. മതപ്രവാചകന്മാരെകുറിച്ചും, ചരിത്രപുരുഷന്മാരെകുറിച്ചും, പ്രസ്ഥാനങ്ങളെകുറിച്ചും അടുത്തറിയാനുള്ള പൊതുവേദികളുണ്ടാവണം.

20. സാമൂഹ്യബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക.

(a) സ്ത്രീകളോടും, കുട്ടികളോടുമുള്ള ക്രൂരതക്കെതിരെ.

(b) സ്ത്രീധനത്തിനെതിരെ

(c) ലൈംഗിക അരാജകത്വത്തിനെതിരെ.

(d) വൈദേശികസംസ്കാരത്തിന്റെ കടന്നുകയറ്റത്തിനെതിരെ.

21. ജനങ്ങൾക്കിടയിലുണ്ടാവുന്ന ചെറിയ പ്രശ്നങ്ങൾ - കുടുംബപ്രശ്നങ്ങൾ അയൽപക്കകാരുമായുണ്ടാവുന്ന പ്രശ്നങ്ങൾ തുടങ്ങിയവ പരിഹരിക്കുന്നതിനുള്ള ഒരു വേദിയായി പഞ്ചായത്ത് തല നീതി സമിതി രൂപീകരിക്കുക. ഒരു സ്ഥിരം സംവിധാനവും, ഘടനയും, കർമ്മപരിപാടിയും നിശ്ചയിക്കാവുന്നതാണ്.

22. നൃത്ത നൃത്യങ്ങൾ തുടങ്ങി ഏറെ പരിശീലനം ആവശ്യമുള്ള കലാരൂപങ്ങൾ അഭ്യസിക്കാൻ പഞ്ചായത്ത് തലത്തിൽ സംവിധാനമുണ്ടാകണം.

22. രോഗചികിത്സ, വിവാഹം തുടങ്ങിയവക്ക് സഹായം നൽകാൻ ഒരു ചാരിറ്റബിൾ ട്രസ്റ്റ് ജനപങ്കാളിത്തത്തോടെ രൂപീകരിക്കുക.

കായിക രംഗം

വളരാൻ വെമ്പുന്ന ഏറെ പ്രതിഭകളുണ്ടെങ്കിലും വളർത്തിക്കൊണ്ട് വരാൻ വേണ്ട സൗകര്യങ്ങളുടെ അഭാവം കായികരംഗത്ത് ഈ ഗ്രാമത്തിന്റെ പങ്കിനെ പരിമിതപ്പെടുത്തുന്നു. പ്രദേശികമായി ചില ക്ലബ്ബുകൾ സംഘടിപ്പിക്കുന്ന ഒറ്റപ്പെട്ട പരിപാടികൾ മാത്രമാണ് ഈ രംഗത്ത് എടുത്ത് പറയാനുള്ളത്. പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ നടത്താറുള്ള യുവജനമേളകൾ വിജയിപ്പിക്കുന്നതിൽ തികഞ്ഞ സ്പോട്സ്മേൻ സ്പിരിറ്റോട് കൂടി തന്നെ യുവജനങ്ങൾ രംഗത്ത് വരുന്നു എന്നത് ശ്രദ്ധേയമാണ്.

പ്രാചീനകായിക വിനോദങ്ങളായ കളരിപ്പയറ്റ്, പകിടകളി, കാരകളി, കാളപൂട്ട് തുടങ്ങിയവ നമ്മുടെ പ്രദേശത്ത് വ്യാപകമായിരുന്നു. പേരെടുത്ത കാളപൂട്ടുകാർ ഇവിടെയുണ്ടായിരുന്നു.

ഇന്ന് കായികരംഗത്തെ വികസനത്തെ കുറിച്ച് പരിഗണിക്കുമ്പോൾ മെഡലുകൾ സമ്പാദിക്കാൻ വേണ്ടിയുള്ള കുറേ യാന്ത്രികാഭ്യാസങ്ങളായി മാറിയിരിക്കുന്നതായികാണാം. ഒരു കായിക സംസ്കാരത്തിന്റെ രൂപീകരണമായിരിക്കണം നമ്മുടെ ലക്ഷ്യം. വിവിധ കായിക പ്രവർത്തനങ്ങളുടെ ഫലമായി മുഴുവൻ ജനതയിലും വളർത്തിയെടുക്കാൻ കഴിയുന്ന സ്വഭാവ വിശേഷണങ്ങളുടെ ആകെ തുകയായിരിക്കണം കായിക സംസ്കാരം. ഇച്ഛാശക്തിയുള്ള, ആത്മവിശ്വാസമുള്ള, ആരോഗ്യ ദൃഢഗാത്രരായ ഒരു ജനതയെ വാർത്തെടുക്കലാണ് പ്രബുദ്ധമായ ഒരു കായിക സംസ്കാരത്തിന്റെ സാമൂഹ്യകടമ. ഈ ലക്ഷ്യം മുന്നിൽവെച്ചാണ് ഗ്രാമസഭകളിലുയർന്ന് വന്ന പ്രശ്നങ്ങൾ പരിശോധിക്കേണ്ടത്.

1. പഞ്ചായത്താസ്ഥാനത്ത് ഒരു മിനിസ്റ്റേഡിയമുണ്ടെങ്കിലും സൗകര്യങ്ങൾ കുറവാണ്.
2. പഞ്ചായത്തിലെ മറ്റു വാർഡുകളിൽ പൊതുകളിസ്ഥലങ്ങളില്ല.
3. ഒഴിഞ്ഞുകിടന്നിരുന്ന പറമ്പുകളും കൊയ്തൊഴിഞ്ഞ വയലുകളും ഗ്രാമീണരുടെ കളിസ്ഥലങ്ങളായിരുന്നു. ഈ സൗകര്യങ്ങൾ ഇപ്പോൾ ഇല്ലാതായിരിക്കുകയാണ്.
4. കായിക രംഗത്തെക്കുറിച്ചുള്ള ബോധവൽക്കരണപരിപാടികൾ പൊതുവെ കുറവാണ്.
5. വിദ്യാലയങ്ങളിൽ കുട്ടികളെ കായിക പ്രവർത്തനങ്ങളിൽ പങ്കെടുപ്പിക്കാനുള്ള സൗകര്യങ്ങളില്ല.
6. കായിക രംഗത്ത് വനിതകൾക്കാവശ്യമായ പ്രോത്സാഹനം ലഭിക്കുന്നില്ല.
7. പഴയകളികളും, കായികമത്സരങ്ങളും അപ്രത്യക്ഷമായികൊണ്ടിരിക്കയാണ്.

നിർദ്ദേശങ്ങൾ

1. കാവന്നൂരിലുള്ള മിനിസ്റ്റേഡിയം സൗകര്യങ്ങൾ വർദ്ധിപ്പിച്ച് സജ്ജീകരിക്കുക.
2. എല്ലാ വാർഡുകളിലും ഒരു കളിസ്ഥലമെങ്കിലും സ്ഥാപിക്കുക.

3. പഴയകായിക പരിപാടികൾ കണ്ടെത്തി അവയ്ക്ക് പ്രോത്സാഹനം നൽകുക.
4. മേന്മയേറിയ കായിക സംസ്കാരം സമൂഹത്തിനുണ്ടാക്കുന്ന ഗുണഫലങ്ങളെക്കുറിച്ച് വ്യാപകമായി ബോധവൽക്കരണം നടത്തുക.
5. ഔപചാരിക വിദ്യാഭ്യാസത്തിന്റെ അവിഭാജ്യഘടകമായി കായിക പ്രവർത്തനങ്ങൾ മാറണം, ചെറിയ ക്ലാസ്സുകളിൽ നിന്ന് തന്നെ തുടക്കം കുറിക്കണം.
6. എല്ലാ വിദ്യാലയങ്ങളിലും കളിസ്ഥലങ്ങളുണ്ടാക്കണം.
7. പഞ്ചായത്തിലെ ക്ലബ്ബുകൾ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുകയും ഏകോപിച്ച് പ്രവർത്തിക്കുകയും ചെയ്യുക.
8. കായിക പ്രതിഭകളെ കണ്ടെത്താൻ പ്രത്യേക സംവിധാനം ഉണ്ടാക്കുക, ഇവർക്ക് പഞ്ചായത്തിൽ പേർ റജിസ്റ്റർ ചെയ്യുന്നതിനുള്ള സംവിധാനമുണ്ടാക്കുക.
9. പെൺകുട്ടികൾക്ക് പ്രത്യേകമായി പരിശീലനം നൽകുന്നതിനായി വനിതാ കായിക സമിതികൾ രൂപീകരിക്കുക. സൈക്കിൾസവാരി, കളരിപ്പയറ്റ്, കരാട്ടെ, തുടങ്ങി ഒട്ടേറെ ഇനങ്ങളിൽ പരിശീലനം നേടാനുള്ള സൗകര്യങ്ങളേർപ്പെടുത്തേണ്ടതാണ്.
10. പഠനത്തിൽ സ്പോർട്സ് പാഠങ്ങൾ ഉൾപ്പെടുത്തുക. ആരോഗ്യശീലങ്ങൾ പ്രതിപാദിക്കുന്നതായിരിക്കണം ഈ പാഠങ്ങൾ
11. പഞ്ചായത്ത് നടത്തിവരാറുള്ള കായികമേളകൾ കൂടുതൽ ജനപങ്കാളിത്തത്തോടെ നടത്തുക.
    a. വാർഡ്തലത്തിൽ മതസ്രങ്ങളിലൂടെ തെരെഞ്ഞെടുക്കപ്പെട്ടവർ വാർഡുഅടിസ്ഥാനത്തിൽ ഒരു ടീമായി പഞ്ചായത്ത് മേളകളിൽ പങ്കെടുക്കുക.
    b. പഞ്ചായത്ത് തലത്തിലുള്ള മേളകളുടെ നടത്തിപ്പിന് വിഭവസമാഹരണം നടത്താവുന്നതാണ്.
12. കുട്ടികൾക്കായി നാല് വർഷത്തിലൊരിക്കൽ പഞ്ചായത്ത് തലത്തിൽ ബേബി ഒളിംബിക്സ് സംഘടിപ്പിക്കുക.
13. പുതിയതരം കളികൾ കണ്ടുപിടിക്കുന്നതിന് പ്രോത്സാഹനം നൽകുക.
14. കൂട്ടഓട്ടം, സൈക്കിൾറാലി തുടങ്ങി എല്ലാ പ്രായക്കാർക്കും കൂട്ടമായി പങ്കെടുക്കാൻ പറ്റുന്ന പരിപാടികൾ സംഘടിപ്പിക്കുക.
15. തെങ്ങുകയറ്റം, ഞാറ് നടിൽ, കാളപൂട്ട്, തുന്നൽ, കിളക്കൽ തുടങ്ങി തൊഴിൽ മേഖലയുമായി ബന്ധപ്പെടുത്തി മത്സരങ്ങൾ സംഘടിപ്പിക്കുക.
16. കായിക പ്രതിഭകളെ ആദരിക്കുന്നതിനും, അംഗീകരിക്കുന്നതിനും വേദികളൊരുക്കുക.
17. കായികരംഗത്തെ പുരോഗതിക്കുവേണ്ടി മാർഗ്ഗനിർദ്ദേശം നൽകുന്നതിനുവേണ്ടി വിദഗ്ദ്ധരെ ഉൾപ്പെടുത്തി പഞ്ചായത്ത് തല ഉപദേശകസമിതി രൂപീകരിക്കാവുന്നതാണ്.
18. കരാട്ടെ തുടങ്ങിയ അഭ്യാസമുറകൾ പഠിക്കുവാൻ പഞ്ചായത്ത് തലത്തിൽ സെന്ററുകൾ സ്ഥാപിക്കുക.
19. പഞ്ചായത്തിലെ റജിസ്റ്റർ ചെയ്ത മുഴു

വൻ ക്ലബ്ബുകളെയും പ്രവർത്തനക്ഷമമാക്കുക.

സർവ്വോപരി മാനുഷിക മൂല്യങ്ങളോടുള്ള പൗരന്റെ പ്രതിബദ്ധതയാണ് സംസ്കാരം. എല്ലാവരും ഈ രാജ്യത്തെ പൗരൻമാരാണെന്നും തന്നിൽനിന്നും വ്യത്യസ്ത ആശയങ്ങളും നയങ്ങളും സ്വീകരിച്ചിട്ടുള്ളവൻ തന്റെ ശത്രുവോ തന്നേക്കാൾ താഴ്ന്നവനോ അല്ലെന്നുമുള്ള ചിന്ത വളരുമ്പോഴാണ് അവനിൽ സംസ്കാരം ഉറവെടുക്കുന്നത്. പറയുവാൻ എളുപ്പവും പ്രവൃത്തിയിൽ കൊണ്ടുവരാൻ വിഷമകരവുമായ ഒരവസ്ഥയാണിത്. നമ്മുടെ രാഷ്ട്രത്തിന്റെ പ്രത്യേകതകളായ മതേതരത്വം, സഹിഷ്ണുത, സൗഹൃദം, നല്ല അയൽപക്കബന്ധം മുതലായവ ഉയർത്തിപ്പിടിക്കാനുപകരിക്കുന്ന സാംസ്കാരിക പുനരർപ്പണം ആവശ്യമായിരിക്കുന്നു.

പഞ്ചായത്ത് തലത്തിൽ അറിയപ്പെടുന്ന ക്ലബ്ബുകൾ

ക്രമ നമ്പർ	ക്ലബ്ബിന്റെ പേര്	വാർഡ്	എടുത്തു പറയാവുന്ന പ്രവർത്തനങ്ങൾ
1	കാസ്കോ അത്താണിക്കൽ	4	SSLC സൗജന്യ ട്യൂഷൻ ഫുട്ബാൾ മത്സര സംഘാടനം അംഗൻവാടി ബാലകലോത്സവം സംഘാടനം.
2	രൂപം ഇരിവേറ്റി	6	രക്ത ദാതാക്കുളുടെ ലിസ്റ്റ് - രക്തഗ്രൂപ്പ് പരിശോധനാ ക്യാമ്പ്
3	ഫിനിക്സ് ചെങ്ങര	11	ജനവിദ്യാകേന്ദ്രം വായനശാല - രക്ത ഗ്രൂപ്പ് നിർണയ ക്യാമ്പ്
4	എസ്കാസ് ഇരിവേറ്റി	6	ജനവിദ്യാകേന്ദ്രം വായനശാല ലൈബ്രറി
5	എവർഷൈൻ വാകാലൂർ	1	
6	നവോദയ - മോഴിപ്പാടം	1	വായനശാല
7	റീഗൽ സ്പോർട്സ് ക്ലബ്ബ് കണ്ടംകുളം	2	
8	ലക്കിസ്റ്റാർ ആലുങ്ങാപറമ്പ്	3	
9	സിൽവർസ്റ്റാർ	3	
10	ആരാധനമ്യൂസിക് കാവന്നൂർ	5	
11	കാവന്നൂർ ക്രിക്കറ്റ് ക്ലബ്ബ്	5	

ക്രമ നമ്പർ	ക്ലബ്ബിന്റെ പേര്	വാർഡ്	എടുത്തു പറയാവുന്ന പ്രവർത്തനങ്ങൾ
12	സെലക്ട് ആർട്സ് & സ്പോർട്സ് കാവന്നൂർ	5	
13	ശിൽപി. കാവന്നൂർ	5	
14	സ്കൈലാർക്ക് കാവന്നൂർ	5	ഫുഡ്ബോൾ മൽസര സംഘാടനം
15	ബ്ലൂമാക്സ് കാവന്നൂർ	5	
16	ബ്രദേർസ് ഇളയൂർ	9	
17	ജുബാസി - ഇളയൂർ	9	
18	അകാൽതക്ത്	9	
19	ഗസൽ - ചെങ്ങര	10	മ്യൂസിക് ക്ലബ്ബ് വാർഷികാഘോഷം കലാ പരിശീലനം
20	ചന്ദ്രതാരാ കലാസമിതി	11	
21	സ്പന്ദനം ഇരിവേറ്റി	6	
22	ഉദയം തോട്ടിലങ്ങാടി	7	

അവലംബം: പഞ്ചായത്തിലെ കേരളോൽസവ ഫയലുകൾ)

വാർഡ്	വായനശാലയുടെ പേര്	
5.	അഹമ്മദ് കുരിക്കൾ സ്മാരകവായനശാല	കാവന്നൂർ
9.	യുവജന സംഘം വായനശാല & ഗ്രന്ഥശാല	ഇളയൂർ
6.	പൊതുജന വായനശാല & ഗ്രന്ഥശാല	ഇരിവേറ്റി
7.	ഗ്രാമീണവായനശാല	തോട്ടിലങ്ങാടി
2.	പൊതുജനവായനശാല	എലിയാപറമ്പ്
6.	എസ്കാസ് വായനശാല	ഇരിവേറ്റി
11.	സാക്ഷരതാജനവിദ്യാകേന്ദ്രം	ചെങ്ങര
5.	സി.എച്ച്. മുഹമ്മദുകോയ മെമ്മോറിയൽ വായനശാല	വടക്കുംമുറി
1.	നവോദയ വായനശാല	മോഴിപ്പാടം

(അവലംബം പഞ്ചായത്തിലെബന്ധപ്പെട്ട റജിസ്റ്റർ)

4 9 വനിത

1991ലെ സെൻസസ് പ്രകാരം ആകെയുള്ള ജനസംഖ്യയായ 25,090ൽ 12566 പേർ സ്ത്രീകളാണ്. പുരുഷൻമാരേക്കാൾ 42 സ്ത്രീകൾ കൂടുതൽ. 15% കുടുംബങ്ങൾ സ്ത്രീ നായകത്വം വഹിക്കുന്നതാണ് എന്ന് കണക്കാക്കപ്പെടുന്നു.

ഈ നൂറ്റാണ്ടിന്റെ ആരംഭദശകങ്ങളിൽ പഞ്ചായത്തിൽ നാലു സ്ഥലങ്ങളിലായി സ്ഥാപിക്കപ്പെട്ട പ്രൈമറി സ്കൂളുകളിൽ പെൺകുട്ടികളും പഠിച്ചിരുന്നു. ഉപരിപഠനങ്ങളുടെ അഭാവം കൊണ്ട് 1950 കൾ വരെ സ്ത്രീകളുടെ വിദ്യാഭ്യാസം പ്രാഥമിക ഘട്ടത്തിനപുറം പോയിട്ടില്ല. അറുപതുകളിൽ സമീപപ്രദേശങ്ങളായ അരീക്കോട്, മഞ്ചേരി എന്നിവിടങ്ങളിലെ ഹൈസ്കൂളുകളിൽ പോയി പഠിക്കാൻ കുറച്ചു പെൺകുട്ടികൾക്കെങ്കിലും സാധിച്ചതായി കാണാം 1974ൽ പഞ്ചായത്തിലെ പ്രഥമ ഹൈസ്കൂളിന്റെ വരവോടുകൂടി പെൺകുട്ടികളുടെ ഹൈസ്കൂൾ പഠനത്തിന് കൂടുതൽ സൗകര്യമായി. ആദ്യഘട്ടങ്ങളിൽ ബാല്യവിവാഹങ്ങളും മറ്റും സ്ത്രീവിദ്യാഭ്യാസത്തെ തളർത്തിയെങ്കിലും ഇപ്പോൾ ഇത്തരം പ്രതികൂല ഘടകങ്ങൾ തീരെ ഇല്ലെന്നു പറയാം. പഞ്ചായത്തിൽ സ്ത്രീ സാക്ഷരതയിൽ എല്ലാ പ്രദേശങ്ങളും ഒരു പോലെയല്ല. 1971ലെ സെൻസസ് പ്രകാരം 4012 സ്ത്രീകൾ നിരക്ഷരരാണ് എന്നാൽ സമ്പൂർണ്ണ സാക്ഷരതാ പരിപാടിയുടെ ഭാഗമായി ഭൂരിഭാഗം നിരക്ഷരസ്ത്രീകളെയും സാക്ഷരരാക്കുവാൻ കഴിഞ്ഞിട്ടുണ്ട് എങ്കിലും തുടർസാക്ഷരതാ പ്രവർത്തനങ്ങൾ ആവശ്യമാണ്. 1991ൽ കേരളാ സമ്പൂർണ്ണ സാക്ഷരതാ പ്രഖ്യാപനം നടത്തിയത് ഈ പഞ്ചായത്തിലെ 'ചേലക്കാടൻ ആയിഷ'യാണ് എന്നത് നമുക്ക് അഭിമാനിക്കാവുന്ന വസ്തുതയാണ്. ബിരുദവും ബിരുദാനന്തര ബിരുദവും നേടിയ വനിതകൾ പഞ്ചായത്തിൽ വിരളമാണ്. സർക്കാർ സേവനമേഖലകളിൽ അദ്ധ്യാപക ജോലി മാറ്റി നിർത്തിയാൽ മറ്റു മേഖലകളിൽ ജോലിയുള്ള സ്ത്രീകളും അപൂർവ്വമാണ്.

ഈ പഞ്ചായത്തിൽ സ്കൂൾ വിദ്യാർത്ഥികളിൽ കൂടുതലും പെൺകുട്ടികളാണ് ആൺകുട്ടികളെ അപേക്ഷിച്ച് പെൺകുട്ടികളുടെ സ്കൂൾതലങ്ങളിലെ കൊഴിഞ്ഞുപോക്ക് കുറവാണ്. 6443 സ്കൂൾ വിദ്യാർത്ഥികളിൽ 3315 പെൺകുട്ടികളുണ്ട്.

പഞ്ചായത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രത്തെ ആശ്രയിക്കുന്നവരിൽ കൂടുതലും സ്ത്രീകളാണ് സമീകൃതാഹാരത്തിന്റെ അഭാവം മൂലം ഉണ്ടാകുന്ന വിളർച്ചയും വയറിളക്കവുമാണ് ഇവരിൽ പ്രധാനമായും കണ്ടുവരുന്നത്. കഴിഞ്ഞ വർഷം 701 ജനനങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. നിലവിൽ 714 ഗർഭിണികൾ ഇവിടെയുണ്ട് ഗർഭസംബന്ധമായ അസുഖം മൂലം സമീപകാലത്ത് 2 പേർ ഈ പഞ്ചായത്തിൽ മരിക്കുകയുണ്ടായി.

പഞ്ചായത്തിൽ വിദ്യാഭ്യാസമുള്ള സ്ത്രീകളിൽ കുറച്ചുപേർക്കു മാത്രമേ സർക്കാർ, സ്വകാ

ര്യമേഖലകളിൽ ജോലി ലഭിച്ചിട്ടുള്ളു. 8,9, വാർഡുകളിൽ ഉദ്യോഗസ്ഥകളായ സ്ത്രീകളുടെ എണ്ണം താരതമ്യേന കൂടുതലാണ്. തൊഴിൽ മേഖലയിൽ സ്ത്രീകൾ കൂടുതൽ ഏർപ്പെട്ടിട്ടുള്ളത് കാർഷിക മേഖലയിലാണ്.

ഇക്കാലത്ത് ഒട്ടേറെ സ്ത്രീതൊഴിലാളികൾ കാർഷികരംഗത്തെ കൂലിപ്പണിയിൽ നിന്നും മാറിയിട്ടുണ്ട്. കൃഷി നടത്തുന്ന വയൽ പ്രദേശത്തിന്റെ അളവിൽ കുറവു വന്നിട്ടുള്ളതിനാൽ കൃഷിരംഗത്ത് തൊഴിലെടുക്കുന്ന സ്ത്രീകളുടെ എണ്ണത്തിലുണ്ടായിട്ടുള്ള കുറവ് ഇപ്പോൾ ഒരു പ്രതിസന്ധിയായി മാറിയിട്ടില്ല. ചുരുക്കം സ്ത്രീകൾ പായനെയ്ത്, ടൈലറിംഗ്, അടക്കപൊളിക്കൽ തുടങ്ങിയ തൊഴിൽ ചെയ്തു ഉപജീവനം കഴിയുന്നുണ്ട്. അടുത്ത കാലത്തായി വളർന്നിട്ടുള്ള ഇറച്ചിക്കോഴികൃഷിയുടെ നടത്തിപ്പിൽ നെടും തൂണുകളായി പ്രവർത്തിക്കുന്നത് സ്ത്രീകളാണ്.

പുരുഷന്മാർക്ക് കുറഞ്ഞകൂലിയായി 100രൂപ ലഭിക്കുമ്പോൾ സ്ത്രീകൾക്ക് 60രൂപ മാത്രമേ ഒരേ ജോലിക്കുപോലും ലഭിക്കുന്നുള്ളു.

അടുക്കളത്തോട്ടമായി പച്ചക്കറി കൃഷി നടത്തുന്ന ഒട്ടേറെ സ്ത്രീകൾ പഞ്ചായത്തിലുണ്ട്. ആട് വളർത്തലും സ്ത്രീകളുടെ ഒരു വരുമാന മാർഗ്ഗമാണ്. പഞ്ചായത്തിലാകെ 5 DWCRA യൂണിറ്റുകളുണ്ട്. ഒരു പശുവളർത്തൽ, 3 ആടു വളർത്തൽ ഒരു ചിപ്സ് നിർമ്മാണം എന്നിവയാണിവ. പൊതുവെ ഈ യൂണിറ്റുകളെല്ലാം വിജയകരമായി നടന്നുവരുന്നു. ഇവക്കുപുറമെ മലപ്പുറം ജില്ലക്കനുവദിച്ച ഏക ഭക്ഷ്യ സംസ്കരണ ട്രൈനിംഗ് യൂണിറ്റ്, എളയൂർ മഹിളാ സമാജത്തിന്റെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്. ശരിയായ മാർക്കറ്റിംഗ് സംവിധാനത്തിന്റെ അഭാവം മൂലം ഈ യൂണിറ്റ് പ്രതിസന്ധിയിലാണ്. 8,9 വാർഡുകളിൽ നിലവിലുള്ള പൗൾട്രി ഫാമുകൾ കൂടുതലും വനിതാ വ്യവസായ യൂണിറ്റുകളായിട്ടാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. പഞ്ചായത്തിൽ 6 ടൈലറിംഗ് യൂണിറ്റുകളും നിലവിലുണ്ട്.

രാഷ്ട്രീയ ബഹുജന സംഘടനകളിൽ നേതൃത്വപദവി കയ്യാളുന്ന സ്ത്രീകൾ വിരളമാണ്. ഒരു രാഷ്ട്രീയ പാർട്ടിയുടെ മഹിളാ വിഭാഗത്തിന്റെ സംസ്ഥാന വൈസ്പ്രസിഡന്റ് ഈ പഞ്ചായത്തിൽ നിന്നുള്ള വനിതയാണ്. പൊതുരംഗത്ത് കുറച്ചെങ്കിലും പ്രവർത്തിക്കുന്നത് അംഗൻ വാടികളിലും മഹിളാസമാജങ്ങളിലും പ്രവർത്തിക്കുന്നവരാണ്. സാക്ഷരതാപ്രവർത്തനം കുറച്ചു സ്ത്രീകളെ സാമൂഹ്യപ്രവർത്തന രംഗത്തേക്ക് കൊണ്ടുവരാൻ സഹായിച്ചിട്ടുണ്ട്. സാമൂഹ്യപ്രവർത്തന രംഗത്ത് സ്ത്രീകൾ വരുന്നത് പുരുഷന്മാർക്ക് താൽപര്യമില്ല. പുരുഷന്മാരുടെ താത്പര്യകുറവ് അതിജീവിച്ചുകൊണ്ട് ഈ രംഗത്തേക്ക് വരാൻ സ്ത്രീകൾ പ്രാപ്തരല്ല. നിലവിലുള്ള ഇരുപതോളം മഹിളാ സമാജങ്ങളിൽ രണ്ടെണ്ണം മാത്രമേ സജീവമായുള്ളു.

'സ്ത്രീധനം' എന്ന സാമൂഹ്യവിപത്തിന്റെ ബലിയാടാവുന്ന നിരവധി പെൺകുട്ടികൾ ഈ പഞ്ചായത്ത് പ്രദേശത്തുണ്ട്. സ്ത്രീധനം കൊടുക്കാൻ കഴിയാത്തതിന്റെ പേരിൽ ശാരീരികവും മാനസികവുമായ പീഡനങ്ങൾ സഹിക്കുന്നവരും ധാരാളമുണ്ട്. ഈ പ്രശ്നത്തിന്റെ പേരിൽ വിവാഹബന്ധം വേർപ്പെടുത്തപ്പെട്ടവരും ഇവിടെയുണ്ട്. പത്രമാധ്യമങ്ങളിൽ സ്ത്രീധനത്തിനെതിരായി നടക്കുന്ന ബോധവൽക്കരണം സമൂഹത്തിൽ കാര്യമായ ചലനങ്ങൾ ഉളവാക്കിയിട്ടില്ല

എന്നത് നിർഭാഗ്യകരമാണ്. സ്വന്തം വീടുകളിൽ മദ്യപിച്ച് വന്നു സ്ത്രീകളെ ഉപദ്രവിക്കുന്നവരുടെ എണ്ണം ചാരായ നിരോധനം മൂലം കുറെ കുറഞ്ഞിട്ടുണ്ട്. അജ്ഞതമൂലം ശരിയായ ചികിത്സക്ക് പോകാത്തവർ ഇപ്പോഴും ധാരാളം ഉണ്ട്. വിവാഹത്തിന്റേ പേരിലുള്ള വർദ്ധിച്ച ചിലവുകളും വിവാഹം, പ്രസവം തുടങ്ങിയവയുമായി ബന്ധപ്പെട്ടു നടക്കുന്ന ആചാരങ്ങളും ധൂർത്തും മാമൂലുകളും സ്ത്രീകളെ പ്രതികൂലമായി ബാധിക്കുന്നുണ്ട്.

സാധ്യതകളും നിർദ്ദേശങ്ങളും

1. രജിസ്റ്റർ ചെയ്യപ്പെട്ട 20 മഹിളാസമാജങ്ങളെയും പ്രവർത്തനക്ഷമമാക്കാനുള്ള ഒരു കർമ്മ പരിപാടിക്ക് രൂപംകൊടുക്കുക. ഓരോ മഹിളാ സമാജത്തിന്റെ കീഴിലും അനുയോജ്യമായ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുക. റെഡിമെയ്ഡ് വസ്ത്രങ്ങൾ, ലതർബാഗ്, പ്ലാസ്റ്റിക് വർക്ക്സ്, സോപ്പ്, കരകൗശലവസ്തുക്കൾ, ഭക്ഷ്യ വസ്തുക്കൾ, മെഴുകുതിരി, ബുക്ക് ബൈന്റിംഗ് തുടങ്ങിയവയുടെ നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കണം.
2. വാർഡുതലങ്ങളിൽ സ്ത്രീധനമുൾപ്പടെയുള്ള അനാചാരങ്ങൾക്കെതിരായി ജാഗ്രതാസംഘങ്ങൾ രൂപീകരിക്കുക, വർഷത്തിൽ ഒരു ദിവസം സ്ത്രീധന വിരുദ്ധദിനമായി ആചരിക്കുക അന്നേദിവസം വാർഡ് തലങ്ങളിലും പഞ്ചായത്ത് തലങ്ങളിലും സെമിനാർ, പ്രതിജ്ഞത, ബോധവൽക്കരണ ജാഥ എന്നിവ സംഘടിപ്പിക്കുക വീടുകൾ കയറിയിറങ്ങിയുള്ള ബോധവൽക്കരണവും നടത്തുക.
   സ്ത്രീധനവുമായി ബന്ധപ്പെട്ട വിവരം കിട്ടിയാൽ ജാഗ്രതാസംഘത്തിന്റെ നേതൃത്വത്തിൽ നിയമ നടപടികൾ ആരംഭിക്കുക.
3. നിലവിലുള്ള CBNP പ്രവർത്തനം കാര്യക്ഷമവും ഊർജ്ജിതവുമാക്കുക. ഗ്രാമസഭകളിൽ ഇതിന്റെ പ്രവർത്തനം അവലോകനം നടത്തുക. CBNP പ്രവർത്തകരുടെ എണ്ണം വാർഡിന് ഒന്ന് എന്ന തോതിൽ വർദ്ധിപ്പിക്കുക. ഇവർക്കുള്ള അലവൻസ് വർദ്ധിപ്പിക്കകുയം യഥാസമയം നൽകുകയും ചെയ്യുക.
4. പ്രധാന കേന്ദ്രങ്ങളിൽ ബസ് വെയിറ്റിംഗ് ഷെഡിനോടനുബന്ധിച്ച് കംഫർട്ട് സ്റ്റേഷനുകൾ സ്ഥാപിക്കുക.
5. പഞ്ചായത്തിലെ സർക്കാർ, മാനേജ്മെന്റ് സ്കൂളുകളിൽ പെൺകുട്ടികൾക്കായി മൂത്രപുരയും കക്കൂസും ഏർപ്പെടുത്തുക.
6. പഞ്ചായത്തിലുള്ള ആരോഗ്യ ഉപകേന്ദ്രങ്ങളിൽ ആഴ്ചയിലൊരിക്കലെങ്കിലും ഡോക്ടറുടെ സേവനം ലഭ്യമാക്കുക. കാവന്നൂർ PHCയിൽ സ്ഥിരമായി ഒരു ഗൈനക്കോളജിസ്റ്റിനെ നിയമിക്കുക.
7. സമ്പൂർണ മദ്യ നിരോധനം നടപ്പിൽ വരുത്തുകയും വ്യാജമദ്യനിർമ്മാണം കർശനമായി തടയുകയും ചെയ്യുക.
8. മഹിളാ സമാജങ്ങളോടനുബന്ധിച്ചുള്ള നിർമ്മാണ യൂണിറ്റുകളുടെ ഉൽപന്നങ്ങൾ വിൽപന നടത്താനായി മൊബൈൽ യൂണിറ്റ് ആരംഭിക്കുക.
9. സഹകരണമേഖലയിൽ വനിതകൾക്കായി ഒരു തൊഴിലധിഷ്ഠിത സാങ്കേതിക വിദ്യാ

ഭ്യാസ സ്ഥാപനത്തിന്റെ സാധ്യതകൾ ആരായുക.

10. വരുമാനം കുറഞ്ഞ കുടുംബങ്ങളിലെ സ്ത്രീകൾക്ക് പഞ്ചായത്തിൽ നിന്ന് പ്രസവാനുകൂല്യം നൽകുക.


11. വനിതകൾക്ക് ഉപരിപഠനത്തിനുസൗകര്യമുണ്ടാവണം.

12. സ്ത്രീധനത്തിന്റെ ദൂഷ്യവശങ്ങളെ സംബന്ധിച്ച് സ്ത്രീകളെതന്നെ ബോധവൽക്കരിക്കുക.

13. സ്ത്രീകളെ അശ്ലീലമായി ചിത്രീകരിക്കുന്ന പരസ്യങ്ങൾ കർശനമായി തടയാൻ പഞ്ചായത്ത് തലത്തിൽ സംവിധാനമുണ്ടാവണം.

14. എല്ലാവാർഡുകളിലും മാവേലി സ്റ്റോറുകൾ സ്ഥാപിക്കുന്നത് സ്ത്രീകൾക്ക് ആശ്വാസകരമാണ്.

15. അനാരോഗ്യകരമായ വായന സ്ത്രീകളിൽ നിരാശബോധവും, അപകർഷതാബോധവും ആത്മഹത്യാ പ്രവണതയും വളർത്തുന്നു. ആരോഗ്യകരമായ വായന വളർത്തിയെടുക്കാൻ നല്ല പുസ്തകങ്ങൾ വീടുകളിൽ എത്തിച്ചുകൊടുക്കുന്ന മൊബൈൽ ലൈബ്രറി പഞ്ചായത്തിൽ സ്ഥാപിക്കുക.



4 | 10

സഹകരണം

1964 ലെ സഹകരണ നിയമത്തിന്റെ അടിസ്ഥാനത്തിൽ ഈ പ്രദേശത്ത് രണ്ട് വിവിധോദ്ദേശ ഐക്യനാണയ സംഘങ്ങൾ രൂപീകൃതമായി. മഞ്ഞോളി ശങ്കുണ്ണിനായർ, മഞ്ഞോളി കൃഷ്ണൻ നായർ തുടങ്ങിയവർ പഴയ കാവന്നൂർ അംശത്തിലും എളയൂരിലെ രാഘവൻനായർ, എം.കെ. അബ്ദുറഹിമാൻ (മാനു) തുടങ്ങിയവർ പഴയ ഇരുവേറ്റി അംശത്തിലും ഐക്യനാണയ സംഘങ്ങളുടെ സംഘാടകരിൽപ്പെട്ടവർ ആയിരുന്നു എന്നറിയുവാൻ കഴിഞ്ഞിട്ടുണ്ട്. 1964ലെ സഹകരണനിയമത്തിന്റെ അടിസ്ഥാനത്തിൽ ഇവ സംയോജിപ്പിച്ച് കാവന്നൂർ സർവ്വീസ് സഹകരണസംഘമായി മാറി. എ.കെ. കേശവൻനായർ, വി. സെയ്തലവി ഹാജി, താൾതൊടി സെയ്തലവി ഹാജി, എ.പി. ചേക്കുഹാജി, കെ. മുഹമ്മദ് (കുഞ്ഞുട്ടി), എ.വി. അലവി സാഹിബ് തുടങ്ങിയവർ ഈ സംഘത്തിന്റെ ചരിത്രഗതിയിലെ നാഴിക കല്ലുകൾ ആയിരുന്നു. ടി. അബ്ദുറഹിമാൻ വാക്കാല്ലൂർ ആണ് ഇപ്പോൾ ഈ സഹകരണ സ്ഘത്തിന്റെ പ്രസിഡന്റ്.

കാർഷികമേഖല

കാവന്നൂർ പഞ്ചായത്തിൽ നിലവിലുള്ള സഹകരണസ്ഥാപനങ്ങളിൽകാർഷിക വായ്പാ സംഘമായി പ്രവർത്തിക്കുന്നത് കാവന്നൂർ സർവ്വീസ് സഹകരണ സംഘമാണ്. ഏകദേശം മൂവായിരത്തി അഞ്ഞുറോളം കാർഷിക കുടുംബങ്ങളാണ് ഈ പഞ്ചായത്തിൽ ഉള്ളത്. ഹ്രസ്വകാല കാർഷിക കാർഷികേതര വായ്പകളാണ് ഈ സംഘം മുഖ്യമായും വിതരണം ചെയ്യുന്നതെങ്കിലും പല കാരണങ്ങളാലും കർഷകരുടെ വായ്പാ ആവശ്യങ്ങൾ പൂർണമായും നിറവേറ്റുവാൻ ഈ സംഘത്തിന് കഴിയുന്നില്ല.

പഞ്ചായത്തിലെ മുഴുവൻ കർഷകരുടെയും പ്രാതിനിധ്യം സംഘത്തിന് അവകാശപ്പെടുവാൻ ആവുന്നില്ല എന്നതും കർഷകാംഗങ്ങളുടെ സാമ്പത്തിക ആവശ്യങ്ങൾ പരിമിതമായി നിർവഹിക്കുവാൻ ചുരുങ്ങിയത് 75 ലക്ഷം രൂപ ആവശ്യമായിരിക്കേ നബാഡ് ഏകദേശം 10 ലക്ഷത്തോളം രൂപ മാത്രമേ സംഘത്തിന് വിതരണം ചെയ്യുന്നുള്ളു എന്നതും കൃത്യസമയത്ത് വായ്പ തിരിച്ചടക്കാത്തതും സ്വന്തമായി സ്ഥലമുണ്ടെങ്കിലും സ്വന്തമായി കെട്ടിടം ഇല്ലാത്തതും നിക്ഷേപരംഗത്ത് കാര്യമായ പുരോഗതി നേടാനാകാത്തതും സംഘത്തിന്റെ പ്രവർത്തനം നഷ്ടത്തിലാക്കാൻ ഇടയാക്കിയ കാരണങ്ങളാണ്.

വിസ്തൃതമായ പഞ്ചായത്ത് ആയതിനാൽ സംഘത്തിന്റെ സേവനം എല്ലാ ഭാഗങ്ങളിലും ലഭ്യമാകുന്നില്ല എന്ന അവസ്ഥയാണ് ഉള്ളത്. ഇത് മാറ്റിയെടുക്കാൻ പുതിയ ബ്രാഞ്ചുകൾ പഞ്ചായത്തിന്റെ പ്രധാന കേന്ദ്രങ്ങളിൽ തുടങ്ങേണ്ടതാണ്.

ഏറനാട് താലൂക്ക് പ്രവർത്തന പരിധിയിലുള്ള ഏറനാട് സഹകരണ കാർഷിക ഗ്രാമവികസന ബേങ്ക് ആണ് ഈ പഞ്ചായത്തിലെ കർഷകർക്കാവശ്യമായ ദീർഘകാല കാർഷിക വായ്പകൾ നൽകിവരുന്നത്. എന്നാൽ സാമ്പത്തികവും അല്ലാത്തതുമായ പല ബുദ്ധിമുട്ടുകളാലും കർഷകർക്ക് വായ്പ ലഭ്യമല്ലാത്ത അവസ്ഥയാണുള്ളത്.

പരിഹാര നിർദ്ദേശങ്ങൾ

സംഘത്തിന്റെ നഷ്ടത്തിന് തുല്യമായ തുക പലിശ രഹിത ദീർഘകാല വായ്പയായോ ഓഹരി മൂലധനമായോ അനുവദിക്കുക.

നബാർഡിന്റെ വായ്പാ വിതരണ നയത്തിൽ സമൂലമായ മാറ്റം വരുത്തി എല്ലാ കർഷകരുടേയും വായ്പാ ആവശ്യങ്ങൾ നിറവേറ്റുവാൻ ആവശ്യമായ തുക സംഘത്തിന് അനുവദിക്കുക.

എല്ലാ കർഷകരേയും അംഗങ്ങളാക്കി ഓഹരി മൂലധനം വർദ്ധിപ്പിക്കുക.

നിക്ഷേപസമാഹരണ രംഗത്ത് സംഘത്തിന്റെ പ്രവർത്തനം തൃപ്തികരമല്ല. ഈ രംഗത്ത് കാര്യമായ പുരോഗതി കൈവരുത്തേണ്ടത് ആണ്. സമാഹരിക്കപ്പെടുന്ന തുക ലാഭകരമായ വിധത്തിൽ കൺസ്യൂമർ വായ്പ, സ്വർണ്ണപ്പണ്ടപണയ വായ്പ, കച്ചവട വായ്പ തുടങ്ങിയവക്ക് വിനിയോഗിക്കാവുന്നതാണ്.

ചിട്ടികൾ ആരംഭിച്ച് സംഘത്തിന്റെ പ്രവർത്തനം വിപുലപ്പെടുത്തേണ്ടതാണ്.

ഓരോ കർഷകനും ഒരു വർഷത്തേക്ക് ആവശ്യമായ കാർഷിക വായ്പ വർഷാരംഭത്തിൽ തന്നെ പാസ്സാക്കി കർഷകർക്ക് ക്രെഡിറ്റ് കാർഡ് സമ്പ്രദായം നടപ്പിലാക്കാവുന്നതാണ്.

വളവും കാർഷിക ഉപകരണങ്ങളും വിതരണം ചെയ്യുവാനും കാർഷിക ഉത്പന്നങ്ങൾ സംഭരിക്കുവാനും ഈ ബാങ്കിൽ സംവിധാനം ഉണ്ടാക്കുക. സംഘത്തിന് സ്വന്തം കെട്ടിടം ഉണ്ടാക്കുവാനും ഗോഡൗൺ നിർമ്മിക്കുവാനും ആവശ്യമായ ധനസഹായം ലഭ്യമാക്കുക.

നെൽകൃഷി ആദായകരമല്ലാത്തതിനാൽ ഈ പഞ്ചായത്തിലെ പല ഭാഗങ്ങളിൽ നിന്നും ഈ കൃഷി അപ്രത്യക്ഷമായികൊണ്ടിരിക്കുന്നു. നെൽകൃഷിക്കുള്ള സബ്സിഡി വർദ്ധിപ്പിക്കു, മേത്തരം വളം, വിത്ത്, കീടനാശിനി, ട്രാക്ടർ, ട്രില്ലർ, കൊയ്ത്ത് മെതിയന്ത്രങ്ങൾ എന്നിവ കർഷകർക്ക് ലഭ്യമാക്കുവാൻ പദ്ധതികൾ ആവിഷ്കരിക്കുക. ഇതിനായി പാഠശേഖരങ്ങൾ കേന്ദ്രീകരിച്ച് ഗ്രൂപ്പ് ഫാമിംഗ് സഹകരണ സംഘങ്ങൾ രൂപീകരിക്കേണ്ടതാണ്.

ദീർഘകാല വായ്പ നൽകിവരുന്ന കർഷിക ഗ്രാമവികസന ബേങ്കുകളുടെ വായ്പാ വിതരണ സമ്പ്രദായം ലളിതമാക്കുക, മൊത്തം വായ്പയുടെ നിശ്ചിതവിഹിതം പഞ്ചായത്തിൽ വായ്പയായി നൽകുന്നു എന്ന് ഉറപ്പുവരുത്തുക.

നിലവിലുള്ള കാർഷിക വായ്പയുടെ പരിധി കാലോചിതമായി ഉയർത്തുക.

വായ്പ തുക കൃത്യമായി തിരിച്ചടക്കുന്ന കൃഷിക്കാർക്ക് മുമ്പു നൽകിയിരുന്ന അഞ്ച് ശതമാനം പലിശയിളവ് പുനഃസ്ഥാപിക്കുക,

ഖാദി ഗ്രാമ വ്യവസായ സഹകരണ സംഘങ്ങൾ

ഈ മേഖലയിൽ 2 യൂണിറ്റുകളാണ് പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നത്.

1. ഏറനാട് ടൈൽസ് സഹകരണ സംഘം,

ഈ സംഘത്തിൽ 30 തൊഴിലാളികൾ ജോലി ചെയ്യുന്നു. ഇപ്പോൾ സംഘം നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം, വിലക്കയറ്റം പഴയ രീതിയിലുള്ള യന്ത്രങ്ങൾ തുടങ്ങിയവയാണിതിന് കാരണം.

വൈവിദ്യവൽക്കരണവും മെഷീനുകളുടെ ആധുനിക വൽക്കരണവും ഈ സംഘത്തിന്റെ വളർച്ചക്ക് അത്യാവശ്യമാണ് ഇതിന് ആവശ്യമായ ധനസഹായം ലഭ്യമാക്കി സംഘത്തിന്റെ ഉത്പാദനം കൂട്ടുവാനും സംഘത്തിന്റെ പ്രവർത്തനം ലാഭകരമാക്കുവാനും കൂടുതൽ

ആളുകൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും സാധിക്കും.

2. ഈ രംഗത്ത് പ്രവർത്തിക്കുന്ന മറ്റൊരു സംഘമാണ് കാവന്നൂർ ഗ്രാമവ്യവസായ സഹകരണ സംഘം (കൈകടലാസ് നിർമ്മാണയൂണിറ്റ്) ഇതിപ്പോൾ പ്രവർത്തനരഹിതമാണ്. ഇപ്പോഴത്തെ മെഷീനുകൾ കൊണ്ടുണ്ടാകുന്ന ഉത്പന്നങ്ങൾക്ക് ഉത്പാദനചെലവ് കൂടുതൽ ആയതിനാൽ മാർക്കറ്റിലെ മത്സരത്തെ നേരിടുവാൻ കഴിയുന്നില്ല എന്നതാണ് ഈ സംഘത്തെ നേരിടുന്ന വെല്ലുവിളി. ആധുനിക യന്ത്രവൽക്കരണത്തിൽ കൂടി മാത്രമേ ഈ പ്രതിസന്ധി അതിജീവിക്കാൻ കഴിയൂ എന്നതിനാൽ അതിനാവശ്യമായ ധനസഹായം നൽകി ഈ സംഘത്തിന്റെ പ്രവർത്തനം പുനരുജ്ജീവിപ്പിക്കേണ്ടതാണ്.

പട്ടികജാതി സഹകരണ സംഘം

1987ൽ പ്രവർത്തനം ആരംഭിച്ച ഈ സംഘത്തിന്റെ പ്രവർത്തനം പല കാരണങ്ങളാലും പ്രതീക്ഷക്കൊത്ത് ഉയർന്നിട്ടില്ല. ഈ പഞ്ചായത്തിൽ ഏകദേശം 3500 പട്ടികജാതി, വർഗ്ഗക്കാർ താമസിക്കുന്നുണ്ട് ഇവരുടെ ഉന്നമനത്തിനായി ഈ സംഘത്തിന്റെ പ്രവർത്തനം ഊർജ്ജിതമാക്കേണ്ടതാണ്. സംഘത്തിന് സ്വന്തമായി ഭൂമിയും കെട്ടിടവും ഇല്ല. ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടിലെ മെഷീനുകളുടെ എണ്ണക്കുറവ്, വായ്പാ തിരിച്ചടവിലെ മന്ദത സംഘത്തിന്റെ ട്രാക്ടറിൽ ഹൈഡ്രോളിക് സംവിധാനം ഇല്ലാത്തിനാൽ അനുഭവപ്പെടുന്ന പ്രയോജനക്കുറവ് പുതിയ പദ്ധതികൾ തുടങ്ങുന്നതിന് പ്രതിബന്ധമായി നിൽക്കുന്ന സാമ്പത്തിക പരാധീനത എന്നിവയാണ് സംഘം നേരിടുന്ന പ്രധാന പ്രശ്നങ്ങൾ സംഘത്തിന്റെ പ്രവർത്തനം വിജയകരമാക്കുവാൻ താഴെ പറയുന്ന നടപടികൾ ആവശ്യമാണ്.

സംഘത്തിന് സ്വന്തം കെട്ടിടം ഉണ്ടാക്കുന്നതിന് ആവശ്യമായ സ്ഥലം സർക്കാർ പുറമ്പോക്കിൽ നിന്ന് ലഭ്യമാക്കുക കെട്ടിട നിർമ്മാണത്തിനാവശ്യമായ ധനസഹായം ലഭ്യമാക്കുക.

പഞ്ചായത്തിലെ മുഴുവൽ പട്ടികജാതി വർഗ്ഗക്കാരേയും അംഗങ്ങളാക്കി ഓഹരി മൂലധനം വർദ്ധിപ്പിക്കുക.

കുട്ടനെയ്ത്ത് പായനെയ്ത്ത് തുടങ്ങിയ സ്വയം തൊഴിലുകൾക്ക് വായ്പ അനുവദിക്കുവാനും മാർക്കറ്റിംഗ് സൗകര്യം ഉണ്ടാക്കുവാനും ഉള്ള ധനസഹായം ലഭ്യമാക്കുക.

സംഘത്തിന്റെ നിലവിലുള്ള യൂണിറ്റുകൾ വിപുലപ്പെടുത്തുവാനും പുതിയ യൂണിറ്റുകൾ ഫോട്ടോസ്റ്റാറ്റ്, ടൈലറിംഗ്, പഴസംസ്കരണം, ചകിരി ഉപയോഗിച്ചുള്ള വ്യവസായം, ട്യൂഷൻ സെന്റർ കൺസ്യൂമർ സ്റ്റോർ, നോട്ട് പുസ്തക നിർമ്മാണം, വസ്ത്ര നിർമ്മാണം മുതലായവ തുടങ്ങുവാനും ധനസഹായം ലഭ്യമാക്കുക.

മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ നടപ്പിലാക്കിയാൽ നിരവധിപേർക്ക് തൊഴിൽ ലഭ്യമാക്കുവാനും ഈ ദുർബല വിഭാഗത്തിന്റെ ജീവിത സൗകര്യവും നിലവാരവും ഉയർത്തുവാനും സാധിക്കുന്നതാണ്.

ഭവനനിർമ്മാണരംഗം

സഹകരണ മേഖലയിലെ വിവിധ ഏജൻസികൾ വഴി വിതരണം ചെയ്യുന്ന ഭവന നിർമ്മാണ വായ്പകൾ ഈ പഞ്ചായത്തിൽ പരിമിതമായ തോതിൽ മാത്രമേ ലഭ്യമാകുന്നുള്ളു. പതിമൂന്ന് കിലോമീറ്റർ അകലെ മഞ്ചേരിയിലുള്ള സംഘത്തിന്റെ പരിധിയിലാണ് ഈ പഞ്ചായത്ത്

ഇപ്പോഴുള്ളത്. ഈ ധനസഹായം നമ്മുടെ പഞ്ചായത്തിലെ ജനങ്ങൾക്കും ലഭ്യമാകുവാൻ വേണ്ടി ഒരു ഭവനവായ്പാ സഹകരണ സംഘം രൂപീകരിക്കേണ്ടതാണ്.

ക്ഷീരവ്യവസായ സഹകരണ സംഘം

1992ൽ ഇളയൂരിൽ പ്രവർത്തനം ആരംഭിച്ച സംഘമാണ് ഈപഞ്ചായത്തിലുള്ളത്. എന്നാൽ ഈ പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും ഈ സംഘത്തിന്റെ സേവനങ്ങൾ ക്ഷീര കർഷകർക്ക് ലഭ്യമാകുന്നില്ല എന്നുള്ളതാണ് ഇന്നത്തെ അവസ്ഥ.

ആവശ്യമുള്ള കേന്ദ്രങ്ങളിൽ സബ്‌യൂണിറ്റുകൾ തുടങ്ങുകയും പാൽശേഖരണത്തിന് വാഹന സൗകര്യം ഏർപ്പെടുത്തുകയും വേണം. ഇതിന് ആവശ്യമായ സാമ്പത്തിക സഹായം സംഘത്തിന് ലഭ്യമാക്കണം.

നല്ലയിനം കറവമാടുകളെ അംഗങ്ങൾക്ക് ലഭ്യമാക്കുന്നതിന് ആവശ്യമായ വായ്പാസംവിധാനം ഈ സംഘങ്ങൾ മുഖേന നടപ്പിലാക്കേണ്ടതാണ്.

പഞ്ചായത്ത് തലത്തിൽ ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് ക്ഷീരവികസനത്തിന് ലഭ്യമാക്കുന്ന ആനുകൂല്യങ്ങൾ ക്ഷീരസംഘങ്ങൾ മുഖേന വിതരണം ചെയ്യേണ്ടതാണ്.

പാൽ കേടുകൂടാതെ സൂക്ഷിക്കുന്നതിനും സംസ്കരിക്കുന്നതിനും വേണ്ട സൗകര്യങ്ങൾ ഈ രംഗത്ത് ഏർപ്പെടുത്തേണ്ടതും അതിനാവശ്യമായ മൂലധനം ലഭ്യമാക്കേണ്ടതുമാണ്.

കൺസ്യൂമർ മേഖല

സഹകരണമേഖലയുടെ സേവനം ഉപഭോക്തൃരംഗത്ത് ഈ പഞ്ചായത്തിൽ ലഭ്യമല്ല. ഒരു സഹകരണ കൺസ്യൂമർ സംഘം രൂപവൽക്കരിക്കേണ്ടതും ഇതിന്റെ പ്രാഥമിക പ്രവർത്തനങ്ങൾക്ക് ആവശ്യമായ ധനസഹായം ലഭ്യമാക്കേണ്ടതാണ്. സ്കൂൾ സഹകരണ സംഘങ്ങൾ ഇപ്പോൾ പാഠംപുസ്തകങ്ങൾ മാത്രമേ വിതരണം ചെയ്യുന്നുള്ളു. വിദ്യാർത്ഥികൾക്കാവശ്യമായ യൂണിഫോമുകൾ സ്റ്റേഷനറി സാധനങ്ങൾ തുടങ്ങിയവ വിതരണം ചെയ്ത് പ്രവർത്തന മേഖല വിപുലീകരിക്കുന്നതിന് ഈ സംഘങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

ലേബർ കോൺട്രാക്ട് സഹകരണ സംഘം

സംഘടിത തൊഴിൽ മേഖലയിൽ തൊഴിൽ ചെയ്യുന്ന ധാരാളം തൊഴിലാളികൾ ഈ പഞ്ചായത്തിൽ ഉണ്ട് ഈ തൊഴിലാളികളെ ഉൾപ്പെടുത്തി ഒരു ലേബർ കോൺട്രാക്ട് സഹകരണ സംഘം രൂപീകരിക്കുന്നത് ഈ തൊഴിലാളികൾക്ക് സ്ഥിരമായി തൊഴിൽ ലഭിക്കുന്നതിന് സഹായകരമായിരിക്കും പഞ്ചായത്ത് നേരിട്ട് നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങളും ഈ സംഘത്തിന് നേരിട്ട് നടത്താവുന്നതും അതുവഴി കൂടുതൽ തൊഴിൽ അവസരങ്ങൾ തദ്ദേശീയരായ തൊഴിലാളികൾക്ക് ലഭ്യമാകുന്നതിന് സാധിക്കുന്നതാണ്.

കോഴിവളർത്തൽ സഹകരണ സംഘം

ഈ പഞ്ചായത്തിൽ നിരവധിപേർ കോഴിവളർത്തലിൽ ഏർപ്പെട്ട് ഉപജീവനം കഴിക്കുന്നവരാണ് കൂടുതലാളുകളെ ഈ രംഗത്തേക്ക് കൊണ്ടുവരുന്നതിന് വേണ്ടി ഒരു കൊഴിവളർത്തൽ സഹകരണ സംഘം രൂപീകരിക്കേണ്ടതാണ് ഈ സംഘം മുഖേന വീടുകളിൽ ചെറിയ ചെറിയ യൂണിറ്റുകളായി കോഴിവളർത്തുകയും

അതിനാവശ്യമായ സാമ്പത്തിക സഹായവും സാങ്കേതിക സാഹയവും ലഭ്യമാക്കേണ്ടതാണ്.

വനിതാവിവിധോദ്ദേശ സഹകരണ സംഘം

നമ്മുടെ പഞ്ചായത്തിൽ വിദ്യാസമ്പന്നരായ വൈവിധ്യമാർന്ന തൊഴിലുകൾ അറിയാവുന്ന ധാരാളം വനിതകൾ ഉണ്ട് ഇവരുടെ കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനും സ്ത്രീകളുടെ ഇടയിൽ സാമ്പത്തിക സ്വാശ്രയശീലം വളർത്തുന്നതിനും പഞ്ചായത്ത് തലത്തിൽ ഒരു വനിതാ വിവിധോദ്ദേശ സഹകരണ സംഘം രൂപീകരിക്കുന്നത് ഉചിതമായിരിക്കും. ടൈലറിങ്ങ്, സോപ്പുനിർമ്മാണം സൂപ്പർ വൈറ്റ് നിർമ്മാണം, പൂകൃഷി, ഔഷധസസ്യകൃഷി പച്ചക്കറികൃഷി, കുട്ടനെയ്ത്ത്, പായനെയ്ത്ത്, കൂൺ കൃഷി തുടങ്ങിയ സ്വയം തൊഴിലുകൾ വ്യാപിപ്പിക്കുന്നതിന് മേൽ പറഞ്ഞ രംഗങ്ങളിൽ വായ്പാസൗകര്യം ഏർപ്പെടുത്തുകയും ഉത്പന്നങ്ങൾ വിറ്റഴിക്കുവാനുള്ള സംവിധാനം ഈ സംഘത്തിന്റെ പരിധിയിൽ കൊണ്ടുവരികയും ചെയ്യേണ്ടതാണ് സംഘത്തിന്റെ പ്രാഥമിക പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഫണ്ട് ലഭ്യമാക്കികൊണ്ട് പ്രവർത്തനം ആരംഭിച്ചാൽ സ്ത്രീകൾക്ക് തൊഴിലവസരം ലഭിക്കുന്നതാണ്.

വിദ്യാഭ്യാസം

നമ്മുടെ പഞ്ചായത്തിൽ SSLC പാസ്സാകുന്ന മുഴുവൻ കുട്ടികൾക്കും ഉന്നത വിദ്യാഭ്യാസത്തിന് സൗകര്യം ലഭിക്കുന്നില്ല. ഒരു കോളേജ് സഹകരണ സംഘം രൂപീകരിക്കുകയും അതിന്റെ കീഴിൽ കോളേജ് തലത്തിലുള്ള കോഴ്സുകൾക്ക് പുറമേ തൊഴിലധിഷ്ഠിത കോഴ്സുകളും തുടങ്ങുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണ്.

കാർഷികോത്പന്ന സംഭരണ വികസന സഹകരണസംഘം

കർഷകർക്ക് അവരുടെ ഉത്പന്നങ്ങൾക്ക് ന്യായമായ വില ലഭ്യമാകുന്നില്ല എന്നതും ഉപഭോക്താക്കൾക്ക് മിതമായ നിരക്കിൽ കാർഷിക ഉത്പന്നങ്ങൾ ലഭ്യമാകുന്നില്ല എന്നതും പഞ്ചായത്തിലെ അവസ്ഥയാണ്. ഇത് മാറ്റിയെടുക്കുവാൻ ഒരു കാർഷികോത്പന്ന സംഭരണ വിപണന സഹരണ സംഘം രൂപീകരിക്കേണ്ടത് ആവശ്യമാണ്. പഞ്ചായത്ത് പരിധിക്കുള്ളിൽ ഉത്പാദിപ്പിക്കപ്പെടുന്ന കാർഷികോത്പന്നങ്ങൾ ന്യായമായ വിലക്ക് കർഷകരിൽ നിന്ന് സംഭരിക്കുവാനും മിതമായ വിലക്ക് ഉപഭോക്താക്കൾക്ക് വിതരണം ചെയ്യുവാനും ഈ സംഘത്തിന്റെ രൂപീകരണത്തിന് കഴിയും.

സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനം മുകളിൽ നിർദ്ദേശിച്ച രൂപത്തിലും ഭാവത്തിലും നടപ്പിലാക്കുവാൻ സാധിച്ചാൽ പഞ്ചായത്തിലെ കാർഷികരംഗത്തും വനിതാരംഗത്തും ദുർബല വിഭാഗങ്ങൾക്കിടയിൽ സമൂലമായ പരിവർത്തനങ്ങൾക്കിട വരുത്തുന്നതും പഞ്ചായത്തിന്റെ സാമ്പത്തിക മേഖലകൾക്ക് പുത്തൻ ഉണർവ്വും പ്രചോദനവും നൽകുന്നതുമായിരിക്കും.

ഗ്രാമങ്ങളുടെ സാമ്പത്തിക സാമൂഹിക സാംസ്കാരിക വികസനത്തിന് നിർണായകമായ പങ്ക് വഹിക്കുവാൻ കഴിയുന്ന പ്രസ്ഥാനം എന്ന നിലയിൽ കാവന്നൂർ പഞ്ചായത്തിൽ സഹകരണ രംഗത്ത് നടപ്പിലാക്കേണ്ട പദ്ധതികളെ സംബന്ധിച്ചുള്ള ഈ വികസന റിപ്പോർട്ട് ചർച്ചകൾക്കും മുൻഗണന നിശ്ചയിക്കുന്നതിനുമായി സമർപ്പിച്ചുകൊള്ളുന്നു.

പട്ടിക ജാതി - പട്ടികവർഗ്ഗ ക്ഷേമം

കാവന്നൂർ പഞ്ചായത്തിൽ ഏറ്റവും പുതിയ കണക്കുപ്രകാരം 645 കുടുംബങ്ങളിലായി 3373 പട്ടികജാതിക്കാരും 6 കുടുംബങ്ങളിലായി 28 പട്ടിക വർഗ്ഗക്കാരുമാണുള്ളത്. ഇത് പഞ്ചായത്തിലെ ജനസംഖ്യയുടെ 12 ശതമാനത്തോളം വരുന്നതാണ്. ഇവരിൽ ഭൂരിഭാഗവും കോളനികളിലാണ് താമസിക്കുന്നത്. ഈ കോളനികളിൽ പലതിലും ഏറെകുറെ വികസനങ്ങൾ നടപ്പിലാക്കിയിട്ടുണ്ടെങ്കിലും, വികസനങ്ങൾ എത്തിനോക്കാത്ത കോളനികളും പഞ്ചായത്തിലുണ്ട്. പല കോളനികളൾക്കും ഇനിയും അംഗീകാരം ലഭിച്ചിട്ടില്ല.

ഒറ്റപ്പെട്ട കുടുംബങ്ങൾ താമസിക്കുന്നിടത്തും വികസനപ്രവർത്തനങ്ങൾ കുറവാണ്.

തൊഴിൽ

പരമ്പരാഗതമായി കാർഷികമേഖലയിൽ ഏർപ്പെട്ടിരുന്ന മിക്ക പട്ടികജാതി കുടുംബങ്ങലും ഇപ്പോൾ നിർമ്മാണ മേഖലയിലേക്ക് മാറിക്കൊണ്ടിരിക്കുകയാണ്. കാർഷിക മേഖലയിലെ മുരടിപ്പും, നിർമ്മാണ മേഖലയിലെ ആകർഷകമായ വേതനവും ജോലിസ്ഥിരതയുമാണ് ഈ മാറ്റത്തിന്റെ കാരണമായി ചൂണ്ടികാണിക്കപ്പെടുന്നത്.

വിദ്യാഭ്യാസം

പ്രാഥമിക വിദ്യാഭ്യാസം നേടുന്നതിൽ പുരോഗതിയുണ്ടായിട്ടുണ്ടെങ്കിലും ഉന്നത വിദ്യാഭ്യാസം നേടിയവരുടെ എണ്ണം കുറവാണ്. സാമ്പത്തിക പരാധീനതമൂലം സ്കൂൾ വിദ്യാഭ്യാസം പൂർത്തികരിക്കുന്നതിന്റെ മുമ്പ് തന്നെ തൊഴിൽ മേഖലയിലേക്ക് നീങ്ങുന്ന പ്രവണതയാണ് മിക്കവരിലും കാണുന്നത്. പ്രായമായവരിൽ മാത്രമേ നിരക്ഷരരെ കാണുന്നുള്ളൂ.

പാർപ്പിടം

സ്വന്തമായി വീടില്ലാത്ത ഇരുന്നൂറിൽ പരം കുടുംബങ്ങൾ ഈ പഞ്ചായത്തിലുണ്ട്. അതിൽ അമ്പതോളം കുടുംബങ്ങൾ വീട് വെയ്ക്കാൻ സ്ഥലമില്ലാത്തവരാണ്. ഇത് വരെയായി വിവിധ പദ്ധതികളിൽ കൂടി (ആർ.എൽ.ഇ.ജി.പി, എൻ.ആർ.ഇ.പി, ജെ.ആർ.വൈ, എം.ഡബ്ലിയു. എസ്, ഐ.എ.വൈ) 155 പട്ടിക ജാതി കുടുംബങ്ങൾക്ക് ധനസഹായം കൊടുത്തിരിക്കുന്നു. പട്ടിക വർഗ്ഗത്തിൽ പെടുന്ന 3 കുടുംബങ്ങൾക്കും വീടിന് ധനസഹായം നൽകിയിട്ടുണ്ട്.

പാർപ്പിടപ്രശ്നം പൂർണ്ണമായി പരിഹരിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിലും ഇത്കൊണ്ട് നിരവധി കുടുംബങ്ങൾക്ക് കൂരകളിൽ നിന്നും മോചനം നേടാൻ സഹായകമായിട്ടുണ്ട്. അനുവദിക്കുന്ന തുകയുടെ അപര്യാപ്തതകാരണം പൂർത്തികരിക്കാത്ത വീടുകൾ നിരവധിയാണ്. മിക്കവീടുകൾക്കും കക്കൂസ് ഇല്ല എന്നത് ഒരു പ്രധാന പ്രശ്നമാണ്.

. വൈദ്യുതിയും കുടിവെള്ളവും

വൈദ്യുതീകരിച്ച പട്ടികജാതി വീടുകളുടെ എണ്ണം വളരെ കുറവാണ്. ഈ ആവശ്യത്തിന് സർക്കാർ സഹായം നൽകുന്നുണ്ടെങ്കിലും ലഭിക്കുന്ന തുക വളരെ അപര്യാപ്തമാണ്. കോളനികളിൽ കുടിവെള്ളത്തിനായി ആശ്രയിക്കുന്നത് കിണറുകളെയാണ്. വേനൽക്കാലമാവുമ്പോഴേക്കും മിക്ക കിണറുകളും വറ്റി പോവുന്നു. ചിലയിടത്തൊക്കെ വാട്ടർടാപ്പുകൾ സ്ഥാപിച്ചിരുന്നെങ്കിലും ഭൂരിഭാഗം പ്രവർത്തനയോഗ്യമല്ല.

പഞ്ചായത്തിലെ ബഹുജന സംഘടനകളുടെ നേതൃത്വത്തിൽ പട്ടികജാതിക്കാരും ഉൾപ്പെടുന്നു. ജാതിപരമായ ഉച്ചനീചത്വങ്ങൾ ഇവിടെ ഇല്ല. മറ്റു വിഭാഗക്കാരുടെ സംസ്ക്കാരികവും സാമൂഹികവുമായ പരിപാടികളിൽ പൊതുവെ അവരും ഭാഗഭാക്കാവുന്നുണ്ട്.

പട്ടികജാതി - പട്ടികവർഗ്ഗ ക്ഷേമം മുൻനിർത്തി താഴെ പറയുന്ന കാര്യങ്ങളിൽ അടിയന്തിര ശ്രദ്ധ പതിയേണ്ടതാണ്.

1. പട്ടിക ജാതി കോളനികളിലെ പ്രാഥമിക സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതാണ്. മുഴുവൻ പട്ടികജാതി വിഭാഗം വീടുകളും വൈദ്യുതീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും കക്കൂസില്ലാത്ത വീടുകൾക്ക് കക്കൂസ് നൽകുകയും വേണം. കോളനികളിൽ ആവശ്യമുള്ളിടത്ത് തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ടതാണ്.

2. വേനൽകാലങ്ങളിൽ അതിരൂക്ഷമായ കുടിവെള്ളപ്രശ്നം അനുഭവപ്പെടുന്ന സ്ഥലങ്ങളിൽ പുതിയ കിണറുകൾ കുഴിച്ചും വാട്ടർ ടാപ്പുകൾ കാര്യക്ഷമമാക്കിയും പ്രശ്നത്തിന് പരിഹാരം കാണേണ്ടതാണ്. കുഴൽ കിണറുകൾ, വാട്ടർടാങ്കുകൾ എന്നിവയും പരിഗണിക്കേണ്ടാതാണ്.

3. ഇരുന്നൂറോളം കുടുംബങ്ങൾ വീടില്ലാത്തവരായി ഈ പഞ്ചായത്തിലുണ്ട്. അവർക്ക് പാർപ്പിടസൗകര്യം ഒരുക്കേണ്ടതാണ്. ഇവരിൽ വീട് വെക്കാൻ സ്വന്തമായി സ്ഥലങ്ങളില്ലാത്ത അമ്പതോളം കുടുംബങ്ങൾക്ക് ആവശ്യമായ സ്ഥലങ്ങളും സൗജന്യമായി ലഭ്യമാക്കേണ്ടതാണ്.

4. ഗതാഗത സൗകര്യമില്ലാത്ത കോളനികളിലേക്ക് റോഡുകൾ നിർമ്മിക്കേണ്ടതാണ്. കോളനികൾക്കുള്ളിൽ നടപ്പാതയും സ്ഥാപിക്കണം.

5. പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗത്തിൽ പെടുന്ന കുട്ടികളുടെ വിദ്യാഭ്യാസ സൗകര്യങ്ങളും ആനുകൂല്യങ്ങളും പരിപോഷിപ്പിക്കുകയും മുഴുവൻ കുട്ടികളെയും സ്ക്കൂളിൽ ചേർത്തും കൊഴിഞ്ഞ് പോക്ക് തടഞ്ഞും വിദ്യാഭ്യാസ നിലവാരം ഉയർത്തുകയും വേണം. എസ്.എസ്.എൽ.സി. തോറ്റവർക്ക് വിദ്യാഭ്യാസം തുടരാനാവശ്യമായ പ്രോത്സാഹനവും പഞ്ചായത്തിൽനിന്ന് ഉണ്ടാവേണ്ടതാണ്.

6. ഈ വിഭാഗങ്ങൾക്ക് വിവിധ വകുപ്പുകളിൽകൂടി നടപ്പാക്കുന്ന ധനസഹായ പരിപാടികൾ പഞ്ചായത്ത് തലത്തിൽ ഏകോപിച്ച് നടപ്പിലാക്കേണ്ടതാണ്.

7. ക്ഷേമപദ്ധതികളെ കുറിച്ച് ആവശ്യമായ ബോധവൽക്കരണം നടത്തുകയും അർഹതപ്പെട്ടവർക്ക് ലഭ്യമാകുന്നതിന് ചട്ടങ്ങൾ ലളിതമാവുകയും ചെയ്യേണ്ടതാണ്.

8. അംഗീകാരമില്ലാത്ത കോളനികൾക്ക് അംഗീകാരം നൽകേണ്ടതാണ്. ഒറ്റപ്പെട്ട കുടുംബങ്ങൾക്കും കോളനികൾക്ക് അനുവദിക്കുന്ന എല്ലാ ആനുകൂല്യങ്ങളും ലഭ്യമാക്കേണ്ടതാണ്.

9. വിവിധയാവശ്യങ്ങൾക്കായി നൽകുന്ന ധനസഹായങ്ങൾ അവയ്ക്ക് പര്യാപ്തമായ തോതിൽ ലഭ്യമാക്കുകയും ആയത് ദുരുപയോഗപ്പെടുത്തുന്നത് തടയുകയും വേണം.

10. ചില കുടുംബങ്ങൾ പരമ്പരാഗതമായി ചെയ്തു വന്നിരുന്ന പായനെയ്ത്ത്, കുട്ട, പനമ്പ് എന്നിവയുടെനിർമ്മാണം തുടങ്ങിയവ പുനരുദ്ധരിക്കുന്നതിലൂടെ കുറേപേർക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് സാദ്ധ്യതയുണ്ട്.

11. അർഹരായ ഗുണഭോക്താക്കളെ മുൻഗണനാടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനും പഞ്ചായത്ത് സമിതികളെ ചുമതലപ്പെടുത്തുക.

12. സാംസ്കാരിക നിലവാരം ഉയർത്തുന്നതിനും വൈജ്ഞാനിക വികസനത്തിനും കോളനികളിൽ പൊതു ടെലിവിഷൻസെറ്റ് സ്ഥാപിക്കേണ്ടതാണ്.

13. പഞ്ചായത്തിലെ പട്ടികജാതി വിഭാഗങ്ങൾക്ക് മുഴുവൻ ഇൻഷുറൻസ് സംരക്ഷണം ലഭിക്കുവാൻ പഞ്ചായത്ത് തലത്തിൽ പരിപാടി ആവിഷ്കരിക്കുക.

14. ഐ.എച്ച്.ഡി.പി. കോളനിയാക്കാൻ പഞ്ചായത്ത് തലത്തിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള വടക്കുംമുറി - കുഴിമൂളി കോളനികൾക്ക് ആതലത്തിൽ അംഗീകാരം നൽകുക.

15. മില്യൻവെൽ പദ്ധതി പ്രകാരം കാർഷികാവശ്യത്തിനു വേണ്ടി നിർമ്മിച്ച കുളങ്ങളിൽ പമ്പ് സെറ്റ് സ്ഥാപിച്ച് ലിഫ്റ്റ് ഇറിഗേഷൻ സൗകര്യം ചെയ്യുക.

വികസന പ്രവർത്തനങ്ങൾ

കഴിഞ്ഞ മൂന്ന് വർഷം കൊണ്ട് ബ്ലോക്ക് മുഖേന മണ്ണൊലിപ്പ് തടയുന്നതിന് 35 ലക്ഷം രൂപയോളം ചെലവാക്കി വികസന പ്രവർത്തനം നടത്തിയതിന്റെ പ്രയോജനം താഴെ പറയുന്ന കോളനികൾക്ക് ലഭിച്ചു.

1.	ആനപ്രചാൽ പദ്ധതി	1
2.	വട്ടപ്പറമ്പ് കോളനി	4
3.	കുഴിമൂളി കോളനി	2
4.	ചീരക്കുഴി കോളനി	3
5.	ഉരുണിയൻകുത്ത് കോളനി	3
6.	മുല്ലേൻകുന്ന് കോളനി	7
7.	പൂളക്കൽ കോളനി	6
8.	കരുവാട്ട് - അമ്പലകുന്ന് കോളനി	11

മില്ലെൻവെൽ പദ്ധതി പ്രകാരം കാർഷിക ാവശ്യത്തിനായി കുളങ്ങൾ നിർമ്മിച്ച കോളനികൾ.

1.	ആനപ്രചാൽ കോളനി	1
2.	വട്ടപ്പറമ്പ് കോളനി	4
3.	ചാകുത്ത് - പാലക്കതടം കോളനി	2
4.	കുഴിമൂളി കോളനി	2

6-ാം വാർഡിൽ പുലിയറക്കുന്ന് ഹരിജൻ കോളനി ഐ.എ.ഛ്.ഡി.പി കോളനി ആയി അംഗീകരിച്ച് വിവിധ വകുപ്പുകൾ സംയോജിച്ച് വികസന പ്രവർത്തനങ്ങൾ നടപ്പാക്കി വരുന്നു.

അംഗീകാരമുള്ള കോളനികൾ

		വാർഡ്
1.	ആനപ്രചാൽ കോളനി	1
2.	ആനപ്പാറകുന്ന് - പാറോചാൽ കോളനി	1
3.	ചാകുത്ത് - പാലക്കതടം കോളനി	2
4.	കുഴിമൂളി കോളനി	3
5.	ചീരക്കുഴി കോളനി	3
6.	ഉരുണിയൻ കുത്ത് കോളനി	3
7.	വട്ടപ്പറമ്പ് കോളനി	4
8.	വടക്കുംമുറി കോളനി	4
9.	ചെമ്പാനി കുന്ന് - കുട്ടശ്ശേരി കോളനി	5
10.	പുലിയറകുന്ന് കോളനി	6
11.	ഇരുളും കുന്ന് കോളനി	6
12.	എടക്കരകുന്ന് കോളനി	6
13.	വളരുകുന്ന് കോളനി	6
14.	മുല്ലേൻ കുന്ന് - അയനികുന്ന് കോളനി	7
15.	കരുപ്പാപള്ളി കോളനി	7
16.	ചപ്പങ്ങാതോട് കോളനി	8
17.	വാരിയത്ത് കുന്ന് കോളനി	8
18.	കാഞ്ഞിരമല കോളനി	8
19.	കോട്ടിയാറ്റിൽ കോളനി	9
20.	പടപ്പിങ്ങൽ കോളനി	9
21.	കരുവാട് - അമ്പലക്കുന്ന് കോളനി	11
22.	അനങ്ങമ്പറ കോളനി	11
23.	മുത്തപ്പൻ കാവ് കോളനി	11
24.	കല്ലുപാറ കോളനി	6
25.	കോട്ടേപ്പാടം കോളനി	8

അംഗീകരിക്കേണ്ട കോളനികൾ

	പേര്	വാർഡ്
1.	തേനീരികുന്ന് - പൂവ്വത്തിക്കൽ കോളനി	8
2.	അങ്കത്ത് കോളനി	8
3.	വടക്കെപറമ്പ് കോളനി	10
4.	പുളക്കൽ കോളനി	6
5.	കോട്ട കോളനി	6
6.	ചൊവ്വരത്തുകുണ്ട് കോളനി	6
7.	പരിയാത്ത് പരമ്പ് കോളനി	6
8.	പാലപ്പറ്റകുന്നുമ്മൽ - തൊണ്ടിയോട് കോളനി	7
9.	പത്രമുണ്ട കോളനി	9
10.	തമ്പുരാൻകുളം - പുളിക്കൽക്കണ്ടി കോളനി	11
11.	പന്നിയംകുന്ന് പട്ടികജാതി കോളനി	2
12.	എടയന്നൂർ കോളനി	9
13.	കുഴിപൂളകുന്നത്ത് കോളനി	5
14.	പെരുവാംകുണ്ട് കോളനി	4
15.	ഇരിവേറ്റി മുതുവ പട്ടിക വർഗ്ഗ കോളനി	7

പട്ടികജാതി വിഭാഗങ്ങൾക്ക് അനുവദിച്ച വീടുകളുടെ എണ്ണം.


(JRY ഫണ്ട്, അൺടൈഡ് ഫണ്ട് ഉപയോഗിച്ച്)

വർഷം	അനുവദിച്ച വീടുകളുടെ എണ്ണം	
1989 - 90	8	
90 - 91	12	
91 - 92	11	
92 - 93	8	
93- 94	19	
94 - 95	31	
95 - 96	31	
94 - 95	6	ഇന്ദിരാ ആവാസ് പദ്ധതി
ആകെ	126	

(അവലംബം പഞ്ചായത്ത് രജിസ്റ്ററുകൾ)

IRDP സർവ്വെ പ്രകാരം
ദാരിദ്ര്യ രേഖക്കു താഴെയുള്ളവരുടെ വിവിരം

വാർഡ്	സർവ്വെ പ്രകാരം കണ്ടെത്തിയ SC/ST കുടുംബങ്ങളുടെ എണ്ണം	സാമ്പത്തിക സഹായം ലഭിച്ച SC/ST കുടുംബങ്ങളുടെ എണ്ണം
1	SC - 11	SC - 11
2	SC - 5	SC - 5
3	SC - 5	SC - 5
4	SC - 17	SC - 17
5	SC - 7	SC - 7
6	SC - 19	SC - 19
7	SC - 16, ST - 4	SC - 16, ST - 4
8	SC - 30	SC - 30
9	SC - 10	SC - 10
10 + 11	SC - 19	SC - 19
1	Total - 143	Total - 143



4 -12

വിഭവസമാഹരണം

വിഭവസമാഹരണ രംഗത്ത് മലപ്പുറം ജില്ലയിലെ ഒരു ശരാശരി പഞ്ചായത്തിന്റെ എല്ലാ പരിമിതികളും കാവനൂരിനുമുണ്ട്. നിശ്ചലാവസ്ഥയിലായ കാർഷിക മേഖലയിൽനിന്ന് കൂടുതൽ ഒന്നും പ്രതീക്ഷിക്കാവുന്നതല്ല. കൂടാതെ വൻകിട വ്യവസായങ്ങൾ ഇല്ല. അതുപോലെ ചെറുകിട വ്യവസായങ്ങളും കുറവാണ്. ഉള്ളവ തന്നെ പ്രതിസന്ധികൾ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നു. ഫർണീച്ചർ, വാഴക്കപ്പൊരി, കൊപ്ര തുടങ്ങിയവയുമായി ബന്ധപ്പെട്ടു ഏതാനും സംരംഭങ്ങളും ഒരു ഓട്ടുകമ്പനിയും ഒരു കൈകടലാസ് നിർമ്മാണ യൂണിറ്റും ചെറുകിട വ്യവസായങ്ങളായി ഇവിടെ നിലനിൽക്കുന്നു.

കന്നുകാലി വളർത്തൽ, കോഴി വളർത്തൽ എന്നിവയാണ് ഇവിടെ വികസിച്ചു വരുന്ന തൊഴിൽ സംരംഭങ്ങൾ. ഈ മേഖലയിലെല്ലാം കൂടിയുള്ള സമഗ്രവും ആസൂത്രിതവുമായ വളർച്ചയിലൂടെ മാത്രമേ പഞ്ചായത്തിന്റെ വിഭവസമാഹരണത്തിന് സാധ്യത കാണുന്നുള്ളു.

കച്ചവട സ്ഥാപനങ്ങളിൽനിന്ന് 95-96 വർഷത്തിൽ 4135 രൂപ ഫീസായി പിരിഞ്ഞു കിട്ടിയിട്ടുണ്ട്. ഫീസിനത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടാക്കാൻ ശാസ്ത്രീയമായ പുനഃസംവിധാനം ആവശ്യമാണ്.

പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളിൽ പങ്കാളികളാവുക എന്നതാണ് നികുതി കൊടുക്കുക വഴി തങ്ങൾ ചെയ്യുന്നതെന്ന ബോധം ജനങ്ങൾക്കുണ്ടാവണം. ഇതിന് ശക്തമായ ബോധവൽക്കരണം ആവശ്യമാണ്.

പഞ്ചായത്തിലെ വിവിധയിനം ചിലവുകൾ പരിശോധിക്കുമ്പോൾ റോഡ് നിർമ്മാണം, അറ്റകുറ്റപ്പണികൾ എന്നിവക്കാണ് കൂടുതൽ ഫണ്ട് ചിലവഴിച്ചിട്ടുള്ളത് എന്ന് കാണാവുന്നതാണ്. വിഭവങ്ങൾ പ്രത്യുൽപാദനപരമായ രംഗത്തേക്ക് തിരിച്ചുവിടുന്നതിന് ബോധപൂർവ്വമായ ശ്രമം ആവശ്യമാണ്.

കാവനൂർ ഗ്രാമപഞ്ചായത്തിന്റെ നിലവിലുള്ള വിഭവശേഷി വർദ്ധിപ്പിക്കാൻ വേണ്ടി നടപ്പിൽ വരുത്താവുന്ന നിർദ്ദേശങ്ങൾ

1. മുഴുവൻ ജനങ്ങളിൽനിന്നും വരുമാനത്തിന്റെയടിസ്ഥാനത്തിൽ പഞ്ചായത്തിന് ലഭിക്കുന്ന രൂപത്തിൽ നികുതി സംവിധാനം ഉണ്ടാവേണ്ടതാണ്.

2. കെട്ടിടങ്ങൾക്ക് നികുതി ചുമത്തുമ്പോൾ തറവിസ്തീർണ്ണം മാത്രമല്ല, ആഡംബര വസ്തുക്കളുടെ മാനദണ്ഡവും കണക്കിലെടുക്കണം.

3. വീട്ടുനികുതിയിനത്തിൽ യഥാർത്ഥത്തിൽ പഞ്ചായത്തിൽ ലഭിക്കേണ്ട വരുമാനം ലഭിക്കുന്നില്ല എന്നതാണ് ഇപ്പോഴത്തെ അവസ്ഥ. പഞ്ചായത്തിന് അർഹമായ നികുതി കിട്ടുന്നു എന്നു ഉറപ്പുവരുത്തുകയും നികുതി ചുമത്തിയതിന്റെ മാനദണ്ഡം വീട്ടുടമയെ ബോധ്യപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

4. വാടകക്കെട്ടിടങ്ങൾക്ക് കാലികമായ വാടകക്ക് അനുസൃതമായി നികുതി ചുമത്തുക.

5. വിനോദ നികുതി ലഭ്യമാക്കാനുള്ള മേഖലകൾ കണ്ടെത്തുക.

6. നികുതിയിതര വരുമാനം ലഭ്യമാക്കാൻ

എ) കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കുവാനായി പഞ്ചായത്ത് വിലക്ക് വാങ്ങിയ സ്ഥലത്ത് കമ്മ്യൂണിറ്റി ഹാളും സർവ്വ സജ്ജീകൃതമായ ഒരു കല്യാണമണ്ഡപവും നിർമ്മിക്കുക.

ബി) ഓട്ടോ-ടാക്സി സ്റ്റാന്റ് ഏർപ്പെടുത്തി ഇവരിൽനിന്നും ഫീസ് ഈടാക്കാവുന്നതാണ്.

സി) വികസിച്ചുകൊണ്ടിരിക്കുന്ന കാവനൂർ അങ്ങാടിയിൽ പഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുവാനുള്ള സാധ്യത ആരായേണ്ടതാണ്.

ഡി) ഏറെ കന്നുകാലികൾ ക്രയം ചെയ്യപ്പെടുന്ന കാവനൂരിൽ ഒരു കാലിച്ചന്തയുടെ സാധ്യത പരിഗണിക്കേണ്ടതാണ്.

ഇ) കർഷകർക്ക് അവരുടെ ഉൽപന്നങ്ങൾ മതിയായ വിലക്ക് വിൽക്കാനുതകുന്ന രൂപത്തിൽ കാവനൂരിൽ ഒരു ആഴ്ച ചന്ത സ്ഥാപിക്കുക.

എഫ്) പഞ്ചായത്തിൽ ശാസ്ത്രീയമായ ഒരു റവുശാല സ്ഥാപിക്കുക. പ്രധാനകേന്ദ്രങ്ങളിൽ മത്സ്യമാംസ മാർക്കറ്റുകൾ സ്ഥാപിക്കുക.

ജി) ഉത്പാദനക്ഷമമല്ലാത്ത മേഖലകളിൽ വൻതോതിൽ നിക്ഷേപിക്കപ്പെടുന്ന ഗൾഫുവരുമാനം ഉത്പാദനക്ഷമമായ മാർഗ്ഗങ്ങളിലേക്ക് കൊണ്ടു വരുന്നതിന് പഞ്ചായത്ത് അടിസ്ഥാനത്തിൽ സമഗ്രമായ പദ്ധതി ആവിഷ്കരിക്കേണ്ടതാണ്.

7. സൗത്ത് മലബാർ ഗ്രാമീണ ബാങ്കും സഹകരണ സൊസൈറ്റികളും നിക്ഷേപതോതനുസരിച്ച് വായ്പാവിഹിതം വർദ്ധിപ്പിക്കേണ്ടതാണ്.

8. പഞ്ചായത്തിലെ നികുതി അസസ്മെന്റ് കാലികമായി പുതുക്കണം.

9. പഞ്ചായത്തിന്റെ വരുമാനം കൂടുതൽ വർദ്ധിപ്പിക്കുന്നതിന് നിലവിലുള്ള സാധ്യതകൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ജനപ്രതിനിധികളുടെയും രാഷ്ട്രീയ സാമൂഹ്യപ്രവർത്തകരുടെയും പ്രാതിനിധ്യം ഉൾക്കൊള്ളുന്ന ഒരു സമിതിയെ നിശ്ചയിക്കേണ്ടതാണ്.

10. പഞ്ചായത്ത് ബോർഡ് കാലാകാലങ്ങളിൽ എടുക്കുന്ന തീരുമാനങ്ങൾ പൊതുജനങ്ങൾക്ക് അറിയാനുള്ള സൗകര്യമുണ്ടാവണം. പഞ്ചായത്തിലെ വരവുചിലവിനങ്ങൾ സുതാര്യമായിരിക്കുകയും അവ ജനങ്ങളെ ബോധ്യപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

സർവ്വോപരി മനുഷ്യാദ്ധ്വാനമാണ് നമ്മുടെ പഞ്ചായത്തിലെ പ്രധാന വിഭവം. ഗ്രാമസഭകളിൽ നിന്നുയർന്നുവന്ന പ്രധാന വികസനാവശ്യങ്ങൾ ഏറെയും മനുഷ്യാദ്ധ്വാനം ഗണ്യമായി ഉപയോഗപ്പെടുത്താവുന്നവയാണ്. ശക്തമായ ബോധവൽക്കരണത്തിലൂടെ ഇതിന് അനുയോജ്യമായ സാഹചര്യം ബോധപൂർവ്വം സൃഷ്ടിച്ചെടുക്കണം. യുവജന സംഘടനകളെയും ഇതിൽ പങ്കാളികളാക്കുകയും ആരോഗ്യകരമായ മത്സരങ്ങൾക്ക് ഈ രംഗത്ത് വേദിയൊരുക്കുകയും ചെയ്യേണ്ടതാണ്. ജനങ്ങളുടെ മനസ്സിൽ ഉത്ഭൂതമാവുന്ന രാജ്യസ്നേഹത്തിന്റെ പ്രകട രൂപമാവട്ടെ നമ്മുടെ ഗ്രാമത്തിന്റെ സമഗ്രവികസനം.

വരുമാനത്തിന്റെ വ്യതിയാനം

ഇനം	1991–92	1995–96	വ്യതിയാനം %
കെട്ടിട നികുതി	55917	70721	+26
തൊഴിൽനികുതി	42615	82330	+93
ഉപാധി രഹിത ഫണ്ട്	235437	362300	+53
JRY	511500	411057	–19
ഗ്രാന്റുകൾ	124543	258744	+107
ആകെ വരവ്	970012	1185152	+22
ചിലവ് എസ്റ്റാബ്ലിഷ്മെന്റ്	248757	318290	+28

അവലംബം – പഞ്ചായത്ത് രജിസ്റ്റർ

ചിലവുകൾ

ക്രമനമ്പർ	ഇനം	91–92	92–93	93–94	94–95
1	റോഡ്/പാലം	307932	355876	78034	371627
2	ജലസേചനം	3684	757	3295	359
3	വിദ്യാഭ്യാസം	9779	18990	11863	12288
4	പൊതുജനാരോഗ്യം	9058	–	6080	1546
5.	ഭവനനിർമ്മാണം	10500	11850	–	17000
6.	സാമൂഹ്യക്ഷേമം	21870	11650	–	11862
7.	കൃഷി	7424			
8.	ശുദ്ധജലവിതരണം		101814		
9.	ഹരിജനക്ഷേമം			48769	22687
10	കമ്മ്യൂണിറ്റി ഹാൾ ഇനം			91465	
11	മറ്റിനം	7702	7167	2648	

അവലംബം പഞ്ചായത്ത് ഓഫീസ് റജിസ്റ്റർ

പഠനപര്യടനം

LRP ശില്പശാലയിൽനിന്ന് രൂപം കൊടുത്ത രണ്ട് ഗ്രൂപ്പുകളാണ് പഠനപര്യടനപരിപാടിയിൽ പങ്കെടുത്തത്. നവംബർ 4ന് രാവിലെ 7.30ന് പഞ്ചായത്തിന്റെ വടക്കേ അതിർത്തിയായ വാക്കാലൂരിൽനിന്നും, കിഴക്കേ അതിർത്തിയായ തമ്പ്രാൻമണ്ണിൽനിന്നും രണ്ട് സംഘങ്ങൾ ഒരേ സമയം പര്യടനമാരംഭിച്ചു. മാപ്പുകളുടെ സഹായത്തോടെ പഞ്ചായത്തിന്റെ നിംനോന്നതികളിലൂടെ നീങ്ങിയ സംഘങ്ങൾ വൈകുന്നേരം 7PM ന് സമാപിക്കുമ്പോൾ വികസന രേഖക്കാവശ്യമുള്ള ഏറെ വിവരങ്ങൾ സമാഹരിക്കാൻ കഴിഞ്ഞു.

കുന്നുകൾ, പാടശേഖരങ്ങൾ, കുന്നിൻചെരിവുകൾ എന്നീ ഭൂരൂപങ്ങളാണ് നമ്മുടെ പഞ്ചായത്തിൽ കാണപ്പെടുന്നത്. എല്ലാകാലത്തും ജലം ലഭ്യമായ ചാലിയാർപുഴ ഒന്നാം വാർഡിനെ സ്പർശിച്ചുകൊണ്ട് കിഴക്ക് പടിഞ്ഞാറ് ദിശയിൽ ഒഴുകുന്നു. കൂടാതെ ആമകൊടമലയുടെ ചെരിവിലുള്ള പാലനാടുകുളം, പരതകുഴി തൊടിയിൻകുളം, ചെക്കൊളം, പെരകമണ്ണ തോട്, ആനക്കാട്ട് കുളം, പരിയാരക്കൽ കുളം ഇവ കൂടാതെയുള്ള കിണറുകൾ എന്നിവയാണ് ജലസ്രോതസുകളായി കാണപ്പെട്ടത്.

തൂവ്വക്കാട്, തമ്പ്രാംമണ്ണ് എന്ന പ്രദേശത്ത് വേനൽകാലത്ത് തോട്ടിൽ വെള്ളം വറ്റുന്നു. എടവണ്ണ പഞ്ചായത്തിലെ ഒരു ബണ്ട് മൂലം പെരകമണ്ണ തോടിലെ വെള്ളം വറ്റുന്നു. എടവണ്ണ പഞ്ചായത്തിലെ ഒരു ബണ്ട് മൂലം പെരകമണ്ണ തോടിലെ വെള്ളം തടഞ്ഞു നിർത്തുന്നതാണ് ഇതിന് കാരണം. ഇരുളുംകുന്ന് കോളനി നിവാസികൾക്ക് വേനൽക്കാലത്ത് ജലക്ഷാമം അനുഭവപ്പെടുന്നു. കുഴിയൻചാലിൽ പ്രദേശത്തും വേനലിൽ വെള്ളം ലഭ്യമല്ല. അര കിലോമീറ്ററിൽ ദൂരത്തുനിന്നുമാണ് ഇവിടെയുള്ള പത്തു കുടുംബങ്ങൾ വേനലിലെ 3 മാസക്കാലത്തോളം കുടിവെള്ളം കൊണ്ടുവരുന്നത്, കല്ലുപാറ കോളനി നിവാസികൾക്ക് പഞ്ചായത്ത് വക കിണർ ഉണ്ടെങ്കിലും വേനലിൽ വെള്ളം ലഭ്യമല്ല.

6-ാം വാർഡിൽ ആനവാരികുന്നിന്റെ ചെരിവിൽ താമസിക്കുന്ന ഏതാനും കുടുംബങ്ങൾക്ക് കിണർ ഇല്ലാത്തതിനാൽ കുടിവെള്ളത്തിന് ഏറെ വിഷമം അനുഭവപ്പെടുന്നു. ചാക്ക്യാത്ത് കോളനിയിലും കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു.


പൈങ്കിളിക്കാവ് കുന്നിൻപ്രദേശത്ത് മണ്ണിന് ജലസംഭരണശേഷി വളരെ കുറവാണ്.

ഈ പഞ്ചായത്തിൽ പ്രധാനമായും കാണപ്പെടുന്ന മൺതരങ്ങൾ ചെമ്മണ്ണും, കളിമണ്ണും

മാണ്. കരപ്രദേശങ്ങളിലധികവും ചെമ്മണ്ണാണ് കാണപ്പെടുന്നത്. വയലുകളെ അപേക്ഷിച്ച് കുന്നുകളും മലകളുമാണ് കൂടുതൽ. ചെരിവു പ്രദേശങ്ങൾ താരതമ്യേന കുറവാണ്. പാടശേഖരങ്ങൾ മിക്കവയും ഇരുപ്പുനിലങ്ങളാണ്. വീതികുറഞ്ഞതും വളഞ്ഞുപുളഞ്ഞ് കിടക്കുന്നതുമായ പാടശേഖരങ്ങളാണ് കൂടുതലുള്ളത്. വയലുകൾ കവുങ്ങ്, തെങ്ങ് എന്നീ കൃഷികൾക്കായി വൻതോതിൽ മാറ്റി കൊണ്ടിരിക്കയാണ്. കുന്നിൻ ചെരിവുകളിലും തെങ്ങ്, കവുങ്ങ്, കുരുമുളക്, റബ്ബർ, കശുമാവ് എന്നിവ കൃഷി ചെയ്യപ്പെടുന്നു. റബ്ബർ കൃഷി കൂടുതലായി വ്യാപിച്ചു വരുന്നുണ്ട്. മുൻകാലങ്ങളിൽ വേനൽക്കാലത്ത് വ്യാപകമായി കണ്ടുവന്നിരുന്ന പച്ചക്കറി കൃഷി ഇന്ന് നാമമാത്രമായി മാറിയിരിക്കുന്നു. തെങ്ങ്, കുരുമുളക്, കവുങ്ങ് എന്നിവ നാടൻ ഇനങ്ങൾ തന്നെയാണ് കൃഷി ചെയ്തു വരുന്നത്. എന്നാൽ നെല്ല്, പച്ചക്കറി എന്നിവയുടെ കാര്യത്തിൽ സങ്കരയിനം വിത്തുകളാണ് ഉപയോഗിച്ച് വരുന്നത്. ഇത് കാർഷിക ചെലവ് വർദ്ധിപ്പിക്കാൻ കാരണമായിരിക്കുന്നു. തെങ്ങ്, കുരുമുളക്, കശുമാവ്, കവുങ്ങ് എന്നിവയുടെ സങ്കരയിനം തൈകൾ വേണ്ടത്ര ലഭ്യമല്ല.

പരിസ്ഥിതി പ്രശ്നങ്ങൾ

വാക്കാലൂരിൽ മുഴിപാടത്ത് വർഷകാലങ്ങളിൽ പുഴയിൽനിന്ന് വെള്ളം കയറി കൃഷി നാശം സംഭവിക്കുന്നു. ഈ കാരണത്താൽ ഒരു വിള മാത്രമേ ഇവിടെയുള്ള പാടശേഖരങ്ങളിൽ കൃഷി ചെയ്യാൻ സാധിക്കുന്നുള്ളൂ.




ചില സ്ഥലങ്ങളിൽ നടക്കുന്ന യന്ത്രവൽകൃത ചെങ്കൽ ഖനനങ്ങളും പാരിസ്ഥിതിക പ്രശ്നങ്ങളുണ്ടാക്കുന്നവയാണ്.

ഇവിടുത്തെ മലകളിൽ വ്യാപകമായി നടന്ന വെട്ടിതെളിയിക്കലുകൾ സ്വാഭാവികമായ ജലസ്രോതസുകളെ നശിപ്പിക്കാൻ കാരണമായിട്ടുണ്ട്. വേനൽകാലങ്ങളിൽ തോടുകളെല്ലാം വറ്റിവരളുന്നതിന്റെ പ്രധാന കാരണം പ്രകൃതിയിൽ നടന്ന ഈ കയ്യേറ്റമാണ്. റബ്ബർ കൃഷി വരുമാനം നൽകുന്ന നാണ്യവിളയാണെങ്കിലും അവ സ്വാഭാവികമായ ജലസ്രോതസുകളെ ഇല്ലായ്മ ചെയ്യുന്നതിൽ നിർണ്ണായകമായ പങ്കു വഹിക്കുന്നു. നമ്മുടെ പഞ്ചായത്തിൽ കശുമാവ് കൃഷിക്ക് വളരെ അനുയോജ്യമായ ഭൂപ്രകൃതിയാണുള്ളത് എന്ന് മനസ്സിലാവുന്നു.

ടി. അബ്ദുൾ കരിം മാസ്റ്റർ, എം.പി. അബൂബക്കർ, എം. മുകുന്ദൻ, കെ.എൻ. രാമകൃഷ്ണൻ, എം.എസ് ഹരിപ്രസാദ്, സി. ഉമ്മർ, ഒ. സുബ്രഹ്മണ്യൻ, പി. നീലാണ്ടൻ, കെ. ചേന്ദൻ എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി. ഒന്നാം വാർഡ് മെമ്പർ ടി. അബ്ദുൾ റഹ്മാൻ രണ്ടാം വാർഡ് മെമ്പർ പി. അലി എന്നിവർ പരിപാടിയിൽ പങ്കെടുക്കുകയുണ്ടായി.

TRANSECT I

പരിസ്ഥിതി പ്രശ്നങ്ങൾ	സസ്യാവരണം	മൺതരം	ഭൂപ്രകൃതി
മണ്ണൊലിപ്പ്	തെങ്ങ്, കവുങ്ങ്	ചെങ്കൽമണ്ണ്	കുന്നിൻപ്രദേശം
നെൽപാടം മൂടുന്നു	നെല്ല്,കവുങ്ങ്	കളിമണ്ണ്	വയൽ
ഇല്ല	തെങ്ങ്, കവുങ്ങ് കശുമാവ്	ചെമ്മണ്ണ്	കുന്നിൻപ്രദേശം
ഇല്ല	നെല്ല്, വാഴ കവുങ്ങ്	കളിമണ്ണ്	വയൽ
മണ്ണൊലിപ്പ്	തെങ്ങ്, കവുങ്ങ് കുരുമുളക്, റബ്ബർ	ചെമ്മണ്ണ്	കുന്നിൻപ്രദേശം
ഇല്ല	നെല്ല്, വാഴ കവുങ്ങ്	കളിമണ്ണ്	വയൽ
മണ്ണൊലിപ്പ്	തെങ്ങ്, കവുങ്ങ് കശുമാവ്, കുരുമുളക്, മരച്ചീനി	ചെമ്മണ്ണ് വെട്ടുകല്ല്	ചെരിഞ്ഞ പ്രദേശം
മണ്ണൊലിപ്പ്	തെങ്ങ്, കശുമാവ് മരച്ചീനി	ചെമ്മണ്ണ് വെട്ടുകല്ല്, പാറ തരിശുഭൂമി	കുന്ന്
ഇല്ല	നെല്ല്, വാഴ,മധുര കിഴങ്ങ്	കളിമണ്ണ്	വയൽ
മണ്ണൊലിപ്പ്	തെങ്ങ്, മരച്ചീനി	ചെമ്മണ്ണ് പാറക്കല്ല്	കുന്നിൻപ്രദേശം
ഇല്ല	തെങ്ങ്, റബ്ബർ	ചെമ്മണ്ണ്	താഴ്വാരം
മണ്ണൊലിപ്പ്	റബ്ബർ,കശുമാവ്	ചെമ്മണ്ണ്	കുന്ന്
ഇല്ല	നെല്ല്, മരച്ചീനി	കളിമണ്ണ്	വയൽ
മണ്ണൊലിപ്പ്	കശുമാവ്, റബ്ബർ തെങ്ങ്	ചെമ്മണ്ണ്	ചെറിയ കുന്ന്
നെൽപാടം മൂടുന്നു	കവുങ്ങ്, പച്ചക്കറി	കളിമണ്ണ്	വയൽ
തടയണ കാരണം വേനലിൽ ജലക്ഷാമം	റബ്ബർ, തെങ്ങ് കവുങ്ങ്, മറ്റു മരങ്ങൾ	ചെമ്മണ്ണ് കരിമ്പാറ	കുന്ന്



TRANSECT II

പരിസ്ഥിതി പ്രശ്നങ്ങൾ	സസ്യാവരണം	മൺതരം	ഭൂപ്രകൃതി
ഇല്ല	തെങ്ങ്, കവുങ്ങ് മറ്റുമരങ്ങൾ	ചെങ്കൽമണ്ണ്	കുന്നിൻപ്രദേശം
വെള്ളപ്പൊക്കം	നെല്ല്, വാഴ കവുങ്ങ്, പച്ചക്കറി	കളിമണ്ണ്	വയൽ
ഇല്ല	നെല്ല്, കവുങ്ങ് പച്ചക്കറി	കളിമണ്ണ്	ചെറിയ ചെരിവ്
മണ്ണൊലിപ്പ്	തരിശ്	ചെങ്കൽമണ്ണ്	കുത്തനെചെരിവ്
വെട്ടുകൽ ഖനനം	കശുമാവ്, തെങ്ങ് മറ്റുമരങ്ങൾ	ചെങ്കൽമണ്ണ് വെട്ടുകല്ല്	കുന്നിൻമണ്ടയും ചെറിയ ചെരിവും
നെൽപാടം മൂടുന്നു	നെല്ല്, തെങ്ങ്	കളിമണ്ണ്	വയൽ
ഇല്ല	തെങ്ങ്, തോട്ടവിളകൾ	ചെമ്മണ്ണ്	കുന്നിൻ പ്രദേശം
ഇല്ല	നെല്ല്, ഇഞ്ചി	കളിമണ്ണ്	വയൽ
കരിങ്കൽ ക്വാറി ഖനനം	കശുമാവ് തെങ്ങ്	ജലസംഭരണ ശേഷിയില്ലാത്ത മണ്ണ്, വെട്ടുകല്ല്, ചെമ്മണ്ണ്, കരിമ്പാറ	കുന്നിൻ പ്രദേശം
നെൽപാടം മൂടുന്നു	നെല്ല്, കവുങ്ങ് ഇഞ്ചി	കളിമണ്ണ്	വയൽ
മണ്ണിടിച്ചിൽ	തെങ്ങ്, റബ്ബർ കശുമാവ്, കവുങ്ങ് മറ്റുമരങ്ങൾ പച്ചക്കറി	ചെകിടി കലർന്ന ചെങ്കൽമണ്ണ്	കുന്നിൻ പ്രദേശം
നെൽപാടം മൂടുന്നു	നെല്ല്, വാഴ തെങ്ങ്, കപ്പ, കമുക്	കളിമണ്ണ്	വയൽ



കർമ്മപരിപാടി

കഴിഞ്ഞവർഷം സംസ്ഥാനത്ത് പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളിലേക്ക് നടന്ന പൊതു തിരഞ്ഞെടുപ്പിനെ തുടർന്ന് 30-9-95ന് ഇപ്പോൾ നിലവിലുള്ള കാവനൂർ ഗ്രാമപഞ്ചായത്ത് അംഗങ്ങൾ സത്യപ്രതിജ്ഞചെയ്തു അധികാരമേറ്റു. 2-10-95ന് അധികാര കൈമാറ്റം ഔപചാരികമായി നടന്നു. കഴിഞ്ഞ പഞ്ചായത്ത് കമ്മിറ്റിയുടെ തുടർച്ചയായി നിലവിൽവന്ന പഞ്ചായത്ത് കമ്മിറ്റിക്ക് വമ്പിച്ച ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കേണ്ടതുണ്ടായിരുന്നു. വളരെയേറെ പ്രതീക്ഷകളോടെ തങ്ങളെ തിരഞ്ഞെടുത്തയച്ച ബഹുഭൂരിപക്ഷം വരുന്ന സാധാരണക്കാരായ ജനങ്ങളുടെ പ്രാഥമിക ജീവിതസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായിരിക്കണം ഏറ്റവും മുന്തിയ പരിഗണന നൽകേണ്ടത് എന്ന കാഴ്ചപ്പാടാണ് പഞ്ചായത്ത് കമ്മിറ്റിക്കുണ്ടായിരുന്നത്. അതനുസരിച്ച് പഞ്ചായത്ത് ഭരണസമിതിയുടെ കാലാവധി തീരുന്നതിന് മുമ്പായി താഴെ പറയുന്ന കാര്യങ്ങൾ ചെയ്തുതീർക്കണം എന്നും പഞ്ചായത്ത് ലക്ഷ്യമിട്ടു.

1. പഞ്ചായത്തിലെ മുഴുവൻ പുല്ലുമേഞ്ഞ വീടുകളും ഓടിട്ടതാക്കുക.
2. ദുർബലവിഭാഗത്തിൽപെട്ട മുഴുവൻ വീടുകൾക്കും കക്കൂസ് നിർമ്മിക്കുക.
3. പഞ്ചായത്തിന്റെ എല്ലാഭാഗങ്ങളിലും പ്രത്യേകിച്ച് ദുർബലവിഭാഗങ്ങൾ താമസിക്കുന്ന കോളനികളിൽ വൈദ്യുതി എത്തിക്കുക.
4. ലക്ഷംവീട് കോളനികളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.

കുടിവെള്ളപ്രശ്നം:- അതാണ് പഞ്ചായത്തിലെ ജനങ്ങളുടെ ഏറ്റവും അടിയന്തിരമായ ആവശ്യം. നിലവിലുള്ള വാട്ടർസപ്ലൈ സ്കീം പ്രകാരം സ്ഥാപിച്ചിട്ടുള്ള പൊതുടാപ്പുകളിൽ വെള്ളം ലഭ്യമാക്കുകയും, ലൈൻ സ്ഥാപിച്ചിട്ടുള്ളവെള്ളമെത്താത്ത സ്ഥലങ്ങളിൽ വെള്ളമെത്തിക്കുകയും ചെയ്യാൻ ബന്ധപ്പെട്ടവരോട് പഞ്ചായത്ത് നിരന്തരം ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. അതുപോലെ തന്നെ കാവനൂർ പഞ്ചായത്തിലെ എല്ലാ പ്രദേശങ്ങളിലും വെള്ളമെത്തിക്കാനുള്ള ബൃഹത്തായ ഒരു പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. ആയതിന് ഗവ: ൽ നിന്ന് പ്രത്യേക പരിഗണന നൽകി അനുവാദം കിട്ടാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ശുദ്ധജലവിതരണ ലൈനുകൾ നീട്ടിയും, പുതിയ കിണറുകളും, കുഴൽ കിണറുകളും നിർമ്മിച്ചും ശുദ്ധജലം ലഭ്യമാക്കാനുള്ള നടപടികളും പഞ്ചായത്ത് സ്വീകരിച്ചുവരുന്നുണ്ട്.

1996-97 ലെ JRY പദ്ധതിയിൽ ജനറൽ സെക്ടറിൽ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ 192 ക കക്കൂസുകൾ നിർമ്മിക്കുന്നതിന് 384000 രൂപ നീക്കിവെച്ചിട്ടുണ്ട്. JRY പ്രത്യേക ഘടക പദ്ധതിയിൽ പട്ടികജാതിക്കാർക്ക് മാത്രമായി വീടും കക്കൂസും നിർമ്മിക്കാനും തുക നീക്കിവെച്ചിട്ടുണ്ട്.

വരുമാനത്തിന്റെ കാര്യത്തിൽ കേരളത്തിൽ തന്നെ ഏറ്റവും പിന്നോക്കം നിൽക്കുന്ന പഞ്ചായത്തുകളിൽ ഒന്നാണ് നമ്മുടേത്. പഞ്ചായത്തിന്റെ വിവിധ വരുമാനമാർഗ്ഗങ്ങളായ കെട്ടിടനികുതി ഇനത്തിൽ 70000 രൂപയും, തെഴിൽ നികുതി ഇനത്തിൽ 41000 രൂപയുമാണ് പഞ്ചായത്തിന് ലഭിക്കുന്നത്. ശമ്പളമിനത്തിൽ തന്നെ 3 ലക്ഷം രൂപയിലധികം ചെലവ് വരുന്നുണ്ട്. അതുകൊണ്ട്, പഞ്ചായത്തിന്റെ സ്വന്തം ഫണ്ടുപയോഗിച്ച് വികസനപ്രവർത്തനങ്ങളൊന്നും ഏറ്റെടുക്കാൻ പഞ്ചായത്തിന് കഴിയാത്ത അവസ്ഥയാണെന്ന് മനസ്സിലാക്കാവുന്നതാണ്.

95-96 വർഷത്തിൽ സ്റ്റാമ്പു ഡ്യൂട്ടി V.T.C, V.R.M. ഗ്രാന്റ് തുടങ്ങിയവയിൽ നിന്ന് മൊത്തം 2 ലക്ഷത്തോളം രൂപ ലഭിച്ചിട്ടുണ്ട്. വികസനപ്രവർത്തങ്ങൾ നടത്തുന്നത് മേൽ പറഞ്ഞ ഗ്രാന്റുകൾ JRY, അൺടൈഡ് ഫണ്ട് എന്നിവ ഉപയോഗിച്ചാണ്. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ JRY ഫണ്ട് 433058 രൂപയും അൺടൈഡ് ഫണ്ട് 362300 രൂപയും ലഭിച്ചിരുന്നു. ഈ ഫണ്ടുപയോഗിച്ച് പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ റോഡ് നിർമ്മാണം, റോഡു വികസനം, പട്ടിക ജാതിക്കാർക്ക് വീടുകൾ,കക്കൂസുകൾ എന്നിവ നിർമ്മിക്കൽ തുടങ്ങിയ പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ട്. 96-97 വർഷത്തെ JRY ഫണ്ട് 499700 രൂപ. ഫണ്ടുപയോഗിക്കുന്നതിന് കർമ്മ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ, 96-97 വർഷത്തിൽ ഏകദേശം 11.5 ലക്ഷം രൂപയുടെ അൺ ടൈഡ് ഫണ്ടുപയോഗിച്ച് ചെയ്യുന്ന പ്രവർത്തികൾക്കുള്ള കർമ്മ പദ്ധതിയും തയ്യാറാക്കിയിട്ടുണ്ട്.

പഞ്ചായത്ത്രാജ് നിയമപ്രകാരം ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടുള്ള കൃഷി, മൃഗസംരക്ഷണം, ആരോഗ്യം തുടങ്ങിയ വകുപ്പുകളിൽ നടത്തി വന്നിരുന്ന പദ്ധതികൾ പഞ്ചായത്ത് മുഖേന നടത്തിയിട്ടുണ്ട്.

പഞ്ചായത്തിന്റെ സ്വന്തമായ ഫണ്ടുകൾ കുറവാണെങ്കിലും മറ്റു പദ്ധതികളിൽ കൂടി വിവിധ വികസനപ്രവർത്തനങ്ങൾ നടത്താൻ പരമാവധി ശ്രമിക്കുകയും, കുറെയൊക്കെ ലഭിക്കുകയും ചെയ്തിട്ടുണ്ട്.

കേരള നിയമസഭയിൽ നമ്മെ പ്രതിനിധീകരിക്കുന്ന പ്രഗത്ഭനായ MLA ജ: എം.പി.എം. ഇസ്ഹാഖു കുരിക്കളുടെ അശ്രാന്ത പരിശ്രമഫലമായി ഈ പഞ്ചായത്തിലെ നാല് പ്രധാനപ്പെട്ട റോഡുകൾ ഈയിടെ PWD ഏറ്റെടുക്കുകയും, പ്രവൃത്തികൾ ടെണ്ടർ ചെയ്തിട്ടുള്ള കാര്യം ഇവിടെ പ്രത്യേകം പ്രസ്താവിക്കുകയും, പഞ്ചായത്തിനും, പൊതുജനങ്ങൾക്കുമുള്ള അകൈതവമായ കൃതജ്ഞത രേഖപ്പെടുത്തുകയും ചെയ്യുന്നു.

പഞ്ചായത്തിന്റെ മുന്നിലുള്ള ചില പ്രധാന പ്രശ്നങ്ങൾ ചുവടെ ചേർക്കുന്നു.

1. പഞ്ചായത്ത് ആസ്ഥാനത്ത് കഴിഞ്ഞ പഞ്ചായത്ത് കമ്മിറ്റി വിലക്കെടുത്ത സ്ഥലത്ത്

ഒരു കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കുക.

2. പഞ്ചായത്തിൽ ആധുനിക സൗകര്യങ്ങളോടു കൂടിയ ഒരു അറവുശാല സ്ഥാപിക്കുക.

3. പഞ്ചായത്ത് ആസ്ഥാനത്ത് ഒരു മത്സ്യ-മാംസ മാർക്കറ്റ് സ്ഥാപിക്കുക.

ഈ കാര്യങ്ങൾക്ക് പ്രാഥമിക നടപടികളെടുക്കുകയും, കേരള സ്റ്റേറ്റ് റൂറൽ ഡെവലപ്പ്മെന്റ് ബോർഡിൽ നിന്നും മറ്റു ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുക്കുന്നതിനും ഉദ്ദേശമുണ്ട്.

കൂടാതെ കാവനൂർ അഹമ്മദ് കുരിക്കൾ സ്മാരക ലൈബ്രറിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും, പഞ്ചായത്ത് ആഫീസ് കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ അടിയന്തിരമായി ചെയ്യാനും നടപടികൾ എടുത്തുവരുന്നു.

വിദ്യാഭ്യാസ രംഗത്ത് മിടുക്കൻമാരായ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം നൽകിവരുന്നു. DPEP പദ്ധതിപ്രകാരം പഠനനിലവാരമുയർത്തുന്നതിനും, വിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യം ഉയർത്തുന്നതിനും നടപടികൾ എടുത്തിട്ടുണ്ട്.

ഗ്രാമത്തിന്റെ വികസനമെന്നാൽ കേരളീയ സാഹചര്യത്തിൽ ഏറ്റവും പ്രധാനമായതാണ് വ്യവസായ വികസനം. അതുകൊണ്ട്തന്നെ വ്യവസായവികസനം ചർച്ചചെയ്യാനും വ്യവസായസംരംഭകർക്ക് മാർഗ്ഗനിർദ്ദേശം നൽകാനും പഞ്ചായത്ത് തലത്തിൽ വ്യവസായവികസന സമിതിക്ക് രൂപം നൽകിയിട്ടുണ്ട്.

ഗതാഗത സൗകര്യം വർദ്ധിപ്പിക്കുന്നതിന് നിലവിലുള്ള റോഡുകളുടെ വികസനത്തിനും, പുതിയ റോഡുകൾ നിർമ്മിക്കുന്നതിനും പഞ്ചായത്ത് കൂടുതൽ ഊന്നൽ നൽകി വരുന്നുണ്ട്.

അതു പോലെത്തന്നെ വൈദ്യുതി എത്താത്ത സ്ഥലങ്ങളിൽ വൈദ്യുതി എത്തിക്കാൻ-പ്രത്യേകിച്ച് പട്ടികജാതി കോളനികളിലും മറ്റും- ആവശ്യമായ പ്രവർത്തനങ്ങൾ പഞ്ചായത്ത് നടത്തിവരുന്നു.

ഈ പഞ്ചായത്ത് അധികാരത്തിൽ വന്ന ശേഷം പഞ്ചായത്തിന്റെ 9 പ്രധാന കേന്ദ്രങ്ങളിൽ സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. വൈദ്യുതി ലൈൻ പോകുന്ന എല്ലാ ഭാഗത്തും തെരുവ്വിളക്കുകൾ സ്ഥാപിക്കണം എന്ന് പഞ്ചായത്ത് ഉദ്ദേശിക്കുന്നുണ്ട്. പ്രധാന കേന്ദ്രങ്ങളിൽ കൂടുതൽ സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിക്കുവാനും തീരുമാനിച്ചിട്ടുണ്ട്.

പബ്ലിക് റിലേഷൻസ് വകുപ്പിന്റെ സഹായത്തോടെ "മുല്ലേങ്ങൽ കുന്ന്" ഹരിജൻ കോളനിയിൽ ഒരു ടി.വി. സെറ്റ് സ്ഥാപിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. വടശ്ശേരിയിലും, വാക്കാലൂർ സ്കൂൾ പടിയിലും ഓരോ ബസ്സ് വെയിറ്റിംഗ് ഷെഡ്ഡുകൾ നിർമ്മിച്ചിട്ടുണ്ട്.

ഈ പഞ്ചായത്ത് കമ്മിറ്റി നിലവിൽ വന്ന ശേഷം എല്ലാ വാർഡുകളിലും 2 പ്രാവശ്യം വീതം ഗ്രാമസഭകൾ ചേരുകയും അവരുടെ ആവശ്യങ്ങളും നിർദ്ദേശങ്ങളും പഞ്ചായത്തിന് ലഭിക്കുകയും ചെയ്തിട്ടുണ്ട്. അതിനു പുറമെയാണ് ജനകീയാസൂത്രണത്തിന്റെ ഭാഗമായി ചേർന്ന വിശേഷാൽ ഗ്രാമസഭകൾ.

വികസനത്തിന് ദാഹിക്കുന്ന നമ്മുടെ പഞ്ചായത്തിലെ ജനങ്ങളുടെ ആവശ്യങ്ങൾ നിരവധിയാണ്. വിഭവങ്ങൾ വളരെ കുറവും. അവിടെയാണ് ആസൂത്രണത്തിന്റെ പ്രസക്തി. ഉള്ള

വിഭവം കൊണ്ട് ജനസഹകരണത്തോടെ അവർക്ക് കൂടുതൽ പ്രയോജനകരമായ പ്രവർത്തനങ്ങൾ, പഞ്ചായത്തിന്റെ എല്ലാ പ്രദേശങ്ങൾക്കും മതിയായ പരിഗണന നൽകി നടത്തുകയെന്ന സമീപനമാണ് പഞ്ചായത്ത് ഭരണ സമിതി സ്വീകരിച്ചിട്ടുള്ളത്. ഇക്കാര്യത്തിൽ ഭരണസമിതിയിൽ യാതൊരു അഭിപ്രായാന്തരവുമില്ലെന്നത് ഏറെ സന്തോഷത്തോടെ ഇവിടെ രേഖപ്പെടുത്തട്ടെ.

പഞ്ചായത്ത്‌രാജ് നിയമം നടപ്പിലായെങ്കിലും അതുപ്രകാരമുള്ള അധികാരങ്ങൾ പൂർണ്ണമായി പഞ്ചായത്തുകൾക്ക് കൈമാറിയിട്ടില്ല. ഒരു പുതിയ ഭരണസംവിധാനം നിലവിൽ വരുമ്പോൾ ചെറിയ കാലതാമസം സ്വാഭാവികമാണ്. അടുത്ത സാമ്പത്തിക വർഷത്തിൽ -ഒമ്പതാം പഞ്ചവത്സര പദ്ധതിയുടെ ആരംഭത്തോടെ - ആവശ്യമായ ഫണ്ടും അധികാരങ്ങളും പഞ്ചായത്തുകൾക്ക് ലഭ്യമാകുമെന്ന് നമുക്ക് പ്രതീക്ഷിക്കാം.

ജനങ്ങളുടെ മുഴുവൻ ആവശ്യങ്ങളും ഒറ്റയടിക്ക് പരിഹരിക്കാൻ സാധിക്കും എന്ന മിഥ്യാധാരണയൊന്നും പഞ്ചായത്ത് കമ്മിറ്റിക്കില്ല. എന്നാൽ ജനങ്ങളുടെ കൂട്ടായ്മയും, സഹകരണവുമുണ്ടെങ്കിൽ നമ്മുടെ ഈ ഗ്രാമത്തിന്റെ വികസനത്തിന് നേതൃത്വപരമായ പങ്ക് വഹിക്കാൻ സാധിക്കും എന്നത് ഞങ്ങൾക്ക് ഉറപ്പാണ്. അതിനായി എല്ലാ ജനവിഭാഗങ്ങളുടെയും എല്ലാവിധ സഹകരണങ്ങളും ഉണ്ടാകണം എന്ന് അപേക്ഷിച്ചുകൊണ്ടും, ഇതുവരെ എല്ലാ ഭാഗത്തുനിന്നും കിട്ടിയ സകരണത്തിന് നന്ദി പറഞ്ഞുകൊണ്ടും ഈ റിപ്പോർട്ട് ഉപസംഹരിക്കുന്നു.

വിശ്വസ്ഥതയോടെ,

കാവനൂർ,
22-11-'96

പി. ചന്ദ്രൻ,
പ്രസിഡണ്ട്, കാവന്നൂർ
ഗ്രാമപഞ്ചായത്ത്.



നവമ്പർ 1. പുനരർപ്പണ ദിനത്തിന്റെ ഭാഗമായി കാവനൂർ പഞ്ചായത്തിലെ സന്നദ്ധ പ്രവർത്തനങ്ങളുടെ പഞ്ചായത്ത് തല ഉദ്ഘാടനം പ്രസിഡണ്ട് പി. ചന്ദ്രൻ നിർവ്വഹിക്കുന്നു.



ഉപസംഹാരം

ഒരു പുതിയ വികസന സംസ്കാരമുണ്ടാകണമെന്നുള്ളത് എല്ലാവരും ഇന്ന് അംഗീകരിക്കുന്നു. വികസനമെന്നാൽ റോഡും, പാലവും നിർമ്മിക്കൽ മാത്രമാണെന്നുള്ള മനോഭാവത്തിൽ നിന്ന് മാറി കാർഷിക വ്യവസായിക മേഖലകളുടെ വികസനവും വളർച്ചയും കൂടി ലക്ഷ്യമായിരിക്കണമെന്ന ബോധം നമുക്കുണ്ടാവണം.

ആസൂത്രണമെന്നാൽ ഏതാനും ഉയർന്ന ഉദ്യോഗസ്ഥന്മാർ ചേർന്ന് രൂപപ്പെടുത്തുന്ന ഇന്നത്തെ സമ്പ്രദായം മാറ്റി ജനപങ്കാളിത്തത്തോടെ ജനകീയാവശ്യങ്ങൾക്ക് ഊന്നൽ നൽകികൊണ്ടായിരിക്കണമെന്നും നാം കണ്ടു. ഇതിനർത്ഥം ഉദ്യോഗസ്ഥരെ ഒഴിവാക്കണമെന്നല്ല മറിച്ച് അവരുടെ വൈദഗ്ദ്ധ്യവും, സേവനവും ജനങ്ങളുടെ പ്രതീക്ഷകൾക്കനുസൃതമായി ഉപയോഗപ്പെടുത്തണമെന്നാണ്. അതുകൊണ്ട് തന്നെ അവരുടെ സഹകരണം അനിവാര്യവുമാണ്.

നമ്മുടെ ആവശ്യങ്ങൾ നിരവധിയാണ്. വിഭവങ്ങൾ പരിമിതമാണ്. അതിനാൽ ആസൂത്രണം അനിവാര്യമാണ്. പദ്ധതികൾക്കാവശ്യമായ പണം കണ്ടെത്തുക എന്നത് വളരെ ശ്രമകരമായ ജോലിയാണ്. ജനാഭിലാഷമനുസരിച്ച് പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ ജനങ്ങളുടെ സഹകരണത്തിലൂടെ വിഭവങ്ങൾ കണ്ടെത്താനുള്ള സാധ്യതകൾ വർദ്ധിക്കുമെന്നത് യാഥാർത്ഥ്യമാണ്. ഇത് അനുഭവത്തിൽനിന്നും ബോധ്യമായതാണ്.

നികുതി വരുമാനങ്ങൾ വർദ്ധിപ്പിക്കാനുള്ള ശ്രമങ്ങൾ പഞ്ചായത്ത് നടത്തുന്നതോടൊപ്പം തന്നെ, നികുതിയേതര വരുമാനങ്ങൾ വർദ്ധിപ്പിക്കാനും ശ്രമിക്കണം. അതിന് ഗവൺമെന്റിനെ തന്നെ ആശ്രയിക്കാതെ മറ്റ് ഏജൻസികളിൽനിന്ന് പരമാവധി ഫണ്ട് സമാഹരിക്കാനുള്ള പരിശ്രമങ്ങളുണ്ടാവണം.

എല്ലാവിധ വിഭാഗീയതകൾക്കും വിരാമമിടാൻ ഇതവസരമാകണം. പ്രശ്നങ്ങളെ വസ്തുനിഷ്ഠമായി പരിശോധിച്ച് വിശകലനം ചെയ്യുകയും, ഐക്യത്തോടെ പ്രവർത്തിച്ച് ലക്ഷ്യം കൈവരിക്കാൻ യത്നിക്കുകയും വേണം.

9-ാം പദ്ധതി അടങ്കൽ തുകയുടെ 40% വിഹിതം വിവിധ തട്ടുകളിലുള്ള പഞ്ചായത്തുകൾക്ക് ലഭ്യമാക്കുമെന്ന സംസ്ഥാന ഗവൺമെന്റിന്റെ തീരുമാനം ഗ്രാമീണജനതയും, ജനപ്രതിനിധികളും അതിരറ്റ സന്തോഷത്തോടെ സ്വീകരിക്കുന്നു. തങ്ങളിലർപ്പിതമായ ഉത്തരവാദിത്വം കൂടുന്നതായി മനസ്സിലാക്കുകയും ചെയ്യുന്നു. സംസ്ഥാന പദ്ധതിയുടെ

അടങ്കൽ തുക ഏതാണ്ട് 15000 കോടി രൂപയാണ് അതിന്റെ 40% 6000 കോടി രൂപ വരും. അത് ഗ്രാമപഞ്ചായത്തുകൾക്ക് പകുതി എങ്കിലും ലഭിക്കുന്ന പക്ഷം 3000 കോടി രൂപ വരും. അതായത് വർഷത്തിൽ 600 കോടി രൂപ. കേരളത്തിലെ ഒരു ഗ്രാമ പഞ്ചായത്തിന് വർഷത്തിൽ 60 ലക്ഷം രൂപ ലഭിക്കും. ജനവിഹിതം 25% കൂടി ചേർക്കുമ്പോൾ അത് മൊത്തം 75 ലക്ഷം രൂപ വരും. വികസന രംഗത്ത് ഒരു വലിയ മാറ്റം തന്നെ ഇത് കൊണ്ടുണ്ടാക്കാവുന്നതാണ്.

9-ാം പദ്ധതി ജനകീയ പദ്ധതി എന്നത് ഗ്രാമീണ ജനത അംഗീകരിക്കുകയും അതു കൊണ്ട് തന്നെ അത് ജനങ്ങളുടെ പദ്ധതിയായി മാറുകയും ചെയ്തിട്ടുണ്ട്. ഏറെ പ്രതീക്ഷകളോടെയാണ് ജനങ്ങൾ ഇതിനെ കാണുന്നത്. അതിനാൽ ആസൂത്രണം ഒരു കടലാസ് പദ്ധതിയായി മാറരുത്. ജനങ്ങളുടെ പ്രത്യാശകളെ ഫലപ്രദമായി നടപ്പാക്കാനുള്ള ബാധ്യത നമുക്കെല്ലാവർക്കുമുണ്ട്.

നമ്മുടെ പഞ്ചായത്തിന്റെ വികസന രേഖയിൽ ഉന്നയിച്ചിട്ടുള്ള ജനകീയാവശ്യങ്ങൾ നിറവേറ്റാൻ നാം പ്രതിജ്ഞാബദ്ധരാകേണ്ടതുണ്ട്. കക്ഷി രാഷ്ട്രീയത്തിനധീതമായി പുതിയൊരു വികസന രാഷ്ട്രീയ സംസ്കാരം വളർത്തിയെടുക്കുക. ജനശക്തിയാൽ ഗ്രാമവികസനരംഗത്ത് ഒരു മുന്നേറ്റം നടത്താൻ നമുക്ക് കഴിയണം.

മഹത്തായ ഈ പ്രതീക്ഷ നിറവേറ്റാൻ നമുക്ക് കഴിയുമെന്ന പ്രത്യാശയോടെ അതിന് എല്ലാ വിഭാഗം ജനങ്ങളുടേയും കലവറയില്ലാത്ത പിന്തുണയുണ്ടാകണമെന്ന അഭ്യർത്ഥനയോടെ, 9-ാം പദ്ധതിയുടെ ഭാഗമായി ഈ ഗ്രാമപഞ്ചായത്തിന്റെ പദ്ധതി തയ്യാറാക്കുന്നതിനാവശ്യമായ വിശദമായ ചർച്ചക്കും നിർദ്ദേശങ്ങൾക്കുമായി കാവനൂർ ഗ്രാമപഞ്ചായത്തിന്റെ വികസനരേഖ വികസന സെമിനാർ മുമ്പാകെ സമർപ്പിക്കുന്നു.

22.11.96ന് വെള്ളിയാഴ്ച 3.30 pm ന് ചേർന്ന കാവനൂർ ഗ്രാമപഞ്ചായത്ത് പ്രത്യേകയോഗം ഈ വികസനരേഖ ഐകകണ്ഠ്യേന അംഗീകരിച്ചു.

പതുവർഷപ്പുലരിയിൽ
ഒന്നാം വർഷത്തിന്റെ
ഉപഹാരവുമായി
ഞങ്ങൾ ഒരുക്കുന്ന പുതിയ സംരംഭം

എച്ചെസ് ടെക്സ്റ്റയിൽസ്

(ബസ് സ്റ്റോപ്പിന് മുൻവശം)
സെൻട്രൽ ബസാർ
കാവനൂർ
✆ 50855

ജനൽ ഗ്ലാസ്, പ്ലൈവുഡ്, ഹാർഡ് ബോർഡ്, മുതലായവക്ക് സമീപിക്കുക.

സായി ഗ്ലാസ് & പ്ലൈവുഡ്

കാവനൂർ

സായി പ്ലൈവുഡ്സ്, അഹാ ബിൽഡിംഗ്

കാവനൂർ
പ്ലൈവുഡ്, സൺമൈക്ക, ഹാർഡ് ബോർഡ്, നവോപാൻ ഷീറ്റുകൾ, മുതലായവക്ക് സമീപിക്കുക.

SAKTHI

SAKTHI
Retreads

ദൂരത്തെ കീഴടക്കുന്ന ചലന വേഗം !

ശക്തി റീട്രെഡ്സ്

ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, മഞ്ചേരി.

ഫോൺ: 66728, 66940 Resi-50155


വെള്ളയിൽ, ഗാന്ധിറോഡ്, കോഴിക്കോട്

ഫോൺ: 53173

ടയർ റീട്രെഡിങ്ങ് രംഗത്തെ അത്യാധുനിക സാങ്കേതിക സംവിധാനങ്ങളോടെ, ഗുണമേന്മയിൽ കിടയറ്റ ട്രഡ് റബ്ബർ ഉപയോഗിച്ച് റീട്രെഡ് ചെയ്യുന്ന ശക്തി റീട്രെഡ്സിന്റെ ടയറുകൾ തേയ്മാനത്തെ ചെറുത്തു ടയറുകൾക്ക് ദീർഘകാല പരിരക്ഷയും അതുല്യമായ ഉറപ്പും ഉയർന്ന മൈലേജും പ്രദാനം ചെയ്യുന്നു.

ശക്തി റീട്രെഡ്സ് ഇന്ത്യയിൽ ലഭ്യമാവുന്ന ഏറ്റവും ഗുണമേന്മയാർന്ന കൺവെൻഷണൽ & പ്രിക്യൂഡ് റീട്രെഡേഴ്സ്.

ആട്ടോ മുതൽ ട്രക്ക് ടയർ വരെപ്പെടെ എല്ലാവിധ ടയറുകളും റീട്രെഡ് ചെയ്യുന്നു.



NB: ഞങ്ങളുടെ ഏജൻസികൾ മിക്ക പട്ടണങ്ങളിലും പ്രവർത്തിക്കുന്നു.

ഭദ്രവും സുദൃഢവുമായ ടയറുകളാണ് വാഹനങ്ങളുടെ സുരക്ഷിതത്വത്തിന് നിദാനം. ശക്തി റീട്രെഡ്സ് സുരക്ഷിതത്വമുള്ള ടയറുകൾ വാഗ്ദാനം ചെയ്യുന്നു.

Printed at : UDAYA OFFSET PRINTERS - CHOONDAL, KUNNAMKULAM